
സ്ഥാപിതം 2001
www.kavimozhi.com
സമ്പുഷ്ടമായ വായനയ്ക്കും
പ്രതികരണത്തിനും
കവിമൊഴി
പുസ്തകം 18
ലക്കം 3
1 ജനുവരി 2019 ♦ 1194 ധനു ♦ വില ₹ 15
മാസിക
പ്രശസ്തരുടെ കഥകൾ
കവിതകൾ,
നോവലുകൾ
ലേഖനങ്ങൾ,
സ്ഥിരംപംക്തികൾ
DEATH OF HER INNOCENCE
Painting by
Michelle Orpilla

2019 പുതുവത്സര ആശംസകൾ

മുല്ലവള്ളിക്കല്ലേ കാമ്പ് മാനത്തുമുട്ടും മുളകളെക്കാളും

# കവിമൊഴി
മാസിക

● പുസ്തകം 18 ● ലക്കം 03 ● 01 ജനുവരി 2019 ●

206

**മാനേജിംഗ് എഡിറ്റർ**
ബാലചന്ദ്രൻ അമ്പലപ്പാട്ട്
ഫോൺ: 9349557272

**ഓണററി എഡിറ്റർ**
പി.ആർ ശിവപ്രസാദ്
ഫോൺ: 9388602223

**അസോസിയേറ്റ് എഡിറ്റർ**
സ്വാതി ബാലചന്ദ്രൻ
ഫോൺ: 7559033753

**എഡിറ്റോറിയൽ ബോർഡ്**
ഗോപി കൊടുങ്ങല്ലൂർ
ഡോ. എം.എൻ ശശിധരൻ

**സ്പെഷ്യൽ കറസ്പോണ്ടന്റ്**
ഡോ. രാജേഷ് കടമാൻചിറ

**ലീഗൽ അഡ്വൈസർ**
അഡ്വ. സക്കീർ ഹുസൈൻ

**സർക്കുലേഷൻ**
0481-2572222
6282363851

**ചിത്രീകരണം**
സാബു മടുക്കാനിൽ
ഗിരീഷ് മൂഴിപ്പാടം

**കോ-ഓർഡിനേറ്റർ**
രഞ്ജിത് കുമാർ

**ലേ-ഔട്ട്**
ജെയെച്ച്

**കവർ ഡിസൈൻ**
സിൽജു

**വര**
ഷക്കീർ ഹാസി

**വിലാസം**
**കവിമൊഴി മാസിക**
**കേരള കാത്തലിക് ട്രസ്റ്റ് ബിൽഡിംഗ്**
**കോട്ടയം 686004**
**kavimozhiktm@gmail.com**
**www.kavimozhi.com**
**9349557272, 9388602223**
**6282363851, 0481 2572222**

**കവിതകൾ**
ഡോ.ചേരാവള്ളി ശശി 11
ജെസ്റ്റിൻ ജോസഫ് 12
സിന്ധു കെ.എം 41
ഉമാദേവി വി.ജി 41
കെ.എൻ.കുറുപ്പ് 62

**ലേഖനങ്ങൾ**
സുനിൽ സി.ഇ 05
വി.കെ.രമേഷ് 17
മന്മഥൻ വിജയൻ നായർ 22
രശ്മി ജി/അനിൽകുമാർ 42
കാരൂർ സോമൻ 48
ഡോ. നളിനി ജനാർദ്ദനൻ 57
ഡോ.എം.എൻ.ശശിധരൻ 59

**നിരീക്ഷണം**
പി.ആർ.ശിവപ്രസാദ് 13

**സാമൂഹ്യപാഠം**
ബാലചന്ദ്രൻ അമ്പലപ്പാട്ട് 71

**പംക്തികൾ**
നീതിസാരം 21
അവതാരികകൾ 39
സിനിമ 42
സന്ദേശകാവ്യം 56
സർക്കാർ നിയമം 58
ആരോഗ്യവഴികൾ 59
അക്ഷരശ്ലോകക്കളരി 63
മയിൽപ്പീലി 64
വിളംബരം 70

**നോവലെറ്റ്**
ജയകുമാർ മേലൂട്ടത്ത് 32

**കഥകൾ**
കെ.ആർ.പ്രദീപ് 26
സി.ആർ.സുകുമാരൻ നായർ 66

**നോവൽ**
മാത്യു കെ. മാത്യു 52

**kavimozhi also available at**
**https://www.magzter.com/IN/KAVIMOZHI-MAGAZINE/KAVIMOZHI/Art/**

Kavimozhi A/c No.**67172873120**
State Bank of India, Kanjikuzhy Branch, Kottayam
IFS Code - SBIN0070222

## ഗംഭീരം ആ നിരീക്ഷണം

**ഡി**സംബർ ലക്കം കവിമൊഴിയിൽ നിരീക്ഷണം ഓണററി എഡിറ്റർ പി. ആർ.ശിവപ്രസാദിന്റെ "നീ ആരാണെന്ന് ഞാൻ പറയും" എന്ന ലേഖനം യാഥാർത്ഥ്യങ്ങളുടെ സമ്പൂർണത കൊണ്ട് സവിശേഷ ശ്രദ്ധ പിടിച്ചു പറ്റുന്നു. സ്വതന്ത്രചിന്തയ്ക്കും വ്യക്തിത്വത്തിനും കടിഞ്ഞാൺ വീഴുന്ന വർത്തമാനകാല സാഹചര്യങ്ങളെ കൂർത്ത ശരങ്ങൾ കണക്കെ ശക്തമായി തൊടുത്തു വിട്ടിരിക്കുകയാണ് ലേഖനത്തിൽ. വസ്തുതകളെ നിഷ്പക്ഷമായി വിലയിരുത്തി പ്രതികരിക്കുന്നവർക്കുണ്ടാകുന്ന ദുരനുഭവങ്ങൾ യാഥാർത്ഥ്യംതന്നെ. സ്വന്തം തലച്ചോറും ആശയങ്ങളും ഒരു പാർട്ടിക്കും പ്രസ്ഥാനത്തിനും പണയം വെക്കാത്തവർക്ക് കഷ്ടകാലംതന്നെ.

പണച്ചാക്കുകളും പ്രലോഭനങ്ങളും മാത്രമല്ല ഭീഷണികളും കൊണ്ട് എഴുത്തുകാരേയും പ്രസിദ്ധീകരണങ്ങളേയും വിഴുങ്ങാനുള്ള ശ്രമങ്ങൾ തീവ്രമായി നടക്കുന്നു. വഴങ്ങാത്തവരെ തെറിയും അധിക്ഷേപിക്കലുംകൊണ്ട് നിശ്ശബ്ദരാക്കാനുള്ള ശ്രമങ്ങളിൽ നിന്ന് രക്ഷപെട്ടുകിട്ടിയാൽ ഭാഗ്യം. ഇതിന് പാർട്ടി ഭേദമൊന്നുമില്ല.

ശിവപ്രസാദ് എങ്കിലും ഇക്കാര്യം തുറന്നെഴുതിയത് നന്നായി. നവോത്ഥാന സംരംഭങ്ങൾക്ക് എതിരുനിന്നവരേയും നിൽക്കുന്നവരേയും പാർട്ടികളേയും ചൂണ്ടിക്കാട്ടുമ്പോഴേ കാര്യങ്ങളുടെ യാഥാർത്ഥ്യം വ്യക്തമാകൂ. ആരൊക്കെയാണ് ഏതൊക്കെ സംഘടനകളാണ് നവോത്ഥാന മൂല്യങ്ങളെ പ്രോത്സാഹിപ്പിക്കുന്നത്. എതിർക്കുന്നത് എന്നുകൂടി വിശകലനം ചെയ്യണം. "അപ്പുറത്തെ പറമ്പിൽ അതിക്രമിച്ചുകടന്ന് പെരുമ്പറ..."(കത്തുകൾ) മുഴക്കാൻ അർഹതയുണ്ടോ എന്നത് ചരിത്രത്തിലുണ്ട്. ഇപ്പോൾ ചുറ്റുവട്ടത്തും. ചേരാവള്ളിയുടെ "ഭക്തിവ്യാപാരം" കവിത ചില നേർക്കാഴ്ചകൾ സാദ്ധ്യമാക്കുന്നുണ്ട്.

*ടി.ജി.ബി. മേനോൻ, പരിപ്പ്*




പുസ്തകവായന കുറഞ്ഞുവരുന്ന ഈ കാലഘട്ടത്തിൽ മുഖ്യധാരാപ്രസിദ്ധീകരണങ്ങൾവരെ വർണ്ണഭംഗിയുള്ള പരസ്യങ്ങൾകൊണ്ട് അവരുടെ പ്രസിദ്ധീകരണങ്ങളുടെ താളുകൾ നിറച്ചശേഷം അവശേഷിക്കുന്ന താളുകളിൽ രാഷ്ട്രീയത്തിലെയും സിനിമയിലേയും സ്പോട്സിലേയും സെലിബ്രിറ്റികളുടെ സ്വകാര്യത കളുടെ കഥകൾ കടുത്തനിറങ്ങളിൽ അണിയിച്ചൊരുക്കി വായനക്കാരെ ആകർഷിക്കാൻ മത്സരിക്കുന്ന ഒരു കാലഘട്ടമാണ് ഇത്. എന്നാൽ ഈ വായനാ മുരടിപ്പിന്റെ അവസ്ഥയി ലും ചെറുതും വലുതുമായി ധാരാളം പ്രസിദ്ധീകരണങ്ങൾ സാഹിത്യകൂട്ടായ്മയിലൂടെ പുറത്തിറങ്ങുന്നു. എന്നാൽ മുഖ്യധാരാ പ്രസിദ്ധീകരണങ്ങളുടെ ഒപ്പം നിൽക്കാനും ഉള്ളടക്കത്തിൽ വൈവിധ്യമുള്ള വിഭവങ്ങൾ നിറച്ച് വായനക്കാരെ സംതൃപ്തരാക്കാനും 'കവിമൊഴി' മാസികക്കു ക്കാനും സാധിക്കുന്നുണ്ട് എന്നുള്ളത് അഭിനന്ദനാർഹമാണ്. എന്തെങ്കിലും കുത്തിനിറച്ച് ഒരു പ്രസിദ്ധീകരണം നടത്തുക എന്നതിനേക്കാൾ മൂല്യബോധത്തോടെയുള്ള പത്രാധിപധർമ്മം നിർവഹിക്കപ്പെടുന്നു എന്നുള്ളതാണ് ശ്രദ്ധേയമായിട്ടുള്ളത് ഓരോലക്കം വായനയിലും കവിമൊഴിയുടെ മുന്നേറ്റം അനുഭവവേദ്യമാകുന്നു അഭിനന്ദനങ്ങളോടൊപ്പം എല്ലാ ഭാവുകങ്ങളും നേരുന്നു

*ജോർജ്ജ് വർഗ്ഗീസ് പത്തനംതിട്ട.*

കവിമൊഴിവായിക്കാറുണ്ട് എന്നാൽ ഒരുകാര്യം സൂചിപ്പിക്കുനാഗ്രഹിക്കുന്നു. എല്ലാവിഭവങ്ങളും ഒന്നിനൊന്നു മെച്ചമാണെങ്കിലും കവിതകൾ പൊതുവെ നിലവാരം കുറഞ്ഞവയാണ് എല്ലാം പറഞ്ഞു പഴകിയ ആശയങ്ങളിൽ എന്നെ ശൈലിയിലും പുരോഗമനമൊന്നുമില്ല. ആശയദാരിദ്ര്യം കവികൾക്ക് ഒരിക്കലും ഉണ്ടാകില്ല. ആനുകാലികപ്രശ്നങ്ങളെ അവതരിപ്പിക്കുന്നതുമാത്രമല്ല കവിത. കവിതകളുടെ എണ്ണം കുറഞ്ഞുവരുന്നു. ശ്രദ്ധിച്ചാൽ നന്നായിരുന്നു.

*വിവേകാനന്ദൻ - കൂടൽ*

ആനുകാലികങ്ങളിൽ വ്യത്യസ്തത പുലർത്തുന്നതുകൊണ്ട് കവിമൊഴിയുടെ സ്ഥിരം വായനക്കാരിയാണ് ഞാൻ. എന്നാൽ അക്ഷരങ്ങളുടെ വലിപ്പക്കുറവ് എന്നെപ്പോലെ പ്രായമായവർക്ക് വായിക്കാൻ ബുദ്ധിമുട്ടുണ്ടാക്കുന്നുണ്ട്. നല്ല രചനകൾമാത്രം ഉൾപ്പെടുത്തി കുറച്ച്കൂടി അക്ഷരം വലുതാക്കി പ്രസിദ്ധീകരിച്ചാൽ കൂടുതൽ നന്നായിരിക്കും.

*മല്ലികാദേവി-തിരുവഞ്ചൂർ*

---

*സ്ഥലപരിമിതിമൂലം മാന്യ വായനക്കാരുടെ കത്തുകൾ പൂർണമായി ചേർക്കാൻ സാധിക്കാത്തതിൽ ഖേദിക്കുന്നു.*
*പത്രാധിപർ*

• തലക്കുറി •

# മറക്കാം പൊറുക്കാം

'**പക**' വീട്ടാനുള്ളതാണോ അല്ലയോ എന്നതല്ല ആരോടാണ് എന്തിനോടാണ് എന്നതാണ് ചിന്തിയ്ക്കേണ്ടത്. കിട്ടിയ നാണയത്തിൽ തന്നെ തിരിച്ചടിച്ചില്ലെങ്കിൽ ഉറക്കംവരില്ല എന്നു പറയുന്നത് മഠയത്തരം. ഇരട്ടിച്ചുവരുന്ന പകയും വൈരാഗ്യവും മനസ്സമാധാനം കെടുത്തി ഒരിക്കലും ഉറങ്ങാനാവാത്ത അവസ്ഥയിലെത്തിക്കുമെന്നതു മാത്രമായിരിക്കും ഫലം.

മറ്റുള്ളവരുടെ പകവീട്ടലുകൾക്ക് നാം സ്വയം ആയുധമാവേണ്ടത് ആരുടെയൊക്കെയോ അനിവാര്യതയാണ്. പ്രതിയും ജഡ്ജിയും നിയമപാലകനും നമ്മുടെ അന്നദാതാവും ഒരാൾ തന്നെയാകുന്ന അവസ്ഥയിൽ ചോദ്യങ്ങളോ മറുപടിയോ ഉണ്ടാകില്ലെന്നുറപ്പ്.കഴിഞ്ഞതുകഴിഞ്ഞു. ജാതിമതരാഷ്ട്രീയവൈരാഗ്യങ്ങൾ ഇവിടെമറക്കാം. പ്രളയവും ദുരിതവും ദുരിതാശ്വാസവും അമ്പലവും പള്ളിയും കോടതിയും അയ്യപ്പജ്യോതിയും പ്രതിരോധമതിലും നമ്മുടെ മനസ്സിലേൽപ്പിച്ച വിള്ളലുകളുടെ ആഴം കുറയ്ക്കാൻ സാമൂഹ്യബോധമെന്ന ഔഷധം ലേപനമാകണം.

ഇന്നലെകളുടെ മാലിന്യത്തിൽ ചവിട്ടിയകാലുകൾ ഇവിടെ കഴുകി നാളത്തെ പ്രഭാതത്തിലേക്കു കടക്കാം. സംസാരങ്ങൾ തീവ്രമാകുന്നതും പ്രതികരണങ്ങൾ ഭീകരമാകുന്നതും മറികടക്കാം. യുക്തിയോടെ ചിന്തിക്കാം. നല്ലവരോടു ചേരാം. സമൂഹനന്മയ്ക്കായി പ്രതികാരത്തിന്റെ നിസ്സാരതയെ തിരിച്ചറിയാം.

അത്യാഗ്രഹങ്ങൾ മനസ്സിൽ വേരൂന്നുമ്പോൾ ധനമോഹം ഇരട്ടിയ്ക്കും ദുരയേറുന്ന മനസ്സിൽ സഹജീവികളോടുള്ള കനിവും നമ്മുടെ മനസ്സിന്റെ നന്മയും വറ്റും. നമ്മുടെ ധനശേഷി ഇല്ലാത്തവനും പകുത്തു നൽകാം. ആവശ്യമുള്ളതെടുത്ത് അധികമുള്ളത് ആളറിഞ്ഞു നൽകണം. ശാശ്വതമല്ലാത്ത കാഴ്ചകളിൽ ഭ്രമിച്ച് സ്വർണ്ണഗോപുരങ്ങൾ സ്വപ്നം കാണുന്നതിന് പകരം സഹജീവികളിൽ മനസ്സുറപ്പിച്ചാൽ തീരാവുന്ന പ്രശ്നങ്ങളെ നമുക്കുള്ളു. മുന്നോട്ടുനീങ്ങാം ഒരുമയോടെ.

"പന്തീരാണ്ട് ഒന്നിനെയും ഹിംസിക്കാതിരുന്നാൽ സിംഹങ്ങളും വ്യാഘ്രങ്ങളും പോലും നിങ്ങളുടെ മുന്നിൽ വണങ്ങിപ്പോകും" വിവേകാനന്ദവചനം സ്മരിക്കാം. നമുക്ക് നാഥന്മാരാകാം മറ്റുള്ളവർ ഭൃത്യന്മാരല്ലെന്നറിയണമെന്നു മാത്രം.

സമാധാനപൂർണ്ണമായ ഒരു പുതുവർഷം എല്ലാ വായനക്കാർക്കും.

• ബാലചന്ദ്രൻ അമ്പലപ്പാട്ട്
മാനേജിംഗ് എഡിറ്റർ






# ടി.പത്മനാഭന്റെ നർമ്മം

● സുനിൽ.സി.ഇ

**കോ**മഡി ഓഫ് മാനേഴ്സ് ( Comedy of Manners ) എന്ന നാടക ശാഖ ഇംഗ്ലീഷിൽ ആരംഭിച്ചത് ബെഞ്ചമിൻ (ബെൻ) ജോൺസനാണ്.'എവ്രി മാൻ ഇൻഹിസ് ഹ്യൂമർ' ( Every man in his humour ) എന്ന നാടകവും 'എവ്രി മാൻ ഔട്ട് ഓഫ് ഹിസ് ഹ്യൂമർ' ( Every man out of his humour ) എന്ന നാടകവും സാമൂഹ്യ ജീവിതത്തിന്റെ പിഴവുകളെ ഹാസ്യാത്മകമായി അവതരിപ്പിക്കുന്ന നാടകങ്ങളാണ്. ആദ്യത്തേത് ഹർഷാന്ത നാടകവും രണ്ടാമത്തേത് ശുഭാന്ത നാടകവുമായിരുന്നു. സർ വാൾട്ടർ സ്കോട്ടിന്റെ രചനകളുടെ ചരിത്രാവബോധത്തെയും നാടകീയചടുലതയെയും കഥാഖ്യാനപാടവത്തെയുംകാൾ ഒരു സാധാരണ വായനക്കാരനെ പെട്ടെന്ന് പിടികൂടുന്നത് അദ്ദേഹത്തിന്റെ ജീവിതമെഴുത്തുകൾ തന്നെയാണ്. ജെയ്ൻ ഓസ്റ്റിന്റെ സമർത്ഥമായ ഘടനാസൃഷ്ടികളെക്കാൾ നമ്മെ പിൻതുടരുന്നത് മൃദുദർശനോക്തികളും അതിന്റെ വിപരീതാർത്ഥ പ്രയോഗങ്ങളും ആണ്. ഒരു കാലഘട്ടത്തിന്റെ രീതി സമ്പ്രദായങ്ങളെ പിശുക്കില്ലാതെ രചനകളിലാവിഷ്കരിക്കാൻ അവർ ശ്രമിച്ചിട്ടുണ്ട്. അവരുടെ 'സെൻസ് ആൻഡ് സെൻസിബിലിറ്റി'( Sense and Sensibility) എന്ന ഒരേസമയം ദാർശനികാംശങ്ങളുടെ

യും കുറുമ്പുകളുടെയും സമ്മിശ്ര ഉൽപ്പന്നമാണ്. ജെയിന്റെ ഏറ്റവും പ്രായം കുറഞ്ഞ കഥാപാത്രമുള്ള നോവൽ എന്ന രീതിയിലല്ല 'നോർ ത്തേഞ്ജർ ആബി' എന്ന നോവൽ ശ്രദ്ധേയമാകുന്നത്. മറിച്ച് ആദ്യന്തം ആക്ഷേപഖണ്ഡങ്ങൾ നിറഞ്ഞ നോവൽ എന്ന രീതിയിലാണ് അതു വായനക്കാരൻ സ്വീകരിച്ചത്.ഹെന്റി റ്റിൽനി എന്ന വൈദികനിലൂടെയും കാതറിൻ എന്ന പതിനഞ്ചുകാരി നായികയിലൂടെയും വികസിക്കുന്ന ഈ നോവൽ മനുഷ്യസ്വഭാവത്തെ വിമർശനാത്മകമായി സമീപിക്കാൻ ഉപയോഗിക്കുന്നത് തത്വചിന്താപര മായ ആശയങ്ങളല്ല. കോമിക് വാക്യ ങ്ങൾകൊണ്ടാണ് ജെയ്ൻ ഓസ്റ്റിൻ വായനക്കാരെ നയിച്ചുകൊണ്ടു പോ കുന്നത്. ലോകസാഹിത്യം മൊത്തം പരിശോധിച്ചാൽ ഇതുപോലെ ഒരു പാട് ജീവിതാഭിമുഖ്യകൃതികൾ നമുക്ക് കണ്ടെടുക്കാനാകും. ദാമ്പത്യ ജീവിതത്തെക്കുറിച്ച് ഏറ്റവും വലിയ വാക്യങ്ങൾ നിർമ്മിച്ചത് ബർണാഡ് ഷായാണ്.

'ആദ്യത്തെ ഒരു മാസം ഭർത്താവ് പറ യുന്നതു/മുഴുവൻ ഭാര്യ കേൾക്കും/ പിന്നെത്തെ ഒരു മാസം ഭാര്യ പറയു ന്നതു/മുഴുവൻ ഭർത്താവ് കേൾക്കും/ പിന്നെ പിന്നെ ഇവർ രണ്ടുപേരും പറയുന്നതു /ആ പ്രദേശം മുഴുവൻ കേൾക്കും'

ബർണാഡ് ഷാ

എന്നിങ്ങനെയുള്ള ദർശനങ്ങൾ ലോകസാഹിത്യത്തിലെ ഒഴിച്ചുകൂടാ നാവാത്ത വിഭവമായി മാറിയിട്ടുണ്ട്. കഥയിൽ ഫിലോസഫിയുടെ അംശം കലർത്തിയിട്ടുള്ള ഒരുപാട് എഴുത്തു കാർ മലയാളത്തിലുണ്ട്. ജീവിതത്തി ന്റെ വ്യാകരണത്തെക്കുറിച്ച് ഗവേ ഷണം നടത്തിയ ആളാണ് ജെഫ്രി ആർച്ചർ. നമ്മുടെ ഉള്ളിലെല്ലാം ഒരു ഗ്രന്ഥമില്ലായിരിക്കാം; പക്ഷെ തീർച്ച യായും ഒരു നല്ല ചെറുകഥയുണ്ട് എ ന്നെഴുതിയ ജെഫ്രി ആർച്ചർക്ക് കഥ ഭാഷകൊണ്ടുള്ള ഭരണകൂടമായിരു ന്നു. കഥാതന്തു ഒരുതരം ഡിപ്ലോമാ റ്റിക് പ്രയോഗമാണെന്ന് ആർച്ചർ അ ങ്ങനെ പ്രഖ്യാപിക്കുകയുണ്ടായി.

ഈ പറയപ്പെട്ട എല്ലാ പ്രസ്താവ നകളും ടി.പത്മനാഭന്റെ കഥകൾക്കു ള്ള വിശേഷണമാണെന്നല്ല പറഞ്ഞ തിന്റെ പൊരുൾ. മറിച്ച് വായനക്കാര നെ അറിവിന്റെ ഋഷിയാക്കാൻ കഥ യുടെ ഭാഷ എങ്ങനെയുള്ള പങ്കാണ് വഹിക്കുന്നതെന്നുള്ള ആലോചനയാ ണത്. പത്മനാഭന്റെ കഥകളിലൂടെ സ ഞ്ചരിക്കുമ്പോൾ വളരെ ഭിന്നമായ




ബെഞ്ചമിൻ ജോൺസൺ



സർ വാൾട്ടർ സ്കോട്ട



ജെയ്ൻ ഓസ്റ്റിൻ



ബർണാഡ് ഷാ

പ രിണാമത്തിന്റെ ആദ്യരശ്മികളെ യാ ണ് നാം കണ്ടെടുക്കുന്നത്. ടി.പ ത്മനാഭന്റെ രചനകളിലൂടെയുള്ള തിര നോ ട്ടം നടത്തൽ ജീവിതാനുഭവം സൃഷ്ടിക്കുന്ന അപമാനവികരണ ത്തിന്റെ അനുഭവങ്ങളിലേക്കാണ് നമ്മെ നയിക്കുന്നത്. ഇന്ദ്രിയസംവേ ദ്യമായ ഭാഷയും, അതിനിടയിൽ ഉയിർന്നുപൊന്തുന്ന ജീവിതത്തിന്റെ വേദന പുരണ്ട ഏടുകളെ തന്നെ യാണ് വെളിപ്പെടുത്തുന്നത്. പത്മനാ ഭന്റെ കഥകൾ പ്ര ക്ഷേപിക്കുന്ന ഭാവന വ്യത്യസ്തമായ മനോഭാവങ്ങ ളെയാണ്. കഥയെഴുത്തിന്റെ സ്ഥിരശീലങ്ങളെ പിളർന്ന ടി.പത്മനാ ഭന്റെ പത്ത് കഥകളെയും ഒറ്റയൊറ്റ ക്യാബിനുകളായി തിരിച്ച് പഠിക്കപ്പെ ടേണ്ടതുണ്ട്. ചെറുകഥയെഴു ത്ത് ഒരു സ്വകാര്യകലയാണെന്ന് നിരീക്ഷിച്ചത് ഫ്രാങ്ക് കോണറാണ്. ഈ സ്വകാര്യ ഭാവഗീതത്തെ ജനകീയമാക്കാൻ ജീവിത വീക്ഷണം ആവശ്യമായി വരുമെന്നും ഫ്രാങ്ക് കോർണർ പറയു ന്നുണ്ട്. അതു കഥയുടെ നാട്ടു തനിമ വർദ്ധിപ്പിക്കുമെന്ന് എല്ലാ കഥാകൃത്തു ക്കളും വിശ്വസിക്കുന്നു. പ ക്ഷെ ഭാവന കൊണ്ട് ജീവിതത്തിന്റെ എല്ലാ വശങ്ങളെയും വിശദീകരിക്കാനാ വില്ലെന്ന് പത്മനാഭൻ എന്ന കഥാ കൃത്ത് തിരിച്ചറിയുന്നു. അതുകൊ ണ്ടാണ് ഇത്രയും കാലം എഴുതിയ ക ഥകളിൽ നിന്നും എത്ര കടഞ്ഞെടു ത്തിട്ടും ജീവിതത്തെ മറികടക്കുന്ന കഥകൾ നമുക്ക് ലഭ്യമാവുന്നത്. പ ക്ഷെ ഈ കഥകൾക്കിടയിലുള്ള ക്ഷോഭിക്കുന്ന കണ്ണുകൾ നമ്മെ ഓരോരോ തുരുത്തുകളിലേക്ക് മാറി യിരുന്ന് ഈ പത്തു കഥകളെയും നി രീക്ഷിക്കാൻ ക്ഷണിക്കുന്നു. എങ്കി ലും വായനക്കാരോട് ഉത്തരം പറ യാൻ ആവശ്യപ്പെടുന്ന ഈ കഥകൾ ഒരുതരം ക്ലിനിക്കൽ സറ്റയറിലേക്ക് (Clinical Satire/ ചികിത്സാ സംബന്ധമാ യ) നമ്മെ നയിക്കുന്നു.


നർമ്മം എന്ന നീറ്റുച്ചൂള/അവളുടെ കൈയിൽ ആ പഴയ ചെരിപ്പുണ്ടായി രുന്നു./കയറിൽ നിന്നു വെട്ടിയിറ ക്കാൻ കാത്തുനിൽക്കുന്ന/ഒരു ശവം പോലെ അവളുടെ വിരലുകളിൽ/ അതു തൂങ്ങിനിന്നു.


ഒരു ചെറുകഥയ്ക്ക് ഒരു ഭാവമേ ഉണ്ടാകാവൂ എന്നും, എല്ലാ വാചക ങ്ങളും അതിനെ സൃഷ്ടിക്കാനുത കണം എന്നും എഴുതിയത് എഡ്ഗാർ അല്ലൻ പോയാണ്. കഥയുടെ നിർമ്മാ ണവഴികളിൽ ഈ തത്വത്തെ മുറി ഞ്ഞുപോകാതെ സംരക്ഷിക്കുന്ന കഥാകൃത്താണ് ടി.പത്മനാഭൻ. "അത്രയൊന്നും പ്രധാനമല്ലാത്ത


ചില കാര്യങ്ങളെക്കുറിച്ച്" എന്ന കഥയിലൂടെ സഞ്ചരിക്കുമ്പോൾ അതിലെ 'ഞാൻ' (ആഖ്യാതാവ് എന്ന കഥാകൃത്ത്) വഹിക്കുന്ന പങ്ക് ഏറ്റവും പ്രധാനപ്പെട്ടതാണ്.


കാണാതായ ചെരിപ്പിനെക്കുറിച്ചുള്ള അന്വേഷണത്തോടെ കഥ ആരംഭിക്കുകയും, അതു കണ്ടുകിട്ടുന്ന ഒരു നിമിഷത്തിന്റെ സൗന്ദര്യാഖ്യാനത്തോടെ കഥ അവസാനിക്കുകയും ചെയ്യുന്നതിനിടയിൽ ഉടയുകയും ചിതറുകയും ചെയ്യുന്ന ഒരുപാട് സന്ദർഭങ്ങളെ പത്മനാഭൻ വരച്ചുകാട്ടുന്നു. ഒരു പാടു കഥകൾ പറയാറുണ്ടായിരുന്നു അമ്മ എഴുത്തച്ഛന്റെ കഥ പറഞ്ഞുകൊടുക്കുന്നതും, കാർത്തി എന്ന ചെരിപ്പുകള്ളിയുടെ കീഴ്ജാതിത്വത്തെക്കുറിച്ചുള്ള പരാമർശങ്ങളും നാം വായിക്കുമ്പോൾ അത്രയേറെ പ്രധാനപ്പെട്ട ചില ജീവിത പ്രശ്നങ്ങളിലൂടെ തന്നെയാണ് വായനക്കാരൻ കടന്നുപോകുന്നത്. ഒരു പക്ഷെ അക്ഷരം അറിയാതെ മരിച്ച ഒരു സാധു പ്രാണിയായി മാറി വെള്ളത്തിൽ അക്ഷരം എഴുതി പഠിക്കുന്നതിനെ അമ്മ എഴുത്തച്ഛനായി വിശേഷിപ്പിക്കുന്ന കഥയുടെ ഈ ഭാഗം നർമ്മത്തിനപ്പുറമുള്ള ഒരു ലോകത്തിലേക്ക് നമ്മെ നയിക്കുന്നു. ചെരിപ്പു മോഷ്ടിക്കുന്ന കാർത്തി ഒരു കീഴ്ജാതിക്കാരിയാണെന്നതിന്റെ തെളിവുകൾ കഥ വിശദീകരിക്കുന്നു. അങ്ങനെയെങ്കിൽ പത്മനാഭന്റെ കഥാഞരമ്പ് നമ്മെ തറച്ചുവെയ്ക്കുന്നത് സരസമായ സാഡിസത്തിലാണ്. ഇതിലെ നർമ്മവും ഗൗരവവും അതിന്റെ സമസ്ത സൗന്ദര്യസംഹിതകളും മുഴക്കത്തോടെയാണ് നമ്മുടെ വികാരങ്ങളിൽ ആഞ്ഞു വീശുന്നത്. ബാല്യത്തിലെ ലീലകൾ എന്നോണം അവതരിപ്പിക്കപ്പെടുന്ന ചില കാര്യങ്ങൾപോലും കഥാനിർമ്മാണത്തിന്റെ സ്വയം പ്രകടിതരൂപങ്ങളായി മാറുമ്പോൾ 'ഞാൻ' പലപല കഥാപാത്രങ്ങളായി രൂപമെടുക്കുന്നു. വിയോജിപ്പുകളെ മുൻകൂറായി നിരോധിക്കുന്ന നിഷ്ഠൂരമായ വിളംബരമാണ് ഈ കഥയുടെ നർമ്മപാളം.

"എല്ലാറ്റിനും ഒരു കാലമുണ്ട്, അല്ലാതെ /നമ്മൾ വിചാരിച്ചതു കൊണ്ടൊന്നും"/അവൾ പറഞ്ഞത് തികച്ചും ശരിതന്നെയാണെന്ന്/എനിക്കും തോന്നി. കാലത്തിന്റെ ശക്തിയെക്കുറിച്ച്/കവികളും കഥാകൃത്തുക്കളുമൊക്കെ/എഴുതിയിട്ടുള്ളതും ഞാനോർക്കുന്നു.




ഡയസ് ലിറ്ററേച്ചർ എന്നൊരു ശാഖ ഇപ്പോഴും പ്രബലമാണ്. സാംസ്കാരിക സദസ്സുകളിലെ സ്ഥിരം പ്രസംഗകരെ ഡയസ് ജീവികൾ എന്ന് വിശേഷിപ്പിച്ചത് സാഡിസ്മിത്താണ്. കേരളത്തിൽ നിന്നും പല സ്ഥലങ്ങളിലേക്ക് കുടിയേറി താമസിക്കുന്ന മലയാളികൾ എല്ലായിടത്തും മലയാളി സംഘടനകൾ രൂപീകരിക്കാറുണ്ട്. അതിൽ എഴുത്തുകാരും വായനക്കാരുമുണ്ട്. സംഘടനകളുണ്ട്. അവർ കേരളത്തിലെ പ്രമുഖ എഴുത്തുകാരെ പ്രസംഗപര്യടനത്തിന് ക്ഷണിക്കാറുണ്ട്. ഇത്തരം ചില സന്ദർഭങ്ങളെയാണ് പത്മനാഭൻ 'അബുദാബി' എന്ന കഥയിൽ അനാവരണം ചെയ്യുന്നത്. ആഖ്യാനകലയെ പരീക്ഷണങ്ങൾകൊണ്ട് നവീകരിക്കാൻ ശ്രമിക്കുന്ന പത്മനാഭൻ കഥയുടെ ഉപരിസംസ്കാരത്തെ ജനപ്രിയകലയുടെ സംസ്കാരവുമായി ഇണക്കുന്നതിന്റെ ഭാഗമായി കോമിക് വാക്യങ്ങൾ കഥാരചനയിൽ നേരിട്ട് ഉപയോഗിക്കുന്നതിന്റെ സാക്ഷ്യമാണ് 'അബുദാബി'. ലിൻഡ ബാറി എന്ന എഴുത്തുകാരി സാംസ്കാരിക നായകത്വത്തിന്റെ പ്രസംഗ ടൂറിസത്തെക്കുറിച്ച് കോമിക് സ്ട്രിപ്പുകൾകൊണ്ട് കഥകളിൽ ആലേഖനം ചെയ്തിട്ടുണ്ട്. അതു ദൃശ്യവ്യാഖ്യാനത്തിന്റെ ഡിസൈൻ സൃഷ്ടിക്കുകയും ചെയ്തു. അതുപോലെ അലസിപ്പോകാത്ത പരീക്ഷണങ്ങൾകൊണ്ടാണ് ടി.പത്മനാഭൻ അബുദാബിഎന്ന കഥ എഴുതിയിരിക്കുന്നത്. അബുദാബി എന്ന കഥയിലെ ഭാര്യാകഥാപാത്രം ഹാസ്യത്തിന്റെ വലിയ സാന്നിദ്ധ്യവുമായി മാറുന്നു. അബുദാബിയിലെ മലയാളി സംഘടനയുടെ കാര്യദർശി മലയാളത്തിലെ ഏറ്റവും വലിയ സാഹിത്യകാരനെ നേരിട്ടു ക്ഷണിക്കാൻ വന്നതാണെന്ന് ആഖ്യാതാവ് പറയുമ്പോൾ ഭാര്യ പറയുന്ന മറുപടി ശ്രദ്ധേയമാണ്. 'മതി, മതി ഒരു സാഹിത്യകാരൻ! എനിക്ക് കേൾക്കണ്ടാ, സൗകര്യം കിട്ടുമ്പോൾ ടാഗോറിനെയും മാർക്കേസിനേയുമൊക്കെ കക്കുന്ന..... എനിക്കല്ലേ അതൊക്കെ അറിയൂ........' നമ്മുടെ കഥയ്ക്ക് ഒരു വികസ്വര പ്രപഞ്ചമില്ലെന്നും അതു പോയകാലത്തിന്റെ അന്ധമായ അനുകരണമോ മോഷണമോ ഒക്കെയാണെന്നും പറയുന്നിടത്താണ് ഈ സറ്റയറിന് അർത്ഥം വയ്ക്കുന്നത്. ഇതിലെ ഹാസ്യം ബൗദ്ധിക സംവേദനത്തിന്റെ നിർമ്മിതിയാണ്.

"എനിക്കു തോന്നുന്നത്...അവിടെ/ധാരാളം ഡോക്ടർമാരുണ്ട്./യു.ജി.സി

ശമ്പളം വാങ്ങുന്നവർ. അവരിലാരെങ്കിലും /എഴുതിയതാവും. ഇവർ എഴുതുന്നതൊന്നും /മനുഷ്യർക്ക് മനസ്സിലാവില്ല./മനസ്സിലാക്കാൻ ശ്രമിച്ചാൽ എലികളല്ല,/മനുഷ്യൻ തന്നെ ചത്തുപോകും".

ടി.പത്മനാഭന്റെ ഏറ്റവും മികച്ച ഹാസ്യനിർമ്മിതിയാണീ കഥ. ഉത്തരാധുനികത എന്ന പ്രസ്ഥാനത്തെക്കുറിച്ചുള്ള ചർച്ചകൾ മുറുകുന്ന കാലമാണിപ്പോഴും. അത്തരം ഒരു കാലത്തിന്റെ ശാപമെന്നോണം ഇവിടുത്തെ ഭാഷാ ഡോക്ടർമാരെ കളിയാക്കുകയാണ് പത്മനാഭൻ. നാളുകളായി പലതരം വിഷങ്ങൾ ഒളിപ്പിച്ചിട്ടും എലികൾ ചാകുന്നില്ലെന്നും, ഒടുവിൽ പെട്ടെന്നൊരു ദിവസം സുബൈറിന്റെ പുസ്തകക്കടയിലെ എലികൾ ചത്തുപോകുന്നതും അതിന്റെ കാരണം കണ്ടുപിടിക്കലുമൊക്കെയാണ് കഥയുടെ പ്രമേയം. ഒടുവിൽ ചത്തുകിടക്കുന്ന മൂന്ന് എലികളെയും മുക്കാലും കരണ്ട നശിപ്പിക്കപ്പെട്ട ഒരു പുസ്തകവും ഷോപ്പിൽ നിന്നും എടുക്കുന്നു. പുസ്തകം എഴുതിയ ആളിന്റെ 'ഡോക്ടർ' മാത്രമേയുള്ളൂ. പേര് എലി കരണ്ടിരുന്നു. ഈ കഥയുടെ ഹാസ്യം വാസ്തവികതയുടെയും അതിവാസ്തവികതയുടെയും ലയനം സൃഷ്ടിക്കുന്നു. കഥ പറച്ചിലിന്റെ വാമൊഴി പാരമ്പര്യത്തെ എഴുതപ്പെട്ട ആഖ്യാനത്തിന്റെ രൂപത്തിലേക്ക് മാന്ത്രികമായി പ്രവേശിപ്പിക്കുന്നു. റോബർട്ട് ഗ്രോസ് മിത്തിന്റെ പരീക്ഷണ കഥകൾക്കു സദൃശ്യമാണ് പത്മനാഭന്റെ ഈ കഥ. പത്മനാഭന്റേത് ക്യാമറക്കണ്ണാണ്. സാംസ്കാരിക രോഗങ്ങളെ പെട്ടെന്നു തിരിച്ചറിയാൻ ആ കണ്ണുകൾക്കു കഴിയുന്നു. അതു എളുപ്പത്തിൽ പകർത്തപ്പെടുന്നു. യു.ജി.സി ശമ്പളം വാങ്ങുന്ന ഡോക്ടർമാർ എഴുതുന്നതൊന്നും മനുഷ്യർക്ക് മനസ്സിലാവില്ലെന്നും, മനസ്സിലാക്കാൻ ശ്രമിച്ചാൽ എലികളല്ല, മനുഷ്യൻ തന്നെ ചത്തുപോകുമെന്നും പത്മനാഭൻ എഴുതുമ്പോൾ ഹാസ്യത്തിന് എല്ലുബലം കൂടുന്നുവെന്നതിനപ്പുറം കടുത്ത വിമർശനമായി മാറുന്നു. നിലനിൽക്കുന്ന സിദ്ധാന്തങ്ങളും അവയുടെ നിർമ്മാതാക്കളും ഇത്തരം സോ കോൾഡ് ഡോക്ടർമാരുടെ തരംതാഴ്ന്ന ഫാന്റസികളാണെന്നും അവ മനുഷ്യരുടെ ബുദ്ധിയെയും വിവേകത്തെയും കാർന്നു കാർന്നു തിന്നു തീർക്കുമെന്നും പത്മനാഭൻ നിരീക്ഷിക്കുന്നു.

കഥാകൃത്തോ? കഥാകൃത്തുക്കളൊക്കെ ഇങ്ങനെ.....

ഞാൻ എന്നോടുതന്നെയെന്ന പോലെ അപ്പോൾ പറഞ്ഞു:

കഥാകൃത്താണെന്ന് ഉറപ്പിച്ചു പറയാൻ കഴിയില്ല.

ചിലപ്പോൾ പുതിയ ഒരു നിരൂപകനുമായേക്കാം–അതിനും ഒരു സാധ്യതയുണ്ട്.

കഥയിലെ 'ഞാൻ' ഇന്നത്തെ സാഹിത്യത്തിന്റെ എല്ലാ അതിരുകളെയും സ്പർശിക്കുന്ന ഒരു ശരീരമാണ്. ഇതിലെ 'ഞാൻ'ന് നല്ല വേര് പടർച്ചയുണ്ട്. അതിന്റെ അർത്ഥം കുഴിച്ചെടുക്കാൻ വലിയ അദ്ധ്വാനം ആവശ്യമാണ്. കഥാകൃത്ത് തിരുവനന്തപുരത്തേക്കു യാത്ര പോകുന്നു. ഒരു ചെറുപ്പക്കാരൻ വഴിമുടക്കിക്കൊണ്ട് പ്രത്യക്ഷനാകുന്നു. അയാൾ മദ്യപിച്ചിട്ടുണ്ട്. അഞ്ചു വയസ്സുള്ള മകൻ ഗണപതിയെ, അനുഗ്രഹിക്കാൻ ആവശ്യപ്പെടുന്നു. ഇതിലെ ഞാൻ കഥാകൃത്ത് തന്നെയാണ്. പുതിയകാലത്തിലെ എഴുത്തുകാരെയും നിരൂപകരെയുമൊക്കെ സഹിക്കുകയെന്നത് കൈവിട്ട സാഹസികതയാണെന്ന ഹാസ്യവാദ്യങ്ങളാണ് കഥയുടെ തുടർന്നുള്ള ഭാഗങ്ങളിൽ നാം വായിക്കുന്നത്. ബുദ്ധിപഥങ്ങൾക്കതീതമായി നിൽക്കുന്ന ഈ കഥ നയനപഥങ്ങൾക്കുള്ളിൽ ഭദ്രമായി ദിനംപ്രതി വന്നടിയുന്ന ചില കാഴ്ചകളുടെ സംഗ്രഹമാണ്. ഇന്നത്തെ എഴുത്തുകാരന്റെ ഭൂഖണ്ഡം ഇരുണ്ടതാണെന്ന് തെളിയിക്കുന്നതാണ് ഈ കഥയുടെ ബലം. ഒരു പൂർവ്വഭാഷയും സൃഷ്ടിക്കാതെ ഭാഷയ്ക്കുള്ളിൽ ഭാഷാന്തരങ്ങൾ തീർക്കുന്ന ഈ കഥ പുതിയ കാലത്തെ മദ്യപനായ എഴുത്തുകാരനോടുള്ള കടുത്ത വിമർശനമാണ്. ഇതൊരു ഭൂതകാലക്രിയയാകുമ്പോഴും അതിന്റെ ഏറ്റവും മലിനമായ മുഖത്തെയാണ് പത്മനാഭൻ അനാവരണം ചെയ്യുന്നത്. നൈജീരിയൻ കഥാകൃത്തായ അമോസ് റ്റ്യൂറ്റ്യുഓള വിചിത്രങ്ങളായ ഇത്തരം അനുഭവങ്ങളെ ഇതുപോലെ ഹാസ്യാത്മകമായി അവതരിപ്പിച്ചിട്ടുണ്ട്. ഇത്തരം അനുഭവങ്ങൾ എപ്പോഴും പത്മനാഭന്റെ എഴുത്തുമേശയ്ക്ക് കാവൽ കിടക്കുന്നു. നവസാഹിത്യലോകത്തിന്റെ ജാഡകളെയാണ് പത്മനാഭൻ ഈ ചുരുങ്ങിയ ഹാസ്യത്തിലൂടെ വിമർശിക്കുന്നത്.

നർമ്മക്കപ്പൽ

'തന്റെ മുക്ര കേട്ട് ലോകം മുഴുവൻ നടുങ്ങുന്നുണ്ടെന്നു /അവൻ ആത്മാർത്ഥമായി വിശ്വസിച്ചു./പക്ഷേ, സത്യത്തിൽ ആരും നടുങ്ങുന്നുണ്ടായിരുന്നില്ല./താൻ മീശ വിറപ്പിക്കുമ്പോൾ ലോകം മുഴുവൻ/വിറയ്ക്കുന്നുണ്ടെന്ന് വിഡ്ഢിയായ അവൻ കരുതി എന്നുമാത്രം'

റുഡ്യാർഡ്കിപ്ലിംങ്ങിന്റെ 'ജംഗിൾസ്റ്റോറികൾ' പോലെയോ ആഫ്രിക്കൻ നാടോടിക്കഥകൾ പോ ലെയോ ഒക്കെ വായിച്ചു പോകാവുന്ന ഒരു ഹാസ്യമരുന്നാണ് 'ചുണ്ടെലിയും മതിലും' ഏറ്റവും ചെറിയ ഒരു ആഫ്രിക്കൻ നാടോടിക്കഥയിങ്ങനെയാണ് "ജന്തുക്കളെ സൃഷ്ടിച്ചപ്പോൾ ആദ്യം വാലില്ലായിരുന്നുവെന്നാണു പറയുന്നത്/ ഒരിക്കൽ സൃഷ്ടാവ് അവരെ വി ളിച്ചുകൂട്ടി ഇഷ്ടമുള്ള വാൽ തെരഞ്ഞെടുക്കാൻ പറഞ്ഞു;/ രണ്ടാമതു വന്നവർക്കും നല്ല വാലുകൾ കിട്ടി/ മുയലുകളാണ് അവസാനം വന്നത്/ അവർ മടിയന്മാരായതുകൊണ്ട് അവർക്കുള്ള വാൽ എടുക്കാൻ മറ്റുജന്തുക്കളെ ഏൽപ്പിച്ചു./ മറ്റുള്ള ജന്തുക്കൾ നല്ല വാലുകൾ സ്വീകരിച്ച ശേഷം ചെറുതും വികൃതവുമായ വാലുകൾ മുയലുകൾക്കു കൊണ്ടു കൊടുത്തു". ഇത്തരം കഥകൾ നമ്മെ നയിക്കുന്നത് ഒരു ഗുണപാഠശാലയിലേക്കാണ്. പത്മനാഭന്റെ ഈ ഹിതോപദേശകഥ നമ്മുടെ നിരക്ഷരാവസ്ഥയുടെ പ്രതീകങ്ങളെയാണ് കഥയിൽ കൊണ്ടുപോയി ക്ലിപ്പ് (clip) ചെയ്യുന്നത്. ഒരു ചുണ്ടെലി ജീവിതത്തിൽ അവശ്യം അറിഞ്ഞിരിക്കേണ്ടതായ പല കാര്യങ്ങളുമുണ്ടല്ലോ. അതൊന്നും മനസ്സിലാക്കാൻ ശ്രമിക്കാതെ ഇവർ വാധ്യാന്മാരുമായി വഴക്കുകൂടി എന്നൊക്കെ പത്മനാഭൻ എഴു

തുമ്പോൾ ആഫ്രിക്കൻ നാടോടിക്കഥക
ളുടെ ഒരു ഗ്രാഫിലേക്ക് ഈ കഥ വളരു
ന്നു. 'മൃഗങ്ങൾക്ക് വാലുണ്ടായത്' എന്ന
കഥ മുകളിൽ വിവരിക്കയുണ്ടായല്ലോ.
അതിന്റെ ഒരു ഗുണപാഠം തന്നെ ഇങ്ങ
നെയാണ്. 'ഒരു കാര്യം നല്ലതുപോലെ
ചെയ്യണമെങ്കിൽ നിങ്ങൾ തന്നെ
ചെയ്യുക'. ഇവിടെ മതിലും ചുണ്ടെലിയും
തമ്മിലുള്ള തർക്കങ്ങൾ കഥയ്ക്കു വിഷ
യമാകുമ്പോൾ ഇഴജന്തുക്കൾ തളയ്ക്കപ്പെ
ടുന്നതിന്റെയും അവയ്ക്കു മാർഗ്ഗതടസ്സം
സൃഷ്ടിക്കുന്നതിന്റെയും സന്ദേഹങ്ങൾ
കഥാകൃത്തിനെ വേട്ടയാടുന്നു. ജീവിക്കാ
നുള്ള അവരുടെ സ്വാതന്ത്ര്യത്തെ തിരിച്ചു
പിടിക്കാനുള്ള ആ ഹ്വാനങ്ങൾ ഈ കഥ
കരുതിവയ്ക്കുന്നു.
"ചെരുപ്പുകളെക്കുറിച്ചുള്ള എന്റെ സങ്കൽ
പം /ഒരു പെൺ ബൂർഷ്വായുടേതായിരു
ന്നുവെന്ന /ദു:ഖകരമായ സത്യം ഞാൻ
മറച്ചുവയ്ക്കുന്നില്ല".

'ചെരുപ്പ്' എന്ന കഥ പത്മനാഭന്റെ ആത്മ
കഥപോലെ വായിച്ചുപോകാവുന്നതാണ്.
പത്മനാഭൻ കഥയുടെ ഒടുവിൽ വിറച്ചു
കൊണ്ട് പറയുന്നു– "നിങ്ങൾക്കു തെറ്റുപറ്റി
യെന്ന് തോന്നുന്നു. പ്രസിദ്ധ സാഹിത്യകാര
നെയും പത്രപ്രവർത്തകനുമായ 'വരുണ'
നല്ല ഞാൻ. വെറും പത്മനാഭനാണ്–ഒരു
വക്കീൽ". സാഹിത്യകാരനും കലയ്ക്കുമായി
നാടുചുറ്റുന്നവരെക്കുറിച്ചുള്ള ആകുലതകൾ
ഈ കഥയിലുണ്ട്. കൃഷ്ണജി എന്ന കഥാ
പാത്രത്തിലൂടെ എഴുത്തുകാരന്റെ സന്ദേഹ
ങ്ങളെയും അസ്വസ്ഥതകളെയും തനിച്ചിരിപ്പു
കളെയും ഏകാന്തതകളെയുമൊക്കെയാണ്
പത്മനാഭൻ അനാവരണം ചെയ്യുന്നത്. ജീവി
തത്തെ ഭയപ്പെടുന്ന ഒരു വലിയ യാഥാർത്ഥ്യ
മായിട്ടാണ് പത്മനാഭൻ ഇവിടെ കലാപ്ര
വർത്തനത്തെ ചിത്രീകരിച്ചിരിക്കുന്നത്.
സാഹിത്യകമ്പോളത്തിലെ ഏതുപമയും
വിറ്റുപോകുമെന്നുള്ളതിനാൽ പത്മനാഭൻ
കരുതിക്കൂട്ടി നിർമ്മിച്ച ഒരുപമയല്ല എഴുത്തു
ജീവിതത്തിന്റെ കഥപറയുന്ന ഈ വിഷയം.
യാഥാർത്ഥ്യത്തിന്റെ വേഗം ദ്രുതഗതിയിൽ
മാറിക്കൊണ്ടിരിക്കുകയാണ്. ഇതിലെ
കൃഷ്ണാജിയും മഖനോവ്സ്കിയുമൊക്കെ
കാലവേഗതയുടെ പ്രതീകങ്ങളാണ്. ദാർശ
നികവും പ്രത്യയശാസ്ത്രപരവുമായ ഏകീ
കരണ വാസനയിൽ നിന്ന് പത്മനാഭന്റെ
കലാ പ്രതിഭ സ്വാതന്ത്ര്യം നേടിക്കൊണ്ടിരി
ക്കുന്നതിന്റെ സ്വാധീന വലയമാണ് ഈ കഥ
യുടെ ഒടുവിൽ നാം കാണുന്നത്. ഭാഷയുമാ
യുള്ള മത്സരക്കളിയിൽ ഏർപ്പെടലാണ്
സാഹിത്യപ്രവർത്തനമെന്ന് പത്മനാഭൻ
തെളിയിക്കുന്നത് ചെരുപ്പിലാണ്. ഉൾക്കാഴ്ച
യുടെ തീഷ്ണതകൾ ഇടവരികളിലെ പ്രയോ
ഗങ്ങൾക്ക് ഹാസ്യത്തിന്റെ ചാരുത സമ്മാനി
ക്കുമ്പോഴും പത്മനാഭൻ ഉന്നയിക്കുന്ന ദാർശ
നിക പ്രശ്നം അരാജകം എന്ന ഓമനപ്പേ
രിട്ട് നാം വിളിക്കുന്ന ഒരു എഴുത്തുകാരന്റെ
സ്വതന്ത്ര ജീവിതം തന്നെയാണ്. ഇവിടെ 'ചെരുപ്പ്'
എന്ന പ്രതീകം ഗൂഢാക്ഷര വ്യാഖ്യാനത്തിന്റെ സമീ
പത്തോളം എത്തുന്ന ഫിക്ഷണൽ റിയലിസമാണ്.
"സാറെ, അവൻ നല്ലവനാ. ഓരോ പിള്ളേരെ
പ്പോലെ /കഞ്ചാവും ചാരായവും ഒന്നും അടിച്ചു
നടക്കുന്നവനല്ല./അവൻ പിന്നെ നാടകത്തിലും
സിനിമയിലുമൊക്കെ/കളിക്കുന്നത്– അതൊരു
തെറ്റാണോ സാറേ?"

സിനിമാറ്റിക് ലിറ്ററേച്ചറിന് (Cinimatic Literature )
വല്ലാത്തൊരു ആദരവ് ലഭിക്കുന്ന കാലമാണിത്.
അത്തരമൊരു കാലത്തിന്റെ നീറ്റുന്ന പ്രശ്നങ്ങളെ
യാണ് 'ഭാവിയിലെ ഒരു കലാകാര' നിൽ നാം
കാണുന്നത്. പത്മനാഭന്റെ കല സിനിമയുടെ ചരി
ത്രപാരമ്പര്യത്തിലും (Black and White culture) ഭാവന
ചെയ്യപ്പെട്ട പാരമ്പര്യത്തിലും അതിന്റെ വ്യാപ്തി
മണ്ഡലങ്ങൾ തിരയുന്നതിന്റെ വലിയ ഉദാഹരണ
മാണീ കഥ. ഒരു നാൾ വൈകുന്നേരം ആഖ്യാതാ
വായ കഥാപാത്രം വലിയ ഒരു റെസ്റ്റോറന്റിൽ
പോകുന്നതും അവിടെ വെച്ച് വളരെ സുപരിചിത
നായ ഒരു പയ്യനെ കാണുകയും, പിന്നീട് വീണ്ടു
മൊരു ദിവസം സിനിമയ്ക്കുശേഷം അതേ റെസ്റ്റോ
റന്റിൽ കയറുകയും സിനിമയിൽ കണ്ട അതേ
പയ്യനെ അവിടെ കാണുകയും ഒക്കെ ചെയ്യുന്ന
താണ് കഥയുടെ ഇതിവൃത്തം. സിനിമയുടെ അ
ത്തരം സീനുകൾ അയാൾക്ക് പെട്ടെന്ന് ഓർമ്മ
വരുന്നു – 'നായകൻ അനാഥശാലയിൽ ബാല്യം
കഴിച്ചുകൂട്ടിയപ്പോൾ അയാളുടെ കൂടെ ഉണ്ടായി
രുന്നവൻ. ചാപ്പലിന്റെ പിറകിലെ കുറ്റിക്കാട്ടിൽ,
കായൽക്കരയിൽ ഒളിച്ചിരുന്നു ബീഡി വലിക്കുന്ന
വൻ, കൂട്ടുകാരിലൊരുവന് രോഗം വന്നപ്പോൾ രാപ്പ
കൽ എല്ലാം മറന്ന് അവനെ ശുശ്രൂഷിച്ചവൻ, മരി
ച്ചുപോയ ചങ്ങാതിയുടെ ശവപ്പെട്ടിക്ക് മുമ്പിൽ
പെയ്യാൻ പോകാൻ മഴയ്ക്കുമുമ്പുള്ള മേഘം പോ
ലെ വളരെ നേരം നിന്നവൻ. സിനിമ നമ്മുടെ സം
സ്കാരത്തിന്റെ അസ്തിത്വസംബന്ധിയായ നീതി
ശാസ്ത്രമായി വളർന്നത് ഇപ്പോഴാണ്. അതി
നുമുമ്പുള്ള ഒരു സിനിമാ സംസ്കാരത്തെ ഈ ക
ഥയിൽ അടയാളപ്പെടുത്തുന്നതോടൊപ്പം ഒരു കലാ
കാരന്റെ ജീവിതത്തെ പൊതുസമൂഹം എത്ര അല
ക്ഷ്യമായി കണ്ടിരുന്നുവെന്നതിന്റെ സാക്ഷ്യം കൂടി
യാണീ കഥ. ദൃശ്യനിരക്ഷരതയെക്കുറിച്ചുള്ള ഏ
റ്റവും ശക്തമായ കഥയാണിത്. സിനിമയിൽ അഭി
നയിച്ചവനായതുകൊണ്ട് ഒരു ഹോട്ടലിലും പണി
ക്കുനിർത്താത്തതും സിനിമയിൽ അവസരം ലഭി
ക്കാത്തതും ഒക്കെ കഥയിൽ അനാവരണം ചെയ്യ
പ്പെടുകയാണ്. സിനിമയുടെ ഇല്ലമായ മദ്രാസി
ലേയ്ക്ക് ഈകഥ നമ്മെ ക്ഷണിക്കുന്നു.
ഓരോരുത്തരുടെ പ്രവൃത്തിക്കും/ഓ രോ ഉദ്ദേശ്യ
മുണ്ടാവുമല്ലോ./അതെന്താ ണ് എന്ന് അറിയുന്ന
തിനു മുമ്പേ /അ തിനെക്കുറിച്ചൊക്കെ വിധി കൽപ്പി
ക്കുന്നത്!

സൈബർ സാഹിത്യകാലത്തിലെ സ യറ്ററുക
ളാണ് 'ഭാഷയും വായനയും' എന്നകഥയെ അടി
മുടി പൊതിഞ്ഞു നിൽക്കുന്നത്. ഇതിലെ ചെറുപ്പ
ക്കാർ ഏറ്റവും പുതിയകാലത്തിലെ എഴുത്തുകാ
രന്റെ അപരബിംബമാണ്. സമകാലിക ജീവി
തത്തെ പുതിയ വെളിച്ചത്തി ൽ കാണിക്കാൻ
ഇത്തരം ഒരു വിവരണ തന്ത്രം ആവശ്യമാണ്.
സാഹിത്യജീവിതത്തിന് ഇങ്ങനെയും ഒരു വശ

● കവിത ●



●ഡോ. ചേരാവള്ളിശശി

## കണ്ണീർ പ്രളയം

**തി**ന്മയാം ഇലച്ചാർത്തുകൾ കാറ്റിൽ
ഒന്നനങ്ങാതെ കൈകോർത്തു നിൽപ്പൂ.

ഭീതി ഉൽക്കണ്ഠ വൻതിരമാല
ജീവിതത്തിൽ അടങ്ങാതുയിർപ്പൂ.

നേർതൊടാത്ത പ്രഹസനം,നാട്യം
ഏറിയേറി മിഴികൾ മുടിപ്പൂ.

നാളെയെങ്കിലും കണ്ണീർപ്രളയം
മാറുമോ? മനം പാഴായ് കൊതിപ്പൂ...?

മുണ്ടോ എന്ന അത്ഭുതത്തിന്റെ തീക്ഷ്ണതയിൽ സ്വന്തം മീഡിയത്തെ പരീക്ഷണത്തിനു വിധേയമാക്കുകയാണ് കഥാകാരൻ. സാറിന്റെ എല്ലാ നോവലുകളും ഞാൻ വായിച്ചിട്ടുണ്ട് എന്നു പറയുന്ന ചെറുപ്പക്കാരനെ ഒരുതരി ഭാവവ്യത്യാസം പോലുമില്ലാതെ നേരിട്ടു ഇതിലെ കഥാകൃത്തായ (ഞാൻ) കഥാപാത്രം. ഒരു നോവലുപോലുമെഴുതിയിട്ടില്ലായെന്ന വസ്തുത അറിയാവുന്ന ഏതൊരു വായനക്കാരന്റെയും ചിരി തുന്നൽ തെറിച്ച് പുറത്തുവരും. വായനയോടുള്ള താൽപര്യരാഹിത്യത്തെ അടയാളപ്പെടുത്താൻ ഇതിലും നല്ല ഒരു പ്രമേയം വേറെ ആവശ്യമില്ല. സൈബർ കാലത്ത് എല്ലാവരും എഴുത്തുകാരായി മാറിയതിനെ പത്മനാഭൻ കളിയാക്കുകയാണിവിടെ. സൈക്കിൾ യാത്രക്കാരനായ ചെറുപ്പക്കാരൻ വൈജ്ഞാനികശാഖയിൽ വരുന്ന ഒരു പുസ്തകം എടുത്തു നൽകാനൊരുങ്ങുമ്പോൾ കഥാകൃത്ത് തടയുന്നു. സൈബർകാലത്ത് എല്ലാ അറിവുകളും വിരൽത്തുമ്പിൽ ലഭ്യമാകുമെന്നതിനാൽ ആ വിരൽത്തുമ്പറിവാണ് ഇതിലുള്ളതെന്ന് പത്മനാഭൻ തിരിച്ചറിയുന്നു. പുസ്തകങ്ങൾ ക്ക് താങ്ങുവില ആവശ്യമായി വരുന്ന ഒരു കാലഘട്ടത്തിലാണ് വായനയുടെ പ്രസക്തിയെക്കുറിച്ച് പത്മനാഭൻ കഥയിൽ എഴുതുന്നത്. കോമിക് പുസ്തകങ്ങളുടെ സാക്ഷരതയിൽനിന്ന് നല്ലകഥകൾ വായിക്കുന്ന ശീലത്തിലേക്കുള്ള ദൂരം ഒരുപാടാണെന്ന് ഈ കഥ പറഞ്ഞുതരുന്നു. വായന ഒറ്റയ്ക്കുള്ള തീർത്ഥാടനമാണെന്ന് ഈ കഥ ഓർമ്മിപ്പിക്കുന്നു.

രാവ് നീളുകയും ആളുകൾ യഥാർത്ഥ/ ബുഫേ മട്ടിൽ അവിടവിടെ കൊച്ചു ദ്വീപുകളായി /മാറി കൈയ്യിലുള്ള പ്ലേറ്റുകളിൽ നിന്ന്
/വിശപ്പടക്കാനാരംഭിക്കുകയും ചെയ്തപ്പോൾ
/മേനോൻ മാത്രം പ്ലേറ്റുമെടുത്ത് ഹാരിസൺ സായ്പിന്റെ /ലോണിലൂടെയും വരാന്തയിലൂടെയും /ഒരു സ്വപ്നനാടനക്കാരനെപ്പോലെ നടന്നു.

സ്പെയിനിന്റെ ദേശീയ വിനോദങ്ങളിൽ ഒന്നാണ് കാളപ്പോര്. ഇതാസ്വദിക്കുന്നത് ഒരു മാനസിക കുഴപ്പമല്ല. അതൊരു വൈരുദ്ധ്യത്തിന്റെ തത്വശാസ്ത്രം തരപ്പെടുത്തുന്നു. പട്ടിയോടുള്ള അമിതവാത്സല്യം പത്മനാഭൻ ഒരുപാട് കഥകളിൽ പ്രകടിപ്പിച്ചിട്ടുണ്ട്. പട്ടിക്ക് സംഹാരഭാവമില്ലെന്ന് പഠിപ്പിക്കാൻ അതുതകിയിട്ടുണ്ട്. അതുകൊണ്ടുതന്നെ പത്മനാഭൻ എഴുതുന്ന നായ്ക്കഥകൾ ഒരു പുതിയ സെൻസിബിലിറ്റിയിൽ നിർത്തിവേണം വായിക്കാൻ. അതു ചിത്തവൃത്തിയിൽ പെട്ടെന്നുണ്ടാകുന്ന വ്യതിയാനമൊന്നുമല്ല.ഹാരിസൺ സായിപിന്റെ നായ എന്ന കവിതയിലെ 'നായ' വിവരണങ്ങൾ, ധൈഷണികമായ കഠിന വേദനകളെക്കാൾ ലോജിക്കൽ സറ്റയറുകളായി നാം തിരിച്ചറിയേണ്ടിയിരിക്കുന്നു. മനുഷ്യരെ ആദരിക്കാത്ത ഒരു സമൂഹം നായ സംരക്ഷണത്തിന് നടത്തുന്ന പ്രയത്നങ്ങൾ ഒരു ഹിംസാപ്രവണതയായിട്ടൊന്നും പത്മനാഭൻ അവതരിപ്പിക്കുന്നില്ലെങ്കിൽ കൂടി, മിസ്സിസ് ഹാരിസണിന്റെ അമിത നായ പ്രേമത്തെ ഹാസ്യാത്മകമായി പത്മനാഭൻ അവതരിപ്പിക്കുന്നു. ആന്തരികപ്രത്യക്ഷങ്ങളും സാമാന്യമായ അനുമാനങ്ങളും ഇടകലർത്തി അപഗ്രഥിക്കുന്ന ഒരു സങ്കീർണ്ണപ്രശ്നമാണ് ഈ കഥയിലെ നായ പരിപോഷണം. ഈ വിഷയം വിദൂരകാലത്തിലെ ജഢതയല്ല എന്നുള്ളതുകൊണ്ട് തന്നെ ഒന്നിലധികം വായനകൾ ഈ കഥ ആവശ്യപ്പെടുന്നു.

പാർലമെന്റ് മെമ്പർമാരെ അദ്ദേഹത്തിന് ഭയമായിരുന്നു. /ഒരു നടുക്കത്തോടെ മേലാവ് ഓർത്തു. ദൈവമേ/ ഈ മഹാപാപി നമ്പ്യാർ എന്തൊക്കെയായിരിക്കും / എന്നെക്കുറിച്ച് എഴുതിപിടിപ്പിച്ചിട്ടുണ്ടാവുക?

സമകാലിക സാംസ്കാരിക കഥകളിലെ പ്രമേയം ചരിത്രമാണ്. പക്ഷെ അവ വ്യത്യസ്തമായ ചരിത്ര സന്ദർഭങ്ങളിലേക്ക് നമ്മെ കൂട്ടിക്കൊണ്ടു പോകും. നമ്മുടെ കാലഘട്ടത്തിൽ രാഷ്ട്രീയം അത്തരം ചരിത്ര സംഹിതകളെ വെറും അധികാര ഗർവ്വായി തൊട്ടുകാണിച്ചു കൊണ്ടിരിക്കുകയാണ്.അത്തരം ഒരു രാഷ്ട്രീയ പരിസരത്തെ അട്ടിമറിക്കുകയാണ് പത്മനാഭന്റെ 'ഹംസരാഗം' എന്ന കഥ. രാഷ്ട്രീയം ജാതീയമായ അംശങ്ങൾ ചുമന്നുകൊണ്ടു നടക്കുമ്പോൾ ഒരു ഹർജിക്കും ഉത്തരം ലഭിക്കില്ലായെന്ന് ഈ കഥ തെളിയിക്കുന്നു. കഥയിൽ പത്മനാഭൻ

പേജ് 20 ▶

● കവിത ●



ജസ്റ്റിൻജോസഫ് കാഞ്ഞിരത്താനം

# ഭാഗധേയം

**പോ**കമേഘമേ അഴലാതെ
വിധിയെ നീ പഴിക്കാതെവാനിൽ
മായാജാലം; അഖിലം ക്ഷണാഞ്ചലം!
ജന്മമേമിഥ്യ നീ പാഴ്കിനാവുപോൽ!

വാഴുമിരുളുംവെളിച്ചവും
നിലാവിൻ കൈത്തിരികളുമെല്ലാം...
കാലമൊരുക്കുമൊരു നിഴൽ നാടകം!
കർമ്മ കാണ്ഡങ്ങൾ തീർത്തൊരു ബന്ധനം!

രാഗമേഘങ്ങൾ അടരാടി
കനവുകൾ ചിതറുംവേദിയിൽ
കാനൽ ജലകേളിഒളിമിന്നുംമായ നീ!
അശ്രു ബിന്ദുപോലറ്റു പോം ഓർമ്മ നീ !

അഗ്നിച്ചിറകിലിരതേടി
ചിതയുടെമുഖം പേറിമൃത്യു!
ജീവകോടികൾ മറയും ക്ഷണഭംഗുരം!
ലോകമാകവേ,ആകുലവിഹ്വലം

ആർത്തരർത്ഥികൾക്കൊരുതുള്ളി-
ജലംപോലും നല്കാത്ത മഹതീ,
ദൂരെചുടലയിൽ തണൽ കൊള്ളാൻ വരിക!
നിത്യ നിദ്രയിലമരാൻ നീ വരിക!

ലോക നീതി നീ വിതയ്ക്കുന്നു
വിതകൊയ്യും ഒരു നാൾ കർമ്മമേ!
കാലമനാദിയായ് വാപിളർന്നീടവേ,
പോക, വിരഹത്തിലലിയുവാൻ മേഘമേ...!

കാലഗതിയിൽവരും വന്നു
മറഞ്ഞുപോം അഖിലംഒരുനാൾ...!
നിത്യനിപാതത്തിൽ മറയൂ നീ മേഘമേ!
പോകൂ,വിനാശത്തിൽ വിലയിക്കൂശാന്തമായ്...!
ലോകം ജഡസങ്കുലം; സർവ്വം
വരും,പോകും,ഈ ഭൂവിൽഒരുപോൽ....!
കാലരഥമേറിഗമിക്കൂ നീ സാദരം!
നിത്യനിതാന്തം നിഷ്ക്രമിക്കൂ നീ മേഘമേ!

ഫോ:9447363135




● നിരീക്ഷണം ●



● പി.ആർ.ശിവപ്രസാദ്

# ഇനിയും വേണോ ഈ ഹർത്താൽ നാടകം

അക്ഷരാർദ്ധത്തിൽ കേരളസംസ്ഥാനത്തെ ഒരൊറ്റ ആഹ്വാനംകൊണ്ട് തുറുങ്കിലടക്കുന്ന ഹീനവും നിന്ദ്യവും, മനുഷ്യത്വരഹിതവും അപരിഷ്കൃതവുമായ ഒരു പ്രതിഷേധസമരാഭാസമായി 'ഹർത്താൽ' മാറി കഴിഞ്ഞിരിക്കുന്നു. തൊഴിലെടുത്തു ജീവിക്കുന്ന ഒരു സമൂഹത്തിനുമേൽ രാഷ്ട്രീയത്തിന്റെയും മതത്തിന്റെയും പേരിൽ ഭീഷണിപ്പെടുത്തി അടിച്ചേൽപ്പിക്കുന്ന ഈ വാപോയ സമരായുധം സംസ്ഥാനത്തിന്റെ ഹൃദയമിടിപ്പ് തന്നെ നിശ്ചലമാക്കുന്നു എന്ന ദുഃഖസത്യം ഇനിയും ഈ ഹർത്താൽ പ്രഖ്യാപനക്കാർ മനസിലാക്കുന്നില്ലാ എന്നു വേണോ ജനങ്ങൾ മനസിലാക്കേണ്ടത്. മറിച്ച് യാതൊരു കഷ്ടപ്പാടും കൂടാതെ കേവലം ഒരു പത്രസമ്മേളനം നടത്തി ഓർക്കാപുറത്ത് 'ഹർത്താൽ പ്രഖ്യാപിച്ച്' കൊടിയും നൽകി ഗുണ്ടകളെ പാവപ്പെട്ടവന്റെ നെഞ്ചത്തു കയറി നിരങ്ങാൻ വിട്ടാൽ നിസ്സഹായരും നിരാലംബരുമായ അവർ ഭയന്ന് പ്രതികരിക്കില്ലാ എന്ന ധാർഷ്ട്യമല്ലേ അടിക്കടി അടിച്ചേൽപിക്കുന്ന ഈ ഹർത്താൽ.



നമ്മുടെ നാടിന്റെ ഒരു ശാപമായി ഹർത്താൽ മാറിയിരിക്കുന്നു എന്നത് ഇനിയും ഈ രാഷ്ട്രീയ നേതാക്കൾ മനസ്സിലാക്കിയില്ലെങ്കിൽ ജനങ്ങൾ പ്രതികരിക്കും എന്നത് നിസ്തർക്കമാണ്. ഹർത്താലിനെ പ്രതിരോധിക്കാനും അവഗണിക്കാനും കേരളത്തിലെ വ്യാപാരി വ്യവസായികളും ബസ്സ് ഓണേഴ്സ് അസ്സോസിയേഷൻ നേതാക്കളും തീരുമാനിച്ചു കഴിഞ്ഞു. കോഴി



കേരള വ്യാപാരി ഏകോപന സമിതി സമ്മേളനവേദി

ക്കോട് 36 വ്യവസായ സംഘടനകളെ ഉൾപ്പെടുത്തി നടന്ന വ്യാപാരി വ്യവസായി ഏകോപനസമിതി സമ്മേളനവും, വിനോദസഞ്ചാര മേഖലയിൽ പ്രവർത്തിക്കുന്ന 28 സംഘടനകൾ ചേർന്നു കൊച്ചിയിൽ നടത്തിയ ഹർത്താൽ ബഹിഷ്കരണസമ്മേളനവും വ്യവസായ ടൂറിസം മേഖല സഹനത്തിന്റെ നെല്ലിപ്പലക കണ്ടുകഴിഞ്ഞു എന്നുള്ളതിന്റെ തെളിവാണ്. ഇനി പ്രതികരിച്ചില്ലെങ്കിൽ ഹർത്താൽ മൂലം നശിച്ചുപോയ ഒരുനാട് എന്ന പേരുദോഷം കേരളത്തിന് ഉണ്ടാകും എന്ന ബോധോദയം വ്യവസായികൾക്കും സ്വയംതൊഴിൽ ചെയ്യുന്നവർക്കും ഉണ്ടായിത്തുടങ്ങി എന്നതിന്റെ സൂചനയാണ്.

ഹർത്താൽ ദിനങ്ങളിൽ ആശുപത്രിസേവനം തടസ്സപ്പെടുത്താൻ അനുവദിക്കില്ലെന്ന് ഇൻഡ്യൻ മെഡിക്കൽ അസ്സോസിയേഷന്റെ (IMA) സംസ്ഥാനഭാരവാഹിയായ ഡോ.എൻ.സുൾഫി മാധ്യമങ്ങളോടു പറഞ്ഞു. സിനിമാ വിതരണക്കാരും സ്വകാര്യബസ്സുടമകളും അപ്രതീക്ഷിത ജനദ്രോഹ ഹർത്താൽ ബഹിഷ്കരിക്കാൻ തീരുമാനിച്ചു കഴിഞ്ഞു. വ്യവസായികളും തൊഴിൽ ഉടമകളും വ്യാപാരികളും ചേർന്ന് ആന്റി ഹർത്താൽ ഫ്രണ്ട് രൂപീകരിക്കാൻ തീരുമാനിച്ചു. ഹർത്താൽ ദിനങ്ങളിൽ കടകളും വ്യവസായ സ്ഥാപനങ്ങളും തുറന്നു പ്രവർത്തിക്കാനും വാഹനങ്ങൾ ഓടിക്കാനും അതിനു തടസ്സം നിൽക്കുകയോ അക്രമം അഴിച്ചുവിടുകയോ ചെയ്താൽ നിലവിലുള്ള നിയമത്തിന്റെ ആനുകൂല്യം ഉപയോഗിച്ച് ഹർത്താൽ നടത്തുന്ന സംഘടനാനേതാക്കൾക്ക് എതിരെ ക്രിമിനൽ കേസ് ഉൾപ്പെടെ നഷ്ടപരിഹാര നടപടിക്കു കോടതിയെ സമീപിക്കാനും ആണ് ശക്തമായ തീരുമാനം എടുത്തിരിക്കുന്നത്. കേരളത്തിലെ അസംഘടിതരായ സാധാരണ ജനങ്ങ ൾക്കും ഹർത്താൽ മൂലം പലപ്പോഴും വഴിയാധാരമാകുന്ന പ്രവാസികൾക്കും വിദേശടൂറിസ്റ്റുകൾക്കും ആശ്വാസം പകരുന്ന തീരുമാനമാണ് ഇത്.


വിവാഹങ്ങൾ ഉൾപ്പടെ തീരുമാനിക്കപ്പെട്ട ചടങ്ങുകൾ അപ്രതീക്ഷിതമായി മാറ്റിവയ്ക്കേണ്ടിവരുന്നതും, വാഹനങ്ങൾ ലഭിക്കാത്തതുമൂലം ആശുപത്രിയിലെത്താതെ മരണപ്പെടുന്ന രോഗികളും മാത്രമല്ല എങ്ങനെയെങ്കിലും ആശുപത്രിയിൽ രോഗികളെ എത്തിച്ചാൽ പോലും ഹർത്താൽ മൂലം ആശുപത്രിയിലെത്താൻ കഴിയാത്ത ഡോക്ടർമാരുടെയും നേഴ്സുമാരുടെയും അഭാവംമൂലം ഇവരുടെ സേവനം ലഭിക്കാതെ ആശുപത്രിയിൽ ചികിത്സയിൽ കിടക്കുന്ന രോഗികളെ മരണത്തിലേക്ക് തള്ളിവിടേണ്ടി വരുന്ന അവസ്ഥ കേരളത്തിലല്ലാതെ ഇൻഡ്യയിലെ മറ്റൊരു സംസ്ഥാനത്തും കാണാൻ കഴിയില്ല.





വാഹനമില്ലാതെ വലയുന്ന
വിദേശ സഞ്ചാരികൾ

പൊതുജനത്തെ വഴിയാധാരമാക്കുന്ന നേതാക്കൾക്ക് സർക്കാർ സംവിധാനങ്ങളും പാർട്ടിസംരക്ഷണങ്ങളും ഉണ്ട്. അതുകൊണ്ട് സാധാരണക്കാരന്റെ ബുദ്ധിമുട്ട് മനസ്സിലാവില്ല. കുടുംബത്തേയും കുഞ്ഞുങ്ങളേയും കാണാൻ ദീർഘ നാളുകൾക്കുശേഷം നാട്ടിൽ വിമാനമിറങ്ങുന്ന പ്രവാസികളുടെയും, ദൈവത്തിന്റെ സ്വന്തംനാട് കാണാൻ കേരളത്തിൽ വന്ന് റെയിൽവേസ്റ്റേഷനുകളിലും ബസ് സ്റ്റാൻഡുകളിലും ഉൾപ്പെടെയുള്ള സ്ഥലങ്ങളിൽ പ്രാഥമിക കാര്യങ്ങൾപ്പോലും നിർവ്വഹിക്കാനാവാതെ കഷ്ടപ്പെടുന്ന സഞ്ചാരികളും കേരളത്തിന്റെ നിത്യകാഴ്ചകളിലൊന്നായി മാറിയിട്ടുണ്ട്. സുരക്ഷിതസങ്കേതങ്ങളിൽ ഒളിഞ്ഞിരുന്നുകൊണ്ട് ഈ നേതാക്കൾ



ഡോ.എൻസുൽഫി



ചെയ്യുന്നത് തികച്ചും ജനദ്രോഹമാണ്. സാധാരണക്കാരായ ജനത്തെ വലക്കുന്ന ഈ മാരകമായ സമരായുധം അണികൾക്കു പണികൊടുക്കാൻ വേണ്ടിമാത്രം തലങ്ങുംവിലങ്ങും എടുത്തുപയോഗിക്കുന്ന കേരളത്തിലെ ചെറുതും വലതുമായ എല്ലാ രാഷ്ട്രീയപാർട്ടി നേതാക്കളും, തങ്ങളുടെ സംഘടിത ശക്തികാട്ടി ഭരിക്കുന്നവരെയും ഭരിക്കാനനുവദിക്കാത്ത പ്രതിപക്ഷത്തേയും ബോധ്യപ്പെടുത്താൻ മത,ജാതി ഈർക്കിൽ സംഘടനകളും കൊട്ടേഷൻ ടീമുകളും ചേർന്ന് ജനത്തെ ഭയപ്പെടുത്തി നടപ്പിലാക്കുന്ന ഈ സമ്പ്രദായത്തെ സമരമെന്നോ പ്രതിഷേധമെന്നോ വിളിക്കാനാവില്ല മറിച്ച് ശുദ്ധ പോക്രിത്തരം എന്നേ പറയാനാവൂ... ഇതിനൊരറുതി വന്നേ തീരൂ. അസംഘടിത ജനത്തെ ഇക്കാര്യത്തിൽ സഹായിക്കാൻ വ്യാപാരി വ്യവസായി മേഖലകളിലുള്ള സംഘടനകളോടൊപ്പം പൊതുജനങ്ങൾ തയ്യാറാകണം. ഹർത്താൽ എന്നു കേട്ടാലുടൻ വീട്ടിൽ കയറി അടച്ചിരുന്നാഘോഷിക്കുന്ന പതിവ് നിർത്തണം.

അധികാരവും അധികാരത്തിന്റെ പങ്കും കയ്യിലുണ്ടെന്നതിന്റെ പേരിൽ മറ്റുള്ളവരുടെ അവകാശങ്ങളെ അടിച്ചമർത്തുവാൻ രാഷ്ട്രീയമതസംഘടനകൾ നടത്തുന്ന അവകാശ ലംഘനങ്ങളെ എതിർത്തു തോൽപ്പിക്കാനായില്ലെങ്കിലും പ്രതിഷേധത്തിലൂടെ തടയിടുകയെങ്കിലും ചെയ്യാതിരിക്കുവാനാകാത്ത സാഹചര്യത്തിലാണ് ഹർത്താൽപോലെയുള്ള പ്രതിഷേധരീതികൾ ചിലർ അവലംബിച്ചുപോരുന്നത്, ഇത് ഹർത്താലിന്റെ മറ്റൊരു വശമാണ്. സമൂഹത്തിനു ബുദ്ധിമുട്ടുണ്ടാക്കുന്നതല്ല പ്രതിഷേധം എന്നറിയുമ്പോഴും പ്രതിഷേധിക്കാനൊരു ബദൽ സംവിധാനം കണ്ടെത്താൻ കഴിഞ്ഞിട്ടില്ല. ഭരണാധികാരികളുടെ ശ്രദ്ധ പിടിച്ചുപറ്റുന്നതിനാണെങ്കിൽ ഭരണസിരാകേന്ദ്രങ്ങളിലാണ് പ്രതിഷേധിക്കേണ്ടത്. ഭരണാധികാരികളുടെ സ്വതന്ത്രയാത്രയാണ് തടയേണ്ടത് അല്ലാതെ മേൽപ്പറഞ്ഞ അടിച്ചമർത്തലിന്റെ ദുരിതം അനുഭവിക്കുന്നവരെ വീണ്ടും ബുദ്ധിമുട്ടിക്കുകയല്ല വേണ്ടത്.

ഹർത്താലിന്റെ കാര്യത്തിൽ ഭരണപ്രതി



ഹർത്താൽ ദിനത്തിൽ നാട്ടിൽ
വന്നിറങ്ങിയ പ്രവാസികൾ

പക്ഷഭേദമില്ല. കാരണം ഭരണത്തിലിരിക്കുന്നവരും പ്രതിപക്ഷത്തിരിക്കുന്നവരും ഭരണത്തിലേറാൻ പരിശ്രമിക്കുന്നവരുമാണ് വീണ്ടും വീണ്ടും ഹർത്താലിന് ആഹ്വാനം ചെയ്തുകൊണ്ടിരിക്കുന്നത്. കണക്കെടുത്താൽ ഇവരുടെ പ്രസ്താവനകളിലെ കപടത വ്യക്തമാകും.

ഹർത്താലുകൾ വേണ്ട എന്നുവയ്ക്കുക എന്നതല്ലാതെ ചിലതൊക്കെ ഒഴിവാക്കണം എന്നു പറയുന്ന രാഷ്ട്രീയക്കാരെ ഒരിക്കലും വിശ്വാസത്തിലെടുക്കാൻ പറ്റില്ല. കാരണം പണിമുടക്കെന്ന രീതിയിലവതരിപ്പിക്കുന്ന പ്രതിഷേധംപോലും ഫലത്തിൽ ഹർത്താലായി മാറുകയാണ് പതിവ്. ഇവിടെ പേരുകൾ മാറുക മാത്രമെ ഉണ്ടാവുന്നുള്ളു. വാഹനങ്ങളോടുന്നതും പണിയെടുക്കുന്നതും മാത്രമെ തടസ്സപ്പെടുത്തുന്നുള്ളു ബാക്കിയൊക്കെ പതിവുരീതിയിൽ തുടരാമെന്നു പറയുന്നതെങ്ങിനെയാണ് അംഗീകരിക്കുക. എന്താണ് ഈ ബാക്കിയുള്ളവ എന്ന് മനസ്സിലാവുന്നില്ല. വീടുകളിൽ ഒതുങ്ങിയിരുന്ന് പതിവുപോലെ ഹർത്താൽ ആഘോഷിക്കുന്ന രീതിയാണ് പണിമുടക്കുമൂലവും ഉണ്ടാവുക.

രാഷ്ട്രീയവും മതവും നോക്കാതെ എല്ലാ ഹർത്താലുകളെയും പൊതു പണിമുടക്കുകളെയും തള്ളിക്കളയുവാൻ ജനങ്ങൾ ഒത്തൊരുമിച്ചു തീരുമാനിക്കുന്ന രീതിയിലേക്ക് കാര്യങ്ങൾ മാറുന്നു എന്നത് ആശ്വാസകരമാണ്. എതിർകക്ഷികളെ കൊന്നൊടുക്കുന്നതിലും രക്തസാക്ഷികളെ സൃഷ്ടിക്കുന്നതിലും മത്സരിക്കുന്നവർ കൊന്നതിന്റെയും ചത്തതിന്റെയും പേരിൽ ഹർത്താലുകൾ നടത്തിയ ശേഷം ചങ്ങാത്തംകൂടി അധികാരസ്ഥാപനങ്ങൾ വീതം വയ്ക്കുന്നതു കാണുമ്പോഴെങ്കിലും മണ്ടന്മാരാക്കപ്പെടുന്ന പൊതുജനങ്ങൾ പ്രതികരിക്കാതിരിക്കരുത്.





സഞ്ചാരസ്വാതന്ത്ര്യത്തിന്റെ കാറ്റൂരിവിടുമ്പോൾ

“ഏതവൻ പല്ലക്കിൽ ഏറിയാലും എൻ മകൻ ചുമക്കണം” എന്ന പഴമൊഴി പോലെ ആരു ഹർത്താൽ നടത്തിയാലും ദുരിതം അനുഭവിക്കുന്നത് ജനങ്ങളാണ്. ആഹ്വാനം ചെയ്യുന്നവർക്കും അതു നടപ്പിലാക്കുന്നവർക്കും മാത്രം ലാഭം കിട്ടുകയും അതിന്റെ പേരിൽ കഷ്ടപ്പെടേണ്ടി വരുന്ന ഭൂരിപക്ഷം ആളുകൾക്ക് നഷ്ടങ്ങൾ മാത്രം സഹിക്കേണ്ടി വരികയും ചെയ്യുന്ന കാലഹരണപ്പെട്ട ഈ സ്തംഭിപ്പിക്കൽ സമരംകൊണ്ട് രാജ്യത്തിന് എന്തെങ്കിലും നേട്ടമുണ്ടായിട്ടുള്ളതായി എത്ര സസൂക്ഷ്മം നിരീക്ഷിച്ചിട്ടും മനസ്സിലാകുന്നില്ല. ഹർത്താൽ ആഹ്വാനം ചെയ്യുന്നവർ ആരായാലും സ്വമനസ്സാലെ ഹർത്താലിൽ സഹകരിക്കാനോ സഹകരിക്കാതിരിക്കാനോ ഉള്ള സ്വാതന്ത്ര്യം പൊതുജനങ്ങൾക്ക് നൽകണം. നിർബന്ധപൂർവ്വം അടിച്ചേൽപ്പിക്കുന്ന “ഹർത്താൽ” ജനാധിപത്യ രാഷ്ട്രത്തിന് ചേർന്ന സമരമുറയല്ല എന്ന് ഭൂരിപക്ഷം പൊതുജനങ്ങൾക്കും ബോധ്യമായി എന്നുള്ളതിന്റെ തെളിവാണ് വ്യവസായ മേഖലയിലും തൊഴിൽ മേഖലയിലും ആരോഗ്യമേഖലയിലും മറ്റുമുള്ള പ്രമുഖസംഘടനകളുടെ ഹർത്താൽവർജ്ജന തീരുമാനം. കേരളജനതയുടെ പൂർണ്ണപിന്തുണ ഈ തീരുമാനത്തിനുണ്ടാകും തീർച്ച.

● *ഫോ: 9388602223*

● ലേഖനം ●



രമേഷ്. വി.കെ

# മോയിൻകുട്ടി വൈദ്യരുടെ കൃതികൾ

## ഒരു സ്ത്രീപക്ഷ വായന

മുഖവുരയെ അപ്രസക്തമാക്കുന്ന വ്യക്തിത്വമാണ് മാപ്പിള സാഹിത്യത്തിൽ മോയിൻകുട്ടി വൈദ്യർക്കുള്ളത്. മുൻകാല കവികളിൽ നിന്നും സ്വാധീനമുൾക്കൊണ്ട വൈദ്യർ പിൽക്കാല കവികൾക്കെല്ലാം മാതൃകാപുരുഷനുമായിരുന്നു. ഇതര കവികളെയെന്നപോലെ പ്രണയവും പോരുമാണ് വൈദ്യരുടെ സർഗ്ഗവ്യവഹാരങ്ങളെ സ്വാധീനിച്ചതെങ്കിലും, ആശയ സ്വീകാര്യതയിലും ആഖ്യാനശൈലിയും കൈവരിച്ച നൂതനത്വം അദ്ദേഹത്തെ വേറിട്ടുനിർത്തി. പരമ്പരാഗത സങ്കല്പങ്ങളെ ഉല്ലംഘിക്കുന്നതും സ്വതന്ത്രബോധത്തെ ഉദ്ഘോഷിക്കുന്നവയുമായിരുന്നു അവ. ഇത്തരമൊരു പശ്ചാത്തലത്തിൽ നിന്നുകൊണ്ടാണ് അദ്ദേഹത്തിന്റെ സ്ത്രീപക്ഷസമീപനത്തെയും പുനർവായിക്കേണ്ടത്.

ആഖ്യാനരൂപത്തിൽ വൈദ്യർ രചിച്ച ആദ്യകൃതിയെന്ന ബഹുമതി സലാസീൽ കിസ്സപ്പാട്ടിനവകാശപ്പെട്ടതാണ്. ഒരു മരംവെട്ടുകാരന്റെ പുത്രനായ സലാസീൽ തന്റെ മാതാവ് നൽകിയ പണംകൊണ്ട് മുന്നിൽ കാണുന്ന പലവസ്തുക്കളും സ്വന്തമാക്കുകയും, ഒടുവിൽ ഒരു ജിന്നിന്റെ സഹായത്തോടെ മഹാത്വീസ് രാജാവിന്റെ പുത്രി ഗനീമത്തിനെ വിവാഹം കഴിക്കുന്നതുമാണിതിലെ പ്രമേയം. പ്രാചീന കവികൾ അലംഘനീയ വ്യവസ്ഥയെന്നോണം തുടർന്നുപോന്നിരുന്ന അംഗപ്രത്യംഗവർണ്ണനകളാണ് ഗനീമത്തിന്റെ കാര്യത്തിലും വൈദ്യർ തുടർന്നുപോരുന്നത്. ചെന്താമരപ്പൂവിനൊത്ത മുഖം, താരയല്ലിപോലെ വടിവൊത്ത പുരികം, അഞ്ജനക്കറുപ്പാർന്ന കണ്ണുകൾ, മാൻ പേടയുടെ കഴുത്ത്, കണ്ണഞ്ചിപ്പിക്കുന്ന ആഭരണങ്ങൾ, അന്നനട എന്നിവയെല്ലാം ചേർന്ന് ആ സൗന്ദര്യത്തിന് മാറ്റുകൂട്ടുന്നു. ബുദ്ധിമതിയായ അവൾ തന്റെ പതിയെ സകല ദുരിതങ്ങളിൽനിന്നും രക്ഷിക്കുകയും സൗഭാഗ്യങ്ങളുടെ വിളനിലമായ് വർത്തിക്കുകയും ചെയ്യുന്നു. ജിന്നുകന്യകയായ കുൽബാൻ ആണ് സമാനമായ് എടുത്തുകാട്ടാവുന്ന മറ്റൊരു കഥാപാത്രം. അവരിരുവരുടെയും പകിട്ടിലും പെരുമയിലും അഭിരമിച്ച് കവി ആത്മനിർവൃതിയടയുന്നതായ് കാണാം.

**ഇസ്ലാമിലെ നാടോടിക്കഥകളെ പുരസ്ക്കരിച്ച കിളത്തി മാലയിലും കുറത്തിപദത്തിലും വൃദ്ധകളുടെ രൂപത്തിൽ പ്രത്യക്ഷപ്പെടുന്ന മാലാഖമാരെയാണ് വൈദ്യർ ചിത്രീകരിച്ചിരിക്കുന്നത്.**



മോയിൻകുട്ടി വൈദ്യർ

ഇസ്ലാമിലെ നാടോടിക്കഥകളെ പുരസ്ക്കരിച്ച കിളത്തി മാലയിലും കുറത്തിപദത്തിലും വൃദ്ധകളുടെ രൂപത്തിൽ പ്രത്യക്ഷപ്പെടുന്ന മാലാഖമാരെയാണ് വൈദ്യർ ചിത്രീകരിച്ചിരിക്കുന്നത്. നബിയും സ്വഹാബികളും യസ്രിബിലെ മസ്ജിദിലിരിക്കവേ ജിബ്രീൽ മാലാഖ ഒരുവൃദ്ധയുടെ വേഷത്തിൽ അവർക്കരികിലെത്തുന്നു. ശിരസ്സിൽ നിന്നും ഭാണ്ഡം നിലത്തിറക്കി അലിയിൽ നിന്നും ജലപാനം ചെയ്ത് ക്ഷീണമ

കറ്റുന്നു. വൃദ്ധയുടെ നിർദ്ദേശം മാനിച്ച് ഭാണ്ഡം തിരിച്ച് തലയിലേറ്റാൻ നബി തന്റെ അനുചരന്മാരെ നിയോഗിച്ചെങ്കിലും നിരാശയായിരുന്നു ഫലം. ഒടുവിൽ സ്വപുത്രനും ശിശുവുമായിരുന്ന ഹുസൈൻ ആ ചുമട് നിഷ്പ്രയാസം വൃദ്ധയുടെ ശിരസ്സിലേറ്റുന്നു. അനന്തരം നബി ഹുസൈന്റെ ഭാവിഭാസുരതകളെപ്പറ്റി മുന്നറിയിപ്പു നൽകുന്നതോടെ കൃതി പര്യവസാനിക്കുന്നു. സമാനമായ് ജിബ്‌രീൽ മാലാഖ ഒരു കുറത്തിയുടെ വേഷത്തിലെത്തി ഫാത്തിമാബീവിയുടെ കൈനോക്കുന്നതും, ഹസ്സൻ, ഹുസൈൻ എന്നിങ്ങനെ രണ്ടു പുത്രന്മാർ ജനിക്കാനിരിക്കുന്ന വാർത്തയറിയിക്കുന്നതുമാണ് കുറത്തിപദത്തിലെ ഇതിവൃത്തം. ശിയാസങ്കല്പത്തോട് ചേർത്തുവയ്ക്കാറുള്ള ഈ രണ്ടു കൃതികളിലും സ്ത്രീകഥാപാത്രങ്ങൾക്ക് ഒരലൗകികമാനം കല്പിച്ചതായ് കാണാം.

മാപ്പിള സ്ത്രീത്വത്തിന്റെ സാമൂഹികാംശങ്ങളെ വൈദ്യർ പ്രകടമാക്കുന്നത് പ്രധാനമായും യുദ്ധകാവ്യങ്ങളായ പടപ്പാട്ടുകളിലൂടെയാണ്. ഉഹ്ദ് പടപ്പാട്ടിൽ പുരുഷകേസരികൾക്കൊപ്പം അടരാടുന്ന സ്ത്രീകളുടെ ഒരു നീണ്ടനിരതന്നെയുണ്ട്. മുസ്‌ലിം പക്ഷത്ത് നബിയുടെ പിതൃസഹോദരീപുത്രി സഫിയാബീവി, പുത്രി ഫാത്തിമ, ഹൻളലത്തിന്റെ ഭാര്യ ജമീല, സയ്യിദ്ബ്നുൽ ആസിന്റെ പത്നി നുസൈബ, അസാസിന്റെ മകൾ ഹിന്ദ് എന്നിവർ പ്രധാനികളാണ്. മുസ്‌ലിം വിരുദ്ധപക്ഷത്താകട്ടെ അയ്മത്തിന്റെ മകൾ ഹിന്ദ്, താരിഖിന്റെ മകൾ ഉമ്മുഹക്കീം, വലീദ്ബ്നുൽ മുശീറയുടെ പുത്രി ഫാത്തിമ, ഹാരിസിന്റെ മാതാവ് സുലീഫത്ത് എന്നിവരാണ് പ്രമുഖർ. കേവലം പ്രേക്ഷകരായിട്ടല്ല യുദ്ധഗതിയെ നിയന്ത്രിക്കുകയും സജീവമായ് പോരടിക്കുകയും ചെയ്യുന്നവരായാണിവരെ ചിത്രീകരിച്ചിരിക്കുന്നത്. എന്നാൽ ബദർ പടപ്പാട്ടിലാകട്ടെ പോരിനെക്കാൾ പകിട്ടിനാണ് പ്രാമുഖ്യം. രക്തസാക്ഷികളെ വരവേൽക്കാൻ ഒരുങ്ങിച്ചമഞ്ഞെത്തുന്ന ഹൂറികൾ സൂര്യനെക്കാൾ ശോഭയുള്ളവരത്രേ. കമനീയമായ പുരികക്കൊടികൾ, മഴവില്ലഴകൊത്ത നെറ്റിത്തടം, കസ്തൂരിമാനിന്റെ ഗന്ധം, തിളങ്ങുന്ന ഉദരം, രത്നങ്ങൾ കൊണ്ട് ചിത്രവേല ചെയ്ത വിരലുകൾ എന്നിവയെല്ലാം ചേർന്ന് ആ സൗന്ദര്യത്തിന് മാറ്റുകൂടുന്നു. ഉപ്പുകടലിലേയ്ക്ക് അവരുടെ ഉമിനീര് പതിക്കുന്നപക്ഷം ആ ജലാശയമാകമാനം മധുരിക്കുമത്രേ. രക്തസാക്ഷികളെ കുടിപ്പിക്കാൻ പാനപാത്രവുമേന്തി മത്സരിക്കുന്ന അവർ ആശാപരവശരായ് സല്ലപിക്കുകയും ചെയ്യുന്നു. സുദീർഘമായ ഇത്തരം വർണ്ണനകൾക്ക് പ്രാചീന മണിപ്രവാളകൃതികളോടും ചമ്പുക്കളോടും സാദൃശ്യമുണ്ട്. പുരുഷസമാനമായ് സ്ത്രീത്വത്തെ ഉയർത്തിക്കാട്ടിയ ഇത്തരം കൃതികളിൽ നിന്ന് പിൽക്കാല മാപ്പിള കവികൾ പല ആശയങ്ങളും സ്വായത്തമാക്കിയിട്ടുണ്ട്.



കുമാരനാശാൻ

**ആശാൻ നളിനിയിലൂടെയും ലീലയിലൂടെയും ദുരവസ്ഥയിലൂടെയും ആവിഷ്ക്കരിക്കാൻ ശ്രമിച്ച സ്ത്രീത്വത്തിന്റെ സ്വതന്ത്രബോധത്തെ മൂന്നുദശകങ്ങൾക്കു മുമ്പേ ഒരു സമാന്തര ശാഖയിലൂടെ വൈദ്യർ സാർത്ഥകമാക്കുകയായിരുന്നുവെന്ന് പണ്ഡിതലോകം നിരീക്ഷിച്ചിട്ടുണ്ട്. യാഥാസ്ഥിതികതയ്ക്കെതിരെ തുറന്നടിച്ച ഈ കാവ്യം കാലാതീതമായ്ത്തീർന്നതിനു കാരണവും മറ്റൊന്നല്ല.**

നായികയുടെ പേരിൽ പുകൾപെറ്റ ബൃഹത്തായ യുദ്ധകാവ്യമാണ് സലീഖത്ത് പടപ്പാട്ട്. ഇബ്നുഹിശാമിന്റെ സീറാ ഖുദ്സിയത്ത് എന്ന ചരിത്രഗ്രന്ഥത്തിൽ നിന്നാണ് വൈദ്യർ ഈ കൃതിയുടെ ഇതിവൃത്തം സ്വീകരിച്ചത്. സലീഖത്ത് രാജ്ഞിയെ ഇസ്‌ലാമിലേയ്ക്ക് ക്ഷണിക്കാൻ തിരുനബി ഒരു ദൂതൻ മുഖാന്തരം സന്ദേശം കൊടുത്തയച്ചെങ്കിലും അവൾ വഴങ്ങിയില്ല. സുന്ദരിയും തന്റേടിയുമായ സലീഖത്ത് ഒരു ലക്ഷം സൈനികരെ നബിക്കെതിരെ പറഞ്ഞയച്ചു. അംഗബലം കുറഞ്ഞിട്ടും പ്രവാചകന്റെ സൈന്യം അവരെ തുരത്തിയോടിച്ചു. ഏഴുലക്ഷം ഭടന്മാരെ പിന്നീടയച്ചെങ്കിലും നിരാശയായിരുന്നു ഫലം. ഒടുവിൽ രാജ്ഞി തന്നെ നേരിട്ട് യുദ്ധക്കളത്തിലെത്തിയെങ്കിലും പരാജയം സമ്മതിയ്ക്കേണ്ടി വന്നു. അല്ലാഹുവിൽ നബിയ്ക്കുള്ള അചഞ്ചലമായ വിശ്വാസമാണ് തന്റെ പരാജയത്തിനിടയാക്കിയതെന്നു ബോധ്യപ്പെട്ട രാജ്ഞി യുദ്ധമവസാനിപ്പിച്ച് ഇസ്‌ലാം സ്വീകരിക്കുന്നു. നബിയുടെ പൗരുഷത്തിനും ആത്മബലത്തിനും കീഴടങ്ങേണ്ടിവന്നെങ്കിലും ആത്മാഭിമാനത്തിന്റെയും തന്റേടത്തിന്റെയും പ്രതീകമായ് മാപ്പിളസാഹിത്യത്തിൽ സലീഖത്ത് ജ്വലിച്ചുനിൽക്കുന്നു.

മതസൗഹാർദ്ദത്തിന്റെ ഉത്തമ മാതൃകയാണ് മലപ്പുറം പടപ്പാട്ട് അഥവാ മദിനിധിമാല. കുന്നലക്കോനാതിരിയുടെ സാമന്തനായൊരിടപ്രഭുവും മലപ്പുറം ദേശത്തിന്റെ ഭരണാധികാരിയുമായിരുന്ന പാറനമ്പിയും മുസ്‌ലിങ്ങളും തമ്മിലുണ്ടായ ഏറ്റുമുട്ടലാണ് കൃതിയിലെ പ്രമേയം. പള്ളി ചുട്ടെരിക്കാനെത്തുന്ന പാറനമ്പിയോടെതിരിടാൻ മാപ്പിളയോദ്ധാക്കൾ കച്ചകെട്ടിയിറങ്ങുന്നു. അവരെ യാത്രയാക്കാൻ സ്വഗൃഹത്തിന്റെ അകത്തളങ്ങളിൽ നിന്നും പടിപ്പുരവാതിൽ കടന്ന് പുറത്തിറങ്ങിയിട്ടില്ലാത്ത മുസ്‌ലിം കുടുംബിനികളെയാണ് വൈദ്യർ ചിത്രീകരിച്ചിരിക്കുന്നത്. ഉപാംശമായാണവൾ പ്രത്യക്ഷപ്പെടുന്നതെങ്കിലും ഭർത്തൃനിഷ്ഠയും ആത്മനിഷ്ഠയുമുള്ളവരാണ്. വിധേയവത്കൃ തരെങ്കിലും ധാർമ്മികത കൈവിടാത്തവരുമാണ്.

പമ്പരാഗത നായികാസങ്കല്പത്തെ തകർത്തെറിയാൻ വൈദ്യർക്കു പ്രചോദനമേകിയ പ്രധാനഘടകം പേർഷ്യൻ സാഹിത്യവുമായുണ്ടായിരുന്ന ബന്ധമാണ്. മാപ്പിളസാഹിത്യത്തിൽ കവിയെ അനശ്വരനാക്കിയ ബദ്റുൽ മുനീർ ഹുസ്നുൽജമാൽ തന്നെ ഇത്തരമൊരാധർമ്മ്യത്തിന്റെ ബാക്കിപത്രമായിരുന്നല്ലോ. ഖാജാ മുഈനുദ്ധീൻ ശാഹ് ശീറാസ് പേർഷ്യനിൽ രചിച്ച ഈ പ്രണയ നോവലിന് അറബിമലയാളത്തിൽ കാവ്യരൂപം ചമയക്കുകയാണ് വൈദ്യർ ചെയ്തത്.

**പമ്പരാഗത നായികാ സങ്കല്പത്തെ തകർത്തെറിയാൻ വൈദ്യർക്കു പ്രചോദനമേകിയ പ്രധാനഘടകം പേർഷ്യൻ സാഹിത്യവുമായുണ്ടായിരുന്ന ബന്ധമാണ്. മാപ്പിളസാഹിത്യത്തിൽ കവിയെ അനശ്വരനാക്കിയ ബദ്റുൽ മുനീർ ഹുസ്നുൽജമാൽ തന്നെ ഇത്തരമൊരാധർമ്മ്യത്തിന്റെ ബാക്കിപത്രമായിരുന്നല്ലോ.**

ഹിന്ദ് രാജ്യത്തെ അസ്മീർ പട്ടണം വാണിരുന്ന മഹാസീൻ ചക്രവർത്തിയുടെ മകളായിരുന്നു ഹുസ്നുൽ ജമാൽ. മന്ത്രിയായ മാസാമീറിന്റെ പുത്രൻ ബദ്റുൽ മുനീറിൽ അവൾ ആകൃഷ്ടയായി. അവരുടെ പ്രണയത്തിൽ അസൂയാലുക്കളായ ചിലരുടെ ഏഷണി കാരണം പരസ്പരം കാണാനോ സംസാരിക്കാനോ സാധിക്കാതെവന്നു. ഒരുദിവസം വിശ്വസ്തനായോരടിമയെ വിട്ട് ജമാൽ തന്റെ കമിതാവിനെ കൊട്ടാരത്തിലേയ്ക്ക് ക്ഷണിച്ചു. തുടർന്ന് ഇരുവരും ഒളിച്ചോടാൻ തയ്യാറെടുത്തു. അവരുടെ സംസാരം ഒളിഞ്ഞിരുന്നു കേട്ട അബുസയ്യിദ് എന്ന മുക്കുവൻ വിവരം പിതാവിനെ ധരിപ്പിച്ചതോടെ മുനീർ വീട്ടുതടങ്കലിലാകുന്നു. ജമാൽ മുനീറിനെ കാത്തിരുന്നു. എന്നാൽ അവിടെയെത്തിയതാകട്ടെ വേഷപ്രച്ഛന്നനായ അബുസയ്യിദായിരുന്നു. മുനീറെന്നു തെറ്റിദ്ധരിച്ച രാജ്ഞി അവനെയും കുതിരപ്പുറത്തേറ്റി നാടുവിടുന്നു. ഏറെദൂരം പിന്നിട്ടപ്പോഴാണ് തനിക്കു പിണഞ്ഞ അബദ്ധം അവർ തിരിച്ചറിയുന്നത്. അബുസയ്യിദിനെ രാജ്ഞി വഴിയിലുപേക്ഷിച്ചു. അവൻ പ്രണയാഭ്യർത്ഥന നടത്തിയെങ്കിലും വഴങ്ങിയില്ല. തന്നെ ദർശിക്കാനും പ്രാപിക്കാനുമായെത്തിയ എല്ലാ കാമകിങ്കര



ന്മാരെയും ആ സ്ത്രീ രത്നം വാക്കും വാളുമേന്തി ഒറ്റയ്ക്ക് നേരിടുന്നു. ഒടുവിൽ ജിന്നുകളുടെ രാജാവായ മുസ്താക്കിന്റെ കൊട്ടാരത്തിൽ രാജകുമാരി അഭയം തേടി.

ഇതിനിടയിൽ വീട്ടുതടങ്കലിൽ നിന്നും മോചിതനായ മുനീർ തന്റെ പ്രേയസിയെത്തേടിയലയുന്നു. ഏറെനാളത്തെ യാത്രയ്ക്കൊടുവിൽ മുസ്താക്കിന്റെ കൊട്ടാരത്തിലെത്തി ഹുസ്നുൽ ജമാലിനെ ദർശിക്കുന്നു. അനന്തരം ജിന്നുകളുടെ അകമ്പടിയോടെ ആ കമിതാക്കൾ സ്വരാജ്യത്തിലെത്തിച്ചേർന്നു. മഹാസീൻ തന്റെ പുത്രിയെ മുനീറിനു തന്നെ വിവാഹം ചെയ്തുകൊടുത്തു. ഒപ്പം രാജാധികാരവും കൈമാറി. തുടർന്ന് ഖമർബാൻ, സുഫൈറ, ജമീല എന്നീ മൂന്നുപേരെ ക്കൂടി വിവാഹം കഴിച്ച് സൗഭാഗ്യസമ്പൂർണ്ണനായ ബദ്റുൽ മുനീർ ഏറെക്കാലം നാടുവാഴുന്നു.

വർത്തമാനകാല സാമൂഹികപരിസ്ഥിതിയിൽ ഇത്തരമൊരാഖ്യാനം പുതുമയുളവാക്കുന്നതല്ലെങ്കിലും പത്തൊമ്പതാം നൂറ്റാണ്ടിനെ സംബന്ധിച്ചിടത്തോളം ഇതൊരെടുത്തുചാട്ടമായിരുന്നു. വൈദ്യരുടെ രചനാപാടവവും കവിത്വസിദ്ധിയും ഈ പ്രണയഗാഥയെ ജനകീയമാക്കിയെന്നത് കേവലം ഒരു വശം മാത്രമാണ്. മാപ്പിളസാഹിത്യത്തിലും സമൂഹത്തിലും വിപ്ലവാത്മക ചലനങ്ങൾക്കു തുടക്കമിട്ടുവെന്നതാകട്ടെ മറുവശവും. വിശേഷിച്ചും മതപരതയിൽ മാത്രം തളച്ചിടപ്പെടുകയും ശൃംഗാര കവനരീതിയെ ഒട്ടും പ്രോത്സാഹിപ്പിക്കുകയും ചെയ്യാത്ത ഒരു സാമൂഹികചുറ്റുപാടിലാണ് ബദ്റുൽ മുനീർ ഹുസ്നുൽ ജമാൽ പുറത്തിറങ്ങുന്നത്. പ്രണയം പുരുഷനിൽനിന്നാരംഭിക്കുന്നുവെന്ന പരമ്പരാഗത സങ്കല്പത്തെ ഈ കെട്ടുകാവ്യം തകർത്തെറിഞ്ഞു. തന്റെ ഇണയെ തെരഞ്ഞെടുക്കുന്നതിൽ സ്ത്രീയ്ക്കും തുല്യ പങ്കാണുള്ളതെന്നുദ്ഘോഷിച്ചു. സ്വതന്ത്രവാഞ്ഛയുടെ ഉത്തുംഗശൃംഗത്തിൽ നായികയെ പ്രതിഷ്ഠിച്ച കൃതിയാണ് ഹുസ്നുൽ ജമാൽ. ആശാൻ നളിനിയിലൂടെയും ലീലയിലൂടെയും ദുരവസ്ഥയിലൂടെയും ആവിഷ്ക്കരിക്കാൻ ശ്രമിച്ച സ്ത്രീത്വത്തിന്റെ സ്വതന്ത്ര ബോധത്തെ മൂന്നുദശകങ്ങൾക്കു മുമ്പേ ഒരു സമാന്തര ശാഖയിലൂടെ വൈദ്യർ സാർത്ഥകമാക്കുകയായിരുന്നുവെന്ന് പണ്ഡിതലോകം നിരീക്ഷിച്ചിട്ടുണ്ട്. യാഥാസ്ഥിതികതയ്ക്കെതിരെ തുറന്നടിച്ച ഈ കാവ്യം കാലാതീതമായ്ത്തീർന്നതിനു കാരണവും മറ്റൊന്നല്ല.

അഞ്ച് ഇശലുകളിൽ രചിക്കപ്പെട്ട മറ്റൊരു കൃതിയാണ് മൂലപ്പുരാണം. ദമ്പതിമാരായ അലിയും ഫാത്തിമാബീവിയും തമ്മിലുണ്ടായ ബൗദ്ധികമായൊരു തർക്കവും അതിന്റെ ശുഭകരമായ പരിസമാപ്തിയുമാണ് ഈ കൃതിയിൽ ആലേഖനം ചെ യ്തിരിക്കുന്നത്. മാതൃകാദാമ്പത്യത്തെ ഉദ്ഘോഷിക്കുന്ന ഈ ലഘുകാവ്യം സ്ത്രീകൾ വിദ്യാസമ്പന്നരും ബുദ്ധിമതികളുമായിരിക്കേണ്ടതിന്റെ ആവശ്യകതയിലേയ്ക്കാണ് വിരൽ ചൂണ്ടുന്നത്.

സർഗ്ഗതലത്തിലും സാമൂഹിക ജീവിതക്രമങ്ങളിലും പുരുഷാധിപത്യം കൊടികുത്തിവാണിരുന്ന കാലഘട്ടത്തിലാണ് വൈദ്യരുടെ കൃതികളേറെയും പിറവിയെടുത്തത്. വ്യക്തിജീവിതത്തിലും സാമൂഹികജീവിതത്തിലും ഒട്ടേറെ പരിമിതികളനുഭവിച്ചിരുന്ന മുസ്‌ലിം സ്ത്രീവിഭാഗത്തെ കെട്ടുപാടുകളിൽ നിന്നെല്ലാം മോചിപ്പിക്കാനും മുഖ്യധാരയിലേയ്ക്കുയർത്താനും വൈദ്യരുടെ കൃതികൾക്ക് സാധിച്ചിട്ടുണ്ട്. പിൽക്കാലത്ത് സ്വസമുദായത്തിലലയടിച്ച മതനവീകരണപ്രസ്ഥാനങ്ങൾക്കും നവോത്ഥാനചിന്തകൾക്കും വൈദ്യരുടെ സ്ത്രീപക്ഷ രചനകൾ പ്രചോദനമേകിയിട്ടുണ്ടെന്ന വസ്തുതയെ സമകാലിക പരിതസ്ഥിതിയിൽപ്പോലും നിഷേധിക്കാവുന്നതല്ല.

● ഫോ: 9539289014

---

**ടി.പത്മനാഭൻ** തുടർച്ച

ഇങ്ങനെ കുറിക്കുന്നു. "തികച്ചും അശരണനായി തന്റെ മുമ്പിൽ നിൽക്കുന്ന ഉദ്യോഗസ്ഥനെ ഏതാനും നിമിഷനേരം തറപ്പിച്ചുനോക്കിയശേഷം മേലാവ് എന്തോ ഓർത്തിട്ടെന്നപ്പോലെ പറഞ്ഞു: 'എടോ, താനും ഒരു നായരാണ്, അല്ലേ?'. എന്നിങ്ങനെയുള്ള ജാതീയതയുടെ കാലത്താണ് 'ഹംസഗാനം' ഒരു ചലഞ്ചിംഗ് വെൻചറായി മാറുന്നത്. മാത്രമല്ല, കഥ ചരിത്രത്തെയെന്നപ്പോലെ മനുഷ്യത്വരഹിതമായ ജീവിതസാഹചര്യങ്ങളുടെ വാഴ്ചയെയും ചോദ്യം ചെയ്യുന്നു. പാർലമെന്റിലേക്ക് മഹാകവികളെ നോമിനേറ്റ് ചെയ്യുന്ന ഒരു സമ്പ്രദായം പണ്ടുകാലം മുതൽക്കേ ഇവിടുണ്ടല്ലോ. മ ഹാകവി കാളിദാസൻ, വ്യാസൻ, ശങ്കരക്കുറുപ്പ്, മഹാകവി കുഞ്ചൻ നമ്പ്യാർ എന്നീ നോമിനേറ്റഡ് എഴുത്തുകാരെ ഭയന്നിരുന്ന ഒരു കാലമുണ്ടായിരുന്നുവെന്ന് 'ഹംസഗാനം' നമുക്ക് പറഞ്ഞുതരുന്നു. മേലാവുമാർ ഇന്നും ഉണ്ട്. പക്ഷെ അവരെ എഴുതി തോൽപ്പിക്കാൻ നമ്മുടെ എഴുത്തുകാർക്ക് ധൈര്യം പോരാ. ആൽബർട്ടിൻ സറാസാങ്ങിനെപ്പോലെയുള്ളവർ രാഷ്ട്രീയ അനീതിയ്ക്കെതിരെ എഴുതിയതിന്റെ പേരിൽ ജയിലിടക്കപ്പെട്ടവരാണ്. എഴുത്ത് വീരപ്രവൃത്തിയും സത്വര നടപടിയുമാണ്".

**അനുബന്ധവായനകൾ**

അത്ഭുതങ്ങൾ സൃഷ്ടിക്കാൻ കരുത്തുള്ള കഥാകാരനാണ് ടി.പത്മനാഭൻ. നർമ്മം അദ്ദേഹത്തിനു വഴങ്ങില്ലായെന്ന് വിശ്വസിക്കുന്ന ഒരു പറ്റം വായനക്കാർ ചുറ്റിലുമുണ്ട്. അത്തരം ചില സന്ദർഭങ്ങളെയും ധാരണകളെയും അട്ടിമറിച്ചുകൊണ്ടാണ് പത്മനാഭന്റെ പത്ത് നർമ്മകഥകൾ നമ്മെ പിൻതുടരുന്നത്. ഇന്ദ്രിയങ്ങൾക്കതീതവും ബുദ്ധിയിലൂടെമാത്രം ഗ്രഹിക്കാവുന്നതുമായ പരമസത്യങ്ങളുടെ മാത്രം ലോകമായിരുന്നു പത്മനാഭന്റെ കഥകൾ എന്നും വിശ്വസിച്ചിരുന്നവരുടെ നടുവിലേക്കാണ് ഈ നർമ്മ കഥകൾ നങ്കൂരമിടുന്നത്. ഈ കഥയിലെ ഓരോ നർമ്മ പാളങ്ങളെയും സമസ്ത കോശങ്ങളും കൊണ്ടു വായിക്കേണ്ടുന്നവയാണ്. കാരണം അവ ഒരു തരം ക്ലിനിക്കൽ സറ്റയറാണ് കൈമാറുന്നത്.

● ഫോ: 8281165047

ധർമ്മജ് മിത്ര

# ഡൗസിംഗ് റോഡ്

**കൃ**തിയിലെ അദൃശ്യമായ നെഗറ്റീവ് പോസിറ്റീവ് ഊർജ്ജത്തിന്റെ സാന്നിദ്ധ്യം അറിയാനുള്ള ശാസ്ത്രത്തിന്റെ നൂതനമായ രണ്ട് ചെമ്പ് ദണ്ഡുകളാണ് ഡൗസിംഗ് റോഡ് എന്ന് അറിയപ്പെടുന്നത്. അമേരിക്കക്കാരനായ ഹാർട്ട്മാൻസ് എന്ന ശാസ്ത്രജ്ഞൻ മൊബൈൽ സന്ദേശത്തോടൊപ്പം ചെവിയിൽ എത്തുന്ന നെഗറ്റീവ് ഊർജ്ജങ്ങളെ കണ്ടെത്താൻ ഒരു ഉപകരണം കണ്ടുപിടിച്ചു അതാണ് ഡൗസിംഗ് റോഡ്. മൊബൈൽ ഫോണിൽ നിന്നുമാത്രമല്ല ഭൂമിയിലെ എല്ലാ വസ്തുക്കളിൽ നിന്നും പ്രസരിക്കുന്ന ഊർജ്ജത്തിന്റെ സ്വഭാവം(അനുകൂലം,പ്രതികൂലം) അളക്കാൻ ഈ ഉപകരണം ഇന്ന് ലോകം മുഴുവൻ ഉപയോഗിക്കുന്നു.

എൽ ആകൃതിയിലുള്ള ഈ ഉപകരണം ഊർജ്ജത്തിന്റെ സ്വഭാവമറിയേണ്ട വസ്തുവിന് നേരെ പിടിക്കുമ്പോൾ ആ വസ്തുവിൽനിന്ന് പ്രസരിക്കുന്നത് അനുകൂല ഊർജ്ജമാണെങ്കിൽ ദണ്ഡുകൾ ഇരുവശങ്ങളിലേക്കുമായി പതിയെ അകന്നു മാറും. പ്രതികൂലമായ ഊർജ്ജമാണെങ്കിൽ ദണ്ഡുകൾ രണ്ടും ഉള്ളിലേക്ക് കയറി പരസ്പരം കൂട്ടിമുട്ടും. ഇങ്ങനെയാണ് ഒരു വസ്തുവിന്റെ പോസിറ്റീവും നെഗറ്റീവുമായ ഊർജ്ജം നിർണ്ണയിക്കുന്നത്. ഭൂമിയിലെ എല്ലാ വസ്തുക്കളിൽനിന്നും ഊർജ്ജം സ്ഥിരം പ്രസരിച്ചുകൊണ്ടിരിക്കുന്നു. അത് അനുകൂല സ്വാഭാവത്തിലുള്ളതാണോ എന്ന് കണ്ടറിയാനോ തൊട്ടറിയാനോ കഴിയില്ല. മനുഷ്യനിൽനിന്ന് പ്രസരിക്കുന്ന ആത്മീയോർജ്ജത്തെ ബയോ എനർജി എന്നും ഭൂമിയിൽ നിന്നുള്ളതിനെ ജിയോ എനർജി എന്നും പറയപ്പെടുന്നു. ഇത് രണ്ടും ചേരുന്നിടത്ത് വിപരീതോർജ്ജത്തിന്റെ ഒരു ശക്തിയുണ്ടാകും.


വിപരീതോർജ്ജത്തിന്റെ ഇത്തരം സംഘർഷം ഡൗസിംഗ് റോഡുകൾകൊണ്ട് തിരിച്ചറിയാം. ഉയരത്തിലിരിക്കുമ്പോൾ കാലുകൾ പരസ്പരം പിണച്ചുവയ്ക്കരുതെന്ന് പഴമക്കാർ പറയുന്നതു വെറുതെയല്ല. കാലുകൾ പിണച്ചുവച്ചിരിക്കുന്ന ഒരാളുടെ തലയ്ക്കു മുകളിൽ ഡൗസിംഗ് റോഡ് പിടിച്ചാൽ അത് ദോഷ വശത്തേക്ക് ചലിക്കും. കാരണം അപ്പോൾ ശരീരത്തിലുണ്ടാകുന്നത് വിപരീതോർജ്ജമാണ്. പ്രപഞ്ച രഹസ്യങ്ങൾ ജ്ഞാന ദൃഷ്ടിയിലൂടെയും അല്ലാതെയും അറിഞ്ഞശേഷമാണ് ഋഷിമാർ എന്തിനെയും അരുത് എന്നും ശരി എന്നും വേർത്തിരിച്ച് പറയാൻ കാരണം. മന്ത്രങ്ങൾ ജപിക്കുമ്പോഴും സ്തോത്രങ്ങൾ ഉരുവിടുമ്പോഴും ഡൗസിംഗ് റോഡ് അനുകൂലദിശയിലേക്ക് തിരിയും. കിഴക്കോട്ട് തലവച്ചുറങ്ങുന്ന ആളിന്റെ ശരീരത്തിന് മീതെ ഈ റോഡ്സ് പിടിച്ചപ്പോൾ അത് അനുകൂലദിശയിലേക്ക് തിരിഞ്ഞും വടക്ക് ദിക്കിലേക്ക് തലവച്ച് കിടന്നപ്പോൾ പ്രതികൂലവുമായാണ് കാണിച്ചത്.

വാതിൽ പടിക്ക് നേരെ ഡൗസിംഗ് റോഡ്സ് പിടിച്ചാൽ അത് വിപരീതദിശയാണ് കാണിക്കുന്നത്. കട്ടിളപ്പടിയിൽ കുറച്ചുനേരമിരുന്നാൽ വിപരീത ഊർജ്ജം ശരീരത്തിലേക്ക് വ്യാപിക്കും. ദീർഘചതുരാകൃതിയിലുള്ള കട്ടിളപ്പടിയുടെ നാല് മൂലഭാഗത്തുനിന്നും നെഗറ്റീവ് ഊർജ്ജങ്ങളാണ് വരുന്നത്. ഇക്കാര്യം മനസ്സിലാക്കിയിട്ടാകാം ചൈനക്കാർ വാതിലുകളുടെയും ജനലുകളുടെയും വീടിന്റെ മേൽക്കൂരയുടെയുമൊക്കെ മൂലകൾ വളച്ചു പണിതിരിക്കുന്നത്. നമ്മുടെ ക്ഷേത്ര കവാടങ്ങളും മറ്റും ഇത്തരത്തിൽ വളച്ച വാതിലുകളോടുകൂടിയാണ് പണിതിരിക്കുന്നത്. ആന്തൂറിയം ഓർക്കിഡുകൾ എന്നിവ പൂർണ്ണമായും നെഗറ്റീവ് ഊർജ്ജം പ്രസരിപ്പിക്കുന്നവയാണ്. തുളസി ,ചെമ്പരത്തി,തെറ്റി, ശംഖുപുഷ്പം, കണിക്കൊന്ന തുടങ്ങിയവയെല്ലാം എപ്പോഴും അനുകൂല ഊർജ്ജം പ്രസരിപ്പിക്കുന്നവയാണ്. നല്ലതുപോലെ പ്രകാശം ലഭിക്കുന്ന കിണറ്റിലെ ജലം അനുകൂല ലക്ഷണം കാണിക്കുന്നു. എന്നാൽ പൈപ്പ് ജലം പ്രതികൂല ലക്ഷണം കാണിക്കുന്നു.

വിദേശങ്ങളിൽ വൻവിലയ്ക്ക് ഹോളിവാട്ടറിൽ രോഗ പ്രതിരോധത്തിനും രോഗശാന്തിക്കും സഹായകരകമായ പോസിറ്റീവ് ഊർജ്ജമാണുള്ളത്. ഇതിൽ അടങ്ങിയിരിക്കുന്ന അനുകൂല ഊർജ്ജത്തിന്റെ അളവ് ആയിരം ബോവിസാണ്. ഊർജ്ജനില അളക്കുന്ന യൂണിറ്റാണ് ബോവിസ്. നമ്മുടെ ക്ഷേത്രങ്ങളിൽ നിന്നും ലഭിക്കുന്ന പുണ്യജലം പരിശോധിച്ചപ്പോൾ അതിൽ പതിനയ്യായിരം ബോവിസ് ഊർജ്ജം അടങ്ങിയിരിക്കുന്നുവെന്ന് കണ്ടെത്തി.

ക്ഷേത്രത്തിലെ പുണ്യജലത്തിൽ ഇത്രയും കൂടുതൽ ഊർജ്ജം അടങ്ങിയിരിക്കാൻ കാരണം അഞ്ച് സ്രോതസ്സുകളിൽ നിന്നുള്ള ഊർജ്ജത്തിന്റെ പ്രവാഹം ഈ തീർത്ഥത്തിൽ ലയിച്ചിരിക്കുന്നതാണ്. ഊർജ്ജത്തിന്റെ ഈ അഞ്ച് സ്രോതസ്സുകൾ ക്ഷേത്രത്തിനുള്ളിലെ മന്ത്രോച്ചാരണം,നെയ്ദീപം,ധൂമം,ഗന്ധം, പഞ്ചലോഹവിഗ്രഹത്തിൽ നിന്നുള്ള ഊർജ്ജ പ്രസരണം എന്നിവയാണ്. ക്ഷേത്രത്തിലെ പൂജാരികൾ മേൽവസ്ത്രം ധരിക്കാതിരിക്കാൻ കാരണം ക്ഷേത്രത്തിനുള്ളിലെ പോസിറ്റീവ് ഊർജ്ജം ശരീരത്തിലേക്ക് നേരിട്ട് പ്രവേശിക്കുന്നതിന് വേണ്ടിയാണ്. ഈ ഊർജ്ജത്തെ ആകർഷിപ്പിച്ച് ലയിപ്പിക്കാൻ ജലത്തിന് ശേഷിയുണ്ട്. നനഞ്ഞ വസ്ത്രങ്ങളോടെ ക്ഷേത്രങ്ങളിൽ പ്രവേശിക്കുന്നതും ഈർപ്പവും ജലസാന്ദ്രതയുമുള്ള പൂജാദ്രവ്യങ്ങൾ,പ്രസാദങ്ങൾ, പഴങ്ങൾ എന്നിവകൾ ക്ഷേത്രത്തിൽനുള്ളിൽ വച്ച് പൂജിക്കുന്നതു നിമിത്തം ഈ ഊർജ്ജം അധികമായി ഇവയിൽ ശേഖരിക്കപ്പെട്ടിരിക്കും. ഗ്രഹണസമയത്ത് ആഹാരസാധനങ്ങൾ തുറന്നു വയ്ക്കുകയോ കഴിക്കുകയോ ചെയ്യാൻ പാടില്ലെന്ന് പഴമക്കാർ പറയാൻ കാരണം നനവുള്ള ആഹാരസാധനത്തിൽ നെഗറ്റീവ് ഊർജ്ജം പ്രവേശിച്ചശേഷം അത് ഭക്ഷിക്കുന്നവർക്ക് ദോഷം ഉണ്ടാകാതിരിക്കാൻ വേണ്ടിയാണ്. ●

## ആൻഡമാൻ നിക്കോബാർ
തുടർച്ച



*മന്മഥൻ വിജയൻ നായർ*

# ഗോത്ര വർഗ്ഗ പെരുമ
........തുടർച്ച

**സെന്റിനെല്ലീസും മറ്റ് ഗോത്ര വർഗ്ഗങ്ങളും**

ആൻഡമാനിലും നിക്കോബാറിലുമായി 572 ദ്വീപുകളാണ് ആകെയുള്ളത്. അവയിൽ പലതും വളരെ ചെറുതാണ്. മനുഷ്യവാസയോഗ്യമായവ 38 എണ്ണം മാത്രം. അവയിൽത്തന്നെ ഇപ്പോൾ ആൾതാമസമുള്ളവ ആകെ 32 എണ്ണം. 1700കളിലെ ആധുനികമനുഷ്യന്റെ കടന്നുവരവിനുമുമ്പ് ഏഴായിരത്തിനും ഒൻപതിനായിരത്തിനും ഇടയ്ക്ക് അംഗസംഖ്യ ഉണ്ടായിരുന്ന പല ആദിമഗോത്രങ്ങളും ഇന്ന് നിലനിൽപ്പിനായി പാടുപെടുന്നു. പൂർണ്ണമായും തുടച്ചുനീക്കപ്പെടാത്ത വർഗ്ഗങ്ങൾ എല്ലാംകൂടി അഞ്ഞൂറോളം പേരാണ് ഇനി മിച്ചമുള്ളത്.

ആൻഡമാൻ കേന്ദ്രീകരിച്ച് ജീവിക്കുന്ന നിഗ്രിറ്റോ വംശജരായ സെന്റിനെല്ലീസ്, ജെറവാസ്, ഓംഗി, ഗ്രേറ്റ് ആൻഡമാനീസ് എന്നിങ്ങനെ നാലു വിഭാഗങ്ങളും നിക്കോബാർ മേഖലയിൽ താമസിക്കുന്ന മംഗളോയ്ഡ് വിഭാഗത്തിൽപെട്ട നിക്കോബറീസ്, ഷോംപെൻ എന്നിങ്ങനെ രണ്ട് വിഭാഗങ്ങളും ഇനി ബാക്കിയുണ്ട്. അമ്പതിനായിരത്തോളം വർഷങ്ങൾ ബാഹ്യഇടപെടലുകളൊന്നുമില്ലാതെ സസുഖം കഴിഞ്ഞുപോന്ന ഈ വംശജർ നാശോന്മുഖമാകാൻ കാരണം, ആധുനിക മനുഷ്യന്റെ കടന്നുകയറ്റം മാത്രമാണ്. അതിലൂടെ അവർക്കന്യമായിരുന്ന മലേറിയ, ന്യൂമോണിയ തുടങ്ങിയ പകർച്ചവ്യാധികൾ ബാധിച്ച് നൂറുകണക്കിന് ആളുകൾ മരിച്ചു. കാട് വെട്ടിത്തെളിച്ചതിലൂടെ അവരുടെ ജീവനോപാധികൾ നഷ്ടമായി. യൂറോപ്യൻ അധിനിവേശകാലത്ത് കല്ലും കവണയും കുന്തവും ആയുധമാക്കി യുദ്ധം ചെയ്തിരുന്ന പാവങ്ങളെ ആധുനിക ആയുധങ്ങളുമായാണ് അവർ നേരിട്ടത്. അങ്ങിനെ തുടച്ച് നീക്കപ്പെട്ട ഒരു പ്രധാന ഗോത്രമായിരുന്നു 'ജംഗ്ലി' . 1931 ൽ ഈ വർഗ്ഗം നാമാവശേഷമായി.

**സെന്റിനെല്ലീസ്**

പോർട്ബ്ലെയറിന് പടിഞ്ഞാറുള്ള സെന്റിൻ ദ്വീപിൽ ആരുടേയും ദൃഷ്ടിയിൽ പെടാതെ ഇവർ ജീവിക്കുന്നു. 1771 ൽ ബ്രിട്ടീഷ് ഈസ്റ്റ് ഇന്ത്യാ കമ്പനിയുടെ സർവേ കപ്പലാണ് ഇവരെ ആദ്യമായി കണ്ടെത്തുന്നത്. ഏഴര കിലോമീറ്റർ നീളവും ഏഴ് കിലോമീറ്റർ വീതിയുമുള്ള ഈ ദ്വീപിന് ചുറ്റും പവിഴപ്പുറ്റുകൾ നിറഞ്ഞിരിക്കുന്നതിനാൽ ആർക്കും അങ്ങോട്ട് അടുക്കാനാവില്ല. ബോട്ടിലോ വള്ളത്തിലോ കയറി അങ്ങോട്ട് ചെല്ലുന്നവരെ അമ്പെയത് ഓടിക്കാനും അവർ മടിക്കാറില്ല. നിവർത്തി ഇല്ലാത്ത ഘട്ടത്തിൽ അവർ കാടിനുള്ളിലേക്ക് മറയുകയും ചെയ്യും. ബ്രിട്ടീഷ് ഗവൺമെന്റിന്റെ കാലംമുതൽ പലപ്രാവശ്യം ശ്രമിച്ചിട്ടും ഇവരുമായി ബന്ധപ്പെടാൻ ഇതുവരെ കഴിഞ്ഞിട്ടില്ല.

1880 ൽ മൊറിസ് വിടൽ പോർട്മാൻ എന്ന ഓഫീസർ ഏതാനും പട്ടാളക്കാരുമായി പലവിധ എതിർപ്പുകൾക്കിടയിൽ ഇവിടെ ഇറങ്ങുകയുണ്ടായി. പലദിവസത്തെ തിരച്ചിലിനൊടുവിൽ കയ്യിൽ കിട്ടിയ രണ്ട് പ്രായമായവരെയും നാല് കുട്ടികളെയും പിടിച്ച് കെട്ടി കപ്പലിൽ കയറ്റി പോർട്ട് ബ്ലെയറിൽ കൊണ്ട്പോയി. പിടിച്ച് കൊണ്ട് പോയവർക്ക് നല്ലഭക്ഷണവും സമ്മാനങ്ങളുമൊക്കെ കൊടുത്ത് സന്തോഷിപ്പിച്ച് നല്ല ബന്ധം സ്ഥാപിച്ച് തിരിച്ച് കൊണ്ടുവിടുകയും, അവർ





എം.വി.പോർട്ട് മാൻ

വഴി മറ്റ് നാട്ടുകാരുമായി കൂടുതൽ അടുപ്പമുണ്ടാക്കാനുമായിരുന്നു ഉദ്ദേശം. പക്ഷെ ആ ഉദ്ദേശം നടന്നില്ല. പിടിച്ചവരെല്ലാം വളരെ വേഗം അസുഖ ബാധിതരായി. പെട്ടെന്ന് തന്നെ മരിക്കുകയും ചെയ്തു. അതുകൊണ്ട് കുട്ടികളെ എത്രയും പെട്ടെന്ന് കുറെ സമ്മാനങ്ങളുമായി തിരിച്ച് കൊണ്ടുവിട്ടു. വെളുക്കാൻതേച്ചത് പാണ്ടായി എന്നപോലെയായി കാര്യങ്ങൾ. പിന്നെ വളരെ കാലം അവരുമായി ഒരു ബന്ധവും സ്ഥാപിക്കാൻ ആർക്കും കഴിഞ്ഞില്ല. 1974 ൽ നാഷണൽ ജോഗ്രഫിക് ചാനൽ ഒരു ഡോക്യുമെന്ററിക്ക് വേണ്ടി അവിടെ പോകാൻ ശ്രമിക്കുകയും സെന്റിനെല്ലികളുടെ എതിർപ്പിനെ തുടർന്ന് തിരിച്ചുപോരുകയും ചെയ്തു. ഫിലിം ഡയറക്ടർക്ക് അമ്പ് കൊണ്ട് തുടയിൽ മുറിവേൽക്കുകയും ചെയ്തു.



1981 ൽ 'പ്രൈം റോസ്' എന്ന ചരക്ക് കപ്പൽ സെന്റിനൽ ദ്വീപിനടുത്ത് വെച്ച് അപകടത്തിൽപെട്ടു. ഏതാനും ദിവസത്തിനുള്ളിൽ ക്യാപ്റ്റന്റെ അപകടമുന്നറിയിപ്പ് കരയിലെത്തി. അമ്പും വില്ലും മറ്റായുധങ്ങളും ധരിച്ച ഏതാണ്ട് അൻപതോളം പേരടങ്ങുന്ന സെന്റിനെല്ലികൾ ബോട്ടുകളിൽ അവർക്ക് നേരെ അടുക്കുന്നു എന്നായിരുന്നു വിവരം. പക്ഷെ ഭാഗ്യത്തിന് കൂറ്റൻ തിരമാലകളും വിപരീത കാലാവസ്ഥയും മൂലം അവർക്ക് കപ്പലിനോട് അടുക്കാൻ സാധിച്ചില്ല. ഒരാഴ്ചയ്ക്കുള്ളിൽ ONGCയും ഇന്ത്യൻ നേവിയും ചേർന്ന് അപകടത്തിൽപെട്ട കപ്പൽ ജീവനക്കാരെ ഹെലികേപ്റ്ററിൽ ചെന്ന് രക്ഷിച്ചു. അതിന് ശേഷം വളരെനാൾ കഴിഞ്ഞ് അപകടത്തിപെട്ട കപ്പൽ പൊളിച്ച് വിൽക്കാൻ കരാറെടുത്ത കരാറുകാരൻ അവിടെ ചെല്ലുമ്പോൾ ഈ കപ്പലിന്റെ പല ഇരുമ്പ്ഭാഗങ്ങളും ദ്വീപ്നിവാസികൾ കൊണ്ടുപോയിരുന്നു. ആയുധങ്ങൾക്ക് വേണ്ടിയാണ് അവ കടത്തിയതെന്ന് കരുതപ്പെടുന്നു.

1967 നും 1991 നും ഇടയിൽ ത്രിലോക് നാഥ് പണ്ഡിറ്റ് എന്ന അന്ത്രപ്പോളജിസ്റ്റ് പലവട്ടം അവിടെപോകാനും അവരോട് ബന്ധം സ്ഥാപിക്കാനും ശ്രമിച്ച് ഒരളവുവരെ അദ്ദേഹം അതിൽ വിജയം വരിക്കുകയും ചെയ്തു. ഒരിക്കൽ അദ്ദേഹത്തിന്റെ കണ്ണടയും വസ്ത്രങ്ങളും അവർ ബലമായി പിടിച്ചെടുത്തു. അതിനുശേഷം വസ്ത്രം ധരിക്കാതെ മാത്രമേ അദ്ദേഹം അവരുടെ അടുക്കൽ പോകുമായിരുന്നുള്ളൂ. വസ്ത്രം എടുക്കുന്നത് അവർക്ക് ഉപയോഗിക്കാൻ വേണ്ടി ആയിരുന്നില്ല. അതിനുള്ളിൽ എന്താണ് ഒളിച്ച് വെച്ചിരിക്കുന്നത് എന്ന് അറിയുകയായിരുന്നു അവരുടെ ഉദ്ദേശം. 1991 ൽ ഡോക്ടർ മധുമാല ചതോപാദ്ധ്യായ ആണ് ഈ ശ്രമത്തിൽ അല്പമെങ്കിലും വിജയം കൈവരിച്ചത്. ആയുധങ്ങളൊന്നും പുറത്തെടുക്കാതെ സെന്റിനെല്ലീസ് അവരുടെ അടുക്കൽ വരികയും അവർ കൊടുത്ത തേങ്ങയും അലൂമിനിയം പാത്രങ്ങളും മറ്റും സ്വീകരിക്കുകയും ചെയ്തു. രണ്ടാമത്തെ ശ്രമത്തിൽ പണ്ഡിറ്റും കൂടെയുണ്ടായിരുന്നു.



ത്രിലോക്നാഥ് പണ്ഡിറ്റ്

2004 ലെ സുനാമിയെയും അതിജീവിക്കാൻ അവർക്ക് കഴിഞ്ഞു. 2006 ൽ സെന്റിനൽദ്വീപിനോട് ചേർന്ന് മീൻപിടിക്കാൻ പോയ

രണ്ടുപേരെ അവർ കൊന്നതോടു കൂടി ആ ദ്വീപിന് മൂന്ന് കിലോമീറ്റർ ചുറ്റളവിൽ പ്രവേശിക്കുന്നത് തടയപ്പെട്ടു. ഈ അടുത്തകാലത്തായി ഉണ്ടായ മറ്റൊരു സംഭവം വായനക്കാർ ഓർമ്മിക്കുന്നുണ്ടാവും. 2018 നവംബർ 17-ാം തീയതി ജോൺ അല്ലൻ ചൗ എന്ന അമേരിക്കൻ മിഷണറി അവിടെ നിയമവിരുദ്ധമായി പ്രവേശിക്കുകയും ഈ ഗോത്ര വി



ഭാഗത്തിന്റെ അമ്പേറ്റ് മരണമടയുകയും ചെയ്തു. ഇത്തരം സംഭവങ്ങൾ റിപ്പോർട്ട് ചെയ്യപ്പെട്ടാലും ഇന്ത്യഗവൺമെന്റ് ഇവർക്കെതി രെ കേസെടുക്കുകയോ അവരെ ശിക്ഷിക്കുകയോ ചെയ്യുകയില്ല. കാരണം പാരമ്പര്യ തനിമയാർന്ന ഈ ജനത അന്യം നിന്നു പോകാതെ സംരക്ഷിക്കേണ്ടത് ഭാരതത്തിന്റെ കടമയാണ്. ലോകത്തിന്റെ ആവശ്യമാണ്. വരും തലമുറയ്ക്ക് ഇവരിൽ നിന്നും പലതും പഠിക്കാനുണ്ടാവും. അതിജീവനം ഉൾപ്പടെയുള്ള പല കാര്യങ്ങളും.

ഈ ഗോത്രവിഭാഗത്തെ കുറിച്ച് ലോകത്തിന് അറിയാവുന്നത് അല്ലെങ്കിൽ അറിവില്ലാത്തത് ഇത്രമാത്രം. ഇപ്പോൾ ഇവരുടെ അംഗസംഖ്യ അമ്പതിനോടടുത്താണ്. ഇവർക്ക് തീയുണ്ടാക്കാൻ അറിയില്ല. അത് സൂക്ഷിക്കാനും അറിയില്ല. പക്ഷെ തീയുടെ ഉപയോഗം അറിയാം. അതുകൊണ്ട് ഇടിമിന്നലിൽനിന്ന് തീയുണ്ടാക്കാൻ അവർ കാത്തിരിക്കും. ഒരു കാലത്ത് ഇവർ മനുഷ്യമാംസം ഭക്ഷിച്ചിരുന്നു എന്ന് കരുതപ്പെടുന്നു. കൃഷി ചെയ്യാൻ അറിയില്ല. അമ്പുംവില്ലും ഉപയോഗിച്ച് വേട്ടയാടി കൂട്ടമായി ജീവിക്കുന്നു. എഴുതാൻ ഇവർക്ക് അറിയില്ല. ഇവരുടെ ഭാഷ എന്താണ് എന്നതിനെക്കുറിച്ച് പുറംലോകത്തിന് ഒന്നും അറിയില്ല. തേ ങ്ങയും കടലിൽനിന്ന് പിടിക്കുന്ന മീനും ആണ് ഇഷ്ടഭക്ഷണം. കടലിൽ അരകിലേമീറ്റർ ദൂരം വരെ പോ യി ഇവർ മീൻ പിടിക്കും. പ്രത്യേകതരം വള്ളത്തിൽ പോയി അമ്പുംവി ല്ലും ഉപയോഗിച്ചാണ് മീൻപിടിത്തം. ഇവരുമായി സാമ്യമുള്ള മറ്റൊരു വർ ഗം ഓംഗിയാണ്.

**ഓംഗി**

പോർട്ടബ്ലെയറിൽ നിന്നും 130 കിലോമീറ്റർ അകലെ ലിറ്റൽ ആഡമാനിൽ ഉള്ള ഡുഗോങ് ക്രീക്കിലും സൗത്ത് ബേയിലും ആയി 25 കിലോമീറ്റർ ചുറ്റളവിൽ ആണ് ഇവർ ജീവിക്കുന്നത്. നല്ല വേട്ടക്കാരായ ഇവർ നാട്ടുകാരുമായി ഇടപഴുകി സൗഹൃദത്തിൽ കഴിയുന്നു. 98 പേരാണ് ഇനി ബാക്കിയുള്ള്ത്.

**ഗ്രേറ്റ് ആൻഡമാനീസ്**

വളരെവേഗം അന്യംനിന്ന് കൊണ്ടിരിക്കുന്ന ഒരു വിഭാഗം നിഗ്രിറ്റോ വം ശജർ. പത്തോളം അവാന്തരവിഭാഗങ്ങളുണ്ടായിരുന്ന ഈ വംശജർ ആൻഡമാനിന്റെ മുക്കാൽ ഭാഗവും ഒരു കാലത്ത് കയ്യടക്കിയിരുന്നു. ഏറ്റവും അധികം ജനസംഖ്യയും ഈ വിഭാഗത്തിലായിരുന്നു. 'ബാറ്റിൽ ഓഫ് അബർഡീൻ' എന്നറിയപ്പെട്ടിരുന്ന ബ്രിട്ടീഷുകാരുമായുള്ള യുദ്ധത്തിൽ ആയിരക്കണക്കിന് നാടൻമാർ മരിച്ചുവീണു. അതിനുശേഷം ആധുനിക മനുഷ്യരുമായി ഇടപഴകി ജീവിച്ച ഈ ജനവിഭാഗം



അതേ വേഗതയിൽ തന്നെ വസൂരി,മലേറിയ തുടങ്ങി അവർക്കന്യമായിരുന്ന പലവിധ രോഗങ്ങളാൽ ചത്തൊടുങ്ങി. ഇന്ന് 43 ൽ താഴെ മാത്രം വരുന്ന ഇവർ സ്ട്രൈറ്റ് ഐലൻഡിൽ താമസിക്കുന്നു,

**ജെറോവ**

സെന്റിനെല്ലീസിനെ പോലെ തന്നെ മറ്റുള്ളവരിൽ നിന്നും വളരെ അകന്ന് ജീവിക്കുന്ന ഒരു വിഭാഗം ആദിവാസികളാണിവർ. അടുക്കാനുള്ള ഏത് ശ്രമത്തെയും 1997 വരെ അവർ ആയുധങ്ങൾകൊണ്ട് നേരിട്ടിരുന്നു. അവർ താമസിക്കുന്ന കാടുകളുടെ നടുവിലൂടെ എതിർപ്പുകൾ വകവെക്കാതെ ആയിരത്തിതൊള്ളായിരത്തി എഴുപതുകളിൽ പണിയാരംഭിച്ച 'ഗ്രേറ്റ് ആൻഡമാൻ ട്രങ്ക് റോഡ്' ഇവരുടെ സ്വൈരജീവിതത്തെ ഭംഗപ്പെടു



ത്തി. പന്നികളെയും ഉടുമ്പുകളെയും മറ്റും ഭക്ഷണമാക്കിയിരുന്ന അവരുടെ സ്വാഭാവിക ആഹാരസമ്പാദനത്തിന് തടസ്സങ്ങൾ നേരിട്ടു. 1997 മുതൽ ആഹാരത്തിന്റെ അഭാവം പലപ്പോഴും പുറത്തുള്ളവരുടെ ഭവനങ്ങളിൽ നിന്നും ആഹാരം മോഷ്ടിച്ച് കൊണ്ടുപോകാൻ അവരെ പ്രേരിപ്പിച്ചു. ആഹാരത്തിനായി യാത്രക്കാരുടെ മുന്നിൽ കൈനീട്ടാൻ തുടങ്ങി. അതോടൊപ്പം തന്നെ അസുഖങ്ങളുടെ വിളയാട്ടവും ആരംഭിച്ചു. 1998ലും 2006ലും ഉണ്ടായ പകർച്ചവ്യാധികൾ കുറഞ്ഞുകൊണ്ടിരുന്ന ജനസംഖ്യയെ വീണ്ടും കുറച്ചു. നമുക്ക് വലിയ പ്രശ്നങ്ങളുണ്ടാക്കാത്ത മീസിൽസ് പോലും അവരുടെ അംഗസം ഖ്യ കുറയ്ക്കുന്നതിൽ പ്രധാനപങ്ക് വഹിച്ചു. ഇപ്പോൾ അവരുടെ അടുത്തേക്ക് പോകുവാനോ വാഹനം നിർ ത്തുവാനോ അനുവാദമില്ല. യാത്രക്കാരുടെ വാഹനവ്യൂഹത്തിന് മുന്നിലും പിന്നിലും പോലീസ് ഉണ്ടാവും. ഇന്ന ത്തെ ജനസംഖ്യ 240ൽ താഴെ.



ജോൺ അല്ലൻ ചൗ

**ഷോംപെൻസ്**

നിക്കോബാർ ദ്വീപസമൂഹങ്ങളിൽ താമസിക്കുന്ന ഇവർ ആദിമനുഷ്യരായ നിഗ്രിറ്റോകളുമായി പല വ്യത്യാസങ്ങളും ഉള്ളവരാണ്. മംഗളോയിഡ് രൂപമുള്ള ഇവരെ കുറിച്ചുള്ള ആദ്യവിവരങ്ങൾ ലഭിക്കുന്നത് 1840 ൽ ആണ്. ഇന്തോനേഷ്യയിൽ നിന്നോ വിയറ്റ്നാമിൽ നിന്നോ ബർമ്മയിൽ നിന്നോ ഉള്ളവരും നിഗ്രിറ്റോസും കൂടിക്കലർന്നതായാണ് ഇവരുടെ ഡിഎൻഎ പഠനങ്ങൾ വ്യക്തമാക്കുന്നത്. ആയിരക്കണക്കിന് വർഷങ്ങൾക്ക് മുമ്പ് കപ്പൽ ചേതം വന്നോ വള്ളങ്ങളിൽ എത്തിച്ചേർന്നവരോ ആകാം ഇവരുടെ പൂർവികർ എന്ന് വിശ്വസിക്കപ്പെടുന്നു. ഇവരും നായാട്ടുകാരാണ്. ഇപ്പോഴ ത്തെ ജനസംഖ്യ 200നും 300നും ഇടയ്ക്ക്

**നിക്കോബറീസ്**

ഷോംപെനുകളുമായി സമാനതകളുള്ള ഇവർ നിക്കോബാറിലെ പ്രധാനദ്വീപുകളിൽ വസിക്കുന്നു. മംഗലോയ്ഡ് വർഗത്തിൽ രാജാവോ റാണിയോ ആണ് ഭരണം നടത്തുന്നത്. കൃഷിചെയ്തും വേട്ടയാടിയും ജീവിക്കുന്നു. ഭൂമിയിൽ നാട്ടിയ വലിയ തൂണുകളിൽ പുല്ല് മേഞ്ഞകുടിലുകളിലാണ് താമസം. രാത്രിയിൽ ചവിട്ടി കയറാനുപയോഗിക്കുന്ന ഗോവണി വലിച്ച് മാറ്റി സുരക്ഷിതരാകും. പലരും ആധുനിക വിദ്യഭ്യാസം ലഭിച്ചവരും നല്ല വീടുകളിൽ താമസിക്കുന്നവരുമാണ്. സമൂഹത്തിൽ സ്ത്രീക്കും പുരുഷനും തുല്യ അധികാരമാണ് ഉള്ളത്.

ഫോ:9447650600

തുടരും....

● കഥ ●



കെ.ആർ.പ്രദീപ്
വര: സാബു മടുക്കാനിൽ

# മുത്തച്ഛന്റെ മൂത്രക്കുപ്പികൾ

മീറ്റിങ്ങിന്റെ ഇടയിൽ പല പ്രാവശ്യം തന്റെ സെൽ ഫോണിന്റെ കമ്പനം വിശ്വനാഥൻ അറിഞ്ഞിരുന്നു. കമ്പനിയുടെ ഭാവി പരിപാടികളെ പറ്റി വളരെ പ്രധാനപ്പെട്ട തീരുമാനങ്ങൾ എടുക്കാനുള്ള ചർച്ചകളിൽ ആയിരുന്നത് കൊണ്ട് വിളികൾ പിന്നീട് നോക്കാം എന്ന് വെച്ചു. ചർച്ചകൾ കഴിഞ്ഞപ്പോൾ ഉച്ചയായി. ഉടനെ തന്നെ നാട്ടിലേക്കു തിരിച്ചു പോവാനുള്ളത് കൊണ്ട് ഉച്ചഭക്ഷണവും കഴിഞ്ഞാണ് ഫോൺ നോക്കിയത്.അഞ്ചു മിസ്സ് കാളുകളും ഒരു മെസ്സേജും.എല്ലാം നാട്ടിൽ നിന്നാണ്. കാളുകൾ അച്ചന്റേതും സന്ദേശം നാട്ടിലെ ചങ്ങാതി പ്രസാദിന്റേതും.

സന്ദേശം ആണ് ആദ്യം നോക്കിയത്. 'your grandfather kicked the bucket at 10.00 this morning. പെട്ടെന്ന് തന്നെ അവനെ വിളിച്ചെങ്കിലും കിട്ടിയില്ല.അച്ഛനെ വിളിച്ചു വിവരം സ്ഥിരീകരിച്ചു. ഇന്നലെ പുറപ്പെടുമ്പോൾ മുത്തച്ഛന് പ്രത്യേകിച്ച് ക്ഷീണം ഒന്നും ഉണ്ടായിരുന്നില്ല. അല്ലെങ്കിലും ശാരീരിക പരാധീനതകൾ ഒന്നും അങ്ങനെ വകവെച്ചു കൊടുക്കുന്ന ആൾ ആയിരുന്നില്ലല്ലോ. ഈ തൊണ്ണൂറ്റി ആറാം വയസ്സിലും മൂത്ര ഗ്രന്ധിയിൽ ഉണ്ടായിരുന്ന വീക്കവും അതിനോടനുബന്ധിച്ചുള്ള ആലോസരങ്ങളും ഒഴിച്ചാൽ നല്ല അധ്വാനി ആയിരുന്ന ആ കർഷകനെ തോൽപ്പിക്കാൻ മറ്റൊരസുഖവും ധൈര്യപ്പെട്ടിരുന്നില്ല.

മടക്കയാത്ര വൈകിട്ട് ഏഴു മണിക്കുള്ള ഇന്റർ സ്റ്റേറ്റ് ബസിൽ ആണ്.ചെന്നൈയിൽ നിന്നും അതാണ് സൗകര്യം.അതിരാവിലെ നാട്ടിൽ എത്തും. അതു മതി എന്നും അച്ഛൻ പറഞ്ഞു. പോരാത്തതിനു ദില്ലിയിൽ നിന്നും വലിയച്ഛൻ എത്തിയതിനു ശേഷമേ സംസ്കാര ചടങ്ങുകൾ തുടങ്ങുകയുമുള്ളൂ. പെട്ടെന്ന് തന്നെ ഹോട്ടലിൽ നിന്നും ചെക്ക് ഔക്ക് ചെയ്തു. ഉച്ച സമയത്തെ വിശ്രമത്തിൽ നിന്നും മഴ വീണ്ടും ഉണർന്നിരിക്കുന്നു.ഇനിയും ഒരു മണിക്കൂർ കൂടി ഉണ്ട് വണ്ടി വരാൻ. ഒരു കമ്പ്യൂട്ടറും മൂന്ന് നാല് കസേരകളും മാത്രമുള്ള ട്രാവൽസിന്റെ കുടുസ്സു മുറിയിൽ കയറി ഇരുന്നു. മാനേജർ പയ്യൻ പുതച്ചു മൂടി കമ്പ്യൂട്ടറിന്റെ മുന്നിൽ ഇരിപ്പുണ്ട്.

പ്രസാദിനെ വിളിക്കാൻ വീണ്ടും പല തവണ ശ്രമിച്ചു. ഏറ്റവും അടുത്ത രണ്ടു ചങ്ങാതിമാരിൽ ഒരാൾ അവനാണ്.മറ്റേതു മുത്തച്ഛനും. പ്രേമിച്ച പെണ്ണിനേയും കർണാടക സംഗീതവും പാർട്ടി പ്രവർത്തനവുമായി സന്തോഷമായി കഴിയുന്ന അവനെയും തന്നെയും ചേർത്തു 'ബുദ്ധ ശുക്രന്മാർ' എന്നാണ് മുത്തച്ഛൻ പരാമർശിക്കാറ്. ഏതു തിരക്കിലും വിളിപ്പുറത്തു അവനുണ്ട്. പക്ഷെ ഇപ്പോൾ അത്യാവശ്യ സന്ദർഭങ്ങളിൽ കിട്ടാറുള്ള പലതരത്തിലുള്ള ഖേദ സന്ദേശങ്ങൾ മധുര വാണിയിൽ കിട്ടിയതല്ലാതെ പ്രത്യേകിച്ച് പ്രയോജനം ഒന്നും ഉണ്ടായില്ല.

പുറത്തു മഴ വീണ്ടും കനത്തു. വണ്ടി എത്താൻ ഒന്നര മണിക്കൂർ താമസിച്ചു. കുറച്ചു യാത്രക്കാർ മാത്രമേ കയറാൻ ഉണ്ടായിരുന്നുള്ളൂ. കഷ്ടിച്ച് കുറച്ചു ബിസ്കറ്റും ഒരു കുപ്പി വെള്ളവും മാത്രം കരുതി. രജനി അണ്ണന്റെ ഏതോ ഒരു തട്ടുപ്പൊളിപ്പൻ തമിഴ് സിനിമ വണ്ടിയിലെ ടിവിയിൽ ഓടുന്നുണ്ട്. സാധാരണ രാത്രി യാത്രകളിൽ ഉറക്കം വരുന്നത് വരെ മനസ്സിനെ ഇത്തരം സിനിമകളിലെ നായികാനായകന്മാരോടൊപ്പം ആടിപ്പാടാൻ വിടാറാണ് പതിവ്. പക്ഷെ ഇപ്പോൾ കുട്ടിക്കാലം മുതൽ കൂടെ ഉണ്ടായിരുന്ന ഒരു വീര നായകനെ പറ്റിയുള്ള ഓർമ്മകളാണ് പുറത്തെ ഘോര വിഷയത്തോടൊപ്പം മനസ്സിൽ പെയ്തിറങ്ങുന്നത്. മുത്തച്ഛന്റെ ജീവിത ശൈലിയും സ്വഭാവവും അങ്ങനെ ഒരു

പരിവേഷം ആണ് നാട്ടിൽ സൃഷ്ടിച്ചിരുന്നത്.


പ്രസാദ് സന്ദേശത്തിൽ ഉപയോഗിച്ച വാക്കുകൾ അയാൾ ഓർത്തു. മൂത്ര സംബന്ധിയായ പ്രശ്നങ്ങൾ ഉണ്ടായിരു ന്നത് കൊണ്ട് രാത്രിയിൽ സൗകര്യത്തിനു വേണ്ടി ഒരു ചെറിയ ബക്കറ്റ് കട്ടിലിനരികിൽ വെച്ചിരുന്നു. ഒരിക്കൽ  മൂത്രം ഒഴിക്കാൻ പുറത്തു പോവാൻ വേണ്ടി എഴുന്നേറ്റപ്പോൾ ഒന്ന് വീണു. അതിനുശേഷം ആണ് വളരെ നിർബന്ധിച്ചു ഈ സംവിധാനം ഏർപ്പെടുത്തിയത്.തമാശ രൂപേണ ഒരിക്കൽ അദ്ദേഹത്തിനോട് പറയുകയും ചെയ്തു.“ഇത് തട്ടി മറിക്കരുത്. ”

“നീ പോടാ.  തട്ടി മറിച്ചാൽ എന്നാ ?”

“ഇവിടെയൊക്കെ നാറും . പോരെങ്കിൽ ഇംഗ്ലീഷിൽ അങ്ങനെ ചെയ്യുന്നതിന് വേറെ അർത്ഥവും ഉണ്ട്.” അങ്ങോട്ടും ഇങ്ങോട്ടും സ്നേഹം നിറഞ്ഞ തറുതലകൾ പറഞ്ഞു രസിക്കുന്നത് ഒരു പതിവായിരുന്നു.

“ഓ ഇനി ഇംഗ്ലീഷും അർത്ഥവും ഒക്കെ പഠിക്കേണ്ട ഒരു കുറവും കൂടിയേ ഉള്ളൂ.” കൂടുതൽ തർക്കിക്കാൻ നിൽക്കാതെ ചിരിച്ചുകൊണ്ട് പിൻമാറി. മരിച്ചു എന്നറിയിക്കാൻ അവർ ഉപയോഗിച്ച പ്രയോഗത്തിലെ യാദൃശ്ചികത അത്ഭുതപ്പെടുത്തി.

കൊച്ചുമക്കളിൽ ഏറ്റവും താല്പര്യം തന്നോടായിരുന്നു. ഒരു വലിയ കുടുംബത്തിനു കഴിയാൻ മാത്രം കൃഷിയും കൃഷിഭൂമിയും സ്വന്തമായി ഉണ്ടായിരുന്നിട്ടും അദ്ദേഹം ജീവിച്ചത് ഒരു ജന്മിയുടെ രീതിയിലല്ല. പാടത്ത് പണി നടക്കുമ്പോൾ ഉടമസ്ഥർ ആര് വേലക്കാർ ആര് എന്ന് തിരിച്ചറിയാൻ പറ്റാത്ത വിധം അവർക്കൊപ്പം കൂടിയിരുന്നു, ജാതിയും മതവും തൊട്ടുകൂടായ്മയും കൊടി കുത്തി വാണിരുന്ന കാലത്ത് പോലും അങ്ങനെ തന്നെ ആയിരുന്നു.  എല്ലാവരും



അദ്ദേഹത്തെ സ്നേഹിച്ചു, വാക്കുകൾക്ക് വിലകൊടുത്തു.

അദ്ദേഹത്തിന് വഴങ്ങാത്ത ഒന്നും ഉണ്ടായിരുന്നില്ല. കൃഷി കഴിഞ്ഞാൽ പ്രാധാനമായി ചെയ്തിരുന്നത് ദേഹണ്ണം ആയിരുന്നു.പിന്നെ ഓല പ്പുരകൾ ധാരാളമായുണ്ടായിരുന്ന പ്രദേശത്തെ ഓലപ്പുരകൾ മേയാൻ, ക്ഷേത്രത്തിലെ ഉത്സവക്കാലത്ത് ഹോട്ടൽ നടത്തിപ്പ്, അങ്ങനെ എന്തെല്ലാം.നാട്ടിലെ കുളങ്ങൾ വൃത്തിയാക്കാൻ അദ്ദേഹത്തിന്റെ നേതൃത്വത്തിൽ ഒരു ടീം വേറെ. പെണ്ണുങ്ങളുടെ മേഖലയായിരുന്ന ഓല മെടയൽ, കയറുപിരിക്കൽ എന്നിവയിലെ കലാനിപുണത അവരെപ്പോലും അദ്ഭുതപ്പെടുത്തിയിരുന്നു. എല്ലാറ്റിനുപരി നാട്ടിലെ ഏതു പ്രശ്നങ്ങളെയും പരിഹരിക്കാനുള്ള അവസാന വാക്ക്. അതിനെ ആരും എതിർത്തിരുന്നില്ല. എതിർത്താൽ തന്നെ നടക്കാറുമില്ല. ദുസ്വഭാവവും ഉണ്ടായിരന്നു. എല്ലാ ദിവസവും അടുത്തുള്ള കള്ള് ഷാപ്പ് സന്ദർശനവും കൂട്ടുകാരമായുള്ള മദ്യസേവയും. മദ്യം എന്ന് വെച്ചാൽ ശുദ്ധമായ തെങ്ങിൻ കള്ള്. പക്ഷെ ഒരിക്കലും അമിതമായി കഴിച്ചതായോ അതിനോടനുബന്ധിച്ചു കശപിശയില്ലേ എന്ന് ചോദിച്ചാൽ ഉണ്ട് താനും. മുത്തശിയുമായി. മറുപടിയായി ഒരു ചെറു ചിരിയുമായി ഉറങ്ങാൻ പോവുന്ന മുത്തച്ഛന്റെ രൂപം ബാല്യ കാലസ്മരണകളിൽ ഇപ്പോഴും ഉണ്ട്. മുത്തശിയുടെ ആവലാതികൾ മദ്യപിക്കുന്നതിൽ ആയിരുന്നില്ല.ഒരിക്കലും നിലവിടില്ല എന്ന വിശ്വാസം അവർക്കുണ്ടായിരുന്നു. പരിദേവനങ്ങൾ മുഴുവനും അന്യജാതിമതക്കാരുടെ ചങ്ങാത്തതിനെ കുറിച്ചായിരുന്നു. പക്ഷെ അദ്ദേഹത്തിന്റെ സുഹൃത്തുക്കൾ എല്ലാം മുത്തശ്ശിക്ക് കൊടുത്തിരുന്ന സ്ഥാനം സ്വന്തം അമ്മക്കോ ജ്യേഷ്ഠ സഹോദരിക്കോ തുല്യമായിരുന്നു.

അദ്ദേഹത്തിന്റെ ആറു മക്കളിൽ അച്ഛനും വലിയച്ഛനും ഒഴിച്ചാൽ ബാക്കി നാല് പേർ പെൺമക്കൾ ആയിരുന്നു. മക്കളെ എല്ലാം പള്ളിക്കൂടങ്ങളിൽ കൊണ്ടു ചേർത്തതല്ലാതെ അതിന്റെ ഒക്കെ പിറകെ പോകാനൊന്നും അദ്ദേഹം മെനക്കെട്ടില്ല. പിന്നെ അവരാരും പാഴായി പോവില്ല എന്ന ആത്മവിശ്വാസവും നേർവഴിക്കു നയിക്കാൻ അല്ലാതെ അധ്യാപകൻ എന്നാത്തിനാ എന്ന ചോദ്യവും. വലിയച്ഛൻ പട്ടാളത്തിൽ ചേർന്നു പുറത്തുപോയി. അച്ഛൻ അടുത്ത സർക്കാർ സ്കൂളിൽ അദ്ധ്യാപകനായി ജോലികിട്ടി. ചെറിയമ്മമാർ കല്യാണം കഴിഞ്ഞു ദൂര സ്ഥലങ്ങളിലും, അങ്ങനെ മുത്തച്ഛനും മുത്തശ്ശിയും തങ്ങളുടെ കൂടെയായി. താഴെയുള്ളവർ രണ്ടുംപേരും അനുജത്തിമാർ ആയിരുന്നത് കൊണ്ട് മുത്തശ്ശൻ പല കാര്യങ്ങൾക്കും തന്നെ കൂടെ കൂട്ടുമായിരുന്നു. ഗ്രാമം മൊത്തം വളർച്ചയുടെ പല ഘട്ടങ്ങളിൽ ആയി കണ്ടു തീർത്തത് അങ്ങനെ ആണ്. എവിടെ ചെന്നാലും അദ്ദേഹത്തിന്റെ ചെറുമകൻ എന്ന അംഗീകാരവും. ഒരു പക്ഷേ അങ്ങനെ വളർന്നത് കൊണ്ടാവാം നല്ല നിലയിൽ ഒരു മൾട്ടി നാഷണൽ കമ്പനിയിൽ ജോലി കിട്ടിയിട്ടും നാട് വിടാൻ ഒരിക്കലും അയാൾക്ക് തോന്നാതിരുന്നത്.

"ഈ എമ്മെൻസി എന്നു വെച്ചാൽ എന്നതാടാ ?" ജോലി കിട്ടിയപ്പോൾ അദ്ദേഹം ചോദിച്ചു.ഉത്തരം കൊടുത്തപ്പോൾ പാട വരമ്പിൽ നിന്നു കൊണ്ടു തന്റെ മുൻപിൽ വിശാലമായി പരന്നു കിടക്കുന്ന പച്ച കടലിനെ ചൂണ്ടി കാണിച്ചു കൊണ്ടു പറഞ്ഞു.

"നീ ഇതു കണ്ടോ ഇതായിരുന്നു എന്റെ എമ്മെൻസി. ഇതു വേണ്ടാന്നുവെച്ചതാ ഇപ്പോഴത്തെ എല്ലാ പ്രശ്നങ്ങൾക്കും കാരണം. കുടിക്കാനുള്ള വെള്ളം പോലും കുപ്പിയിൽ കൊണ്ടു നടക്കണം... " ബസ് അതിന്റെ സാധാരണ വേഗത്തിൽ അല്ല ഓടുന്നത്. പുറത്തു പല റോഡുകളും വെള്ളത്തിൽ മുങ്ങിയിരിക്കുന്നു. അകത്തേയും പുറത്തെയും തണുപ്പ് കൂടിച്ചേർന്നു അസഹനീയമായി വരുന്നു. സീറ്റിൽ വെച്ചിരുന്ന കമ്പിളി എടുത്തു നന്നായി പുതച്ചു.

"മുത്തച്ഛന് തണുപ്പ് എന്താണെന്നറിയില്ലേ ?" ഒരു കുപ്പായം ഇട്ടോ പുതച്ചോ കണ്ടിട്ടില്ലാത്ത അദ്ദേഹത്തോട് ഒരിക്കൽ ചോദിച്ചു.

ഒരു ചെറു ചിരിയോടെ സ്വന്തം കയ്യിലെ ചുളുങ്ങിയ തൊലി നുള്ളി കാണിച്ചു കൊണ്ടു പറഞ്ഞു. "ഇതു കണ്ടോ. ഇതാണ് എന്റെ പുതപ്പ് ഇതിനടിയിലേക്കു ഒരു തണുപ്പും കയറി വരൂല്ല." കൊടിയ വേനലിലും പാടത്തു നിന്നോ പറമ്പിൽ നിന്നോ കയറി വരുന്ന മുത്തച്ഛന് വിയർപ്പിന്റെ ദുർഗന്ധവും ഉണ്ടായിരുന്നില്ല.




മക്കളുടെ ഉത്തരവാദിത്തങ്ങൾ തീർന്നിട്ടും കൃഷിതുടർന്നു. പിന്നെ പിന്നെ പാടത്തു പണിയെടുക്കാൻ ആളെ കിട്ടാതായി. കൂടെയുണ്ടായിരുന്ന ചങ്ങാതികളിൽ പലരും മണ്ണോടു ചേർന്നു. പെൺമക്കളുടെ വിവാഹ ആവശ്യങ്ങൾക്കായി നേരത്തെ കുറെ നിലം വിൽക്കേണ്ടി വന്നിരുന്നു. പ്രായമായി തുട

ങ്ങി എന്ന കാരണം പറഞ്ഞു മക്കൾ എല്ലാവരും ഈ നഷ്ട കച്ചവടത്തെ എതിർത്തു. ഒരുപാട് നിർബന്ധങ്ങൾ ക്കെടുവിൽ കൃഷി ചെയ്യാൻ താല്പര്യം ഉള്ള ആൾക്ക് മാത്രം വിൽക്കാം എന്നു ഒരു വിധത്തിൽ സമ്മതിച്ചു. സ്വന്തം കൃഷിയിടം ഒരു ജഡമായി കിടക്കുന്നതു കാണാൻ അദ്ദേഹത്തിന് കരുത്തില്ലായിരുന്നു. ജീവിതവും ജീവതമാർഗ്ഗവും ഈ ഭൂമി ആയിരുന്നു. ഒടുവിൽ നാട്ടിൽ നിന്നും വിദേശത്തേക്ക് ചേക്കേറിയ ജമാലിന് നിലം വിറ്റു. എല്ലാം മതിയാക്കി തിരിച്ചു വന്നു കൃഷി ചെയ്യാൻ പോവുന്നു എന്നായിരുന്നു വാഗ്ദാനം. മുത്തശ്ശൻ കരഞ്ഞു കണ്ടത് രണ്ടു സന്ദർഭങ്ങളിൽ ആണ്. മുത്തശ്ശി മരിച്ചപ്പോഴും പിന്നെ സ്വന്തം കൃഷിനിലം കച്ചവടമായപ്പോഴും.


അന്യന്റെ മുതലായി പോയ ആ ഭൂമിയിലേക്ക് കുറെ നാൾ പതിവായി മുത്തച്ഛൻ പോകുമായിരുന്നു. പലപ്പോഴും തന്നെയും കൂട്ടി. പഴങ്കഥകളും പറഞ്ഞു കുറെ സമയം വരമ്പത്തിരിക്കും. അതാ അവിടെ വെച്ചാണ് ഏലി പെലക്കള്ളിയെ തങ്കൻ പുലയൻ കൊയ്ത്തരിവാളിനു അരിഞ്ഞു വീഴ്ത്തിയത്. ചത്തെന്നുറപ്പാക്കിയ തങ്കൻ നേരെ പോയത് പോലീസ് സ്റ്റേഷനിലേക്കാണ്. അപ്പോഴും കയ്യിൽ പിടിച്ചിരുന്ന ചോരപുരണ്ട അരിവാൾ താഴെ ഇടിക്കാൻ അന്നത്തെ ഇടിയൻ പോലീസുകാർക്ക് മുത്തച്ഛന്റെ സഹായം തേടേണ്ടി വന്നു. 'തങ്കാ' എന്ന ഒരു വിളിയിൽ അയാളുടെ രോഷവും ദുഃഖവും അലിഞ്ഞെടുങ്ങി.അരിവാൾ മുത്തച്ഛന്റെ കാൽക്കൽ വെച്ചു. കൊലക്കു പിന്നിലെ കാരണം മുത്തച്ഛന് പോലും അറിയാൻ പറ്റിയില്ല. പക്ഷേ അയാൾ നല്ലൊരു മനുഷ്യനായിരുന്നു എന്നു അദ്ദേഹം പറയുമായിരുന്നു. കൊലപാതകിയായ തങ്കൻ പുലയനെ മനുഷ്യരുടെ കോടതിയും ദൈവത്തിന്റെ കോടതിയും ശിക്ഷിച്ചു. ജീവപര്യന്തം പൂർത്തിയാക്കുന്നതിനു മുൻപേ ഭ്രാന്തു പിടിച്ചു ജയിൽ മോചിതനായ അയാൾ കുറെ കാലം നാട് മുഴുവൻ അലഞ്ഞു നടന്നു. ഒരു മീന വേനലിൽ വരണ്ട പാട വരമ്പത്തു ജീവനറ്റു കിടന്ന അയാളുടെ ശരീരം ഏറ്റെടുക്കാൻ മക്കൾ പോലും തയ്യാറായില്ല. അയാളെ മണ്ണോടു ചേർക്കാനും മുത്തച്ഛൻ മുൻകൈ

## യെസ്പ്രസ് പബ്ലിക്കേഷൻസിന്റെ ● പുതിയ പുസ്തകങ്ങൾ ●




**നാട്ടിടവഴിയിലെ നന്മമരത്തണൽ**
സാബു കെ.വി.എസ്
വില: Rs.150.00

സമകാലീന നോവൽ സാഹിത്യത്തിന്റെ കെട്ടുംമട്ടും ലംഘിച്ച് സ്വന്തമായ, വ്യത്യസ്തമായ ആഖ്യാന ശൈലിയാണ് നാട്ടിടവഴിയിലെ നന്മരത്തണൽ എന്ന നോവലിൽ സാബു കെ.വി.എസ് സ്വീകരിച്ചിരിക്കുന്നത്.





**വേർപാടിനു ശേഷം**
സുജ ഗോപാലൻ
വില: Rs.50.00

വോർപാടിന്റെ മുൾമുനയിൽ ജീവിതം ഹോമിക്കുന്ന അനേകം സ്ത്രീകഥാപാത്രങ്ങളെ ഓർമ്മിപ്പിക്കുന്ന കവിതകൾ.





**ശരവർഷം**
കുമാരൻ മാസ്റ്റർ
വില: Rs.70.00

പൊതുസമൂഹത്തിലും സാംസ്കാരികമേഖലയിലുമൊക്കെ ഇന്നു കാണുന്ന മൂല്യഭ്രംശത്തിനും സാമൂഹ്യതിന്മകൾക്കുമെതിരെ ആക്ഷേപഹാസ്യത്തിന്റെ ശരവർഷം ഉതിർക്കുന്ന ഇരുപത്തിയാറ് കവിതകൾ.




**സ്ക്കൂളകം**
ലൈല മൊയ്തു
വില : Rs.70.00

അധ്യാപനജീവിതത്തിൽ നിന്നും കിട്ടിയ അനുഭവച്ചീളുകൾക്ക് മഷി പുരട്ടിയതാണ് ലൈല ടീച്ചറുടെ സ്ക്കൂളകം എന്ന ഈ സൃഷ്ടി.




**സൂര്യകിരീടി**
സുരേഷ് കീഴില്ലം
വില : Rs.80.00

ഈ നോവൽ കുട്ടികൾക്ക് മാത്രമായുള്ളതല്ല. മനസ്സിൽ യുവത്വവും നന്മയുമുള്ള ആർക്കും ഒറ്റയിരുപ്പിന് വായിച്ച് തീർക്കാം.




**സ്നേഹയാനം**
ഉണ്ണികൃഷ്ണൻ പുലരി
വില : Rs.160.00

പ്രണയത്തിന്റെ നൂലിൽ കൊരുത്ത സാമൂഹ്യനോവലാണ് 'സ്നേഹയാനം'.

എടുക്കേണ്ടി വന്നു. ഇതേ വയലിന്റെ തെക്കേ മൂലയിൽ. പടിഞ്ഞാറു ഭാഗത്തു കാണുന്ന ആ തറയിലെ തെങ്ങിൻ ചുവട്ടിൽ ആണ്. നാലു ഭർത്താക്കന്മാരുണ്ടായിരുന്ന ഭവാനി കൊയ്ത്തിനിടയിൽ തന്റെ പതിനാലമത്തെ കെച്ചിനെ പ്രസവിച്ചത്. പ്രസവത്തിന്റെ പിറ്റേ ദിവസം മുതൽ വീണ്ടും ഭവാനി കൊയ്യാനും മെതിക്കാനും വന്നു. അതായിരുന്നു. അന്നത്തെ പെണ്ണിന്റെ കരുത്ത്. അങ്ങനെ എത്ര എത്ര കഥകൾ.

കൃഷിയൊക്കെ നിർത്തിയിട്ടും അതിനോടനുബന്ധിച്ചുള്ള ആയുധങ്ങൾ എല്ലാ അദ്ദേഹം സൂക്ഷിച്ചു വെച്ചു.തൂമ്പയും അരിവാളും പത്താ യ വും നെല്ലുണക്കാനുള്ള വലിയ പായകളും പുഴുങ്ങാനുള്ള കുട്ടകങ്ങളും ഉൾപ്പെട്ട ഖജനാവിൽ അദ്ദേഹത്തിന് ഏറ്റവും പ്രിയപ്പെട്ടതു ഒരു വലിയ ചക്രം ആയിരുന്നു.തടി കൊണ്ടുള്ള ആ യന്ത്രമാണ് താളവും പാട്ടുമായി വർഷകാലങ്ങളിൽ വിളയുടെ ജയപരാജയങ്ങൾ നിർണയിച്ചിരുന്നത്. പാടവരമ്പിൽ അതിനെ ഉറപ്പിക്കാനും ചവിട്ടി കറക്കി ജലവിതാനങ്ങൾ നിയന്ത്രിക്കാനും പ്രത്യേക വൈദഗ്ദ്യം തന്നെ വേണം. പലപ്പോഴും കറക്കം നിലച്ചു പോയ അതിന്റെ ഇതളുകളിൽ തഴുകി തലോടി ഒരു ധ്യാനത്തിലെന്നപോലെ ഇരിക്കുന്ന മുത്തച്ഛനെ കണ്ടിട്ടുണ്ട്. താൻ മരിച്ചു കഴിയുമ്പോൾ തലക്കൽ വയ്ക്കുന്ന നിലവിളക്കിനോടൊപ്പം ഇതിനെയും വെക്കണം എന്നു പലപ്പോഴും പറയുമായിരുന്നു.

നാട്ടിലോ മൂന്നോ നാലോ വീടുകൾ ഒഴിച്ചാൽ ബാക്കിയെല്ലാം ഓല മേഞ്ഞവയായിരുന്നു. മുത്തച്ഛന്റെ ചെറുപ്പക്കാലത്തു മറയും മേൽക്കൂരയും എല്ലാം ഓല കൊണ്ടുള്ളവ, തറയും ഭിത്തിയും തട്ടിൻപുറങ്ങളും ഉണ്ടെങ്കിലും മേൽക്കൂര ഓല മേഞ്ഞവ അങ്ങനെ പലതരത്തിൽ. നന്നായി മെടഞ്ഞ ഓലകളാണെങ്കിൽ ഒരു തുള്ളി വെള്ളം പോലും ചേർന്നു വീഴില്ല. വർഷാവർഷങ്ങളിൽ സാമ്പത്തികമായി കുറച്ചു ഭേദമായിട്ടുള്ളവർ പുതിയ മേൽക്കൂര ഓലമേയും. മുത്തച്ഛന്റെ നേതൃത്വത്തിൽ ഒരു വിദഗ്ദ്ധ സേന തന്നെ ഉണ്ടായിരുന്നു നാട്ടിൽ. മുകളിൽ ഇരുന്നു പഴയതു പൊളിക്കുന്നതും താഴെ നിന്നും എറിഞ്ഞു കൊടുക്കപ്പെടുന്ന പുതിയ ഓലകൾ വിദഗ്ദ്ധമായി അടുക്കി കെട്ടി പുതിയ മേൽക്കൂര ഉണ്ടാക്കുന്നതും അദ്ദേഹവും മറ്റു മൂന്നു നാലു പേരും ആയിരുന്നു. അവരിലൊരാൾ ഒരിക്കൽ ഒരു സ്വകാര്യം പറഞ്ഞു.... "മോനറിയാമോ...." മോന്റെ മുത്തച്ഛന്റെ മൂത്രം നിറഞ്ഞ കുപ്പികൾ നാട്ടിലെ പല തട്ടിൻപുറങ്ങളിലും ഉ ണ്ടായിരുന്നു. അതെങ്ങനെ അന്ന് അദ്ഭുതത്തോടെ ചോദിച്ചപ്പോൾ ആണ് കുസൃതി കഥ പുറത്തു വന്നത്.

പുര മേയൽ ഒരു ആഘോഷമായിരുന്നു അവർക്ക്. ഒരിക്കൽ മുകളിലേക്കു കയറിയാൽ പിന്നെ മേച്ചിൽതീരാതെ താഴേക്കിറങ്ങില്ല മുത്തച്ഛൻ. ഇതിനിടയിൽ ഷാപ്പിൽ നിന്നും കുപ്പികളിൽ നിറച്ച കള്ളു കൊണ്ടു വരപ്പെടും. മുകളിലിരിക്കുന്നവർക്കു കുപ്പികൾ കയറിൽ കെട്ടി ഉയർത്തപ്പെടും. കാലി കുപ്പികളിൽ മുത്തച്ഛന്റെ ഒരു കുപ്പി മാത്രം താഴേക്കു വരില്ല. പൊട്ടിപ്പോയി എന്നാണ് ആദ്യമൊക്കെ താഴെ നിന്നിരുന്നവരോട് പറഞ്ഞിരുന്നത്. അതിന്റെ വില യടക്കം കൊടുക്കുകയും ചെയ്യും. രഹസ്യമറിയാവുന്നതു മുകളിൽ ഇരിക്കുന്ന സഹ മേച്ചിൽകാർക്ക് മാത്രം. രാവിലെ തുടങ്ങി മിക്കവാറും ഉച്ച കഴിഞ്ഞാൽ മാത്രം തീരുന്ന മേച്ചിൽ പണികളുടെ ഇടയിൽ പല പ്രാവശ്യമായി അതിൽ മുത്തച്ഛന്റെ മൂത്ര ശോധന സാധിക്കപ്പെടും. പണി കഴിഞ്ഞു ഇറങ്ങുമ്പോൾ തട്ടിന് പുറത്തെ ഏതെങ്കിലും ഒരു മൂലയിലേക്ക് മാറ്റിവെച്ചിട്ടു കൂടെയുള്ളവരെ നോക്കി ഒന്നു കണ്ണിറുക്കി പറയും "അടുത്ത വർഷം എടുത്തുകളയാം." ഈ കഥ ഓർത്തതു കൊണ്ടാണോ എന്തോ മൂത്രമൊഴിക്കാ നുള്ള ആഗ്രഹം ശക്തമായി പതുക്കെ എണീറ്റു മുന്നിൽ ചെന്നു ഡ്രൈവറോട് കാര്യം പറഞ്ഞു. "വണ്ടി നിർത്തണം."

"ഒരു പത്തു പതിനഞ്ച് മിനുറ്റ് കഴിഞ്ഞു നിർത്തുന്ന ഒരു പതിവ് സ്ഥലം ഉണ്ട്. പോയി ഇരുന്നോളൂ. സ്ഥലമാകുമ്പോൾ വിളിക്കാം." അയാൾ പറഞ്ഞു.തിരിച്ചു വന്നിരുന്നു. തമിഴ് പടവും തീർത്തു രജനിയണ്ണനും പ്രേക്ഷകരും സുഖസുഷുപ്തിയി ലായിരിക്കുന്നു. പല സീറ്റുകളിലും കമ്പിളിയുടെ ഭാണ്ഡങ്ങളുടെ അടിയിൽ നിന്നു കൂർക്കം വലിയുടെ ഗർജ്ജനങ്ങൾ കേൾക്കാം. ഇവർക്കൊന്നും ഈ തണുപ്പിലും ഈ വക തോന്നലുകളൊന്നുമില്ലേ. അതോ മൂത്രസഞ്ചി പൊട്ടിപ്പോയാലും വേണ്ടില്ല പുതപ്പിന്റെ അടിയിലെ ചൂടിന്റെ സുഖം കളയണ്ട എന്നു കരുതിയിട്ടാണോ?

തന്റെ ഒരു സ്വകാര്യ സൂക്ഷിപ്പ്കാരൻ കൂടിയായിരുന്നു അദ്ദേഹം. പൊളിഞ്ഞുപോയ ഒരു പ്രണയം അടക്കം പല രഹസ്യങ്ങളും അറിയാമായിരുന്ന കൂട്ടുകാരൻ. പ്രീഡിഗ്രി കഴിഞ്ഞു നിൽക്കുന്ന കാലത്ത് ഒരു വൈകുന്നേരം ചോദിച്ചു. "നീ കള്ളു കുടിച്ചിട്ടുണ്ടോ?" ഇല്ലെന്നു പറഞ്ഞപ്പോൾ ചിരിച്ചു.



അമ്പലത്തിൽ ഉത്സവ കാലമായിരുന്നു. വീട്ടിലെ എല്ലാവരും പോകാ നിറങ്ങിയപ്പോൾ പറഞ്ഞു. നമുക്ക് പിന്നെ പോകാം. നീ ഇവിടിരിക്ക്. കുറച്ച് കഴിഞ്ഞപ്പോളുണ്ട് തോമാ മാപ്ല പുറത്തെ പറമ്പിലെ ഇരുട്ടിൽ നിന്നും ഒരു കള്ളനെപോലെ കയറി വരുന്നു. അയാളുടെ കയ്യിലെ നിഗൂഢതകൾ നിറഞ്ഞ സഞ്ചിയിൽ നിന്നും മൂന്നു നാലു കുപ്പികൾ പുറത്തിറങ്ങി. പകർന്നൊഴിച്ച ഒരു ഗ്ലാസ്സ് പ്രാർത്ഥനാനിരതമായ മുഖഭാവത്തോടെ തോമാ മാപ്ല എന്റെ നേർക്കു നീട്ടി. സ്ത ബ്ധനായി മുത്തച്ഛനെ നോക്കിയപ്പോൾ കുസൃതി നിറഞ്ഞ ഒരു നോട്ടത്തോടെ പറഞ്ഞു.

"മേടിച്ചോടാ... നിനക്കു വേണ്ടി പറഞ്ഞു കൊണ്ടുവന്നതാ.' അന്നത്തെ പോലെ മുൻപോ പിന്നീടോ ഛർദ്ദിച്ചിട്ടില്ല. ബോധം വീണപ്പോൾ ഒന്നുമറിയാത്ത പോലെ മുത്തച്ഛൻ അടുത്തിരിപ്പുണ്ട്. തോമ മാപ്ലയും കുപ്പികളും ഛർദ്ദിയുടെ അവ ശിഷ്ടങ്ങളും അപ്രത്യക്ഷമായിരിക്കുന്നു. നടന്നതൊക്കെ സത്യമാണോ അതോ വെറും തോന്നലായിരുന്നോ എന്നു വിചാരിച്ചു വിഡ്ഢിയെപ്പോലെ ഇരി ക്കുമ്പോൾ മുത്തച്ഛൻ ആജ്ഞാപിച്ചു. "എന്റെ നിറുകയിൽ കൈ വെക്കെടാ...." സ്വന്തം കൈയ്ക്കു ഇത്ര ഭാരം ഉണ്ടെന്നു ഒരിക്കലും തോന്നിയിട്ടില്ല. ഒരു കണക്കിന് പൊക്കിയെടുത്തു അദ്ദേഹത്തിന്റെ തലയിൽ വെച്ചു, അല്ല ഇട്ടു.

"ഇനി പറ ഇതു എന്റെ ആദ്യത്തെയും അവസാനത്തെയും മദ്യപാനമാണ്. ജീവിതത്തിൽ ഒരിക്കലും ഇനി ആവർ ത്തിക്കില്ല." എങ്ങനെയൊക്കെയോ പറ ഞ്ഞു കൂട്ടി. ഉത്സവാഘോഷം വീട്ടിൽ മറ്റാരും അറിഞ്ഞില്ല. പിറ്റേ ദിവസം അദ്ദേഹം ചോദിച്ചു. "ഇന്നലെ ചെയ്ത പ്രതിജ്ഞ ഓർമ്മയുണ്ടോ?" ഉണ്ടെന്നു മൂളിയപ്പോൾ പറഞ്ഞു. "ഉണ്ടാവണം . . എന്നും"

"ചുമ്മാ ഇരുന്ന എന്നെ പിന്നെ കുടിപ്പിച്ചതെന്തിനാ...."ദേഷ്യത്തോടെ ചോദിച്ചു.

"ഇതു എന്താണെന്നു ഒരിക്കലെങ്കിലും അറിഞ്ഞിരിക്കട്ടെ എന്നു കരുതി.... ഏതായാലും ഇനി ഒരിക്കലും വേണ്ട".

പിന്നെ ഇന്നുവരെ തൊട്ടിട്ടില്ല. കുറേ കാലം കഴിഞ്ഞപ്പോൾ മുത്തച്ഛനും നിർത്തി. ഡ്രൈവർ പറഞ്ഞ സമയം കഴിഞ്ഞിട്ടും വണ്ടി നിർത്തുന്നില്ല. മൂത്രമൊഴിക്കാനുള്ള തോന്നൽ ഒരു വേദനയായി മാറിയിരിക്കുന്നു. ഇനിയും തടഞ്ഞു നിർത്തിയാൽ ഒരു സ്ഫോടനത്തിൽ കലാശിക്കും എന്നു തോന്നി. മുത്തച്ഛന്റെ ഭാഷയിൽ പറഞ്ഞാൽ മട പൊട്ടും. വീണ്ടും പണിപ്പെട്ടു എണീറ്റു ഡ്രൈവറുടെ അടുത്തേക്ക് ചെന്നു. ചെന്നപ്പോൾ ആണ് അറിയുന്നത്. മഴ പ്രതീക്ഷിച്ചതിലും ഘോ രമായാണ് പെയ്യുന്നത്. മുൻപിലുള്ള റോഡ് പോലും വ്യക്തമായി കാണാൻ പറ്റുന്നില്ല.

"എവിടെ നിർത്താനാണ് സർ? നിർത്തിയാൽ തന്നെ മുട്ടോളം വെള്ളം ഉണ്ട് പുറത്തു ഇറങ്ങുന്നത് അപകടമാണ്. കുറച്ചുകൂടി ക്ഷമിക്കൂ...." വീണ്ടും തിരിച്ചു പോയിരുന്നു. മണിക്കൂറുകളോളം താമസി ച്ചാണ് വണ്ടി നാട്ടിൽ എത്തിയത്. ബസ് സ്റ്റാൻഡിൽ കാറുമായി പ്രസാദ് എത്തിയിരുന്നത് കൊണ്ടു വീട്ടിൽ എത്താൻ അധികം താമസിച്ചില്ല. മുത്തച്ഛൻ വെളുത്ത വസ്ത്രത്തിൽ പുതച്ചു മൂടി ശാന്തനായി ഉറങ്ങി കിടക്കുന്നു. മുത്തച്ഛന്റെ ആഗ്രഹപ്രകാരം തലക്കൽ നിലവിളക്കിനോടൊപ്പം ആ ചക്രവും വച്ചിട്ടുണ്ട്. ജീവിതത്തിലെ നൂറുകണക്കിന് നേരനുഭവങ്ങളുടെ ഒരു മഹാ ഗ്രന്ഥമാണ് ഇനി ഒരിക്കലും തുറക്കാൻ പറ്റാത്ത വിധം അടഞ്ഞിരിക്കുന്നതു കാൽക്കൽ കുറേ നേരം പ്രാർത്ഥനയോടെ നിന്നു. ആരോ വന്നു തോളിൽ തട്ടിയപ്പോൾ ആണ് ഉണർന്നത്.

മുറ്റത്തും പറമ്പിലുമായി നാട് മുഴുവനും ഉണ്ട്. ഈ നാട്ടിൻപുറം വിട്ടു അധികമൊന്നും യാത്ര ചെയ്തിട്ടില്ലാത്ത ആൾ ഒരു മഹാ പ്രസ്ഥാനത്തിനൊരുങ്ങുന്നു. അതിന്റെ തയ്യാറെടുപ്പുകൾ ഏതാണ്ട് പൂർത്തിയായി കഴിഞ്ഞിരിക്കുന്നു. വലിയച്ഛൻ എ ത്തിച്ചേരാനുള്ള ഏതാനും മണിക്കൂറുകൾ മാത്രമേ ഇനി ഉള്ളൂ. അദ്ദേഹത്തിന്റെ വീരഗാഥകളിൽ മുഴുകിയിരുന്ന കഴിഞ്ഞ രാത്രിയിൽ അടക്കി വെ ച്ചിരുന്ന ദു:ഖം ഒരു കരച്ചിലായി പൊട്ടി ഒഴുകി. മുത്തശ്ശി യാത്ര തുടങ്ങിയ ഭൂമിയുടെ അടുത്തു സന്ധ്യയ്ക്ക് മുൻപേ ചടങ്ങുകളെല്ലാം ഒരു യന്ത്രത്തെപ്പോലെ മറ്റുള്ളവരോടൊപ്പം ചെയ്തു തീർത്തു.

പിറ്റേ ദിവസം താമസിച്ചാണ് അയാൾ എണീറ്റത്. തെക്കേ പറമ്പിലെ ജ്വാലകൾ അടങ്ങിയിരിക്കുന്നു. പ്രത്യേകിച്ചു രൂപമൊന്നുമില്ലാതെ മുകളിലേക്കുയരുന്ന പുകയുടെ ഇടയിലെങ്ങാനും മുത്തച്ഛന്റെ ആത്മാവ് തങ്ങി നിൽപ്പുണ്ടോ? ഇനിയും പഴയ കഥകൾ പറഞ്ഞുതരാൻ. പഴയ കഥകളെ പറ്റി ഓർത്തപ്പോൾ അറിയാതെ മുഖത്തു പ്രതിഫലിച്ച ചിരി കണ്ടു അമ്മ അമ്പരന്നു. ഇന്നലെ കൊച്ചു കുട്ടിയെപ്പോലെ കരഞ്ഞവൻ ഇന്ന് ചിരിക്കുന്നു.... ചിരിക്കാൻ കണ്ട സമയം.... അവൾ ശാസിച്ചു.

വിങ്ങുന്ന മൂത്രസഞ്ചിയുമായി നിസ്സഹായനായി പുളഞ്ഞ കഴിഞ്ഞ രാത്രി യാത്രയുടെ ഇടയിൽ ഒരുവേള താൻ മുത്തച്ഛനായി മാറിയത് അയാൾ ഓർത്തു. പഴയൊരു തട്ടിൻപുറമായി മാറിയ വ ണ്ടിയുടെ ഉള്ളിൽ ഇരുന്നു സ്വന്തം ഭാണ്ഡത്തിൽ നിന്നും തപ്പിയെടുത്ത ഒഴിഞ്ഞ കുടിവെള്ള കു പ്പിയിലേക്ക് മറ്റാരുമറിയാതെ ആശ്വസിക്കുമ്പോൾ മുത്തച്ഛന്റെ ആത്മാവ് മാത്രം ഒരു ചെറു ചിരിയോടെ അതു കണ്ടിരിക്കാം.

പിന്നീടെപ്പോഴോ മഴയൊഴിഞ്ഞ ഒരു ഇടവേളയിൽ വണ്ടി നിർത്തി പുറത്തിറങ്ങി ഇരുട്ടിൽ അടുത്തുകൂടി ഒഴുകുന്ന ഒരു പുഴയുടെ ശബ്ദം ലക്ഷ്യമാക്കി പുരാവൃത്തം നിറഞ്ഞ കുപ്പി വലിച്ചെറുയുമ്പോൾ എവിടെ നിന്നോ അയാളുടെ ശരീരമാസകലം തഴുകി കടന്നു പോയ തണുത്ത കാറ്റിനു വിളഞ്ഞു കിടക്കുന്ന നെൽപ്പാടത്തിന്റെ ഗന്ധമായിരുന്നു.

ഫോ: 9400276310



* * * * * * *

• നോവലെറ്റ് •



ജയകുമാർ മേലൂട്ടത്ത്
വര: ഗിരീഷ് മൂഴിപ്പാടം

# അൽവിത നാ കഹ്നാ .... തുടർച്ച

കമാന്റിൽ നിന്നുള്ള പ്രത്യേക ടീം ക്യാമ്പ് സൈറ്റിലെത്തി. സാനിട്ടേഷൻ, മെസ്, ടെന്റ് തുടങ്ങി എല്ലായിടവും വിശദമായി പരിശോധിച്ചു. എനിക്കും അവരോടൊപ്പം പോകേണ്ടിയിരുന്നു. ഇൻസ്പെക്ഷൻ ടീമിനുള്ള ഭക്ഷണവും മറ്റ് സൗകര്യങ്ങളും പ്രത്യേകം തയ്യാറാക്കിയിരുന്നു. അൽപം ദൂരെ ആ രണ്ട് മരങ്ങൾക്കു താഴെ കുട്ടികൾക്കുള്ള ബയണറ്റ് ഫൈറ്റിംഗ് ക്ലാസ്സുകൾ നടക്കുന്നു. അതിനെകുറിച്ച് അവർ എന്നോട് ചോദിച്ചു. ഡൈനിംഗ് ഹാളിലേക്ക് നടക്കവേ പോക്കറ്റിൽ മൊബൈൽ ഫോൺ മുരണ്ടുകൊണ്ടിരുന്നു. ഒരു തവണ നിലച്ച് വീണ്ടും അത് ചലിച്ചു. എടുത്ത് നോക്കാൻ പറ്റിയില്ല. ഇപ്പോൾ ഇവർക്കു മുന്നിൽ ഫോൺ നോക്കുന്നത് ഉചിതമല്ല. ഭക്ഷണത്തിന്റെ തൃപ്തിയിലാണ് ക്യാമ്പ് ഇൻസ്പെക്ഷന്റെ വിധിയെഴുത്ത് എന്നത് പരസ്യമായ രഹസ്യമാണ്. പതുക്കെ പുറത്തേക്കു നടന്നു. വീണ്ടും മൊബൈൽ ഒന്ന് മുരണ്ടു കട്ടായി. എടുത്തുനോക്കി. മൂന്ന് മിസ്ഡ് കാൾ, ഒരു മെസേജ്. ഒരു കോൾ അവളുടേതാണ്. വീട്ടിൽ നിന്ന്, മറ്റേത് അറിയാത്ത ഒരു നമ്പർ. രണ്ടു കോളുകളും അതിൽ നിന്നാണ്. മെസേജ് തുറന്നു നോക്കി - കൈലാഷ് മദർ എക്സ്പയേർഡ് ടുഡേ മോർണിംഗ്, പ്ലീസ് ഡു നീഡ്ഫുൾ-ഒരു നിമിഷം എന്തു ചെയ്യണമെന്നറിയാതെ നിന്നുപോയി. ഇന്നുരാവിലേയും അവന്റെ മുഖം കണ്ടത് സന്തോഷത്തോടെയായിരുന്നല്ലോ എന്നോർത്തു.

പിന്തിരിഞ്ഞു നോക്കി. ഓഫീസേഴ്സ് ഡൈനിംഗ് ഹാളിൽ അതിഥി സത്കാരം സഞ്ജയ് സാബിന്റെ മുഖം കണ്ടാലറിയാം ഇതുവരെയുള്ള റിപ്പോർട്ട് അനുകൂലമാണെന്ന്. മൂർത്തി സാബിന്റെ ടെന്റിലേക്കു നടക്കുമ്പോൾ ചിന്തിച്ചത് ബദോരിയയോട് ഇതെങ്ങനെ അവതരിപ്പിക്കുമെന്നാണ്. ആകെയുള്ള ബന്ധു ആർക്കു വേണ്ടിയാണോ, ആരുടെ സ്വപ്നങ്ങൾക്കുവേണ്ടിയായിരുന്നോ അവൻ ജോലി ചെയ്തിരുന്നത് അവർ ഈ ഭൂമിയിൽ ഇനിയില്ല. അവസാനമായി ഒന്ന് കാണാൻ കഴിഞ്ഞതുമില്ല. ബദോരിയയ്ക്ക് ഈ ജോലിയോട് താത്പര്യമില്ലായിരുന്നു. എന്നാൽ മകന്റെ ജീവിതം സുരക്ഷിതമാകണമെന്നും അവൻ സേനയിൽ ചേരുന്നതിലൂടെ ഉറ്റവരെ കൊന്ന തീവ്രവാദികളെ ഇല്ലാതാക്കാൻ പോരാടുമെന്നും ആ അമ്മ പ്രത്യാശിച്ചു. എല്ലാ ആശങ്കകളും പ്രതീക്ഷകളും ഇല്ലാതാക്കി അവർ പോയി. സമാധാനത്തിന്റെ വഴിയേ.

മൂർത്തിസാർ ടെന്റിൽ തന്നെയുണ്ട്. പതിവ് കുശലങ്ങൾക്കു മുന്നേ കാര്യം അവതരിപ്പിച്ചു. ഒരു നിമിഷം അദ്ദേഹം സ്തബ്ദനായി. ഇവിടുന്ന് ലീവ് അനുവദിച്ചാലും പെട്ടെന്ന് വീടെത്തുക അസാധ്യമാണ്. അടുത്തുള്ള എയർപോർട്ട്പോലും പന്ത്രണ്ട് മണിക്കൂർ ദൂരെയാണ്. എന്നാലും അവൻ പോയേ പറ്റൂ. ഇൻസ്പെക്ഷൻ ടീം തിരികെ പോയതും മൂർത്തിസാർ സഞ്ജയ്സാബിന്റെ ടെന്റിലേക്ക് പോയി. വിവരം ധരിപ്പിച്ചു. പ്രതീക്ഷിച്ചിരുന്നു എന്ന മട്ടിലുള്ള പ്രതികരണം.

തോ ക്യാ, ഉസ്കൊ ഭേജ്നാ ഹെ? പതാ കർലോ കി വോ ജാനാ ചാഹ്താ ഹേ. ഉസ്കൊ മേരേ പാസ് ലേകെ ആവോ? (അപ്പോ അവനെ അയക്കണോ? അവന് പോകണോന്ന് ചോദിക്ക്. അല്ലെങ്കിൽ അവനെ ഇങ്ങോട്ട് വിളിപ്പിക്ക്.) ഈ അവസ്ഥയിൽ ഒരു ട്രെയിനിയെ വിട്ട് വിളിപ്പിക്കാൻ തോന്നിയില്ല. അവന്റെയടുത്തേക്ക് നടക്കുമ്പോൾ വേഗത കുറഞ്ഞു വന്നു. റെസ്റ്റിംഗ് ഗാർഡിനുള്ള ടെന്റിലേക്കു കയറി. മെസ്സിൽ നിന്നുള്ള ഭക്ഷണം ഗാർഡ് എടുത്തുകൊണ്ടുവരികയാണ് പതിവ്. അവൻ ഡ്യൂട്ടി കഴിഞ്ഞ് ഭക്ഷണം കഴിക്കുകയായിരുന്നു. എന്നെ കണ്ടതും എഴുന്നേൽക്കാൻ ഭാവിച്ചു. ഭക്ഷണ സമയത്ത് അത് പാടില്ലെന്ന് അവനറിയാം. ആ സമയത്ത് ഞാൻ ടെന്റിലേക്ക് ചെല്ലില്ലെന്ന് തോന്നിയതിനാലാവണം എന്റെ മുഖത്തേക്കു അവൻ ആശങ്കയോടെ നോക്കി. ഞാൻ പുഞ്ചിരിക്കാൻ ശ്രമിച്ചു.

മേം ഐ സേഹിആ യാഥാ. ഇൻസ്പെക്ഷൻ ഖതം ഹോ ഗയാ നാ, ബസ് സബ്കൊ ദേഖ്നെ ആയാ



ഹൂം (ഞാൻവെറുതേ വന്നന്നേയുള്ളൂ. ഇൻസ്പെക്ഷൻ കഴിഞ്ഞതല്ലേ,എല്ലാവരേയും ഒന്നു നോക്കാൻ വന്നതാ) അവൻ ഭക്ഷണം മതിയാക്കി. അതു കണ്ട് ഞാൻ പുറത്തേക്കിറങ്ങാൻ തുടങ്ങിയതും അവൻ എഴുന്നേററു.

രുഖിയെ സർ, മേരാ ഖാനാ ഹോഗയാ- ഞാൻ പുറത്തുതന്നെ നിന്നു. കൈകഴുകി വന്ന അവനോടൊപ്പം

ഞാൻ അകത്തേക്കു കയറി. പരസ്പരം ഒന്നുമൊന്നും പറയാതെ പറഞ്ഞ് ഞങ്ങൾ മുഖാമുഖം നോക്കി നിന്നു. ഒരു നിമിഷം കൊണ്ട് ഭൂമിയിൽ അനാഥനായ ഒരു മകനെ ഞാൻ ആർദ്രതയോടെ നോക്കി. ഒരു ചുവട് മുന്നോട്ട് വച്ച് ഞാൻ അവന്റെ കൈകളിൽ പിടിച്ചു. ഹൃദയത്തിന്റെ ഉച്ചസ്ഥായിയിലുള്ള മിടിപ്പ് അവന്റെ വിരലുകൾ വിറയ്ക്കുന്നതിലൂടെ ഞാനറിഞ്ഞു. തോളിലൂടെ കൈയിട്ട് ഞാനവനെ നെഞ്ചോട് ചേർത്തു.

ഘർ ജാനേകാ തയ്യാരി കരോ, ബദോരിയാ – അവന്റെ കണ്ണുനീരിൽ എന്റെ മുഖം നനയുന്നത് ഞാനറിഞ്ഞു. ഒരു നിമിഷം, അവൻ പിന്നോട്ടുമാറി.

സർ, മുജേ നഹി ജാനാഹേ, മേരാ പഹുംച്നേ തക് അമ്മി കോ ഐസാ നഹീം രഖ്നാ. ഉൻകാ ആത്മാ കോ ശാന്തി മിൽനാ ഹേ. മേരേ ആനേകാ ഇംത്സാർ മേ അമ്മി ഓർ നഹി തടപ്നാ ചാഹിയെ (എനിക്കു പോകണ്ട, ഞാൻ ചെല്ലുന്നത് വരെ അമ്മയെ അങ്ങനെ വയ്ക്കുകയും വേണ്ട. അവരുടെ ആത്മാവിന് ശാന്തി കിട്ടണം. എന്നേയും കാത്തിരുന്ന് അമ്മ ഇനിയും വേദനിക്കാൻ പാടില്ല.)

എനിക്ക് അവനോട് പറയാൻ വാക്കുകൾ ഇല്ലായിരുന്നു. സഞ്ജയ്സാബ് വിളിക്കുന്ന കാര്യം സൂചിപ്പിച്ചു. അവൻ വരാനുള്ള മാനസികാവസ്ഥയിലായിരുന്നില്ല. കരച്ചിലിനിടയിലും അവൻ പുലമ്പുന്നുണ്ടായിരുന്നു. അയാളുടെ കണ്ണിൽ ഇതെല്ലാം നാടകമല്ലേ, ഞാനയാളെ കാണുന്നില്ല എന്ന് അവൻ തലവെട്ടിച്ച് പറഞ്ഞു. ഒരു വിധത്തിൽ അവനെ കട്ടിലിൽ പിടിച്ചിരുത്തി വിവരം പറയാനായി ഞാൻ പുറത്തേക്ക് നടന്നു. ബദോരിയയ്ക്ക് പകരം സെൻട്രിയെ നിയമിച്ചു. ഇന്ന് ആരും ഒരു കാരണവശാലും അവനെ ബുദ്ധിമുട്ടിക്കരുതെന്ന് നിർദ്ദേശിച്ചിട്ട്



മൂർത്തി സാറിനോട് വിവരം പറഞ്ഞു. നിസ്സഹായതയുടെയും സഞ്ജയ്സാബിനോടുള്ള പ്രതിഷേധത്തിന്റെയും ഒരു പല്ലിറുമ്മൽ ഞാൻ കേട്ടു. എല്ലാമറിഞ്ഞിട്ടും സഞ്ജയ് സാബിന് പ്രത്യേകിച്ച് ഭാവമൊന്നുമുണ്ടായില്ല. ഇതെല്ലാം ലോകത്ത് പതിവാണെന്ന രീതി. ഉസ്കൊ നഹി ജാനാ ഹേതോ ഫിർ ക്യാ സോച്നാ ഹേ. ബാത് യഹാം പേ ഖതം കരോ (അവനു പോകേണ്ടെങ്കിൽ പിന്നെന്ത് ആലോചിക്കാനാ? ഇതെല്ലാം ഇവിടെ അവസാനിപ്പിയ്ക്ക്) പിന്നെ മൂർത്തിസാബിനോടും എന്നോടുമായി പറഞ്ഞു.

ദോ ദിൻ കാ ട്രെയിനിംഗ് അഭി ബാക്കി ഹെ, ഓർ ഠീക് തരഹ്സെ വൈൻഡ് അപ് ഭി കർനാ ഹെ (രണ്ടു ദിവസത്തെ ട്രെയിനിംഗ്കൂടി ബാക്കിയുണ്ട്. എല്ലാം നല്ല രീതിയിൽ അവസാനിപ്പിക്കുകയും വേണം)

മൂർത്തിസാറും ഞാനും ഉപചാരം ചെയ്ത് വിടവാങ്ങി. മനസ്സിൽ കാലുഷ്യത്തിന്റെ കടലിരമ്പുന്നു. മനുഷ്യത്വമില്ലാത്തവൻ. അവനെ ഒന്നാശ്വസിപ്പിക്കുക പോലും ചെയ്തില്ല. ആഹാരം കഴിക്കാൻ തോന്നിയില്ല. ടെന്റിലേക്ക് നടന്നു ഒന്നു മയങ്ങി പോയിട്ടുണ്ടാവണം. ഒരു മുരടനക്കം കേട്ടാണ് കണ്ണുതുറന്നത്. മുന്നിൽ ബദോരിയ

മാഫ് കീജിയെ സർ, കുച് ബാത് കർനാ ഥാ (ക്ഷമിച്ചാലും, ചിലത് പറയാനുണ്ടായിരുന്നു?) ഞാനവനെ ചോദ്യഭാവത്തിൽ നോക്കി. കണ്ണുകൾ കരഞ്ഞു കലങ്ങിയിട്ടുണ്ടായിരുന്നു. എങ്കിലും ശബ്ദം ഉറച്ചതായിരുന്നു.

ചാച്ചാ സെ ബാത് കർനാ ഥാ-ഞാൻ അവന് ഫോൺ കൊടുത്തു. അൽപം മുന്നേ അയാളോട് വിവരങ്ങൾ ധരിപ്പിച്ചിട്ടുണ്ടായിരുന്നു. മനസ്സിലുള്ളത് തുറന്ന് സംസാരിക്കട്ടെയെന്നു കരുതി ഞാൻ പുറത്തേയ്ക്കിറങ്ങി. കുറച്ചു സമയത്തിനുശേഷം അവൻ ഫോൺ തന്നിട്ട് എന്നെ നോക്കി പുഞ്ചിരിച്ചു.

സർ, ശായദ് മാഡം കി കോൾ ആയാ ഹേ, ആപ് ബാത് കർലീജിയെ. അവൻ സംസാരിച്ചുകൊണ്ടിരുന്നപ്പോ വീട്ടിൽ നിന്ന് അവളുടെ കോൾ വന്ന കാര്യമാണ്.

ബസ്, ദോ ദിൻ കെ ബാദ് ഛുട്ടി ജാനാഹേ, വോ ഭീ മേരാ ഇംത്സാർ കർ രഹാ ഹെ നാ (രണ്ടുദിവസം കഴിഞ്ഞ് ലീവിനു പോകേണ്ടതല്ലേ. അവർ കാത്തിരിക്കുകയാണ്.) ലീവിനു പോയാൽ ഉടൻ തിരികെ വന്നേക്കില്ലെന്ന് അവൻ സന്ദേഹിക്കുന്നുണ്ടാവണം. അവൻ പോയതും ഞാൻ അവൾക്ക് ഫോൺ ചെയ്തു. ഇതുവരെ വിളിക്കാത്തതിലുള്ള പരിഭവം ഇപ്പോ കേൾക്കാം. പതിവിനു വിപരീതമായി വല്ലാതെ ചകിതമായിരുന്നു അവളുടെ ശബ്ദം. അൽപം കൂടി നേരത്തേ വരാൻ പറ്റുമോയെന്ന് അവൾ ആശങ്കയോടെ എന്നോടു ചോദിച്ചു.

എന്തുപറ്റി, ഇനി മൂന്നു ദിവസം കൂടി ഞാൻ ഇവിടെ ഉണ്ടായേ പറ്റൂ. എങ്കിലും അവസാന ദിവസം എന്നെ ഒഴിവാക്കാമെന്ന് മൂർത്തി സാർ പറഞ്ഞിട്ടുണ്ട്. ഞാൻ പെട്ടെന്ന് എത്തും. അവൾ എന്തോ പറയാൻ മടിക്കുന്നു എന്നെനിക്ക് തോന്നി. എന്റെ നിരന്തരമായ ചോദ്യങ്ങൾക്കിടെ വയറിലെ കൊളുത്തി വലിയ്ക്കുന്ന വേദനയും ഇടയ്ക്ക് അവന്റെ ചലനമില്ലായ്കയും അവൾ സൂചിപ്പിച്ചു. മനസ്സിലൂടെ ഒരു അരുതായ്ക കടന്നുപോയി. അന്നത്തെപ്പോലെ വല്ലതും? അമ്മയുമായി ആശുപത്രിയിൽ പോയതും കുഴപ്പമില്ലെന്ന ഡോക്ടറുടെ ഉറപ്പും അവൾ എന്നോട് പറഞ്ഞു. അവൾക്ക്

ധൈര്യം കൊടുത്തെങ്കിലും എനിക്ക് ഒരു വല്ലായ്മ തോന്നി.

ദിവസം കടന്നുപോയി. ഇന്ന് ട്രെയിനിംഗ് കോംപറ്റീഷനാണ്. ഇതുവരെ പരിശീലിച്ചതിന്റെ, ഇൻസ്ട്രക്ടർമാരോടുള്ള അവരുടെ പ്രതിബദ്ധതയുടെ, ഒരവലോകനം കൂടിയാണിത്. ട്രെയിനിംഗ് ഏരിയയിലേക്ക് നടക്കുമ്പോൾ സർച്ച്ടവറിൽ ബദോരിയയെ കണ്ടു. അവന്റെ കണ്ണുകൾ വിദൂരത്തെവിടെയോ ആണ്. അമ്മയുടെ അന്ത്യകർമ്മങ്ങൾ നാട്ടിൽ പോകുമ്പോൾ വേണ്ട രീതിയിൽ ചെയ്തുകൊള്ളാമെന്നാണ് അവൻ ഇന്നലെ പറഞ്ഞത്. ജീവിച്ചിരിക്കുമ്പോൾ നൽകാൻ പറ്റാത്തത് ആ മൃതശരീരത്തിൽ അർപ്പിക്കാനാവില്ല എന്നാണ് അവന്റെ ഭാഷ്യം. ഇനി ആ നാട്ടിലേക്ക് എന്തിനു വേണ്ടിയാണ് പോകുന്നതെന്നും അവൻ ചോദിച്ചു.

വൈകുന്നേരമായതോടെ അവസാന മത്സര ഇനമായ പാസ്സീവ് എയർ ഡിഫൻസ് അഥവാ പി.എഡി തുടങ്ങി. എക്സാമിനേഴ്സ് ഓരോ ഇനങ്ങളും തരംതിരിച്ച് ചോദിക്കുകയും പരീക്ഷിക്കുകയും ചെയ്തു. ഇവിടെ ഞങ്ങൾ ദൃക്സാക്ഷികൾ മാത്രമാണ്. ഇടപെടൽ അധികാരമില്ല. ഇടയ്ക്ക് ഫോൺ ശബ്ദിച്ചു. വീട്ടിൽ നിന്നാണ് ആശുപത്രിയിലേക്ക് പോകുന്നു. ഇടയ്ക്ക് വേദനയുള്ളതിനാൽ നേരത്തെ അഡ്മിറ്റാക്കിയേക്കാം എന്ന് അമ്മയുടെ ശബ്ദം. അരുതാത്തതൊന്നുമുണ്ടാവില്ലെന്ന് മനസ്സ് തന്നോടുതന്നെ പറഞ്ഞുകൊണ്ടിരുന്നു. കൂടെ എല്ലാവരുമുണ്ടെങ്കിലും താൻ അടുത്തില്ലാത്തത് അവൾക്ക് സമാധാനമാവില്ല.

നാളെ വിടാമെന്നാണ് മൂർത്തിസാർ പറഞ്ഞിരിക്കുന്നത്. മറ്റെന്നാളേ ക്യാമ്പ് കഴിയുള്ളൂ. സഞ്ജയ്സാബിനോട് ഇത് അവതരിപ്പിച്ചിട്ടുണ്ടോയെന്ന് അറിയില്ല. അച്ചടക്കമുള്ള സൈനികൻ ആജ്ഞകളെ ധിക്കരിക്കാൻ പാടില്ലല്ലോ. നാളത്തെ ക്യാംപ് ഫയർ കഴിയുമ്പോൾ ഇറങ്ങാൻ പറ്റിയാൽ ഗോവ എക്സ്പ്രസ്സിൽ കയറിക്കൂടാം. രാത്രി 12.40 നുള്ള ട്രെയിനിൽ റിസർവ് ചെയ്തിട്ടുണ്ട്. ക്യാമ്പിൽ നിന്ന് മൂന്ന് കിലോമീറ്ററേയുള്ളൂ സ്റ്റേഷനിലേക്ക്. ചിന്തകൾക്കുമേൽ ട്രെയിനികളുടെ കരഘോഷം മുഴങ്ങി. പരീക്ഷ കഴിഞ്ഞിരിക്കുന്നു. പ്രകടനങ്ങളുടെ മികവും എടുത്തു പറയേണ്ട ചില കാര്യങ്ങളും എക്സാമിനർ വിശദീകരിക്കുന്നു. ഒടുവിൽ ചീഫ് എക്സാമിനർ കുട്ടികളെ അഭിസംബോധന ചെയ്ത് സംസാരിച്ചു.

ഇന്നത്തോടെ ക്യാംപിന്റെ പ്രധാന ഇനങ്ങളെല്ലാം കഴിഞ്ഞിരിക്കുന്നു. ഇനി ആഹാരം കഴിഞ്ഞാൽ കലാപരിപാടികളുടെ റിഹേഴ്സൽ, നാളത്തെ ബ്രീഫിംഗ് . ഇതുവരെ എല്ലാം ഭംഗിയായി.

നേരം പുലർന്നു സ്റ്റേജിന്റെയും പ്രധാന കവാടത്തിന്റെയും മിനുക്ക് പണികൾ നടക്കുന്നു. ക്യാംപിന്റെ അതിരിലൂടെ എല്ലാം നോക്കിക്കൊണ്ട് സഞ്ജയ്സാബ് നടക്കുന്നുണ്ടായിരുന്നു. സർച്ച്ടവറിനു താഴെ ഗാർഡിന്റെ വിശ്രമമുറിയിൽ നിന്ന് പുറത്തേയ്ക്ക് വരികയായിരുന്നു ബദോരിയ. സഞ്ജയ് സാബിനെ കണ്ട് അവൻ സല്യൂട്ട് ചെയ്ത് ഒതുങ്ങിനിന്നു. നരിയുടേതുപോലുള്ള അയാളുടെ കണ്ണുകൾ അവനെ കോർത്തു നിർത്തി.

മേനേ തുജേ ബുലായാ തോ ക്യോം നഹിം ആയാ? (ഞാൻ നിന്നെ വിളിച്ചിട്ട് എന്താണ് വരാതിരുന്നത്) എപ്പോൾ എന്ന മട്ടിൽ അവൻ അയാളെ നോക്കി. തന്റെ അമ്മ മരിച്ച ദിവസം വീട്ടിൽ പോകണോ വേണ്ടയോ എന്നറിയാൻ. ഓർമ്മ വന്നു. ആ മാനസികാവസ്ഥയിൽ അയാളെ പോയി കണ്ടിരുന്നില്ല എന്ന് അവൻ ഓർത്തു. ക്യാംപ്ഫയറിൽ ഗോപുരാകൃതിയിൽ വിറകുകൾ അടുക്കി വയ്പ്പിക്കുകയായിരുന്ന ഞാൻ ആ കാഴ്ച കണ്ട് അങ്ങോട്ട് ചെന്നു. വിശപ്പില്ലെങ്കിലും ഇരയായി കിട്ടിയ വേട്ടമൃഗത്തെ തട്ടിക്കളിക്കുകയാണയാൾ. എന്റെ സാന്നിദ്ധ്യത്തെ പാടേ അവഗണിച്ച് അവനോട് പലതും പുലമ്പുന്നുണ്ടായിരുന്നു. ശരിയോ, തെറ്റോ എന്നു നോക്കാതെ ഞാൻ ഇടയ്ക്കു കയറി.

സർ, ഉസ് ഹാലാത് മേം വോ സമജ് നഹി പാ രഹാ ഥാ കി ക്യാ കർനാ ഹേ. മേനേ ഹി ഉസ്കാ രോഖാ ഥാ. ക്ഷമാ കീജിയെ. (ആ അവസ്ഥയിൽ എന്തുചെയ്യണമെന്ന് അവനറിയില്ലായിരുന്നു. ഞാനാണവനെ തടഞ്ഞത്. ക്ഷമിച്ചാലും)

തീരെ ഇഷ്ടപ്പെടാത്ത മട്ടിൽ അയാളെന്നെ നോക്കി. ആ നോട്ടത്തിൽ എല്ലാമുണ്ടായിരുന്നു. അയാൾ പോയിക്കഴിഞ്ഞിട്ടും ബദോരിയ മൂകനായി നിന്നു കാച്ചിയുരുക്കിയ ഇരുമ്പുപോലെ. അവന്റെ മുഖത്ത് ഒരു വികാരവും കണ്ടില്ല. ശ്വാസമെടുക്കുന്നുണ്ടോയെന്നുപോലും ഞാൻ സംശയിച്ചു. അവനെ ഏകനായി വിട്ടു ഞാൻ തിരികെ നടന്നു. ഏത് സമയത്തും ആളികത്തിയേക്കാവുന്ന ഉലയിലെ കനൽപോലെയാണവൻ എന്നെനിക്ക് തോന്നി. മനസ്സ് ആകെ ക്ഷുബിതമായിരുന്നെങ്കിലും ചെയ്തുതീർക്കാൻ ഒരുപാട് ജോലികൾ ബാക്കിയുണ്ടായിരുന്നു. രാവിലെയെപ്പോഴോ, ആശുപത്രിയിലേക്ക് വിളിച്ചിരുന്നു. പ്രത്യേകിച്ചൊന്നുമില്ല. ഒന്നുരണ്ട് ടെസ്റ്റുകൾ ബാക്കിയുണ്ട്. വിവരങ്ങൾ അറിയിക്കാമെന്നാണ്



പറഞ്ഞത്. ഒന്നുവിളിക്കാം. പോക്കറ്റിൽ തപ്പിനോക്കി. ഫോൺ എവിടെയോ മറന്നിരിക്കുന്നു. രാവിലെ മൂർത്തി സാറിന്റെ ടെന്റിൽ ബ്രീഫിംഗിനു പോയിരുന്നു. അവിടെയാവും.

ഫോൺ മൂർത്തിസാറിന്റെ മേശപ്പുറത്ത് തന്നെയുണ്ട്. സാറും ഓരോ ജോലിയിലാണ്. ഫോൺ എടുത്തുനോക്കി. ആറ് മിസ്ഡ് കാൾ. എല്ലാം വീട്ടിൽ നിന്നാണ്. ഉച്ചമുതൽ പല തവണ വിളിച്ചിരിക്കുന്നു. മനസ്സിലൂടെ ഭയത്തിന്റെ ഒരു തണുപ്പ് കടന്നുപോയി. ഒരു നിമിഷം ശ്വാസമടക്കി തിരികെ വിളിച്ചു. എടുക്കുന്നില്ല. ഓരോ നമ്പറിലേക്കും മാറിമാറി വിളിച്ചു. ചിലത് പരിധിയ്ക്ക്പുറത്ത്. ആശുപത്രിയിലെ ഉൾവരാന്തകളിൽ ചിലപ്പോൾ റെയ്ഞ്ച് കിട്ടാറില്ല. അമ്മാവനെ ഒന്നുകൂടി വിളിച്ചു. ഭാഗ്യം. റിംഗ് പോകുന്നുണ്ട്. ക്ഷമയോടെ ഓരോ ബെല്ലും മുഴങ്ങി തീരുന്നത് കേട്ടു. മറുതലയ്ക്കൽ ശബ്ദം.

**ഭാഗം – 4**

നീയിത് എവിടെയാ, ഉച്ചയ്ക്ക് എത്ര തവണ വിളിച്ചു?

എന്തുപറ്റി, ഞാൻ....

അവൾക്ക് കുഴപ്പമൊന്നുമില്ല. എന്നാലും നേരത്തേയില്ലാത്ത ഒരാശങ്ക ഡോക്ടറുടെ മുഖത്തുണ്ട്. നീയെപ്പോ വരുമെന്ന് തിരക്കി. അവളുടെ അച്ഛനോടും സഹോദരനോടും സംസാരിച്ചു. നിനക്ക് പെട്ടെന്ന് വരാൻ പറ്റില്ലേ.

ഞാൻ ഇന്നു രാത്രിയിൽ തിരിക്കും. ഇപ്പോൾ തിരിച്ചാലും ആ സമയത്തിനേ ട്രെയിനുള്ളൂ. ബസിൽ കൂടുതൽ സമയമെടുക്കും. ചോദിച്ചുനോക്കട്ടെ, ഞാൻ വിളിയ്ക്കാം.

എടാ, അവൾ നിന്നെ കാണാത്ത സങ്കടത്തിലാ, പുറത്തു കാണിക്കുന്നില്ലെന്നേയുള്ളൂ. എന്റെ നിശബ്ദതയിൽ ഫോൺ കട്ടായി. നേരെ മൂർത്തിസാറിന്റെ ട്രെന്റിലേക്ക് നടന്നു. മൂർത്തി സാറിനു മുന്നിൽ ബദോരിയ നിൽപുണ്ടായിരുന്നു. ഒരു പക്ഷേ മുൻപ് നടന്ന സംഭവങ്ങൾ ചോദിച്ചറിയുകയാവും ഞാൻ മൂർത്തിസാറിനോട് കാര്യം പറഞ്ഞു. എനിക്കുടനേ പോയേ പറ്റൂ. ഒരു നിമിഷം പകച്ചു നോക്കിയിട്ട് അദ്ദേഹം എന്നോടു പറഞ്ഞു.




നായർ മേനെ സാബ്കൊ ബതാനാ ഫൂൽ ഗയാ. ചലോ അഭി ബാത് കർലേതേ ഹേം, ആവോ. (ഞാൻ സാബിനോട് പറയാൻ വിട്ടുപോയി. വരൂ ഇപ്പോൾത്തന്നെ പറയാം.) മൂർത്തി സാബ് എന്നേയുംകൂട്ടി സഞ്ജയ്സാബിന്റെ ടെന്റിലേക്ക് നടന്നു. ഞങ്ങൾ സല്യൂട്ട് ചെയ്ത് അകത്തുകയറി. മൂർത്തി സാർ വിവരം ധരിപ്പിച്ചു. സഞ്ജയ് സാബ് എന്നെ നോക്കി, എന്തു പറയാനുണ്ടെന്ന മട്ടിൽ.

സർ, അഭി ബസ്മേം നികലേഗാ തോ കൽ സബേരേ തക് മേം ഘർ പഹുംജാവൂംഗാ (ഇപ്പോ ബസിൽ പുറപ്പെട്ടാൽ എനിക്ക് രാവിലെയോടെ വീടെത്താം.) ഒന്നുരണ്ട് നിമിഷത്തേയ്ക്ക്അദ്ദേഹം ഒന്നും മിണ്ടിയില്ല. എന്റെ കണ്ണുകളിലേയ്ക്ക് തന്നെ നോക്കി.

ആപ് തോ ട്രെയിനിംഗ് ഇൻ ചാർജ് ഹെ, ഓർ ക്യാംപ് തൊ അഭി ഖതം നഹി ഹുവാ. വൈസേ, ഛുട്ടി കബ്സെ ഹേ? (താങ്കളല്ലേ ട്രെയിനിംഗ് ഇൻ ചാർജ്ജ്. ക്യാമ്പ് തീർന്നിട്ടുമില്ല. അല്ല, ലീവ് എന്നു മുതലാണ് തുടങ്ങുന്നത്?)

കൽ ഡ്യൂട്ടി അവർ കെ ബാദ് (നാളെ ഡ്യൂട്ടി അവറിനുശേഷം)

ഉസ്കാ മത്‌ലബ് കൽ ക്യാമ്പ് ഖതം ഹോനെ തക് ആപ്കോ ഇദർ ഹോനാ ചാഹിയെ, ആം ഐ കറക്ട്? (അതിനർത്ഥം, നാളെ ക്യാപ് തീരുംവരെ താങ്കൾ ഇവിടെയുണ്ടായേ പറ്റൂ. ശരിയല്ലേ?)

യെസ് സർ – കാര്യങ്ങൾ ഏത് വഴിക്കാണ് പോകുന്നതെന്ന് എനിയ്ക്ക് മനസ്സിലായി.

ലേകിൻസർ, ആജ് കാ പ്രോഗ്രാം കി ബാദ് കൽ കേലിയെ സബ് ലോഗോം കാ സരൂരത് നഹിഹെ. മേനേ ഇൻകൊ ആജ് രാത് ഛോട്നേ കാ വാദാ കിയാ ഥാ– മൂർത്തി സാർ പറഞ്ഞു. (എന്നാൽ സർ, ഇന്നത്തെ പ്രോഗ്രാം കഴിഞ്ഞാൽ നാളെ ഇവിടെ എല്ലാവരുടെയും ആവശ്യമില്ല. പോരാത്തതിന് ഞാൻ ഇദ്ദേഹത്തെ വിടാമെന്ന് വാക്കും കൊടുത്തു.)

ഫൗജ് വാദാവോം സെ നഹി ചൽതാ മൂർത്തി സാബ്. ഫൗജി കാ പഹലാ കാം കർമ്മ് ഹി ധർമ്മ് ഹെ. ഘർകി ഛോട്ടാ മോട്ടാ ബാതോം കൊ ലേകർ ഹമേ അപ്നാ കർത്തവ്യ സെ ഭാഗ്നാ നഹി ചാഹിയേ. (സൈന്യം കൊടുത്തുപോയ വാക്കുകളുടെ പേരിലല്ല നടക്കുന്നത് മൂർത്തി സാബ്, സൈനികന്റെ പ്രഥമ കർത്തവ്യം കർമ്മമെന്ന ധർമ്മമാണ്. വീട്ടിലെ ചെറിയ ചെറിയ കാര്യങ്ങൾ പറഞ്ഞ് കർത്തവ്യത്തിൽ നിന്ന് ഓടിപ്പോകരുത്.)

ഹാം സാബ്, ആപ് സഹിഹെ ലേകിൻ ഏക് ആദ്മി കാ ജാനേ സേ കഭി ഫൗജ് രുഖ്താ ഭി നഹി ഹെ – (അതേ സർ, എന്നാൽ ഒരാൾ കുറഞ്ഞുപോയി എന്നതു കൊണ്ട് സൈന്യം നിന്നു പോവുകയുമില്ല.) മൂർത്തി സാബിന്റെ ശബ്ദവും മുറുകുന്നത് ഞാനറിഞ്ഞു.

മൂർത്തി സാബ്, ആജ് രാത് യേ പ്രോഗ്രം കെ ബാദ് സാരേ ലട്കേ മസ്തി കർ സക്തേ ഹെ. ഡ്യൂട്ടി ടൈറ്റ് രഖ്നാ. പൂരാ സെൻട്രി കോ അലേർട്ട് രഖ്നാ, ഓർ സാരേ കാം ഹോഗയാ? ചീഫ് ഗസ്റ്റ് അഭി ആനേ വാലാ ഹെ (ഇന്നത്തെ പ്രോഗ്രാം കഴിഞ്ഞാൽ ഈ പയ്യന്മാർ വികൃതി ഒപ്പിക്കും. ഡ്യൂട്ടി കൃത്യമായിരിക്കണം. എല്ലാ ഗാർഡിനോടും ശരിയായി ജോലി ചെയ്യാൻ പറയണം. എല്ലാ ജോലിയും കഴിഞ്ഞില്ലേ. ചീഫ് ഗസ്റ്റ് വരാറായി.) സംസാരം അവിടെ അവസാ

നിച്ചു എന്നെനിക്ക് മനസ്സിലായി. ഉപചാരം ചെയ്ത് ഞങ്ങൾ പുറത്തിറങ്ങി. മൂർത്തിസാർ എന്നോട് ഒന്നും സംസാരിച്ചില്ല. പുറത്ത് അപ്പോഴും ബദോരിയ നിൽപുണ്ടായിരുന്നു. അവൻ എല്ലാം കേട്ടോ എന്നെനിക്ക് സംശയം തോന്നി.

നായർ, ആജ് രാത് തും നികൽ ജാവോ, മേം സംഭാലൂംഗാ. (നീ രാത്രി തന്നെ പൊയ്ക്കോളൂ, ഞാൻ നോക്കിക്കൊള്ളാം) മൂർത്തി സർ എന്നെ നോക്കി. ഞാൻ വേണ്ടെന്ന് തലയാട്ടി. മനസ്സിൽ പലതും തികട്ടി വന്നു. എന്തു ചെയ്യണമെന്ന് രൂപം കിട്ടുന്നില്ല.

സ്റ്റേഷൻ കമാൻഡർ ആയിരുന്നു, ചീഫ് ഗസ്റ്റ്. ക്യാംപ്ഫയർ കൊളുത്തി ചടങ്ങുകൾക്ക് തുടക്കമായി. ദേശീയോദ്ഗ്രഥനത്തിൽ ഊന്നിയ പാട്ടുകളും സ്കിറ്റുകളും, കൊണ്ട് വൈവിധ്യമാർന്നതായിരുന്നു പരിപാടി. തുടർന്ന് ബഡാഖാനാ. ക്യാംപ് അവസാനിക്കുന്നത് രുചികരമായ ഭക്ഷണത്തോടെയാണ്. എന്നിട്ടും ഒന്നിലും മനസ്സുറയ്ക്കുന്നില്ലായിരുന്നു. ഒരു ഒഴിഞ്ഞ ടെന്റിലേക്ക് നടന്നു. ചിന്തകൾ മൂളിപ്പറക്കാൻ തുടങ്ങി. ആദ്യം ബദോരിയ, പിന്നെ ഞാൻ – ഇതിൽ ഇയാൾക്ക് എന്തു സന്തോഷമാണ് കിട്ടുക. ഫോൺ പോക്കറ്റിൽ മുരണ്ടുകൊണ്ടിരുന്നു. അവളുടെ അച്ഛന്റെ കോളാണ്. എടുത്തു. മറുതലയ്ക്കൽ ശബ്ദമില്ല.

ഹലോ...

ഹാ – മോനേ, നീ തിരിച്ചോ? അവൾക്ക് അൽപം കോംപ്ലിക്കേഷനുണ്ട്. ഒരു പക്ഷേ ഇന്നുതന്നെ സിസേറിയൻ നടത്തിയേക്കും. ഞാൻ ശബ്ദം മുറിഞ്ഞവനെപ്പോലെയായി. മറുപടി പറയും മുമ്പ് ഫോൺ കട്ടായി. റെയിഞ്ച് ഇല്ല. അതൊരു അനുഗ്രഹമായോ? തലയിൽ വണ്ട് മൂളുന്നു. പോകണം, പോയേ പറ്റൂ. പെട്ടെന്നെത്താനൊരു വഴിയുമില്ല. 12–40 നാണ് ട്രെയിൻ. മണി ഒൻപത് ആകുന്നതേയുള്ളൂ. ഒരു മണിക്കൂറിനകം എല്ലാം ശാന്തമാകും. എല്ലാവരും തിരിച്ചുപോകും. സെൻട്രി റീട്ടെയിൽമെന്റ് കഴിഞ്ഞ് ഒരു റൗണ്ട് ചെക്ക് ചെയ്താൽ പിന്നെ അത് മുറയ്ക്ക് നടന്നുകൊള്ളും. പിന്നെ മൂർത്തിസാർ നോക്കിയേക്കും. ഏതായാലും പോകണം.

ചടങ്ങുകൾ കഴിഞ്ഞു. എല്ലാം പൂർത്തിയായി. അതിഥികൾ വന്ന വണ്ടികൾ ഓരോന്നായി ക്യാമ്പിന്റെ ഇരുമ്പ് ഗേറ്റ് കടന്നുപോയി. മെയിൻ ഗേറ്റ് അടച്ചു പൂട്ടുന്ന ശബ്ദം മുഴങ്ങി കേട്ടു. റോൾകോൾ കഴിഞ്ഞ് കുട്ടികളെല്ലാം ടെന്റിലേക്ക് പോകുന്നുണ്ടായിരുന്നു. ചില ടെന്റുകളിൽ റാന്തൽ വിളക്കുകൾ അണഞ്ഞു കഴിഞ്ഞു. നാളെ തിരികെ പോകുന്ന സന്തോഷമാകാം എല്ലാവർക്കും. ദൂരെ മൂർത്തിസാർ ടെന്റിൽ നിന്ന് പുറത്തേക്ക് വന്നു നാലുപാടും നോക്കി. എന്നെയാണോ അന്വേഷിക്കുന്നത്. ഞാൻ എനിക്ക് ചുറ്റുമുള്ള ഇരുട്ടിലേയ്ക്ക് നോക്കി ഉവ്വ്, എന്നെ ആരും കാണില്ല. മൂർത്തിസാർ ഫോണെടുക്കുന്നു. എന്റെ മൊബൈൽ മിന്നി വേണോ വേണ്ടയോ എന്നാലോചിച്ച് ഞാൻ ഫോണെടുത്തു.

നായർ, കഹാം ഹോ?

മേം ഇദർഹി ഹൂം, ക്യാ ബാത് ഹേ സർ

ഞാനൽപം വെളിച്ചത്തിലേക്ക് നീങ്ങിനിന്നു. അദ്ദേഹം എന്നെ കണ്ടു. ഫോൺ കട്ട് ചെയ്ത് എന്റടുത്തേക്ക് നടന്നുവന്നു. അടുത്തെത്തിയതും ഒന്നും തന്നെ ഉരിയാടാതെ എന്റെയടുത്തേക്ക് എന്റെ കൈകൾ കൂട്ടിപ്പിടിച്ചു. ഞാനാ കണ്ണുകളിലേക്ക് നോക്കി. ഞാൻ പോയാൽ എല്ലാത്തിനും ഇദ്ദേഹം ഉത്തരം നൽകേണ്ടിവരും എന്തുവേണമെങ്കിലും ചെയ്തോളൂ എന്ന് ആ കണ്ണുകൾ എന്നോട് പറയുന്നുണ്ടായിരുന്നു. പിന്നെ ഘനഗംഭീരമായ ഒരു മൂളലും. ഞാൻ നോക്കിക്കൊള്ളാമെന്ന ഭാവത്തിൽ.

മൂർത്തിസാറിന്റെ ഫോൺ മുഴങ്ങി. സഞ്ജയ് സാബിന്റെ പേര് തെളിഞ്ഞു. ഫോൺ ചെവിയോട് ചേർത്തിട്ട് വിഷ് ചെയ്തു. ഞങ്ങൾ രണ്ടുപേരുംകൂടി അങ്ങോട്ടു ചെല്ലാനാണ്. ടെന്റിനുള്ളിലെ കസേരയിൽ കാലുകൾ ടീപ്പോയിലേക്ക് ഉയർത്തിവച്ച് സഞ്ജയ് സാബ് ഇരിപ്പുണ്ട്. ക്യാംപിന്റെ പരിസമാപ്തി നന്നായി ആഘോഷിച്ചപോലെ. കണ്ണുകൾ ചുവന്നിട്ടുണ്ട്. ക്യാംപ് കംപ്ലീഷൻ റിപ്പോർട്ട്, ഇൻവെന്ററി, കാഷ്വൽറ്റീസ്, നാളത്തെ കോൺവോയ് ഡീറ്റയിൽസ് എല്ലാ ഉടനെ തയ്യാറാക്കണം. ഇന്നു രാത്രിയിലെ സെൻട്രി ലിസ്റ്റ്, ഡ്യൂട്ടി ഗാർഡ് കമാന്റർ ആരൊക്കെ? ചോദ്യങ്ങൾ ശരംപോലെ വന്നുകൊണ്ടിരുന്നു. സമാപനദിവസമായ ഇന്നുരാത്രി ഒന്നും പാളിപൊയ്ക്കൂടാ. അതുകൊണ്ട്, ഞങ്ങൾ ഇരുവരും ജാഗരൂകരായിരിക്കണമെന്ന്. മനസ്സിലായി, ഞാൻ ഈ രാത്രിയിൽ ഇടംവലം തിരിയാതിരിക്കാനുള്ള പണിയാണ്. പോക്കറ്റിൽ ഫോൺ ഇടതടവില്ലാതെ മുരളുന്നുണ്ടായിരുന്നു. പുറത്തേക്കിറങ്ങി, ഞാൻ ഫോൺ എടുത്തുനോക്കി. അമ്മാവനാണ്.അങ്ങോട്ടു വിളിച്ചു.പെട്ടെന്ന് ഫോൺ അറ്റൻഡായി.

നീ തിരിച്ചോ? വീണ്ടും നെഞ്ചിടിപ്പ് കൂടുന്നു.

എന്തെങ്കിലും കുഴപ്പമുണ്ടോ? എന്റെ മറുചോദ്യം അടക്കാനായില്ല.

ഇല്ല, അവൾ അകത്താണ്. ഡോക്ടർ ഇപ്പോഴും അകത്തുണ്ട്, പോയിട്ടില്ല. മനസൊന്ന് കിടുകിടുത്തു. എന്തെങ്കിലും അരുതാത്തത്, ചിന്തകൾ കാടുകയറി. ഞാൻ ഉടനെ ഇറങ്ങിയേക്കും, വിളിക്കാം.

മൂർത്തിസാറിനോട് പോയി കിടന്നുകൊ



ള്ളാൻ പറഞ്ഞിട്ട് ഞാൻ നടന്നു. എന്തു ചെയ്യണമെന്ന് രൂപമുണ്ടായില്ല. സമയം 10.30 കഴിഞ്ഞു. ഇനി ഏകദേശം രണ്ട് മണിക്കൂർ. ബാഗ് നേരത്തേ തയ്യാറാക്കി വച്ചിട്ടുണ്ട്. ഇവിടുന്ന് പുറത്തിറങ്ങിയാൽ കുറുക്കുവഴി പോയാലും 20 മിനിറ്റ് മതി. ഏതെങ്കിലും രാത്രികാല ട്രക്ക് കിട്ടിയാലും പെട്ടെന്നെത്താം. മനസ്സിൽ വിവിധ ചിന്തകളുടെ ചുഴലിക്കാറ്റ് വീശുന്നു. അറിഞ്ഞുകൊണ്ട് പോകാൻ പറ്റിയേക്കില്ല. സമയം ഇഴഞ്ഞു നീങ്ങുന്നു. ഓരോ സെക്കൻഡും ഭാരം കെട്ടിവലിക്കും പോലെ. സഞ്ജയ് സാബിന്റെ ടെന്റിലെ വിളക്ക് അണഞ്ഞിട്ടില്ല. ഇടയ്ക്ക് ഫോൺ ചെയ്തുകൊണ്ട് പുറത്ത് നടക്കുന്നു. ചിതറിപോകുന്ന ചിന്തകൾക്കുമേൽ മൊബൈൽ മണി മുഴങ്ങി.

മോനേ നീ.... നിന്നെയൊന്നു കാണാനുള്ള അവസരമെങ്കിലും അവൾക്ക് കൊടുക്കെടാ. രണ്ട് ജീവനുകൾ അകത്ത് പിടയുന്നത് ഞാൻ ഇനി എങ്ങനെയാ നിന്നോട് പറയുന്നത്? സ്തബ്ദനായിപ്പോയി. ചോദിക്കാനോ പറയാനോ ഇനിയൊന്നും ബാക്കിയില്ല. പ്രവർത്തിക്കാനാണ് ബാക്കിയുള്ളത്. ഇല്ല. ഇങ്ങനെ തുടരാൻ അനുവദിച്ചുകൂടാ. അവരില്ലാത്ത ഭൂമിയിൽ ഏകനായി ജീവിക്കേണ്ടി വരുന്നതിലും നല്ലത് ചില സത്കർമ്മങ്ങൾ ചെയ്തുകൊണ്ട് അവസാനിക്കുന്നതാണ്. അതിനുമുമ്പ് അവളെ കാണണം, വാക്കു പാലിക്കണം. ട്രെയിന് ഇനിയും സമയമുണ്ട്. അതിനുമുന്നേ അവസാനിപ്പിക്കണം ഈ ചെകുത്താനെ. ഇല്ലെങ്കിൽ മനസ്സുരുകി ഒരുപാട് പേർ പിടഞ്ഞുവീഴും.

എങ്ങനെ? അയാൾ സെൻട്രിയെ ചെക്ക് ചെയ്യാനായി ഇറങ്ങിവരും. ഞാനുംഇവിടെയുണ്ടോയെന്ന് പരിശോധിയ്ക്കും. ഉറപ്പായും കിട്ടുന്ന അവസരം അതുമാത്രമാണ്. എല്ലാം കൃത്യമായിരിക്കണം. ഒരു വെടിയൊച്ചയിൽ എല്ലാം കഴിയണം. വേണ്ട. ശബ്ദം കേട്ട് എല്ലാവരും ഉണർന്നു നോക്കും.




ആൾക്കൂട്ടമായാൽ പിന്നെ യാത്ര നടക്കില്ല. നിശബ്ദമായ ഒരു മരണം അതാണ് നല്ലത്. നാളെ എല്ലാവരും അറിഞ്ഞുവരുമ്പോഴേയ്ക്ക് വീടെത്താം. ചുറ്റും പരതി, മെസ്സിലെ പച്ചക്കറിയരിയുന്ന കത്തി കിട്ടി. മൂർച്ചപോരാ. ശരീരത്തിൽ നിന്ന് ജീവൻ അറുത്തുമാറ്റാനുള്ളതാണ്. എഴുന്നേറ്റ് അടുത്ത ഗാർഡ് പോസ്റ്റിലേക്ക് നടന്നു. ആർമറിയിലെ ഗാർഡ് ഉറക്കത്തിലാണ്. ക്യാമ്പ് കഴിഞ്ഞതിന്റെ ആലസ്യം. ബയണറ്റ് പിടിപ്പിച്ച റൈഫിൾ അവന്റെ അരികിൽ വച്ചിട്ടുണ്ട്. ഇതാണ് നല്ലത്. ശബ്ദമുണ്ടാക്കാതെ അതെടുത്തു. നേരത്തേയിരുന്ന ഇരുട്ടിൽ തിരിച്ചെത്തി. അയാൾ വരട്ടെ. അടുത്തെത്തുമ്പോൾ ആക്രമിയ്ക്കാം. ഇതുതന്നെയാണ് പറ്റിയ സ്ഥലം. അല്ലാത്തപക്ഷം അയാളുറങ്ങുന്ന ടെന്റിലേക്ക് പോകേണ്ടിവരും. അവിടെയും ഗാർഡ് ഉണ്ട്. തോക്കുമായി എന്നെ കാണുന്നത് ഉചിതമല്ല. ഇവിടെത്തന്നെ നിൽക്കാം. അടുത്തെത്താത്തപക്ഷം നിറയൊഴിക്കാം. ഫെൻസിംഗ് ക്രോസ്സ് ചെയ്തു റോഡിലേക്കിറങ്ങാൻ മിനിട്ടുകൾ മതി. അതേ, എല്ലാത്തിനും ഒരു തുടക്കമാവട്ടെ. ഒടുക്കവും.

സഞ്ജയ്സാബ് ടെന്റിൽ നിന്നും പുറത്തേയ്ക്ക് വന്നു. എന്റെ ടെന്റിലേക്കാണ് അയാൾ പോകുന്നത്. മനസ്സിലിരിപ്പ് വ്യക്തം. ഒരു നിമിഷം കഴിഞ്ഞ് അയാൾ പുറത്തേയ്ക്ക് വന്ന് നാലുപാടും നോക്കി. ബ്രീഫിംഗ് ഹാളിന് മുന്നിലൂടെ നടന്നു. ഇങ്ങോട്ടാണ് തിരിയുന്നതെങ്കിൽ, ക്യാമ്പ് ഫയറിന്റെ വെളിച്ചത്തിൽ അയാളെ വ്യക്തമായി കാണാൻ കഴിയും. അതിനു മുന്നിലെത്തുമ്പോ അവനെ അവസാനിപ്പിച്ച് ആ കനലിലേയ്ക്ക് ഇടാൻ തോന്നി. അതിന് പക്ഷേ നിറയുതിർത്തേ മതിയാകൂ. അതിലെന്താണ്? വെടിപൊട്ടട്ടെ. എല്ലാം കലങ്ങി തെളിയേണ്ടേ. അതെ, അതുതന്നെ നല്ലത്. ഞാൻ തോക്കുമായി നിലത്തേയ്ക്കിരുന്നു. കനൽ വെളിച്ചത്തിൽ അയാളെ കൃത്യമായി കാണുംവിധം പൊസിഷനെടുത്തു.

മുന്നോട്ടുവന്ന സഞ്ജയ്സാബ് ഒരു നിമിഷം അവിടെത്തന്നെ നിന്നു. പിന്നെ ഇടത്തേയ്ക്ക് സർ ച്ടവറിന്റെ ഭാഗത്തേയ്ക്ക് തിരിഞ്ഞു. പിന്നെന്തോ ആലോചിച്ച് പിന്തിരിഞ്ഞു. ഞാൻ ഇരിക്കുന്ന ഭാഗത്തേയ്ക്ക് നോക്കി. ഒന്നും കാണാൻ പറ്റില്ലെന്ന് എനിക്കുറപ്പായിരുന്നു. ടെന്റിന്റെ ഫ്ളാപ് അല്പം ഉയർത്തി. അതിനുള്ളിലെ ഇരുട്ടിലാണ് ഞാൻ. ഒരു കാരണവശാലും കാണില്ല. അയാൾ പക്ഷേ ഇങ്ങോട്ടുതന്നെയാണ്. ഇനി സമയമില്ല. ക്യാമ്പ് ഫയറിനു മുന്നിലെത്താൻ അൽപദൂരംകൂടി, ശരീരത്തേയ്ക്ക് ഒരു തണുപ്പ് പടർന്നുകയറുന്നു. ചെവിയ്ക്കു പിന്നിലൂടെ ഒരു വിയർപ്പ്ചാൽ ഒഴുകിയിറങ്ങി ഞാൻ ഒന്നു കണ്ണടച്ചു തുറന്നു. ഏറിയാൽ പത്ത് നിമിഷം. നെഞ്ചിടിപ്പ് ഉയർന്ന് എനിക്ക് കേൾക്കാവുന്ന വിധത്തിലായി. ശരിതെറ്റുകളെ നോക്കാതെ മനസ്സ് ഏകാഗ്രമാക്കി. ചൂണ്ടുവിരൽ ട്രിഗറിൽ ചേർത്തു. ഇനി ലക്ഷ്യം ഒന്നുമാത്രം- ഒന്ന് രണ്ട്, മൂന്ന്- ഠേ വെടിപൊട്ടി. ഞാൻ വിരലമർത്തിയല്ലല്ലോ, എന്താണ് സംഭവിച്ചത്. ഒരു ഞരക്കം പുറപ്പെടുവിച്ച് സഞ്ജയ്സാബ് ക്യാമ്പ് ഫയറിലേക്ക് വീഴുന്നു. പലയിടത്തും വിളക്കുകൾ തെളിഞ്ഞു. ഞാൻ പോലുമറിയാതെ വെടിപൊട്ടിയോ? ഇല്ല. ഉറപ്പാണ്. പകുതി എരിഞ്ഞു തീരാറായ ക്യാമ്പ് ഫയറിന്റെ കനലും ചാരവും നിറഞ്ഞ് പൊടിയേറ്റ് വളഞ്ഞുകൂടി. ആ ശരീരം കിടന്നു, എന്തായിരിക്കും സംഭവിച്ചതെന്ന ഒരു തോന്നൽ മനസ്സിലേയ്ക്ക് തികട്ടി വന്നു.

പേജ് 40 ▶


എം.കെ.സാനു

**വീടിനെക്കാൾ വലിയപടിപ്പുരയെന്ന് ഒരുപുസ്തകത്തിന്റെ അവതാരികയെക്കുറിച്ച് പറഞ്ഞത് സാഹിത്യലോകത്ത് ഏറെ ചർച്ചാവിഷയമായിരുന്നു. എഴുത്തുകാരനെ ഇകഴ്ത്തുവാനോ അവതാരകനെ പുകഴ്ത്തുവാനോ ആയിരുന്നില്ല ആ പ്രസ്താവനയെന്നത് സത്യം.**
**വായനയ്ക്കു വയ്ക്കുന്ന പല പുസ്തകങ്ങളെക്കുറിച്ചുമുള്ള ചർച്ചകൾ പലപ്പോഴും പുസ്തകത്തിന്റെ അവതാരികയെ ചുറ്റിപ്പറ്റിയാണ് നടക്കുക. എഴുത്തുകാരന് അവതാരികകൾ പലപ്പോഴും ഗുണംചെയ്യാറുണ്ടെങ്കിലും ഒരുമുൻവിധിയോടുകൂടി പുസ്തകത്തെ സമീപിക്കുവാൻ ഇതുകാരണമാകുന്നുവെന്നത് ദോഷകരം തന്നെയാണ്. പുസ്തകം വായിച്ചശേഷം അവതാരിക വായിക്കുന്നത് പുതിയ വായനാഗുണം നൽകുമെന്നുതോന്നുന്നു. ചില അവതാരികകൾ ഇവിടെ പരിചയപ്പെടുത്തുന്നു.**

# പഴയമയുടെ പെരുമകൾ

*വിജയൻ കുമ്പളങ്ങാടിന്റെ പഴയമയുടെ പെരുമകൾ എന്ന പുസ്തകത്തിന്*
*എം.കെ.സാനുവിന്റെ അവതാരിക*

ഉരലും ഉലക്കയും പഴയകാലത്ത് നമ്മുടെ വീട്ടുപകരണങ്ങളായിരുന്നു. ഉരലിൽ നെല്ലുനിറച്ച്, ഉലക്കകൊണ്ട് കുത്തിയാണ് സ്ത്രീകൾ ഉമിയിൽനിന്ന് അരി വേർതിരിച്ചെടുത്തിരുന്നത്. നെല്ലുകുത്തുന്ന ആകാഴ്ച അത്യന്തം പ്രൗഢിയുള്ളതായിരുന്നു. നെല്ലുകുത്തി കിട്ടുന്ന അരിക്ക് അതിന്റേതായ രുചിയും പോഷകഗുണവും ഉണ്ടായിരുന്നു. പഴയ തലമുറക്കാരായ ഞങ്ങളുടെ ഓർമ്മയിൽ മാത്രമേ അതൊക്കെയും ഇപ്പോൾ അവശേഷിക്കുന്നുള്ളു. ഞങ്ങളുടെ കാലം കഴിഞ്ഞാൽ ഓർമ്മപോലും ബാക്കിയുണ്ടാവുകയില്ല.

ബാക്കിയുണ്ടാവുകയില്ലെന്നു വിചാരിച്ചിരിക്കുമ്പോഴാണ് ശ്രീ വിജയൻ കുമ്പളങ്ങാടിന്റെ ഈ രചനയിലൂടെ കടന്നുപോകാൻ എനിക്കവസരം കിട്ടിയത്. ഒരൊറ്റ ഇരിപ്പിന്, ഉത്സാഹത്തോടെ,ഇതു ഞാൻ വായിച്ചുതീർത്തു. അത്ര രസപ്രദമായിട്ടാണ് ഗ്രന്ഥകാരൻ ആഖ്യാനം നിർവ്വഹിച്ചിരിക്കുന്നത്.

"നാഗരികതയിലേക്കുള്ള കുതിച്ചുചാട്ടത്തിനിടയിൽ പഴയ കാലത്തേയും പഴയ ജീവിതരീതിയേയും പാടെ മറക്കുന്നതിൽ വിഷമം തോന്നുന്ന" ഒരു മനസ്സാണ് ശ്രീ വിജയൻ കുമ്പളങ്ങാടിന്റേത്. അദ്ദേഹത്തിന്റെ വിഷമത്തിൽ പങ്കുചേരുന്നയാളാണ് ഇതെഴുതുന്ന ഞാനും. അതുകൊണ്ടുകൂടിയായിരിക്കാം, ഈ പുസ്തകം എനിക്ക് അത്രമേൽ രസപ്രദമായനുഭവപ്പെട്ടത്.

എന്നാൽ, ശ്രീ വിജയൻ കുമ്പളങ്ങാടിന്റെ രചനാശൈലിയിലാണ് എന്റെ ഹൃദ്യമായ അനുഭവത്തിന്റെ അടിസ്ഥാനകാരണം അടങ്ങിയിരിക്കുന്നതെന്ന വാസ്തവം കൂടി ഇവിടെ പറയേണ്ടതാണ്. കുട്ടികൾക്കിണങ്ങുന്നരീതിയിലാണെഴുതിയിരിക്കുന്നതെങ്കിലും എന്നെപ്പോലെ വൃദ്ധനായ ഒരു വ്യക്തിയേയും ഈ പുസ്തകം ആകർഷിക്കുന്നു. അതൊരു ചെറിയ കാര്യമല്ല. കുട്ടികളെ ആകർഷിക്കുന്നതോടൊപ്പം പ്രായമായവരുടെ ആലോചനാശീലം ഉദ്ദീപിപ്പിക്കുകയും ചെയ്യുന്നു എന്നതാണ് ഉത്തമമായ ബാലസാഹിത്യകൃതിയുടെ ലക്ഷണം. ശ്രീ വിജയൻ കുമ്പളങ്ങാടിന്റെ കൃതികൾ ഈ വിഭാഗത്തിൽപ്പെടുന്നു.


പന്ത്രണ്ടു പുസ്തകങ്ങൾ ഇതിനകം അദ്ദേഹം പ്രകാശിപ്പിച്ചു കഴിഞ്ഞു. മൂന്നു നോവലുകളും ഒരു ചെറുകഥാസമാഹാരവും അവയുടെ കൂട്ടത്തിലുണ്ട്. ബാലസാഹിത്യവിഭാഗത്തിലല്ല അവയുടെ സ്ഥാനം. ഗൗരവയുക്തമായ ആ കൃതികളിൽ സ്വന്തമായ ജീവിതവീക്ഷണമവലംബിച്ചുകൊണ്ട് മനുഷ്യകഥ ആഖ്യാനം ചെയ്യുന്ന ഒരെഴുത്തുകാരനെയാണ് നാം കാണുന്നത്. പ്രസിദ്ധമായ പുരാണകഥകൾക്ക് നവീന വ്യാഖ്യാനം നല്കുന്നതിലൂടെ തനതായ ജീവിതദർശനം അവതരിപ്പിക്കുന്ന വിജയൻ കുമ്പളങ്ങാടിനെയാണ് അവയിൽ നാം കണ്ടുമുട്ടുന്നത്. ആ കഥകൾ അനുവാചകരെ രസിപ്പിക്കുക മാത്രമല്ല, ആലോചിപ്പിക്കുകയും ചെയ്യുന്നു.


*വിജയൻ കുമ്പളങ്ങാട്*

ഒടുവിൽപ്പറഞ്ഞ ഗുണങ്ങൾ വിജയൻ കുമ്പളങ്ങാടിന്റെ എട്ടു ബാലസാഹിത്യകൃതികളിലും ആഹ്ലാദകരമായി സമ്മേളിക്കുന്നു. ബാലമനസ്സുകളിൽ കൗതുകം ഉണർത്തുക. ഉണരുന്ന കൗതുകം ഉത്തേജിപ്പിക്കുന്ന രീതിയിൽ പ്രമേയം അവതരിപ്പിക്കുക- ഇതാണ് അദ്ദേഹത്തിന്റെ രീതി. അതിനുപയോഗിക്കുന്നതോ പള്ളിക്കൂടത്തിന്റെ പശ്ചാത്തലവും!

ബാഹ്യപശ്ചാത്തലമല്ല, ആന്തരികപശ്ചാത്തലമാണ് വിജയൻ കുമ്പളങ്ങാട് ആവിഷ്കരിക്കുന്നത്. തലമുറകളുടെ ആദര ബഹുമാനങ്ങൾക്കു പാത്രമായ ടീച്ചർ അവരുടെ മുൻപിൽ മന്ത്രിയും പോലീസുദ്യോഗസ്ഥനും നാട്ടുകാരുമെല്ലാം തുല്യരാണ്. സ്നേഹത്തിന്റെ ആജ്ഞാസ്വരത്തിൽ അവർ എല്ലാവരോടും പെരുമാറുന്നു. പഴയകാലത്തെ ശ്രേഷ്ഠമായ ഗുരുശിഷ്യബന്ധത്തിന്റെ ഉദാരഭാവങ്ങൾ ആ ചിത്രത്തെ അത്യധികം സമാകർഷകമാക്കുന്നു.

ആകർഷകമായ ഈ അന്തരീക്ഷത്തിലാണ് മറവിയിലാണ്ടുപോയഗൃ ഹോപകരണങ്ങളും ചരിത്രാവശിഷ്ടങ്ങളും മറ്റും വിജയൻ കുമ്പളങ്ങാട് ഇ വിടെ അവതരിപ്പിച്ചിരിക്കുന്നത്. പൂർവ്വകാല ജീവിതശൈലികൾ അവയിലൂടെ പുനർജ്ജനിക്കുന്നതായി മുതിർന്നവർ ക്കനുഭവപ്പെടുന്നു. കുട്ടികൾക്കോ നമ്മുടെ മുത്തശ്ശന്മാരും മുത്തശ്ശിന്മാരും ഏതേതെല്ലാം രീതികളിലാണ് ജീവിച്ചുപോന്നതെന്ന് വിസ്മയത്തോടെ കാണുന്നതോടൊപ്പം പ്രകൃതിയുമായിണങ്ങിയും അദ്ധ്വാനത്തിന്റെ മഹനീയതയനുഭവിച്ചും ജീവിക്കുന്നതിലെ സ്വച്ഛന്ദമായ സുഖമെന്തെന്ന തിരിച്ചറിവിലേക്ക് ഉണരുകയും ചെയ്യുന്നു.




മലയാളത്തിന് ഇപ്രകാരമൊരു സംഭാവന സമർപ്പിക്കുന്നതിന്റെ പേരിൽ ശ്രീ വിജയൻ കുമ്പളങ്ങാടിനെ നാം അഭിനന്ദിക്കുക. വിശിഷ്ഠമായ രചനകൾകൊണ്ട് ഇനിയും അദ്ദേഹം നമ്മെ സമ്പന്നരാക്കട്ടെ. ●

---

## നോവലെറ്റ് തുടർച്ച

സർച്ച് ടവറിനു മുകളിൽ അവൻ– കൈലാഷ് ബദോരിയ. മങ്ങിയ വെളിച്ചത്തിൽ അവനെ വ്യക്തമായി കാണുംമുമ്പ് ഒന്നുകൂടി വെടിപൊട്ടി. അവന്റെ തലയ്ക്ക് പിന്നിൽ നിന്ന് എന്തോ ചിതറിയപോലെ. ആടിയുലഞ്ഞ ആ ശരീരം മുന്നോട്ട് ചാഞ്ഞ് ഉയരത്തിൽ നിന്ന് നിലത്തേയ്ക്ക് വീണു. ഒരു നിലവിളി എന്റെ തൊണ്ടയിൽ കുടുങ്ങി, ഞാനവന്റെയടുത്തേക്ക് ഓടി. തോക്ക് തലതിരിച്ചുപിടിച്ച നിലയിൽ അവന്റെ കൈയിൽ ത്തന്നെയുണ്ടായിരുന്നു. എന്നോടൊപ്പം ഓടിയെത്തിയ മൂർത്തിസാർ കിതപ്പോടെ നിന്നു. ഒരു നിമിഷം എന്നെ നോക്കി. ബദോരിയയുടെ ഇടതുകൈയ്യിൽ ഒരു പേപ്പർ ചുരുട്ടിപ്പിടച്ചിട്ടുണ്ടായിരുന്നു. അത് അവനെഴുതിയ അവസാന കുറിമാനമായിരുന്നു. മൂർത്തി സാർ അതു വിടർത്തി നോക്കി. എനിക്കായി നീട്ടി, അതിലെ വരികൾ എന്റെ മനസ്സിലൂടെ കടന്നുപോയി.

എന്റെ അമ്മ കഴിഞ്ഞാൽ എന്നെ ഈ ഭൂമിയിൽ ഏറ്റവും അധികം മനസ്സിലാക്കുന്ന നായർ സാബ്, ഒരു സൈനികന്റെ പ്രധാന കർത്തവ്യം ശത്രുവിനെ ഇല്ലാതാക്കുക എന്നല്ലേ. അത് ദേശത്തിനകത്തായാലും പുറത്തായാലും. ഞാനത് ചെയ്യാൻ തീരുമാനമെടുത്തു. ഒരാളുടെ മനസ്സിനെ കാണാൻ കഴിയാത്തൊരാൾ നല്ലൊരു ഓഫീസറല്ല. തന്റെ കീഴിലുള്ളവരുടെ ക്ഷേമം അന്വേഷിക്കുന്നവനും കൂട്ടിയാവണ്ടേ ഒരു ഓഫീസർ. ശിപായി ആയാലും ഓഫീസറായാലും അതൊക്കെ നാം താൽകാലികമായി എടുത്തണിയുന്ന ആടയാഭരണങ്ങളോ, അലങ്കാരങ്ങളോ മാത്രമല്ലേ. അതിനുള്ളിലെ പച്ചയായ മനുഷ്യൻ മാത്രമല്ലേ സത്യവും.

എനിക്കീ ഭൂമിയിൽ ആരുമില്ല. ഞാനെന്റെ അമ്മയുടെ അടുത്തേയ്ക്ക് പോകുന്നു. അതിനുമുമ്പ് ചെയ്ത ഒരു സത്കർമ്മമാകട്ടെ ഇത്. എന്റെ ശരീരം ഔപചാരികമായി സംസ്കരിക്കില്ല എന്നെനിക്കറിയാം. മൃതമായ ദേഹത്തിന് എന്തു പ്രസക്തി. വായിലേക്ക് ബാരൽ കടത്തി ട്രിഗർ വലിയ്ക്കാൻ എനിക്ക് ഭയമില്ല സാർ. ഞാൻ അങ്ങയെ ഓർക്കുന്നു. കാണണമെന്നാഗ്രഹിച്ചത് അങ്ങേയ്ക്ക് പിറക്കാൻ പോകുന്ന മകനേയും. എല്ലാം ബാക്കിവയ്ക്കുന്നു.
അൽവിതാ സർ, ജയ് ഹിന്ദ്–

അക്ഷരങ്ങൾ മങ്ങിപ്പോയിരുന്നു. ഇറ്റുവീഴാൻ തുടങ്ങിയ ഒരു തുള്ളി കണ്ണുനീർ കാഴ്ച മറച്ചു. കത്ത് മൂർത്തിസാറിനെ ഏൽപ്പിച്ച് തിരിഞ്ഞുനടന്നു. പോക്കറ്റിൽ ഫോൺവിളി, സ്ഥലകാലത്തെ ഓർമ്മപ്പെടുത്തി. അമ്മാവനാണ്.

മോനേ – എല്ലാ സമാധാനമായി. ആൺകുഞ്ഞ്. ഇപ്പോ വിളിച്ചത് സമാധാനമായി പുറപ്പെട്ടാൽ മതിയെന്ന് പറയാനാ. അവൾക്കും കുഴപ്പമൊന്നുമില്ല. എല്ലാവരും ഇവിടെ ത്തന്നെയുണ്ട്. തൊണ്ടതുറന്ന് തിരികെയൊന്നും പറയാൻ പറ്റിയില്ല. മൂളുക മാത്രം ചെയ്തു. മുടിയിഴകളെ തഴുകി ഒരു തണുത്ത കാറ്റ് വീശി. മനസ്സിൽ ശാന്തനായ ഒരു പോരാളിയുടെ മുഖം തെളിഞ്ഞു–കൈലാഷ് ബദോരിയ–

ഞാൻ പറഞ്ഞില്ലേ സർ, എല്ലാം ശരിയാവുമെന്ന്– എന്ന മട്ടിൽ അവന്റെ പുഞ്ചിരിക്കുന്ന മുഖം. ചോട്ടു കാ നാം ക്യാ രഖാ ഹെ സർ–അവന്റെ ചോദ്യം ഓർമ്മയിൽ തികട്ടി. പയ്യെപ്പയ്യെ ആ കാഴ്ച മറഞ്ഞു. ഓമനത്തമുള്ള ഒരു പിഞ്ചു കുഞ്ഞിന്റെ മുഖം മനസ്സിൽ നിലാവ് പരത്തി. അതെ, കൈലാഷ് – നിന്റെ പേര് തന്നെ, നിന്റെ പുനർജന്മം എന്ന് മനസ്സു പറഞ്ഞു. ചിന്തകൾക്കുമേൽ ചൂളം വിളിച്ച്, അൽപം ദൂരെയായി ഗോവ എക്സ്പ്രസ് കുതിച്ചു പായുന്നുണ്ടായിരുന്നു.

● *ഫോ: 9746189870*



ഉമാ ദേവി വി.ജി

## തിളച്ചു മറിയുന്ന ലാവപോലെ ഒരു സ്നേഹം

**സൂ**ത്രവാക്യങ്ങളോ
സൂതവാക്യങ്ങളോ
അടയാള വാക്യങ്ങളോ
കൊണ്ട് സ്നേഹത്തെ
എന്തിനു അടയാളപ്പെടുത്തണം?

മൃദു വാക്യങ്ങളോ
കപട വാക്യങ്ങളോ
പാഴ് വാക്യങ്ങളോ
കൊണ്ട് സ്നേഹത്തെ
എന്തിനു അടയാളപ്പെടുത്തണം?

തെറ്റുകൾ കൊണ്ടും
ധിക്കാരം കൊണ്ടും
അഹന്ത കണ്ടും
കാമം കൊണ്ടും
സ്നേഹത്തെ
എന്തിനു അടയാളപ്പെടുത്തണം?

ഹൃദയത്തിൽ നിന്നും ഒഴുകുന്ന
തിളച്ചുമറിയുന്ന
ലാവപോലെ
തീക്ഷ്ണ വേഗമാർന്ന
പ്രവാഹത്തിൽ കുറഞ്ഞു ഒന്നും
സ്നേഹത്തിന്റെ അടയാളപ്പെടുത്തലുകൾക്ക്
വഴങ്ങില്ല എന്നറിയുക



സിന്ധു കെ.എം.

## മാപ്പ്

**കു**ഞ്ഞേ! മാപ്പു തരൂ
നിന്റെ നീലക്കണ്ണുകളിലെ
കരിമഷിയടർന്ന സ്വപ്നങ്ങളിലെന്റെ
കരിവീണനിഴലുകൾ.
നിന്റെ നിലവിളികൾ
ചെമപ്പിച്ച കാശ്മീരം.
ഓർക്കുവാനൊരു നന്മ
യമുന നിനക്കില്ല.
നിഴലും നിലാവും
ചില്ലുകൊട്ടാരമുതിർക്കുന്നു.
തേവരുടെ കണ്ണുകൾ
അടഞ്ഞ ഗോപുരങ്ങൾ
ഒരു തുളസികതിരായ്
നിന്നെയറിഞ്ഞതില്ല
കലങ്ങിയ കണ്ണുകൾ
സാളഗ്രാമങ്ങൾ.
സാലഭഞ്ജികകൾ
ഇരുണ്ട കൽവിളക്കിലെ
വെളിച്ചം ചിതറിയെറിഞ്ഞു.
നിന്റെ കാലടികളിൽ
വീണെന്റെ കണ്ണീർ പുഷ്പങ്ങൾ....
മാപ്പ് തരുവാൻ നിനക്കാവില്ല.
എങ്കിലും മാലാഖക്കുഞ്ഞേ!
നിന്റെ സ്വപ്നങ്ങളെ മായ്ച്ച
നിലാവിനെയാരുമെതിരേൽക്കരുതേ!

*ഫോ: 9544853477*




രശ്മി ജി/അനിൽകുമാർ കെ എസ്




# നവസിനിമ
## കാഴ്ച
## രാഷ്ട്രീയം
## ജനകീയത

...തുടർച്ച


**മധ്യവർത്തി സിനിമയുടെ കാഴ്ചകൾ കാഴ്ചപ്പാടുകൾ**

സ്വയംവരത്തോടുകൂടി മലയാളസിനിമ ആർട്ട്, കൊമേർഷ്യൽ എന്നിങ്ങനെ പ്രബലമായ രണ്ടു ശാഖകളായി മാറിയെന്നുള്ളത് ചലച്ചിത്ര നിരൂപകർ പറഞ്ഞുപഴകിയ ഒരുവസ്തുതയാണ്. കലയുടേയും കച്ചവടത്തിന്റെയും കൃത്യമായ അതിർവരമ്പുകൾക്കുള്ളിൽ നില്ക്കാതെ, ചില ചിത്രങ്ങൾ കലാപരതയ്ക്കും മറ്റുചില ചിത്രങ്ങളിൽ കച്ചവടത്തിനും പരിഗണനകൾ നല്കി സഞ്ചരിച്ച ചലച്ചിത്രകാരൻമാരാണ് കെ. ജി ജോർജ്, ഭരതൻ, പത്മരാജൻ തുടങ്ങിയവർ.

പൂന ഫിലിം ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്നും സംവിധാനം പഠിച്ച് രാമുകാര്യാട്ടിന്റെ അസിസ്റ്റന്റായി പ്രവർത്തിച്ചതിനു ശേഷം സ്വതന്ത്രസംവിധായകനായ കെ. ജി ജോർജിന്റെ പ്രഥമ ചിത്രം നിരൂപക- മാധ്യമ ശ്രദ്ധ പിടിച്ചു പറ്റിയ സ്വപ്നാടനമായിരുന്നു. 1975-ലെ സ്വപ്നാടനത്തിൽ മനസിന്റെ താളം തെറ്റിയ ഗോപിയെന്ന യുവാവിന്റെ ഭ്രമകല്പനകളിലൂടെ നീങ്ങുന്ന ചിത്രം സ്ത്രീ-പുരുഷ ബന്ധത്തിന്റെ സങ്കീർണ്ണതകളെ വിശകലനം ചെയ്യുവാനുദ്യമിച്ചിരുന്നത് അക്കാലത്തെ മലയാള സിനിമയെ സംബന്ധിച്ചിടത്തോളം നൂതനത്വമുള്ള ആവിഷ്ക്കാരമായിരുന്നു.

സൈക്കോ മുഹമ്മദിന്റെ കഥയിൽ പമ്മനും കെ. ജി ജോർജ്ജും ചേർന്നു തിരക്കഥയെഴുതിയ സ്വപ്നാടനത്തിന് മികച്ച സിനിമ, തിരക്കഥ എന്നിവയ്ക്കുള്ള സംസ്ഥാന അവർഡും ലഭിച്ചു. സ്വപ്നാടനത്തെത്തുടർന്നു പതിനെട്ടോളം ചിത്രങ്ങൾ സംവിധാനം ചെയ്ത് കെ. ജി. ജോർജ് 1998 ലെ മമ്മൂട്ടി ചിത്രമായ ഇലവങ്കോടുദേശത്തോടു കൂടി സംവിധാന പ്രക്രിയ ഉപേക്ഷിച്ചു. വിജയ പരാജയങ്ങളിലൂടെ സഞ്ചരിച്ച കെ.ജി.ജോർജിന്റെ സിനിമകളിൽ ശ്രദ്ധിക്കപ്പെട്ടവ ഉൾക്കടൽ (1978), യവനിക (1982), ആദാമിന്റെ വാരിയെല്ല് (1983), പഞ്ചവടിപ്പാലം (1984) തുടങ്ങിയവയാണ്. ക്യാമ്പസ് പ്രണയം മുഖ്യവിഷയമായ ഉൾക്കടൽ പ്രദർശനവിജയം കൊണ്ട് ശ്രദ്ധിക്കപ്പെട്ട സാധാരണ ചിത്രമായിരുന്നുവെങ്കിൽ യവനിക നാടകത്തിനുള്ളിലെ നാടകത്തെ സസ്പെൻസ് ത്രില്ലറായി അവതരിപ്പിക്കുകയുണ്ടായി. വ്യത്യസ്ത ജീവിത പശ്ചാത്തലത്തിലുള്ള മൂന്നു സ്ത്രീകളുടെ ജീവിതത്തിലൂടെ സഞ്ചരിച്ച മികച്ച


ഭരതൻ


കെ. ജി ജോർജ്


പത്മരാജൻ മൂന്നാംപക്കം സിനിമയുടെ ലൊക്കേഷനിൽ

സ്ത്രീപക്ഷ സി നിമയായ ആദാമിന്റെ വാരിയെല്ല് രാഷ്ട്രീയആക്ഷേപഹാസ്യ സിനിമയായ പഞ്ചവടിപ്പാലം എന്നിവ ഇന്നും കേരളീയ സമൂഹത്തിൽ ഏറെ പ്രസക്തമാണ്. വേളൂർ കൃഷ് ണൻകുട്ടിയുടെ പാലം അപകടത്തിൽ എന്ന കഥയുടെ അടിസ്ഥാനത്തിൽ ചിത്രീകരിച്ച പഞ്ചവടിപ്പാലം മലയാളിക്ക് പുതിയൊരനുഭവമാണ് സമ്മാനിച്ചത്. പഞ്ചവടിപ്പാലത്തിനുശേഷമുള്ള കഥയ്ക്കു പിന്നിൽ മറ്റൊരാൾ, ഈ കണ്ണികൂടി, ഇലവങ്കോട് ദേശം എന്നീ ചിത്രങ്ങൾ പ്രതീക്ഷിച്ച നിലവാരത്തിൽ എത്തിക്കുവാൻ കഴിയാതെ പോയ കെ.ജി. ജോർജ്ജ് മലയാള സിനിമയിലെ താരാധിപത്യത്തിന്റെ വികൃതമുഖത്തെക്കുറിച്ച് വിമർശനങ്ങളുയർത്തിയിരുന്നു. വയലൻസിനെ അതിന്റെയെല്ലാ തീവ്രതകളോടും കൂടി ആവിഷ്ക്കരിക്കുവാൻ കഴി ഞ്ഞ ജോർജിന്റെ സിനിമകൾ മധ്യവർത്തിയെന്നു വിളിപ്പേരിട്ട ചലച്ചിത്ര ശാഖയ്ക്കു ഒട്ടും മോശമല്ലാത്ത സംഭാവനകളാണ് നല്കിയത്.

മനുഷ്യന്റെ സങ്കീർണ്ണമായ മാനസികാവസ്ഥകളിലൂടെ സഞ്ചരിച്ച് പ്രണയവും കാമവും ഹിംസയും അവയുടെ പച്ചയായ അർത്ഥതലങ്ങളിലൂടെ ആവിഷ്ക്കരിച്ച സംവിധായകനാണ് പത്മരാജൻ. ചലച്ചിത്രത്തിലെ ഗന്ധർവ്വസാന്നിധ്യമെന്നു വിശേഷിപ്പിക്കപ്പെടുന്ന പത്മരാജന്റെ രചനകൾ ഒരു തലത്തിൽ ചലച്ചിത്രകാവ്യങ്ങളായി മാറുമ്പോൾ മറ്റൊരു തലത്തിൽ മനുഷ്യന്റെ വൈകാരികാവസ്ഥകളെ പ്രകോപിപ്പിക്കുന്ന ആഖ്യാനങ്ങളായി മാറുന്നുണ്ട്. 1974-ൽ ഭരതൻ സംവിധാനം ചെയ്ത പ്രയാണത്തിനുവേണ്ടി തിരക്കഥ രചിച്ചുകൊണ്ട് ചലച്ചിത്രലോകത്ത് എത്തിയ പത്മരാജൻ പെരുവഴിയമ്പലത്തിലൂടെയാണ് സ്വതന്ത്ര സംവിധായകനായി മാറുന്നത്. കള്ളൻ പവിത്രൻ, കൂടെവിടെ, ദേശാടനക്കിളി കരയാറില്ല, നമുക്ക് പാർക്കാൻ മുന്തിരിത്തോപ്പുകൾ, ഇന്നലെ, തൂവാനത്തുമ്പികൾ, മൂന്നാം പക്കം, ഞാൻ ഗന്ധർവ്വൻ എന്നിങ്ങനെ ഒരുപിടി ചിത്രങ്ങൾ നല്കിയ പത്മരാജൻ സദാചാരനിഷ്ഠമെന്നു (?) മലയാളി പ്രകടിപ്പിക്കുന്ന പൊതുബോധങ്ങളെമാറ്റിമറിക്കുകയുണ്ടായി. വിമത ലൈംഗികതയൊരു സാമൂഹ്യ വിഷയമായി ചർച്ചചെയ്യപ്പെട്ടു തുടങ്ങാതിരുന്ന കേരളീയ സമൂഹത്തിൽ ദേശാടനക്കിളി കരയാറില്ലയെന്നൊരു ചിത്രത്തെ അവതരിപ്പിക്കുവാൻ അദ്ദേഹത്തിനു കഴിഞ്ഞു. ഗ്രാമീണ ജീവിതാനുഭവങ്ങളിലൂടെ പ്രണയവും രതിയും




പഞ്ചവടിപ്പാലം സിനിമയുടെ ചിത്രീകരണവേളയിൽ



വേളൂർ കൃഷ്ണൻകുട്ടി




ഷാജി എൻ കരുൺ



റ്റി.വി. ചന്ദ്രൻ



പി.റ്റി. കുഞ്ഞു മുഹമ്മദ്



ആർ.സുകുമാരൻ



കെ.ആർ.മോഹനൻ

സ്വപ്നങ്ങളും പങ്കുവെച്ച കഥാപാത്രങ്ങളെ സൃഷ്ടിച്ച പത്മരാജൻ കലാസിനിമയെ ജനകീയമാക്കുന്നതിൽ നിർണ്ണായക പങ്കുവഹിച്ചു. ചലച്ചിത്രത്തിന്റെ ഭാവുകത്വപരിണാമത്തെ സൂചിപ്പിക്കുമ്പോൾ ഒരു കാലഘട്ടത്തെ സ്വന്തം പേരിൽ കുറിക്കുവാൻ കഴിഞ്ഞ ചലച്ചിത്രകാരനാണ് പത്മരാജൻ.

കലാസംവിധായകനെന്ന നിലയിൽ മലയാള ചലച്ചിത്രരംഗത്തു സ്ഥാനമുറപ്പിച്ച ഭരതൻ പ്രയാണ(1975)ത്തിലൂടെ സംവിധാനരംഗത്തു സാന്നിധ്യമറിയിച്ചു. കൗമാരമനസിന്റെ രതിചാപല്യങ്ങളെ ചിത്രീകരിച്ച രതിനിർവ്വേദം, തകരയുടെ വൈകല്യങ്ങളിലേയ്ക്കു സഞ്ചരിച്ച തകര, അംഗരാജ്യത്തെ രക്ഷിക്കാൻ ദേവദാസിപ്പെണ്ണിനെ ബലിയാടാക്കുന്ന രാജതന്ത്രത്തെയവതരിപ്പിച്ച വൈശാലി എന്നു തുടങ്ങി നിരവധി ചിത്രങ്ങൾ ഭരതന്റെ വ്യക്തിമുദ്ര പതിഞ്ഞ് പ്രേക്ഷകന്റെ മുമ്പിലെത്തി. മുഖ്യധാരാ സമൂഹത്തിന്റെ സദാചാരനിഷ്ഠമായ കാപട്യങ്ങളെ ഒളിമറകളില്ലാത്ത ആവിഷ്കരണത്തിലൂടെ പരിഹസിച്ച ഭരതൻ സിനിമയെ കൂടുതൽ ജനകീയമാക്കി. പ്രേക്ഷകന്റെ ഒളിനോട്ടവാസനകളെ പരിപോഷിപ്പിച്ച ചിത്രങ്ങളെന്നു ഭരതൻ ചിത്രങ്ങളെ വിലയിരുത്തുന്നവർ അത്തരം ചിത്രങ്ങൾ മുമ്പോട്ടു വെച്ച സൗന്ദര്യസങ്കല്പങ്ങളെ, കറുത്ത ഹാസ്യത്തെ തിരിച്ചറിഞ്ഞിരുന്നില്ലായെന്നതാണ് വാസ്തവം.


എഴുപതുകളിലെ മാറ്റങ്ങളെ അടുത്തറിഞ്ഞ ഒരു സംഘം പ്രതിഭകൾ മാറ്റത്തിന്റെ വരവറിയിച്ചുകൊണ്ട് സംവിധാനരംഗത്തു പ്രത്യക്ഷപ്പെട്ടു. ആർ സുകുമാരൻ, ഷാജി എൻ.കരുൺ, എം.പി. സുകുമാരൻ നായർ, ടി.വി. ചന്ദ്രൻ, പി.ടി. കുഞ്ഞുമുഹമ്മദ് തുടങ്ങിയവരാണ് അവരിൽ പ്രധാനികൾ.

**കാലാതീതമായ ചലച്ചിത്രഭാഷ്യങ്ങൾ- പാർശ്വവത്കൃത സമൂഹത്തിന്റെ രാഷ്ട്രീയം**

ഛായാഗ്രാഹകനായി ചലച്ചിത്ര രംഗത്തെത്തി പുരസ്കാരങ്ങൾ നേടുകയും സംവിധായകനായി മാറുകയും ചെയ്ത വ്യക്തിയാണ് ഷാജി.എൻ കരുൺ. പ്ര ഥമ ചിത്രമായ പിറവി മുതൽ ഓള് വരെയുള്ള ചിത്രങ്ങൾ നവീനമായൊരു ചലച്ചിത്രാനുഭവമാണ് പ്രേക്ഷകനു സമ്മാനിച്ചത്. അടിയന്തിരാവസ്ഥയുടെ ഇരയായി കൊല്ലപ്പെട്ട രാജൻ സംഭവത്തെ മുൻനിറുത്തി പുത്രവിയോഗവ്യഥകൾ അവതരിപ്പിച്ച പിറവി, നിരാലംബയായ വിധവയുടെ ജീവിതത്തിന്റെ നിസ്സഹായാവസ്ഥകൾ ആവിഷ്ക്കരിച്ച സ്വം, സങ്കീർണ്ണമായ ജീവിതാനുഭവങ്ങളിലൂടെ കടന്നുപോകുന്ന കുഞ്ഞുക്കുട്ടനെന്ന കഥകളി കലാകാരന്റെ ജീവിതത്തിലൂടെ സഞ്ചരിച്ച വാനപ്രസ്ഥം, വ്യത്യസ്ത ഋതുക്കളിലൂടെ മൂന്നു സ്ത്രീകളുടെ കാഴ്ചപ്പാടിലൂടെയവതരിപ്പിക്കപ്പെട്ട കുട്ടിസ്രാങ്കിനെക്കുറിച്ചുള്ള അന്വേഷണങ്ങൾ നിർവ്വഹിച്ച കുട്ടിസ്രാങ്ക്, വാദ്യകലാകാരന്റെ താളം തെറ്റിയ ജീവിതക്കാഴ്ചകളെ ചിത്രീകരിച്ച സോപാനം, മന്ത്രവാദവും ബാധ ഒഴിപ്പിക്കലും കുലത്തൊഴിലായി സ്വീകരിച്ച തിരുമല പണിയന്റെ ജീവിതം ആവിഷ്കരിച്ച ഓള് എന്നിവ ഷാജിയെന്ന സംവിധായകനെ അടയാളപ്പെടുത്തിയ ചി ത്രങ്ങളാണ്. പിറവിയെന്ന ചിത്രത്തിൽ നിരാലംബമായ കുടുംബത്തിന്റെ കാത്തിരിപ്പിനെ ആവിഷ്ക്കരിച്ചപ്പോൾ ഭരണകൂടത്തിന്റെ ഹിംസാത്മക രാഷ്ട്രീയ നിലപാടുകൾ ചോദ്യം ചെയ്യപ്പെടാതെ പോയി. പിതാവിനെ നിഷേധിക്കപ്പെട്ട പുത്രനും പുത്രനെ നിഷേധിക്കപ്പെട്ട പിതാവിന്റെയും അവസ്ഥകളിലൂടെ സഞ്ചരിച്ച വാനപ്രസ്ഥം ഫ്യൂഡൽ വരേണ്യബോധത്തിന്റെ കലയെന്നു വിളിപ്പേരു പതിഞ്ഞുകിട്ടിയ കഥകളിയുടെ അവതരണകലാകാരൻമാരുടെ ദുരന്തങ്ങളിലൂടെ സഞ്ചരിച്ചു. വാനപ്രസ്ഥാനത്തിൽ പുലർത്തിയ കാലത്തിന്റെ ബോധം അതിസൂക്ഷ്മമായി ഷാജി എൻ കരുൺ കുട്ടിസ്രാങ്കിലും പാലിക്കുന്നുണ്ട്.

എഴുപതുകളിലെ നവ സിനിമാ





ക്കാലത്തു ചലച്ചിത്രരംഗത്ത് നിർമ്മാതാവായി എത്തുകയും പിന്നീട് സംവിധായകനായി മാറുകയും ചെയ്ത വ്യക്തിയാണ് പി.ടി.കുഞ്ഞുമുഹമ്മദ്. പൂന ഫിലിം ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്നും പഠിച്ചിറങ്ങിയ കെ.ആ ർ.മോഹൻ സംവിധാനം ചെയ്ത അശ്വത്ഥാമാവ്, പുരുഷാർത്ഥം, സ്വരൂപം എന്നീ ചിത്രങ്ങൾ നിർമ്മിച്ച പി.ടി. കുഞ്ഞുമുഹമ്മദിന്റെ പ്രഥമ സംവിധാന സംരംഭമായിരുന്നു മ ഗ്‌രിബ്. മഗ്‌രിബിനു ശേഷം ഗർഷോം, പരദേശി, വീരപുത്രൻ എന്നീ സിനിമകളിലൂടെയും മുസ്ലീം സമുദായത്തിന്റെ സാമൂഹ്യരാഷ്ട്രീയ പ്രശ്നങ്ങൾക്കുള്ളിലേയ്ക്ക് അദ്ദേഹം സഞ്ചരിച്ചു. പ്രവാസികളായ മനുഷ്യരുടെ നിസ്സഹായതകളിൽ നിന്നും (ഗർഷോം) നാടുവിട്ടുപോകേണ്ടിവരുന്നവരുടെ ദയനീയാവസ്ഥകളിലേയ്ക്ക് (പരദേശി) സഞ്ചരിച്ച ചലച്ചിത്രകാരൻ സ്വാതന്ത്ര്യസമര സേനാനിയായ മുഹമ്മദ് അബ്ദുറഹിമാൻ സാഹിബിന്റെ ജീവിത

ത്തിലേയ്ക്കും പ്രേക്ഷകനെ കൂട്ടിക്കൊണ്ടു പോ കുന്നു. എഴുപതുകളിലെ നവസിനിമയെ അംഗീകരിക്കുകയും ആഘോഷിക്കുകയും ചെയ്ത പി.ടി. കുഞ്ഞുമുഹമ്മദ് ഗർഷോമിലെത്തുമ്പോൾ അതിനെ തള്ളിപ്പറയുകയും ലളിതമായ ചലച്ചിത്രവ്യാഖ്യാനശൈലി സ്വീകരിക്കുകയും ചെയ്തു. പരദേശിയിലും വീരപുത്രനിലും അത് വളരെ പ്രകടമാണ്. പി.ടി. കുഞ്ഞുമുഹമ്മദിന്റെ ചില സിനിമകൾ വിസ്മരിക്കപ്പെട്ടാലും പരദേശിയെന്ന ഒറ്റച്ചിത്രം കൊണ്ട് അതു ഉയർത്തിയ രാഷ്ട്രീയ നിലപാടുകൾ കൊണ്ട് ചരിത്രത്തിൽ ഇടംപിടിക്കുമെന്നതിൽ സംശയമില്ല.

പ്രാന്തവൽക്കരിക്കപ്പെട്ടവരുടെ ജീവിതങ്ങളെ അഭ്രപാളിയിലാവിഷ്ക്കരിച്ച സംവിധായകനായ ടി.വി. ചന്ദ്രന്റെ ചിത്രങ്ങളാണ് കൃ ഷ്ണൻ കുട്ടി (1979) ഹേമാവിൻ കാതലർകൾ (1984), ആലീസിന്റെ അന്വേഷണം(1989)പൊന്തൻമാട(1993)ഓർമ്മകൾ ഉണ്ടായിരിക്കണം,(1995)മങ്കമ്മ(1997),സൂസന്ന (2000) ഡാനി(2001)പാഠം ഒന്ന് ഒരു വിലാപം (2003), കഥാവശേഷൻ (2004)ആടുംകൂത്ത്(2005)വിലാപങ്ങൾക്കപ്പുറം,(2008)ഭൂമി മലയാളം(2008)ശങ്കരനും മോഹനനും ഭൂമിയുടെ അവകാശികൾ തുടങ്ങിയവ. ഇവയോടൊപ്പം തരംഗം(1989) പുന്നപ്ര വയലാർ (1998),കണ്ണൂർ(2004)എന്നീ ഡോക്യുമെന്ററികളും അശാന്തി (1996) വരുംവരായ്കകൾ ഒരു മനുഷ്യൻ, എന്നീ ഷോർട്ട് ഫിലിമുകളും ടിവി ചന്ദ്രൻ ചെയ്യുകയുണ്ടായി. ആദ്യ ചിത്രമായ

കൃഷ്ണൻ കുട്ടി പൂർണ്ണമായും ബ്ലാക്ക് ആൻഡ് വൈറ്റിലാണ് നിർമ്മിച്ചത്. നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചപ്പോൾ ബ്ലാക്ക് ആൻഡ് വൈറ്റ് ചിത്രങ്ങൾ പാടേ ഇല്ലാതായതിനാൽ ചിത്രം റിലീസ് ചെയ്യുകയുണ്ടായില്ല. രണ്ടാമത്തെ ചിത്രമായ ഹേമാവിൻ കാതലർകൾ അനുരാധയെന്ന നടിയെ കേന്ദ്രീകരിച്ചു നിർമ്മിക്കപ്പെട്ട ചിത്രമാണ്. കൂട്ടുകുടുംബ വ്യവസ്ഥിതിയിൽ ജീവിക്കുന്ന ജോലിക്കാരിയായ ഹേമ ഒരു പ്രണയ ബന്ധത്തിലകപ്പെട്ട് രാജ്കുമാറിനെ വിവാഹം കഴിച്ച് പുതിയൊരു അണുകുടുംബ ജീവിതം ആരംഭിക്കുന്നുവെങ്കിലും അത് ദുരനുഭവങ്ങളായി മാറുന്നു.അടിച്ചമർത്തൽ ഭാര്യാസംവിധാനത്തിൽ നിന്നും പുറത്തുകടക്കു ന്ന ഹേമ ഇടയ്ക്കു പരിചയപ്പെടുന്ന കരുണാകരൻ തുടങ്ങിവെച്ച സാമൂഹ്യപ്രവർത്തനങ്ങളെയേറ്റെടുക്കാൻ തയ്യാറായതായുള്ള സൂചനകൾ നല്കിക്കൊണ്ട് ചിത്രം അവസാനിക്കുന്നു. കുടുംബ സാമൂഹ്യഘടനകൾ സൃഷ്ടിക്കുന്ന വാദമുഖങ്ങളെ പുനർവിചിന്തനത്തിനു പ്രേരിപ്പിക്കുന്ന ചിത്രം മികച്ച നിലവാരം പുലർത്തിയെങ്കിലും പ്രേക്ഷകരുടെ അംഗീകാരം നേടുകയുണ്ടായില്ല.

കേരളീയ സമൂഹത്തിൽ വലിയ മാറ്റങ്ങൾക്കു തുടക്കം കുറിച്ച വിമോചന സമരത്തിന്റെയും അടിയന്തിരാവസ്ഥയുടേയും ഇടയിലൂടെ കടന്നുപോകേണ്ടിവരുന്ന മങ്കമ്മയുടെ ദുരന്തങ്ങളാണ് മങ്കമ്മയെന്ന ചിത്രത്തിലൂടെ ടി.വി. ചന്ദ്രൻ ആവിഷ്ക്കരിക്കുന്നത്. വിമോചന സമരത്തിലൂടെ കമ്മ്യൂണിസ്റ്റ് മന്ത്രിസഭ പുറത്താക്കപ്പെടുകയും പുതിയൊരു ഭരണകൂട നിർമ്മിതിക്കായി കേരളം ഒരുങ്ങുമ്പോൾ ജന്മി ഗൃഹത്തിൽ നിന്നും രക്ഷപെട്ട് പാലക്കാടൻ ഗ്രാമത്തിൽ എത്തിച്ചേരുന്ന അച്ഛനും മകളും. ചായക്കട നടത്തു ന്ന നായർ ഇരുവർക്കും അഭയമാവുകയും അച്ഛൻ മരിക്കുമ്പോൾ മങ്കമ്മയെ വിവാഹം കഴിക്കുകയും ചെയ്യുന്നു. തീവ്രവാദ രാഷ്ട്രീയത്തിൽ ആ കൃഷ്ടനായ നായരുടെ മകൻ ഒളിച്ചോടുകയും

നായർ പോലീസ് മർദ്ദനത്തിൽ കൊല്ലപ്പെടുകയും ചെയ്യുന്നുണ്ട്. അതിജീവനത്തിന്റെ കരുത്തുമായി മങ്കമ്മ ജീവിക്കുവാനൊരുങ്ങുന്നിടത്താണ് ചിത്രം അവസാനിക്കുന്നത്. രാഷ്ട്രീയ പ്രശ്നങ്ങൾ പ്രതിസന്ധികൾ എന്നിവയുടെയെല്ലാം ഇരയായി മാറുന്നത് സാധാരണ മനുഷ്യരാണ് എന്ന യാഥാർത്ഥ്യത്തെ മങ്കമ്മ വെളിപ്പെടുത്തുന്നുണ്ട്. സി.വി. ശ്രീരാമന്റെ ശീമത്തമ്പുരാൻ, പൊന്തൻമാട എന്നീ കഥകളിൽ നിന്നും ചേർത്തെടുത്ത പൊന്തൻമാട മലയാള ചലച്ചിത്ര ലോകത്തിലെ മികച്ച കീഴാള ചലച്ചിത്രങ്ങളിലൊന്നാണ്. ഇംഗ്ലണ്ടിൽ നിന്നും നാടുകടത്തപ്പെട്ടവനായി നാട്ടിൽക്കഴിയുന്ന ശീമത്തമ്പുരാന്റെയവസ്ഥകളും വയൽ നിലങ്ങളിൽ ജീവിതം തീർക്കുന്ന പൊന്തൻമാടയുടെ ജീവിതവും ആവിഷ്ക്കരിച്ച ടി.വി.ചന്ദ്രൻ ഈ ചിത്രത്തിലൂടെ കീഴാള ജീവിതത്തിന്റെ യഥാർത്ഥ്യങ്ങളെ പ്രത്യക്ഷവൽക്കരിച്ചു. ശക്തമായ സ്ത്രീപക്ഷകഥാപാത്രങ്ങളെ മങ്കമ്മ, സൂസന്ന, ഭൂമി മലയാളം എന്നിവയിലൂടെ അവതരിപ്പിച്ച ടിവി ചന്ദ്രൻ ഗുജറാത്ത് വർഗ്ഗീയ കലാപത്തിന്റെ അലയൊളികളെ കഥാവശേഷൻ, വിലാപങ്ങൾക്കപ്പുറം എന്നീ ചിത്രങ്ങളിലൂടെയവതരിപ്പിക്കുകയുണ്ടായി. ഫെസ്റ്റിവലിൽ അവാർഡു നേടുന്നതിനുവേണ്ടി മാത്രമുള്ള സാമൂഹ്യ പ്രതിബദ്ധതയല്ലാതെ ജ്വലിക്കുന്ന സമൂഹത്തിന്റെ അരക്ഷിതാവസ്ഥകളിൽ ആശങ്കപ്പെടുന്ന ചലച്ചിത്രകാരനെയാണ് ടി.വി. ചന്ദ്രന്റെ ചിത്രങ്ങളിൽ കാണുവാൻ കഴിയുക.

**എം.പി. സുകുമാരൻ നായർ–**
**പാരമ്പര്യത്തിന്റെ തുടർച്ചകളും ഇടർച്ചകളും**


പൂന ഫിലിം ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്നും പഠിച്ചിറങ്ങിയ എം.പി.സുകുമാരൻ നായർ 1989ലെ അപരാഹ്നത്തിലൂടെ സ്വതന്ത്ര സംവിധായകനായി സമാന്തര സിനിമാരംഗത്തു

സ്ഥാനമുറപ്പിച്ചു. ഇന്ത്യൻ പനോരമയിൽ സെലക്ഷൻ ലഭി ച്ച മികച്ച രണ്ടാമത്തെ ചിത്രത്തിനുള്ള സംസ്ഥാന അവാ ർഡുനേടിയ അപരാഹ്നത്തിനു ശേഷം മധ്യതിരുവിതാംകൂർ ക്രൈസ്തവ സമൂഹത്തിന്റെ മുഖമുദ്രയോടെ വർത്തമാന ഭൂതകാലങ്ങൾ ഇടകല ർന്നു വരുന്ന രീതിയിൽ ഫാന്റസിയിലൂടെ തോമയുടെ സവിശേഷവ്യക്തിത്വം അവതരിപ്പിക്കുന്ന ശയനം, മുടിയേറ്റ് കലാകാരന്റെ ജീവിതവും കല കച്ചവടമാകുന്ന വർത്തമാനകാലവും പുതുതലമുറയുടെ നിലപാടുകളും വ്യക്തമാക്കുന്ന ദൃഷ്ടാന്തം, എം. സുകുമാരന്റെ തിത്തുണ്ണി എന്ന കഥയെ അ ടിസ്ഥാനമാക്കി ഭക്തിയും പ്രേമവും ഇ ടകലർന്ന രാധയുടേയും കണ്ണന്റേയും സ്നേഹം ആവിഷ്കരിക്കുന്ന കഴകം, ഒരു കാർഷിക സമൂഹത്തിന്റെ ദുരന്തപൂർണ്ണമായ പരിവർത്തനങ്ങളെ ചിത്രീകരിച്ച ജലാംശം എന്നീ ചിത്രങ്ങൾ സുകുമാരൻ നായരുടേതായി പുറത്തുവന്നു.

1988 ൽ പാദമുദ്രയിലൂടെ ചലച്ചിത്ര രംഗത്ത് എത്തിയ ആർ. സുകുമാരൻ നവസിനിമാവക്താക്കളുടേതു പോലെയുള്ള അക്കാദമിക് പാരമ്പര്യങ്ങളോ ചലച്ചിത്രാഭ്യാസങ്ങളോ കൈവശമില്ലാതിരുന്നിട്ടും സംവിധായകനായ വ്യക്തിയാണ്. പാദമുദ്രയെത്തുടർന്ന് രാജശില്പി, യുഗപുരുഷൻ എന്നീ ചിത്രങ്ങളും ഒരുക്കിയെടുത്ത സുകുമാരൻ ചലച്ചിത്രത്തിനുള്ളിൽ തന്റെ ചിത്രരചനാവൈഭവത്തെ സമർത്ഥമായി ഉപയോഗിച്ചിരുന്നു. പിതൃത്വം ചോദ്യം ചെയ്യപ്പെട്ട ചെറുപ്പക്കാരന്റെ വൈകാരിക സംഘർഷങ്ങളെ അവതരിപ്പിച്ച പാദമുദ്രയും കേരളീയ നവോത്ഥാന നായകനായ ശ്രീനാരായണ ഗുരുവിന്റെ ജീവിത്തിലൂടെ സഞ്ചരിച്ച യുഗപുരുഷനും വേറിട്ട ദൃശ്യാനുഭവങ്ങൾ സമ്മാനിച്ച ചിത്രങ്ങളാണ് യുഗപുരുഷൻ കേരളീയ സാംസ്ക്കാരികാന്തരീക്ഷത്തെ ഒതുക്കിയവതരിപ്പിക്കുമ്പോൾ തന്നെ നവോത്ഥാന നായകൻമാരുടെ ഫാൻസിഡ്രസ് പരേഡിനുള്ള അവസരങ്ങൾ കൂടി സൃഷ്ടിച്ചിരുന്നുവെന്നുള്ളത് യുഗപുരുഷന്റെ പരിമിതിയായി നില്ക്കുന്നു. ബുദ്ധിജീവി ഗ്യാംഗുകൾ, ക്ലിക്കുകൾ, സാംസ്ക്കാരിക കൂട്ടായ്മകൾ എന്നിവയുടെ ഭാഗമായി നില്ക്കാതെ ചലച്ചിത്ര പ്രവർത്തനം നടത്തിയ ചുരുക്കം ചില സംവിധായകരിലൊരാളാണ് ആർ.സുകുമാരൻ. അതുകൊണ്ടുതന്നെ മുഖ്യധാരാ പഠന വിലയിരുത്തലുകളി



സി.വി. ശ്രീരാമൻ



എം.പി.സുകുമാരൻ നായർ



എം. സുകുമാരൻ



ലെനിൻ രാജേന്ദ്രൻ



പ്രിയനന്ദനൻ

ൽ ആർ.സുകുമാരന്റെ പേരും ചിത്രങ്ങളും പരാമർശിക്കപ്പെടാറില്ല.

ജനപ്രിയത, കലാപരത എന്നീ ചട്ടക്കൂടുകളെ സ്ഥാപിച്ചെടുക്കുന്നതിനപ്പുറം നല്ല സിനിമ സൃഷ്ടിക്കുകയെന്ന ലക്ഷ്യബോധമുള്ള സംവിധായകനാണ് ലെനിൻരാജേന്ദ്രൻ.വേനൽ (1981),ചില്ല്, മീനമാസത്തിലെ സൂര്യ ൻ,സ്വാതി തിരുനാൾ, ദൈവത്തിന്റെ വി കൃതികൾ,കുലം,മഴ, അന്യർ, രാത്രിമഴ, മകരമഞ്ഞ് തുടങ്ങിയ ചിത്രങ്ങൾ കാഴ്ചയിൽ പുതിയൊരുണർവ്വ് പ്രേ ക്ഷകനിൽ സൃഷ്ടിക്കുകയുണ്ടായി. അധ്വാനവർഗ്ഗത്തിന്റെ വിലപ്പെട്ട ചരി ത്രങ്ങളിലൊന്നായ കയ്യൂരിനെ ഓർമ്മപ്പെടുത്തിയ മീനമാസത്തിലെ സൂര്യൻ, അനുകല്പനത്തിന്റെ പതിവ് പരിമിതികൾ ക്കു ള്ളിലൊതുങ്ങാതെ മികച്ച ചിത്രമായി മാറിയ ദൈവത്തിന്റെ വികൃതികൾ, മഴ, ജാതിമത വർഗ്ഗീയ തീവ്രവാദത്തിന്റെ ആശങ്കകളെ ആവിഷ്കരിച്ച അന്യർ, രാജാരവിവർമ്മയുടെ ജീവിതത്തിലൂടെ സഞ്ചരിച്ച 'മകരമഞ്ഞ്' തുടങ്ങിയവ ലെനിൻ രാജേന്ദ്രനെന്ന ചലച്ചിത്ര പ്രതിഭയെ അടയാളപ്പെടുത്തുന്ന ചിത്രങ്ങളാണ്. സാമൂഹ്യ പ്രശ്നങ്ങളോടു ബോധപൂർവ്വം നിശബ്ദതപാലിച്ചുകൊണ്ട് ആസ്ഥാനബുദ്ധിജീവിപ്പട്ടം സ്വന്തമാക്കിയിരിക്കുന്ന ചലച്ചിത്ര സംവിധായകരിൽ നിന്നും ലെനിൻ രാജേന്ദ്രനെ വ്യത്യസ്തനാക്കുന്നത് പുരോഗമനപരമായ നിലപാടുകളും ചലച്ചിത്രത്തിനുള്ളിലെ അവയുടെ അവതരണങ്ങളും ചലച്ചിത്രത്തിന്റെ ജനവിരുദ്ധനിലപാടുകളിലുള്ള പ്രതിഷേധങ്ങളുമാണ്.

വല്ലച്ചിറയുടെ നാടകസംസ്കാരത്തിൽ നിന്നും ചലച്ചിത്രകാരൻ യഥാർത്ഥത്തിൽ എന്തായിരിക്കണം എന്നുള്ള നിലപാടിനെ ബോധ്യപ്പെടുത്തിയ സംവിധായകനാണ് പ്രിയനന്ദനൻ. നെയ്ത്തുകാരൻ, പുലിജൻമം, സൂഫി പറഞ്ഞ കഥ, ഭക്തജനങ്ങളുടെ ശ്രദ്ധയ്ക്ക്, ഞാൻ നിന്നോടുകൂടെയുണ്ട്, പാതിരാക്കാലം



**ഇ**ടമുള ഫിംലിസിന്റെ ബാനറിൽ സുരേന്ദ്രൻ ഇടമുള നിർമ്മിച്ച് കെ.ശ്രീവർമ്മ യുടെ തിരക്കഥയിൽ 'ഫ്ളാറ്റ്നമ്പർ 4B' 'ഡെഡ്ലൈൻ' എന്നീ സിനിമയുടെ യുവ സംവിധായകൻ കൃഷ്ണജിത്ത്.എസ്.വിജയൻ സംവിധാനം ചെയ്യുന്ന സിനിമ യാണ് ബാൽക്കണി.

സൈക്കോത്രില്ലർ ശ്രേണിയിൽപ്പെടുന്ന സിനിമയിൽ 'സ്കൂൾഡയറി' യുടെ ശ്രദ്ധേയയായ ഭാമ അരുൺ 'അങ്കമാലി ഡയറീസിലൂടെ ശ്രദ്ധേയനായ വിഷ്ണു രഘുവും, അജയ് സുരേന്ദ്രനും പ്രധാന വേഷത്തിൽ എത്തുന്നു. കൂടാതെ ജോളി ഈശോ, ജംയിസ് തുടങ്ങിയവരും വേഷമിടുന്നു.

ഫെബ്രുവരി ആദ്യവാരത്തോടുകൂടി പ്രദർശനത്തിനെത്തുന്ന 'ബാൽകണി'യിലെ ക്യാമറ അജയ്.പി.പോൾ, സംഗീതം നിഖിൽ പ്രഭ, എഡി റ്റിംങ്ങ് ഹുസൈൻ അബ്ദുൾ ഷുക്കൂർ പ്രൊഡക്ഷൻ കൺട്രോളർ വിഷ്ണുശർമ്മ.

എന്നീ ചിത്രങ്ങളിലൂടെ കമ്പോളസംസ്കാ രത്തിന്റെ മൂല്യച്യുതികൾ ക്കെതിരെ ശക്ത മായ പ്രതിരോധങ്ങൾ സൃഷ്ടിച്ചുകൊണ്ട് പുതിയൊരു ചലച്ചിത്രസംസ്കാരത്തെ ത്തന്നെ ഒരുക്കിയെടുത്തു. നെയ്ത്തുകാര നിൽ നിന്നും പുലിജൻമത്തിലെത്തുമ്പോൾ പുലിമറഞ്ഞ തൊണ്ടച്ചൻ എന്ന പുരാവൃ ത്ത ത്തെ മുൻനിറുത്തി വർത്തമാനകാല കേരളത്തിന്റെ അപകടകരമായ സാം സ്ക്കാരികാവസ്ഥകളെ അവതരിപ്പിക്കു ന്നുണ്ട് പ്രിയനന്ദൻ. ജാതി-മത-വർഗ്ഗ ബിംബചിഹ്നസൂചനകൾ സാമാന്യ മനുഷ്യ ജീവിതത്തെ പുതിയൊരു രാഷ്ട്രീയ ത്തിന്റെ അവസ്ഥകളിലേയ്ക്കു പരിവർത്തി പ്പിക്കുന്നതിനെ പ്രതിരോധിക്കുവാൻ പുരോ ഗമന പ്രസ്ഥാനങ്ങൾക്കു കഴിയാതെ പോകുന്നതിനെ അവതരിപ്പിച്ച ആശങ്കാകു ലമായ കാഴ്ചപ്പാടിന്റെ മറ്റൊരു തുടർച്ച യാണ് ഭക്തജനങ്ങളുടെ ശ്രദ്ധയ്ക്ക് എന്ന സിനിമയി ലുള്ളത്. ആൾ ദൈവ പ്രസ്ഥാനങ്ങൾ സാമ്പത്തിക വിപണിയെ ഭദ്രമാക്കിക്കൊണ്ട് നവഹൈന്ദവവരേണ്യ ബോധത്തിന്റെ കുത്തക പ്രചാരകരായി മാറിക്കൊണ്ട് സാമാന്യ മലയാളിയുടെ ദൗർബല്യങ്ങളെ മുതലെ ടുക്കുന്നതിനെ പരിഹാസപൂർവ്വം ഭക്തജനങ്ങളിൽ പ്രിയനന്ദൻ ആവിഷ്ക്കരിച്ചിരിക്കുന്നു. വൻമുതൽമു ടക്ക് ആവശ്യമായിട്ടുള്ള ചലച്ചിത്ര മേഖലയിൽ ജന പ്രിയതയുടെ മസാലക്കൂട്ടിനെ സദാസമയവും പ്രതീ ക്ഷിക്കുന്ന പ്രേക്ഷകന്റെ സാമാന്യ ധാരണകളോട്, പൊതുബോധങ്ങളോട് സമരസപ്പെടാത്ത ചലച്ചിത്ര കാരനായ പ്രിയനന്ദനൻ ഓരോ ചിത്രത്തിലും 'പുതി യതായി എന്തെങ്കിലും കമ്യൂണിക്കേറ്റ്' ചെയ്യുവാൻ ശ്രമിക്കാറുണ്ട്. തട്ടുപൊളിപ്പൻ ചിത്രങ്ങൾ കണ്ടു ശീലിച്ച സാമാന്യ പ്രേക്ഷകന് ഞാൻ നിന്നോടു കൂടെ യുണ്ട് എന്നചിത്രം കേവലം നാടകീയതയുടെ ദൃശ്യ വ്യാഖ്യാനങ്ങൾ മാത്രമായി മാറുന്നതിൽ വലിയ അത്ഭുതമൊന്നും തന്നെയില്ല.

*തുടരും..*

*ഫോ: 9645600692/9605421086*

● ലേഖനം ●



കാരൂർ സോമൻ



# വിശ്വവിജ്ഞാന സർവ്വകലാശാല കേംബ്രിഡ്ജ്

ആകാശത്തുനിന്ന് പ്രസരിക്കുന്ന പ്രകാശകിരണങ്ങൾപോലെയാണ് ലോകമെമ്പാടുമുള്ള വിശ്വോത്തര സർവകലാശാലകൾ. നൂറ്റാണ്ടുകളായി അത്ഭുതകരമായ നേട്ടങ്ങൾ കൈവരിച്ചുകൊണ്ടിരിക്കുന്ന കേംബ്രിഡ്ജ് സർവ്വകലാശാലയിലേക്ക് ലണ്ടനിലെ കിംഗ് ക്രോസ് റയിൽവേസ്റ്റേഷനിൽനിന്ന് ഒന്നര മണിക്കൂർ യാത്ര ചെയ്ത് അവിടെയെത്തി. തണൽ വിരിച്ചു നിൽക്കുന്ന മരങ്ങളുടെയും വർണ്ണവൈവിധ്യമാർന്ന പൂക്കളുടെയും മധ്യത്തിൽ നില്ക്കുന്ന വടവൃക്ഷമാണ് കേംബ്രിഡ്ജ്. ആ വൃക്ഷത്തിന്റെ കൊമ്പുകളിലും, ചില്ലകളിലും, പൊത്തുകളിലും, ഇലകളിലും, വിവിധ ദേശങ്ങളിൽനിന്നു വരുന്ന പക്ഷികൾ കൂടുകെട്ടുന്നതുപോലെയാണ് വിവിധ ദേശങ്ങളിൽനിന്നുവരുന്ന സമർത്ഥരായ കുട്ടികൾ കേംബ്രിഡ്ജ് എന്ന വിശ്വവിജ്ഞാന വടവൃക്ഷത്തിൽ കൂടുകെട്ടുന്നത്. ഈ വൃക്ഷത്തിന്റെ തളിരിലപടർപ്പുകളിൽനിന്ന് മധുരം നിറഞ്ഞ ഫലങ്ങൾ ഭക്ഷിച്ച് അവർ മടങ്ങുന്നു.

ഇന്നും ഇവിടെ പഠിക്കുന്ന കുട്ടികൾ ചെറിയ ജോലികൾ ചെയ്താണ് അവരുടെ പഠനചെലവുകൾ നടത്തുന്നത്. അവർ മാതാപിതാക്കളെ ബുദ്ധിമുട്ടിക്കാറില്ല. ചെറുപ്പം മുതൽ ഇവിടുത്തെ കുട്ടികൾ അദ്ധ്വാനത്തിൽ കൂടിയാണ് വളരുന്നത്. അതിനാൽ അവരിൽ ആരോഗ്യവും, ശക്തിയും ബുദ്ധിയും വളർന്നുകൊണ്ടിരിക്കുന്നു. എന്റെ മുന്നിലേക്ക് ആദ്യം ചിറകടിച്ചെത്തിയത് ഇന്ത്യയുടെ അഭിമാനമായ നമ്മുടെ അയൽക്കാരൻ കോയമ്പത്തൂരിലെ ഈറോഡിൽ 1887 ഡിസംബർ 22ന് ജനിച്ച് 1920 ഏപ്രിൽ 20ന് അന്തരിച്ച ലോക

പ്രശസ്ത ഗണിത ശാസ്ത്രജ്ഞനും കണക്കിന്റെ മാന്ത്രികനുമായിരുന്ന ശ്രീനിവാസ രാമാനുജനാണ്. ഇതുപോലുള്ള വിദ്യാകേന്ദ്രങ്ങളിൽ നിന്ന് പഠിച്ചുവന്നവരെല്ലാം സമൂഹത്തിന് ക്രിയാത്മകമായി ആശയങ്ങൾ നല്കിയവരും ജീവിതപുരോഗതിക്ക് പ്രൗഢസുന്ദരമായ ചൈതന്യം നല്കിയവരുമാണ്. വിശ്വമെങ്ങും നിറഞ്ഞു നിൽക്കാൻ രാമാനുജന് ഗുണമായതും ജ്ഞാനാനന്തമായ ഈ ചൈതന്യമാണ്. വികസിത രാജ്യങ്ങളിലെ സർവ്വകലാശാലകളിൽ പഠിച്ചിറങ്ങുന്നവരെ ശ്രദ്ധിച്ചാൽ ചില സത്യങ്ങൾ മനസ്സിലാക്കാം. മതത്തെക്കാൾ മനുഷ്യരെ സ്നേഹിക്കുന്നു. ആരോടും പുഞ്ചിരികൊണ്ട് വിനയത്തോടെ സംസാരിക്കുന്നു. സൃഷ്ടിപരമായ ആശയങ്ങളെ പ്രോത്സാഹിപ്പിക്കുന്നു. അക്രമത്തെ വെറുക്കുന്നു. സ്നേഹവും സമാധാനവും നിലനിർത്തുന്നു. മാത്രവുമല്ല നമ്മുടെ ശീലങ്ങളും മാറും. അതിനുദാഹരണമാണ് രാമാനുജൻ. ദാരിദ്യത്തിലും പട്ടിണിയിലും പഠിച്ചു വളർന്ന രാമാനുജൻ ഒരിക്കലും മദ്രാസിൽവച്ച് അടുക്കളയിൽ കയറി ഭക്ഷണം പാകം ചെയ്തിട്ടില്ല. ഇംഗ്ലണ്ടിൽ വന്നപ്പോൾ സ്വന്തമായി പാചകം ചെയ്തു ഭക്ഷിക്കാൻ തുടങ്ങി. ഇൻഡ്യയിലെ പുരുഷമേധാവിത്വം അവരെ അടുക്കളയിൽ കയറ്റുന്നില്ല. ഇവിടെ സ്ത്രീയും പുരുഷനും തുല്യമാണ്. ഇവിടെനിന്ന് പഠിച്ച് പുറത്തിറങ്ങിയ ജവഹർലാൽ നെഹ്രു, റ്റാറ്റയുടെ സ്ഥാപകൻ ഡോറാബ്ജി റ്റാറ്റാ, ഇംഗ്ലീഷ് നോവലിസ്റ്റ് അഹമ്മദ് സൽമാൻ റുഷ്ദി, മൻമോഹൻസിംഗ് തുടങ്ങി എത്രയോ മഹത് വ്യക്തികൾക്ക് ഇവിടുത്തെ വിദ്യാഭ്യാസം കരുത്തു പകർന്നു. സാമൂഹികനീതിക്കും വളർച്ചയ്ക്കുമായി ഇൻഡ്യയിൽ അവരുടെ വിലപ്പെട്ട ഇടപെടലുകൾ നാം കണ്ടതാണ്.

വിദ്യാഭ്യാസം ഒരു പൗരന്റെ അവകാശമായതുകൊണ്ടാണ് ഇവിടുത്തെ കുട്ടികൾ പതിനെട്ടു വയസ്സുവരെ യാതൊരു ആശങ്കകളും ചിലവുകളും കൂടാതെ പഠിക്കുന്നത് എല്ലാം സർക്കാരിന്റെ ചുമലിലാണ്. നമ്മുടെ നാട്ടിൽ സമർത്ഥനായ ഒരു കുട്ടിക്ക് സാമ്പത്തികമില്ലാതെ തുടർപഠനം നടത്തുവാൻ ഭാരപ്പെടുമ്പോൾ ഇവിടുത്തെ സമ്പത്തില്ലാത്ത കുട്ടികൾക്ക് ബിരുദമല്ല ബിരുദാനന്തര പഠനങ്ങൾക്ക് എത്ര തുകവേണമെങ്കിലും ബാങ്കുകൾ നല്കും. ആ പണം മടക്കികൊടുക്കുന്നതാകട്ടെ തൊഴിൽ ലഭിച്ച് എല്ലാ മാസവും ലഭിക്കുന്ന ശമ്പളത്തിൽ നിന്ന് തുച്ഛമായ തുക ഈടാക്കിയാണ്. ഇവിടെ പാഠ്യവിഷയങ്ങൾ തെരഞ്ഞെടുക്കുന്നത് കുട്ടികളുടെ ആഗ്രഹവും അഭിരുചിയുമനുസരിച്ചാണ്. അവർ തെരഞ്ഞെടുക്കുന്ന വിഷയങ്ങളിൽ അവരെ അറിവിന്റെ വിശാലമായ ലോകത്തേയ്ക്ക് നയിക്കുന്നത് ഉന്നത വിദ്യാഭ്യാസമുള്ള അധ്യാപകരാണ്. ആദ്യമായി ഒരു കുട്ടി ക്ലാസ്സിൽ വരുമ്പോൾ അവനെ പഠിപ്പിക്കുന്നത് സ്വന്തം മുറി ശുദ്ധി ചെയ്യാനാണ്. അതിനുശേഷം മാത്രമാണ് അവനെ ചിത്രം വരപ്പിക്കുന്നതും അക്ഷരങ്ങൾ പഠിപ്പിക്കുന്നതും. അവനെ ആദ്യം പഠിപ്പിക്കുന്ന ആ ശുചിത്വബോധം തുടർന്നുള്ള ക്ലാസ്സുകളിലും ലഭിക്കുന്നു. അതിനാൽ വീടും പരിസരങ്ങളും നാടും നഗരവും അവൻ മലിനമാക്കുന്നില്ല. ഇങ്ങനെ എല്ലാ വിഷയങ്ങളിലും ആവശ്യമുള്ള അവബോധമുള്ളതിനാൽ അവർ നാടിന്റെ സമ്പത്തും ഒരു പരിഷ്കൃത സമൂഹത്തിലെ അംഗവുമാകുന്നു.




ശ്രീനിവാസ രാമാനുജൻ



ജവഹർലാൽ നെഹ്റു



സൽമാൻ റുഷ്ദി



മൻമോഹൻസിംഗ്



ഹെൻട്രി



ഐസക്ക് ന്യൂട്ടൺ

1209-ൽ സ്ഥാപിക്കപ്പെട്ട ഇംഗ്ലണ്ടിലെ കേംബ്രിഡ്ജ് യൂണിവേഴ്സിറ്റിയുടെ പൗരാണിക സ്വഭാവം ആരെയും ആശ്ചര്യപ്പെടുത്തുന്നതാണ്. ഈ യൂണിവേഴ്സിറ്റിയുടെ ചുറ്റിനുമുള്ള ഓരോ ദൃശ്യങ്ങളും നയനാനന്ദകരമാണ്. മധുരനാദം പൊഴിച്ചുകൊണ്ടൊഴുകുന്ന കാം നദിയും അതിലൂടെ വള്ളം തുഴഞ്ഞു പോകുന്ന വിദ്യാർത്ഥികളും, അരയന്നങ്ങളും മുളച്ചുപൊന്തിനിൽക്കുന്ന പച്ചപ്പുകളും മരങ്ങളും യൂണിവേഴ്സിറ്റിയുടെ സൗന്ദര്യപൊലിമ വർദ്ധിപ്പിക്കുന്നു. വള്ളത്തിലിരുന്നു ഒരാൾ വയലിൻ അതിമനോഹരമായി വായി




ക്കുന്നു. അടുത്തുകൂടി വള്ളത്തിൽ പോകുന്ന സുന്ദരിമാരുടെ മിഴികൾ സംഗീതത്തിൽ ലയിച്ചു. എങ്ങും കുളിർമ പരന്നു നിന്നു. ആ വള്ളം കണ്ണിൽ നിന്നും മറയുന്നതുവരെ ഞാനവിടെ നിന്നു. ഫിസിക്സ്, കെമിസ്ട്രി, മെഡിസിൻ, ലിറ്ററേച്ചർ, സമാധാനം തുടങ്ങിയ മേഖലകളിൽ എത്രയെത്ര നോബൽ പുരസ്കാരങ്ങളാണ് ഈ സ്ഥാപനം നേടിയത്. ഇത് ജന്മമെടുക്കാനുണ്ടായ കാരണം ഓക്സ്ഫോർഡ് യൂണിവേഴ്സിറ്റിയിലെ പ്രമുഖ പണ്ഡിതന്മാരും ലോക്കൽ ഭരണകൂടവും തമ്മിലുള്ള കിടമത്സരമാണ്. അറിവുണ്ടെന്നു നടിക്കുന്നവരോടു ഏറ്റുമുട്ടാൻ ഈ പണ്ഡിതർ തയ്യാറായത് പുതിയൊരു യൂണിക് അവർ തയ്യാറെടുത്തു. അതിനു രാജാവായിരുന്ന ഹെൻട്രി മൂന്നാമൻ കൂട്ടുനിന്നു. ഇവിടെ ലോകത്ത് ആദ്യമായി പാവപ്പെട്ട കുട്ടികൾക്കും പഠിക്കാൻ അവസരമൊരുക്കി. അത് വിദ്യയ്ക്ക് ലഭിച്ച വലിയൊരു അംഗീകാരവും സ്വാതന്ത്ര്യവുമായിരുന്നു. പഠിക്കാൻ നിവർത്തിയില്ലാത്ത പാവപ്പെട്ടവന് ധാർമ്മിക നീതി ലഭിക്കണം. സമത്വം വേണം. വിദ്യയ്ക്ക് വലിയവനോ ചെറിയവനോ എന്നില്ല അതായിരുന്നു അവരുടെ നിലപാട്. പണം എങ്ങനെ കണ്ടെത്തും അതായി പിന്നീടുള്ള പ്രശ്നം. അതിനവർ കണ്ടെത്തിയ മാർഗ്ഗം പണമില്ലാത്തവർ കോളേജിൽ ചെറിയ ജോലികൾ ചെയ്യണം. അതിലൂടെ സാമ്പത്തിക നേട്ടം ലഭിക്കും. കേംബ്രിഡ്ജിലും അവിടുത്തെ ട്രിനിറ്റികോളേജിലും കുട്ടികൾ മേശകൾ, കസേരകൾ, ഇരിക്കുന്ന മുറികൾ, ലൈബ്രറി പുസ്തകങ്ങൾ വരാന്തകൾ അങ്ങനെ എല്ലായിടത്തും ശുദ്ധീകരണ പ്രവർത്തനങ്ങൾ ചെയ്തു പണം നേടി. അതിനുള്ളിലെ റസ്റ്റോറന്റുകളിൽ പാത്രങ്ങൾ കഴുകാനും, കോഫി ഉണ്ടാക്കാനും അത് തീന്മേശയിൽ കൊടുക്കാനും, മേശകൾ തുടച്ചു വൃത്തിയാക്കാനും കുട്ടികൾ മുന്നോട്ടു വന്നു. ആ കൂട്ടത്തിൽ ആധുനിക ശാസ്ത്രത്തിനു അസ്ഥിവാരമിട്ട സർ ഐസക്ക് ന്യൂട്ടനും വരും. അദ്ദേഹത്തിനു ലഭിച്ചത് ആയിരമായിരം പുസ്തകങ്ങൾ ഉള്ള ലൈബ്രറിയായിരുന്നു. ക്രിസ്തുമസ് ദിനമായ ഡിസംബർ 25ന് 1642ൽ ജനിച്ച ഐസക് 1661ലാണ് ഇവിടെ എത്തുന്നത്. സമ്പന്നമല്ലാത്ത ഒരു കർഷക കുടുംബത്തിലാണ് അദ്ദേഹം ജനിച്ചത്.

ഇൻഡ്യ ശാസ്ത്രം, കണക്ക്, ഐ.റ്റി മേഖലകളിൽ മുന്നേറുന്നുവെങ്കിലും പാശ്ചാത്യ രാജ്യത്തു ലഭിക്കുന്ന ശാസ്ത്ര - സാങ്കേതിക- പരീക്ഷണ- നിരീക്ഷണ - ഗവേഷണ രംഗങ്ങളിൽ വിജ്ഞാനോല്പാദനത്തിനുള്ള



കേംബ്രിഡ്ജ് സർവ്വകലാശാലയുടെ മുൻപിൽ ലേഖകൻ





പരീക്ഷണശാലകളോ, ലൈബ്രറികളോ എടുത്തു പറയത്തക്കതായി ഇല്ല. പേരിന് വേണ്ടി എല്ലാമുണ്ട്. രാമാനുജനെ വളർത്തി വലുതാക്കിയത് കേംബ്രിഡ്ജിലെ ബൃഹത്തായ ലോകോത്തര പുസ്തകശേഖരമാണ്. ഏതു വിഷയവും ആധികാരികമായി പഠിക്കാൻ അവിടെ പുസ്തകങ്ങളും വായനാമുറികളുമുണ്ട്. അനേകായിരം ശിഷ്യഗണങ്ങളെ അറിവുള്ളവരാക്കിയ ആ ജ്ഞാനഭണ്ഡാരത്തെ ഞാനും താണുവണങ്ങി നോക്കി നിന്നു. ഇൻഡ്യയിലേതുപോലെ ഇവിടുത്തെ കുട്ടികൾ പഠിക്കുന്നത് കാണാപാഠങ്ങളോ, ചുമലിൽപേറി നടക്കുന്ന പുസ്തകങ്ങളോ അല്ല. അതിലുപരി പഠിക്കുന്ന പുസ്തകങ്ങളിലെ അന്വേഷണ-നിരീക്ഷണ- ഗവേഷണ കണ്ടെത്തലുകളാണ്. അവർ അറിവിന്റെ ആത്മാവിനെ തേടിയാണ് സഞ്ചരിക്കുന്നത്. അല്ലാതെ മത-രാഷ്ട്രീയത്തിന്റെ ആത്മാവിനെ തേടിയല്ല. മതങ്ങളെ മറയാക്കുന്ന അധികാരികൾക്കോ രാജ്യങ്ങൾക്കോ അല്ലെങ്കിൽ ജ്ഞാനം വിപണിയിൽ വിറ്റ് കാശുണ്ടാക്കുന്നവർക്കോ വളരാൻ സാധിക്കില്ല. അവിടെ വളരുന്നത് വടവൃക്ഷമെന്ന വിദ്യയല്ല മറിച്ച് കുറ്റിച്ചെടികളായ വിദ്യാഭ്യാസമാണ്.

● *karoorsoman@yahoo.com*





അദ്ധ്യായം 7

● മാത്യു കെ. മാത്യു

# കാറ്റു പറഞ്ഞ കഥ

*കാറ്റ് അതിന് ഇഷ്ടമുള്ള വഴിയെ അടിക്കുന്നു. അപ്പോൾ ജലപ്പരപ്പിൽ ഞൊറികൾ വിരിഞ്ഞതുപോലെ ആയിരം അലകൾ ഇളകി. അകലെ എവിടെയോനിന്ന് ഓടിയെത്തിയ ഒരിളം കാറ്റ്, എന്റെ മുടിയിഴകളെ പറപ്പിച്ചു. നേർത്ത ജലകണങ്ങളുടെ നനവുള്ള അദൃശ്യകരങ്ങൾ, എന്നെ ആശ്ലേഷിക്കുന്നു. എന്റെ ചെവിയിൽ ആരോ മന്ത്രിക്കുന്നു. ഞാൻ കേൾക്കുന്നു. ഞാൻ കേൾക്കുന്നു.*

സീതപ്പെണ്ണ് അള്ളാപ്പാറയുടെ മുകളിലേക്ക് കയറി. പരീക്കപ്പീടികയുടെ സീനായ്മലയാണ് അള്ളാപ്പാറ. അവിടെ ദൈവം ഇറങ്ങിവരുമെന്ന് അവിടെപ്പോയപ്പോഴൊക്കെ അവൾ ഓർത്തു. അള്ളാപ്പാറയിൽ നിന്നും ഒരു ഗോവണി മുകളിലേക്കു വച്ചാൽ ആദ്യത്തെ ആകാശത്തെത്താം. അവിടെ നിന്നും നടന്ന്. ഒന്നാം ആകാശം കടന്ന്/രണ്ടാം ആകാശം കടന്ന്/ മൂന്നാം ആകാശം കടന്ന്/ നാലാം ആകാശം കടന്ന്/ അഞ്ചാം ആകാശം കടന്ന്/ആറാം ആകാശം കടന്ന്/ഏഴാം ആകാശം കടന്ന്/അമ്മയുടെ അടുത്തെത്താം.

അവൾ അള്ളാപ്പാറയിൽ ഇരുന്നു. ചുട്ടു പഴുത്ത അള്ളാപ്പാറ തണുക്കാൻ തുടങ്ങിയിരുന്നു. പാറയുടെ ചൂട് അവളുടെ ചന്തിയിലൂടെ മുകളിലേക്കു അരിച്ചു കയറി. സുഖമുള്ള ഒരിളം ചൂട്. മരങ്ങൾക്കപ്പുറത്തെ ചക്രവാളം അവളുടെ അരികിലാണെന്നു തോന്നി. തെളിഞ്ഞ ആകാശത്ത് തൊണ്ടിപ്പഴം പോലെ കടും ചുവപ്പിലൊരു ചെമ്പഴം. അവൾ ചോദിച്ചു: "നിന്നെ ഞാൻ തിന്നോട്ടെ. തോണ്ടിത്തോണ്ടി മതിയാകുവോളം"

അള്ളാപ്പാറയിൽ നിന്നും ഉയർന്നു വന്ന ഒരു ചൂടുകാറ്റ്, അവളുടെ കാതിൽ പറഞ്ഞു: നിന്നെപ്പോലെ തന്നെ പണ്ടീ മണ്ടത്തരം പറഞ്ഞ ഒരാളുണ്ട്. ഞങ്ങളുടെ ജ്യേഷ്ഠൻ, വായു പുത്രൻ, ഹനുമാൻ. അച്ഛന്റെ വേഗത വരദാനമായി കിട്ടിയ ജ്യേഷ്ഠൻ. വയറൻ. ജനിച്ചയുടനെ ഭക്ഷിക്കാനുള്ള ഫലമെന്നു കരുതി, സൂര്യന്റെ അടുത്തേക്കു നീങ്ങി. സൂര്യനടുത്തെത്തുന്നതിനു മുമ്പ്, അതിലെ വന്ന ദേവേന്ദ്രന്റെ ആന, ഐരാവതത്തിന്റെ രത്നങ്ങൾ, ഭോഷൻ, പഴമെന്നു കരുതി തിന്നാനായി അങ്ങോട്ടു പോയി. ദേവേന്ദ്രൻ വജ്രായുധമെടുത്ത് ഒരേറ്. താടിക്കു പരിക്കു പറ്റി തീറ്റ ഒഴിവാക്കി. പക്ഷേ മകന്റെ താടിയുടെ പരിക്കു കണ്ട, വായു ഭഗവാൻ മകനേയും കൊണ്ട് പാതാളത്തിൽ പോയി ഒളിച്ചിരുന്നു. ഭൂമിയിൽ വായു, പ്രാണവായു പോലും ഇല്ലാതായി.

വെള്ളം ഒഴുകിയില്ല./ഇലകൾ അനങ്ങിയില്ല. /പഴങ്ങൾ പൊഴിഞ്ഞില്ല. /നിലച്ച ഒച്ചകൾ./അറ്റുപോയ വാക്കുകൾ. പിന്നെ അതെങ്ങനെ പരിഹരിക്കപ്പെട്ടു എന്ന് കാറ്റ് പറഞ്ഞില്ല. അവൾ ചോദിച്ചുമില്ല. ഞങ്ങളും ഇടയ്ക്കിടെ പാതാളത്തിൽപ്പോകും. അപ്പോഴാണ് ഭൂമിയിൽ ഉഷ്ണമുണ്ടാകുന്നത്. എന്ന് പറഞ്ഞ് കാറ്റ് അള്ളാപ്പാറയുടെ പാർശ്വത്തിലൂടെ താഴേക്കിറങ്ങിപ്പോയി.

ഛേ.! ഇലകൾക്കിടയിലൂടെ പടിഞ്ഞാറൻ ചക്രവാളത്തിലേക്കു നോക്കിയിട്ടവൾ പറഞ്ഞു: "കഥ കേൾക്കാൻ പോയതുകൊണ്ട്, ആകാശത്തെ തൊണ്ടിപ്പഴം കാക്കകൊത്തി കടലിലിട്ടല്ലോ. തിന്നാനും പറ്റിയില്ല, കാണാനും പറ്റിയില്ല. കാറ്റുപോയ വഴിയിലൂടെ അവളും അള്ളാപ്പാറയുടെ പാർശ്വത്തിലൂടെ താഴേക്കിറങ്ങി.

കണ്ണാടി ഒരു മാന്ത്രികനാണ്.കണ്ണാടി കണ്ടുപിടിച്ച ആൾ, അതിലും വലിയ മാന്ത്രികനാണ്. കണ്ണാടി കണ്ടുപിടിച്ച ആളെ കണ്ടുപിടിച്ച ആൾ, അതിലും, അതിലും വലിയ മാന്ത്രികനാണ്.കണ്ണാടി കണ്ടുപിടിച്ച ആളെ, കണ്ടുപിടിച്ച ആളെ, കണ്ടുപിടിച്ച ആൾ അതിലും അതിലും അതിലും വലിയ മാന്ത്രികനാണ്. കണ്ണാടി കണ്ടുപിടിച്ച ആളെ, കണ്ടുപിടിച്ച ആളെ, കണ്ടുപിടിച്ച ആളെ, കണ്ടുപിടിച്ച ആൾ അതിലും അതിലും അതിലും അതിലും വലിയ മാന്ത്രികനാണ്. സീത ഒരു മുറിക്കണ്ണാടിയിലേക്കു നോക്കി അന്തം വിട്ടു നിന്നു. കണ്ണാടി കണ്ടുപിടിച്ച, കണ്ടുപിടിച്ച, കണ്ടുപിടിച്ച, കണ്ടുപിടിച്ച, കണ്ടുപിടിച്ച....കാക്കത്തൊള്ളായിരം പ്രാവശ്യങ്ങൾക്കപ്പുറത്തുള്ള, കണ്ടുപിടിച്ച ആൾ, അതിലും അതിലും അതിലും അതിലും അതിലും .... മണ്ണിത്തൊള്ളായിരം പ്രാവശ്യങ്ങൾക്കപ്പുറത്തുള്ള, അതിലും വലിയ മാന്ത്രികനെ, ഒന്നു കണ്ടിരുന്നെങ്കിൽ ചോദിക്കാമായിരുന്നു. സീതയെ ഇത്തിരികൂടി സുന്ദരിയാക്കാൻ മേലാഞ്ഞോന്നു.പിന്നെ അവൾ മുറിക്കണ്ണാടി മാറ്റിവച്ചിട്ടു പറഞ്ഞു:ഏയ്, സീത സുന്ദരിയാ....

ഈ പൊട്ടകണ്ണാടി...കണ്ണാടി മാറ്റിവച്ചിട്ടവൾ ഒന്നു ചിരിച്ചു. സീത സുന്ദരിയാ....സുനിതേടെ കയ്യീ വല്ല്യ കണ്ണാടി

കാണുമായിരിക്കും. അതൊന്നു മേടിച്ചോണ്ടു വന്നിട്ട്, ഇതൊക്കെയൊന്നഴിച്ചിട്ട്, എന്നെ ഒന്നു കാണണം. ഈ നോവലുകളിലൊക്കെ പറയുന്ന സുന്ദരിമാരെ പോലാണോന്നറിയണം. ഇല്ലേലാ വലിയ മാന്ത്രികനോടു നാലു നല്ലതു പറയണം. അത്രത്തോളമെത്തിയപ്പോഴാണ് അവൾ ഓർത്ത ത് ഓ...! സുനിതേടെ കണ്ണാടി ....സുനിതേടെ കണ്ണാടി സുനിതയെപ്പോലുള്ളോർക്കല്ലേ. അതില് എന്നെപ്പോലുള്ളോര്....സുനിത സുന്ദരിയല്ലേ... നല്ല സുന്ദരിപ്പെണ്ണ്. സീതയും സുന്ദരിയാ... എന്നാലും.!ആ "എന്നാലും" അവൾക്ക് ഉൾക്കൊള്ളാനാകുന്നതായിരുന്നില്ല. ഒത്തിരിയൊത്തിരി നിർബന്ധിച്ചിട്ടും മനസ്സൊരു പൊരുത്തപ്പെടലിനു തയ്യാറായില്ല.

അവൾ ഉമ്മറത്തെ അരമതിലിൽ കാലാട്ടി ദൂരേക്ക് നോക്കിയിരുന്നു. മനസ്സപ്പോൾ ഒരു താരതമ്യപഠനത്തിലായിരുന്നു.

മാർക്കിടീൽ കഴിഞ്ഞപ്പോൾ സീത ഓർത്തു ഇതു വേണ്ടായിരുന്നു. ഇതിപ്പോൾ ആമ മുയൽ ഓട്ടം പോലെ ആയല്ലോ. മാർക്കിടുന്നതു വരെ സുനിത ആമയും ഞാൻ മുയലുമായിരുന്നു. ഇപ്പോൾ സുനിത ജയിച്ചു. അപ്പോഴാണവൾ ഓർത്തത്:

പേരെന്താ

എന്റെ പേര് സീത.


അതല്ല.

ഓ.... അതുശരി. അവളുടെ പേരാണല്ലേ

സുനിതാ ജനാർദ്ദനൻ

അപ്പോൾ അവൾക്കൊരു കാര്യം മനസ്സിലായി സുനിതയുടെ മുന്നിൽ സീത ആരുമല്ല.

ആ സാറ്....? പെട്ടെന്നവൾ തന്നെത്തന്നെ കുറ്റപ്പെടുത്തി: ഓ.! ബുദ്ധിമതിയാണ്. നോക്കീം കണ്ടും ചെയ്യാനറിയാം. പക്ഷേ, ആ സാറിന്റെ പേരുപോലും ഒന്നു ചോദിക്കാൻ...അല്ല... ആരായാലെനിക്കെന്താ. പക്ഷേ,അങ്ങേരുടെ ആ നോട്ടം....പഴുത്തുകിടക്കുന്ന കിളിച്ചുണ്ടൻ മാമ്പഴത്തിനു ചുറ്റും ഒന്നു കൊത്തി നോക്കാനാകാതെ കിളികൾ പറക്കുന്നതു പോലെ. അതു വേണ്ടാത്ത നോട്ടമായിരുന്നോ? അല്ല. വേറേ



വല്ലോത്തിനും വേണ്ടിയുള്ള നോട്ടമായിരുന്നോ. ഏയ്... അതല്ല. ആ നോട്ടത്തിനൊരു.... എന്താ പറയുക. ഓ.... ഈ എഴുത്തുകാരൊക്കെ പറയുന്ന പോലെ ഒരു വിശുദ്ധിയുണ്ടായിരുന്നു.

ഒരു നല്ല പ്രയോഗം മനസ്സിൽ തെളിഞ്ഞുവന്ന സന്തോഷത്തിൽ അവൾ പറഞ്ഞു: മുൾപ്പടർപ്പിനെ എരിയിക്കാതെ നിന്നു കത്തുന്ന അഗ്നിപോലെ. പൂവിനെ നോവിക്കാതെ തേൻ കുടിക്കുന്ന ശലഭം പോലെ. തളിരിലയെ തല്ലിത്താഴെയിടാതെ തൊട്ടു തലോടിപ്പോകുന്ന കുളിർ തെന്നൽ പോലെ.

പക്ഷേ, എങ്ങനെയായാലും, എങ്ങനെയൊക്കെയായാലും, എന്തായാലും, എന്തൊക്കെയായാലും, എന്നാത്തിനായാലും, എന്നാത്തിനൊക്കെയായാലും അയാളെന്തിനാ നോക്ക്യേ? അയാൾക്ക് ഭാര്യയും മക്കളുമൊക്കെയില്ലേ? സുനിതയോളം, സുനിതയെക്കാളും പ്രായമുള്ള മക്കളുകാണ്യേലേ? എന്തിനാണയാൾ സുനിതയെ അങ്ങനെ നോക്ക്യേ? എന്തിനാണയാൾ പേരു ചോദിച്ചത്? ഓ...! ഒരു പേരിലെന്തിരിക്കുന്നു. പെട്ടെന്നാണവൾക്ക് കുറ്റബോധം തോന്നിയത്. പക്ഷേ അയാൾ അഡ്രസ്സ് ചോദിച്ചില്ലല്ലോ..ഞനെന്തിനാ അതു പറഞ്ഞത്.

പെട്ടെന്നവൾ തിരുത്തി:ഞാനല്ലല്ലോ പറഞ്ഞത്. ആരോ എന്നെക്കൊണ്ട്... സത്യമായും. ആരോ എന്നെക്കൊണ്ട്...

അപ്പോൾ അവളുടെ ചോദ്യങ്ങളെല്ലാം ഒരൊറ്റ ചോദ്യമായി. എന്തായിങ്ങനെ.... ജീവിതത്തിൽ ഓർത്തുകൊണ്ടിരിക്കാൻ ഒരാളുണ്ടാവുക ഞാൻ ഓർത്തുകൊണ്ടിരിക്കുകയായിരുന്നു എന്നു പറഞ്ഞു കേൾക്കാൻ ഒരാളുണ്ടാകുക എനിക്കൊരാളുണ്ടെന്ന ഓർമ്മയിൽ ഓർത്തു കൊണ്ടിരിക്കാൻ ഒരാളുണ്ടാവുക. ഓർത്തോർത്ത് ഇന്നലെയും നാളെയും ഇന്നും ഇന്നും ഇന്നലെയും നാളെയും നാളെയും ഇന്നും ഇന്നലെയും ഒരു കേന്ദ്രബിന്ദുവിലാവുക. സുനിതയ്ക്ക് ആരുമുണ്ടായിരുന്നില്ല. അമ്മ കാറ്റുനക്കികൊണ്ടുപോയ ഒരോർമ. അച്ഛൻ ജീവനുള്ള വെറുമൊരോർമ. ആകെയുള്ളത് ഒരു മുത്തിയമ്മ മാത്രം പ്രായമാകുമ്പോൾ കെട്ടികിടക്കുന്ന സ്നേഹം വാത്സല്യമായി ആരിലേക്കെങ്കിലും പകരേണ്ടേ. അതിനൊരാൾ. സുനിത. മുത്തിയമ്മയുടെ വാത്സല്യത്തെക്കുറിച്ച് സുനിതയ്ക്ക് അത്രയേ തോന്നിയിരുന്നുള്ളു. പിന്നെയുള്ളത് സീതയാണ്

ഒരേ പ്രായക്കാർ. അമ്മയില്ലാത്തവർ. കളിക്കൂട്ടുകാരി. കരൾക്കൂട്ടുകാരി. അതൊരു വാ പോയ കോടാലി അവളുടെ വീടിന്റെ വാതിൽക്കൽ നിന്ന് ഒന്നു തുമ്മിയാൽ ഇവിടെ കേൾക്കാം. അവൾക്ക് ഒരു എഴുത്തെഴുതേണ്ട കാര്യമില്ലല്ലോ. ഞങ്ങൾക്കിടയിൽ രഹസ്യങ്ങളില്ല. അവൾ ഞാനും ഞാൻ അവളുമാണ്. അവൾ വീണ്ടുമാ എഴുത്തിലേക്കു നോക്കി

ജീവിതത്തിൽ ആദ്യത്തെതെന്തും അത്രമേൽ പ്രിയപ്പെട്ടതാകയാൽ ആ എഴുത്ത് അവൾ മെല്ലെ മുഖത്തോടു ചേർത്തു വച്ചു. പക്ഷേ. ഈ എഴുത്ത്. സുനിതയ്ക്ക് ആര് എഴുതയയ്ക്കാൻ. ആരായിരിക്കും. അവൾ വംശാവലിയുടെ നാൾ വഴികളിൽ പരതി ഒരു മുഖം പോലും ഓർമ്മയിൽ തെളിയുന്നില്ല.എങ്കിലും.അതാരായിരിക്കും. പലപ്പോഴും മനസ്സ് തട്ടീം മുട്ടീം നിൽക്കുമ്പോൾ സീത ഒരു മുട്ടുശാന്തിയായിരുന്നു. പക്ഷേ ഇതെങ്ങനെ സീതയോട്.... വേണ്ട ഇതാരോടും പറയണ്ട. ആ എഴുത്ത് ഒരു സ്വകാര്യ സ്വത്തായി അവൾ കണ്ടു ജനാർദ്ദനൻ ഉപേക്ഷിച്ചുപോയ വീടിന്റെ പിൻഭാഗത്തെ തിണ്ണയിൽ ചെന്നിരുന്ന് അവൾ എളിയിൽ തിരുകിയിരുന്ന എഴുത്തെടുത്തു പെട്ടെന്നൊരു ഭീതിയിൽ അവൾ എഴുത്തിലെ അഡ്രസ്സിലേക്ക് നോക്കി ചിലപ്പോഴൊക്കെ കണ്ണുകൾ ചതിക്കും. അവൾ ആകാശത്തിന്റെ കണ്ണുകൾ കൊണ്ട് എഴുത്ത് പരിശോധിച്ചു.

നക്ഷത്രശോഭയുള്ള അക്ഷരങ്ങൾ. വടിവൊത്ത് സുന്ദരമായ കൈപ്പട. വലത്തേക്ക് ചെരിച്ച് ഒഴുക്കുള്ള എഴുത്തുരീതി. മയിൽപ്പീലി കണ്ണുകൾ വിടർത്തി അവൾ വായിച്ചു. സുനിതാ ജനാർദ്ദനൻ. അവൾ പേരിനു മുന്നിൽ ഒരു ശരിയിട്ടു. ശരിയാണ്. മനയ്ക്കകുഴിയിൽ. ശരിയാണ്.പിന്നെ ഒരു ജലപ്രവാഹമായി കണ്ണുകൾ ബാക്കിയെല്ലാം ഒരു ഞൊടിയിടയിൽ ഒപ്പിയെടുത്തു. ശരിയാണ്. ശരിയാണ്. ശരിയാണ്. എല്ലാം ശരിയാണ്. പക്ഷേ. ആരാണ്. ആരുടേതാണ്. ആരുടേതാണ്. അവൾ എഴുത്ത് മറിച്ചും തിരിച്ചും പലവട്ടം ആവർത്തിച്ചു നോക്കി ഒരു തിട്ടവുമുണ്ടായിരുന്നില്ല. ആരായാലും ആകട്ടെ മനസ്സ് ചിലപ്പോഴൊക്കെ ഒരു അനുരഞ്ജനത്തിന് തയ്യാറാകും. അവളും അതംഗീകരിച്ചു. ആരായാലും ആകട്ടെ

നിറഞ്ഞ ഉദ്വേഗത്തിൽ അവൾ എഴുത്ത് തുറന്നു

നീ സ്നേഹിച്ചാലും ഇല്ലെങ്കിലും ഞാൻ നിന്നെ സ്നേഹിക്കുന്നു. നിനക്കായ് മാത്രം ഞാൻ ജീവിക്കുന്നു. ആയിരം നോമ്പുകൾ നോറ്റ വ്യതശുദ്ധിയോടെ.

ജോൺ സാമുവേൽ

അക്ഷരങ്ങൾ ഉതിർ മണികളായി എഴുത്തിൽ നിന്നും കൊഴിഞ്ഞു വീണു. അവശേഷിച്ചവ ഇലത്തുമ്പിലെ കാറ്റു പോലെ ഊയലാടി. എവിടെയൊക്കെയോ ഒരു നേരിയ വിറയൽ. അവളോർത്തു. കാണാത്തതു കാണും കേൽ ക്കാത്തതു കേൾക്കും അറിയാത്തതറിയും അതാണീപ്രാ യം മുത്തിയമ്മയുടെ ഉപദേശം. അതുകൊണ്ടീ ജോൺ സാമുവേൽ. ഒരു കൈക്കുമ്പിൾ വെള്ളം കൊണ്ടവൾ മനസ്സ് കഴുകി വെടിപ്പാക്കി. വെള്ളത്തോടൊപ്പം മനസ്സിൽ നിന്നും ജോൺ സാമുവേൽ ഒഴുകിപ്പോയി. എങ്കിലും. ആ എഴുത്തു മാത്രമവൾ ഒഴുക്കിക്കളഞ്ഞില്ല ജീവിതത്തിൽ പ്രിയപ്പെട്ട ഒന്ന് എങ്ങനെ. പ്രിയപ്പെട്ടതെല്ലാം ഹൃദയത്തോട് ചേർത്തു വയ്ക്കണം അവൾ എഴു ത്ത് ബ്രേസിയറിനും മുലകൾക്കുമിടയിൽ തിരുകി ഹൃദയത്തോട് ചേർത്തു വച്ചു

കാറ്റ് അരയാലിൻ കൊമ്പിലായിരുന്നു. കേൾക്കുന്നുണ്ടോ. എന്ത്. അസമയത്തെ കാ ലൻകോഴിയുടെ കൂവൽ. എന്ത്! ഞാൻ കേട്ടില്ലല്ലോ. കൊത്തിച്ചുടും വെട്ടിച്ചുടും/കൊത്തിച്ചുടും വെട്ടിച്ചുടും.അതിനർത്ഥമെന്താണ്. അ റിയില്ലേ കണ്ണുകൾ പൂട്ടി മനസ്സിന്റെ ആഴങ്ങളിലേക്കിറങ്ങുക വെളിപ്പെടുത്തലുകൾ ഉണ്ടാകും. ഇല്ലെ

ങ്കിൽ കാത്തിരിക്കുക. കാലം എല്ലാം വെളി വാക്കും

പരീക്കപ്പീടികയ്ക്കതൊരു വാർത്തയായിരുന്നു. ഏറെ നാൾ ഓർത്തിരിക്കാൻ ഒരു വാർത്ത. ഒരു വാർത്ത കൊട്ടിഘോഷിച്ച് ആഘോഷിച്ചു കഴിയുമ്പോൾ നാട് അടുത്ത വാർത്തക്കായി കാത്തിരിക്കും. അടുത്ത വാർത്തയെത്തുമ്പോൾ ആദ്യത്തെ വാർത്തയെ നിസ്സാരവത്കരിച്ച് പുതിയ വാർത്തയുടെ പിന്നാലെ പോകും. അതിന്റെ ആയുസ്സ് അടുത്ത വാർ ത്ത വരെയെ ഉള്ളു. പക്ഷേ, പുതിയ വാർ ത്ത....അതാരും പ്രതീക്ഷിച്ചിരുന്നില്ല. ഗ്രാമത്തിലെ അമ്മമാർ പെൺമക്കളോടു പറഞ്ഞു കൊടുക്കുമായിരുന്നു "സീതയെക്കണ്ടു പഠിക്ക്. എന്തൊരൊരതുക്കം. എന്തൊരു വിനയം. എന്തൊരൊച്ചടക്കം. അതിനൊക്കെയൊരു യോഗം വേണം". ആ സീതയിൽ നിന്ന്

ആദ്യത്തെ വീട്ടിൽ പത്രം ഇടുന്നതിനൊപ്പം, പത്രക്കാരനാണ് ആ വാർത്ത പറഞ്ഞത്.

അറിഞ്ഞോ...?

എന്താ...?

നിങ്ങളറിഞ്ഞില്ലേ...?

എന്താണ്...?

നിങ്ങളീ നാട്ടിലൊന്നുമല്ലേ ജീവിക്കണേ...?

എന്താ ഉണ്ടായേന്നു പറ

നമ്മടെ സീതേടെ കാര്യം

സീതേടെ എന്തു കാര്യം...?

അറിഞ്ഞിട്ടും അറിഞ്ഞില്ലാന്നു നടിക്കരുത്

സത്യമായിട്ടും അറിഞ്ഞില്ല. എന്താ കാര്യം.?

ഈ നാട്ടുകാരെല്ലാമറിഞ്ഞു. എന്നിട്ടും നിങ്ങളു മാത്രമറിഞ്ഞില്ലാന്നു പറഞ്ഞാ...!

എന്താന്നു പറ. സീതയ്ക്കെന്തു പറ്റി?

എന്തു പറ്റാനാ. സീത ഒളിച്ചോടിപ്പോയി. ഇനി പറ്റാനുള്ളതൊക്കെ അതു കഴിഞ്ഞല്ലേ പറ്റൂ. അതോ പറ്റിയോ.... ആർക്കറിയാം.

ഇതാരാ പറഞ്ഞേ. അവളങ്ങനെ ചെയ്യേല.

ചെയ്യേല. മിണ്ടാപ്പൂച്ച കലമുടയ്ക്കുന്നല്ലേ പറയണെ. ഞാൻ പറഞ്ഞതു കേക്കണ്ട. ഒന്നു തെരക്കി നോക്ക്.

പത്രത്തിനൊപ്പം വാർത്ത നാടുനീളെയെത്തി. പിന്നെ വാമൊഴിയായും വരമൊഴിയായും വാർത്ത പെറ്റുപെരുകി.

അരയാൽ ചോദിച്ചു: "അതു സത്യമാണോ..?

കാറ്റു പറഞ്ഞു, "സത്യമാണ്"

ആരുടെ കൂടെ. പരീക്കപ്പീടികയിലെ ആർക്കും അറിയില്ല. സുനിതയ്ക്ക്...? ഇല്ല. സുനിതയ്ക്കുപോലും

ഇല്ല. അറിയില്ല

സുഹൃത്തേ, സുഹൃത്തിനറിയാമോ....?

അറിയാം

ആരാണ്?

പട്ടണത്തിലുള്ള ഒരു വലിയ കാശുകാരന്റെ മകന്റെ കൂടെ.

എന്നാൽ അതു ചതിയായിരിക്കും.

അല്ല. അവൻ ചതിക്കില്ല. അവൾ അവന്റെ വിധിയുടെ ഭാഗമാണ്.

സീതയെന്തിയേ വീട്ടിൽ പറയാതിരുന്നത്.

ഓരോന്നിനും ഓരോ വിധിയുണ്ട്. ദൈവേഷ്ടം, തലേലെഴുത്ത്, വിധി, മക്ബൂത്ത്, ശിരോരേഖ എന്നൊക്കെ പറയാറില്ലേ അതുതന്നെ. നിന്റെ തളിരിലകളിൽ ഒരെണ്ണം മഞ്ഞയാക്കാനോ, മഞ്ഞയായ ഒന്നിനെ പച്ചയാക്കാനോ നിനക്കു കഴിയുമോ. നിന്റെ പൊഴിയുന്ന ഒരിലയെ തണ്ടിൽ പിടിച്ചു നിർത്താനോ, പൊഴിയാത്ത ഒരെണ്ണത്തെ പൊഴിച്ചു കളയാനോ നിനക്കു കഴിയുമോ? വിധിയെന്താണോ അതിനനുയോജ്യമായ സാഹചര്യങ്ങൾ സംജാതമാകും. അരയാൽ മൗനത്തിലായി

കേട്ടിട്ടില്ലേ

കളഭച്ചുവരുവച്ച വീട്/ഇളംപൂം കല്ല്യാണമാല/ഇന്നാർക്ക് ഇന്നാരെന്ന്/എഴുതി വച്ചല്ലോ ദൈവം കല്ലിൽ.

എന്നാലും സീതയ്ക്ക് വീട്ടിൽപ്പറയത്തില്ലാരുന്നോ. ഓരോന്നിനും ഓരോ വിധിയാണ്. ദൈവം പറഞ്ഞു വച്ചിട്ടുള്ളത്. വിധിയെ തടുക്കാനാവില്ലരണ്ടു മനസ്സുകൾ തമ്മിൽ ഇഷ്ടപ്പെട്ടാൽ....ഒരു മനസ്സും മറ്റൊരു മനസ്സും തമ്മിൽ ചേർന്നാൽ....ഒന്നും ഒന്നും മൂന്നാണ്. സിനേർജിസം എന്നു പറയും. പിന്നെ അതൊരു പ്രവാഹമാണ്. ഊർജ്ജ പ്രവാഹം. എന്തിനു തടയണം. തടസ്സപ്പെടുത്താൻ ഒത്തിരി കല്ലുകൾ ഉണ്ട്. പലപേരുകളിൽ. പല രൂപങ്ങളിൽ. പല ഭാവങ്ങളിൽ. തടയേണ്ട...സ്വതന്ത്രമായ് ഒഴുകട്ടെ. കെട്ടിനിർത്തിയാൽ കെട്ടുപൊട്ടിക്കും. അല്ലെങ്കിൽ കോളിളകിക്കൊണ്ടിരിക്കും. തടയേണ്ട. ഒഴുകട്ടെ. സ്വതന്ത്രമായ് ഒഴുകട്ടെ. അരയാൽ അത്ഭുതം കൂറി. എവിടന്നു കിട്ടി ഈ അറിവുകൾ.

യാത്രയിൽ നിന്ന്. യാത്ര. യാത്രമാത്രമാണ് സത്യമായിട്ടുള്ളത്. യാത്രയെന്നാൽ ചലനം. നിരന്തരം ചലിച്ചുകൊണ്ടിരിക്കുക. ഒന്നിൽ നിന്നും മറ്റൊന്നിലേക്ക്. മറ്റൊന്നിൽ നിന്നും വേറൊന്നിലേക്ക്. വേറൊന്നിൽ നിന്നും വേറെയൊന്നിലേക്ക്, വേറെയൊന്നിൽ നിന്നും മറ്റൊന്നിലേക്ക്. യാത്ര ചാക്രികമാണ്. യാത്ര തുടങ്ങിയിടത്തെത്തികഴിയുമ്പോൾ അവിടെയെല്ലാം മാറിയിരിക്കും. ഒരു പുതിയ ആകാശവും പുതിയ ഭൂമിയും. വീണ്ടും യാത്ര.യാത്ര

യാത്രയാണ് സത്യം. യാത്ര മാത്രമാണ് സത്യം. യാത്ര മാത്രമാണ് നിത്യ സത്യം.

എത്ര ആലോചിച്ചിട്ടും സുനിതയ്ക്കതുൾക്കൊള്ളാനായില്ല. മഞ്ഞിലുറഞ്ഞ ഒരു ശിലാരൂപമായി അവൾ താടിക്ക് കൈയ്യും കൊടുത്തിരുന്നു.

സീത...എന്റെ സീതപ്പെണ്ണ്.

അപ്പോൾ അവർ രണ്ടു മഞ്ഞു പ്രതിമകളായി ഏതോ മഞ്ഞു മലയിൽ നിൽക്കുകയായിരുന്നു. പെട്ടെന്നൊരു കാറ്റ് വീശി.മരുഭൂമിയിലെ ചൂടുള്ള കാറ്റ്. കാറ്റിൽ സീതയുടെ മഞ്ഞുപ്രതിമ ഉരുകി വെള്ളത്തുള്ളികളായി. കാറ്റ് ആ വെള്ളത്തുള്ളികളെയും കൊണ്ട് മരുഭൂമിയിലേക്കു പോയി. അവിടെ വെയിൽ ചുട്ടുപൊള്ളിച്ചു കൊണ്ടിരുന്ന മണൽ കാട്ടിൽ മഴയായി പൊഴിച്ചു. മഴയേറ്റിടം തണുത്ത്, നാമ്പുകൾ കിളിർത്ത് പച്ചപ്പിന്റെ ചെറു തുരുത്തായി. അവിടേക്ക് പക്ഷികൾ പറന്നു വന്നു. ചൂടാറ്റി പറന്നു പോയി. അവിടേക്കു പറന്നു വന്ന കുരുവികൾ കൂടു കൂട്ടി. പുൽച്ചാടികൾ ചാടി നടന്നു.

മഞ്ഞുപ്രതിമയിൽ നിന്നു പുറത്തിറങ്ങി സുനിത പറഞ്ഞു: പ്രിയതോഴി നിനക്കു നല്ലതു വരട്ടെ. നല്ലതു മാത്രം. ●

*തുടരും.* ഫോ: 9496128977

● സന്ദേശകാവ്യം ●



● ആറന്മുള സത്യവ്രതൻ
(1927–1993)

സമ്പാദകൻ: സതീഷ്കാവ്യധാര

# ചന്ദ്രലേഖയ്ക്കൊരു സന്ദേശം

...തുടർച്ച

**ചേ**ലൊത്തീടും മകുടമിടയിൽ
ക്കോടി രത്നപ്രകാശം
ശ്രീവത്സത്തിൻ പ്രഭയിലലിയും
മാർവ്വിടം, രത്നഹാരം
ആടിക്കാറിന്നൊളിയൊടിടയും
മേനി പൊൽപ്പീഠമേറീ-
ട്ടാഴീപ്പെണ്ണിൻ കണവനിവിടെ
ത്താണു നേരിട്ടിരിപ്പൂ.

മാർഗ്ഗോപാന്തേ മണികളണിയും
മേഘവർണ്ണക്കിരീടം
ചെങ്കോലേതോ സ്മരണയുണരും
പള്ളിമഞ്ചം കൃപാണം
പല്ലക്കെല്ലാം ചലനരഹിതം
രാജകൊട്ടാരമേറി
കണ്ടെത്താമിക്ഷിതിയുമൊരുനാ-
ളൊന്നുമല്ലാതെയാകും

നിത്യാനന്ദം കുലകളിലറി
ഞ്ഞുള്ള രാജപ്രവീര-*
ന്റുദ്യാനം പണ്ടുടജ സമമായ്
കാത്തുസൂക്ഷിച്ച കാലം
ചിന്തിച്ചിന്നും ജരയിലടിയും
വന്മതിൽക്കെട്ടു കാക്കും
'ഹിൽപ്പാലസ്സു'ണ്ടതുവഴിസഖേ!
പൂർവ്വദിക്കൊത്തു പോകാം.

വേലിക്കെട്ടിന്നരികിനഴകായ്
കൂമ്പു നീട്ടിക്കുലയ്ക്കും
വാഴത്തോപ്പും നടുതല വളർ
ന്നേറി നില്ക്കും പറമ്പും
കാടും നാടൻ കൃഷകരൊരുമി-
ച്ചൊത്തു ചേരുന്ന മുക്കും
നീളെക്കാണാം നിഴലു ചൊരിയും
ഗ്രാമഭംഗിക്കു മുൻപായ്.

സാന്ധ്യാരാഗം ചിതറിയകലെ
ക്കുന്നിറങ്ങുന്നു സൂര്യൻ
പൂർവ്വാകാശം തടവി മറുപാ-
ടെത്തിനില്ക്കുന്നു ചന്ദ്രൻ
[1]ഭേദം കൂടാതിടയിലുയരു-
ന്നമ്പലം, തോഴരേ! നീ
നേരേ ചെന്നത്തിരുനട നമി-
ച്ചിന്നു പാർക്കാം ഭജിക്കാം.







ദുർഗ്ഗയ്ക്കൊപ്പം പകലു പിരിയു
ന്നേരമെത്തുന്നു വീണ്ടും
പിറ്റേന്നേതാണ്ടുദയ സമയം
വാണിമാതായിരിക്കും
ഉച്ചയ്ക്കെല്ലാം ഭഗവതി സുമാ-
ലങ്കാര രത്നാങ്കിതത്താൽ
കംസരാതിക്കരികിലൊരു പോൽ
[2]ദേവി മൂലത്തിൽ നില്പൂ.

യക്ഷിപ്രേത പ്രണയകഥയാൽ
രക്തവർണ്ണക്കുളത്തിൽ
തെക്കേക്കോണിൽപ്പരമശിവനെ-
ക്കണ്ടു കൈകൂപ്പിടേണം;
പുത്തൻക്രൂശിൽപ്പുലരി വിരിയും
മുൻപു നിർമ്മാല്യവും ക-
ണ്ടെത്താം, ദൂരം കുറയുമിനിയും
നേർ വടക്കോട്ടു പോയാൽ

ആണും പെണ്ണും പടവു നനയാൻ
തേക്കുപാട്ടോടു തൂണി
ത്തേകും; ദൂരത്തരികു വഴിയാ
യില്ലി നിൽക്കുന്ന കോണിൽ
കേൾക്കും കോലക്കുഴലു വിളിപോൽ
മന്ദ്രനാദം, മരന്ദം
തേടും വണ്ടിൻ നിരകളെതിരേ
വന്നുചേരും പ്രഭാതം.

ചന്തക്കോണും തണലു കുറയും
കുന്നുമങ്ങിങ്ങു വീടും
കുറ്റിക്കാടും ചരലിലധികം
വിണ്ടുകീറും പറമ്പും
വിട്ടെത്തുമ്പോൾ കൊടിയ വളവി-
ന്നപ്പുറത്തായി നില്ക്കും
പള്ളിക്കൂടം വഴിയെ വടയ
മ്പാടിയിൽ ചെന്നു ചേരാം.

നാണിച്ചും കാർകുഴലിനടിയിൽ
പ്പോർമുലച്ചെപ്പൊളിച്ചും
ക്രീഡിച്ചും തൻവിവൃത ജഘനം
ചേർത്തു പൊത്തിപ്പിടിച്ചും
മാറിൽച്ചാഞ്ഞും പ്രഥമ രതിയോ-
ടെന്റെയാ ലേഖയേറെ
ക്കാലം ഞാനൊത്തവിടെ വടയ-
മ്പാടിയിൽ പാർത്തിരുന്നു.

*തുടരും*



● ഡോ. (മേജർ) നളിനി ജനാർദ്ദനൻ, പൂനെ

# അലർജികൾ അതിജീവിക്കാം

അലർജികൾ പലതരത്തിലുണ്ട്. ദൈനംദിന ജീവിതത്തിൽ ഇടപഴകുന്ന പല സാധനങ്ങളോടും അലർജി ഉണ്ടാവാം. അലർജി കൊണ്ട് പല പ്രശ്നങ്ങളും ഉണ്ടാവുന്നു. ദിവസേന ചെയ്യുന്ന പല പ്രവൃത്തികളെയും ഇത് ബാധിക്കാറുമുണ്ട്. വളരെ ഗൗരവമേറിയ അലർജിക് റിയാക്ഷൻ ചിലപ്പോൾ മരണത്തിനുപോലുമിടയാക്കാറുണ്ട്. വിവിധതരം അലർജികളെക്കുറിച്ച് മനസ്സിലാക്കാൻ ശ്രമിക്കാം.

**ചർമ്മത്തിൽ അലർജി**

അലർജികൊണ്ട് ചർമ്മത്തിൽ ചൊറിച്ചിൽ,തിണർപ്പ്,വീക്കം,ചുവന്നനിറം എന്നിവയെല്ലാം ഉണ്ടാകാനിടയുണ്ട്. ചില ചെടികൾ (ഉദാ:Poison Ivy) ചിലതരം ഭക്ഷണപദാർത്ഥങ്ങൾ എന്നിവയുമായി ഇടപഴകുമ്പോൾ ചർമ്മത്തിൽ അലർജി ഉണ്ടാവാം. ഇതുമായി ബന്ധപ്പെട്ട് പല ത്വക്ക് രോഗങ്ങളും ഉണ്ടാവാറുണ്ട്.



1. Atopic Dermatitis: എക്സീമയുടെ (Eczema) ഏറ്റവും സാധാരണമായ ഒരു രൂപമാണിത്. ചർമ്മം ഉണങ്ങിവരണ്ടതാവുകയും ചുവപ്പുനിറം,ചൊറിച്ചിൽ എന്നിവ ഉണ്ടാകുകയും ചെയ്യുന്നു. അധികം പേർക്കും ഈ രോഗത്തിന്റെ കുടുംബപാരമ്പര്യം ഉണ്ടാവാം. ചർമ്മം പഴുക്കുകയാണെങ്കിൽ ചെറിയ മുഴകൾ ഉണ്ടാവുകയും അതിൽനിന്ന് വെള്ളം പോലുള്ളതോ മഞ്ഞനിറമുള്ളതോ ആയ ദ്രാവകം ഊറിവരികയും ചെയ്യും.

2. Urticaria (Hives): ഇത് പൊതുവേ അലർജിയോ അണുബാധയോ കൊണ്ട് ഉണ്ടാവുന്നു. രണ്ട് തരത്തിലുണ്ട്. Acute Urticaria യും (ഇത് 6 ആഴ്ചയിലധികം നീണ്ടുനിൽക്കില്ല) Chronic Urticaria യും(6 ആഴ്ചയിലധികം നീണ്ടുനിൽക്കും)

3. Contact Dermatitis: അലർജി ഉണ്ടാക്കാനിടയുള്ള ഏതെങ്കിലും വസ്തുവുമായി(Allergen) ചർമ്മത്തിന് ഇടപഴകേണ്ടി വരുമ്പോൾ ചർമ്മം അതിനോട് പ്രതികരിക്കുന്നതാണ് Contact Dermatitis. ചർമ്മത്തിൽ ചൊറിച്ചിൽ,നീറ്റൽ,തിണർപ്പ്,വെള്ളം നിറഞ്ഞ മുഴകൾ എന്നിവ കാണാം. ഇതുണ്ടാക്കുന്ന അലർജനുകൾ സോപ്പ്,ഷാംപൂ,ഡിറ്റർജന്റുകൾ, Fabric Softner, ലോഹങ്ങൾ(ഉദാ:നിക്കൽ)ഒട്ടിക്കാനുപയോഗിക്കുന്ന പശയുള്ള പദാർത്ഥങ്ങൾ, നെയിൽ പോളിഷ്, ചർമ്മത്തിൽ പുരട്ടുന്ന ചില മരുന്നുകൾ, ചെടികൾ, Latex ഗ്ലൗസ്സ് എന്നിവയാണ്. അലർജനുമായി ഇടപഴകിയാലും സൂര്യപ്രകാശം തട്ടിയാൽ മാത്രമേ ചർമ്മത്തിൽ റിയാക്ഷൻ ഉണ്ടാവുകയുള്ളൂ.(ഉദാ:ചില ഷേ വിംഗ് ലോഷനുകൾ, സൺസ്ക്രീമുകൾ,പെർഫ്യൂമുകൾ) Photoallergic Contact Dermatitis എന്നു ഇതിനു പറയാം.

**ലാറ്റക്സ് അലർജി(Latex Allergy)**

ലാറ്റക്സ് അടങ്ങിയ പദാർത്ഥങ്ങളുമായി ഇടക്കിടെ ഇടപഴകുമ്പോൾ (ഉദാ: ഗ്ലൗസ്സ്,ബലൂൺ തുടങ്ങിയവ) ഇതുണ്ടാവാം. ചർമ്മത്തിൽ ചൊറിച്ചിൽ, തിണർപ്പ്, മൂക്കൊലിപ്പോ മൂക്കിൽ നിന്ന് വെള്ളമൊഴുകുകയോ ചെയ്യുക. ആസ്തമയുടെ ലക്ഷണങ്ങൾ(ശ്വാസംമുട്ടൽ, നെഞ്ചിനു പിടിത്തം തോന്നൽ) എന്നിവ കാണാം. ലാറ്റക്സ് പദാർത്ഥങ്ങളുമായി ഇടപഴകുമ്പോൾ അൽപം മിനിട്ടുകൾക്കുള്ളിൽ തന്നെ ലക്ഷണങ്ങൾ ഉണ്ടാവാം.(അവ നേരിട്ട് ചർമ്മത്തിൽ തട്ടണമെന്നില്ല). ലാറ്റക്സ് ഗ്ലൗസിന്റെ പൊടി വായുവിൽ കലർന്ന് അത് ശ്വസിച്ചശേഷം ഗൗരവമേറിയ Anaphylaxis എന്ന അലർജിക് റിയാക്ഷൻ ഉണ്ടാവാറുണ്ട്. പെട്ടെന്ന് ശ്വാസതടസ്സമുണ്ടാവുകയും ബി.പി. കുറയുകയും ചെയ്യുന്നതിനാൽ രോഗി മരിച്ചുപോവാനുമിടയുണ്ട്.

ഫോ: 9372001678

തുടരും........

**നിയമങ്ങൾ അറിഞ്ഞിരിക്കേണ്ടത് പൗരധർമ്മമാണ് . നിയമങ്ങൾ അറിയില്ലെന്ന് പറയുന്നത് നിയമലംഘനത്തിനുള്ള അവകാശമല്ല. സർക്കാർ സേവനങ്ങൾ അവകാശമാണ്. സേവനങ്ങളെക്കുറിച്ച് അറിയാത്തതുമൂലം സർക്കാർ സേവനങ്ങൾ അർഹതയുള്ളവർക്ക് ലഭിക്കാതെ പോകുന്നു. എന്നുതന്നെയല്ല അനർഹർ അതുനേടിയെടുക്കുകയും ചെയ്യുന്നു. സേവനങ്ങളും നിയമങ്ങളും അറിയാൻ ശ്രമിക്കുക**

**● സർക്കാർ നിയമങ്ങളും അവകാശങ്ങളും ●**

# മനുഷ്യാവകാശങ്ങളും പൊതുതാത്പര്യവ്യവഹാരവും

.........തുടർച്ച

പൊതുതാത്പര്യവ്യവഹാരത്തിലൂടെ മനുഷ്യാവകാശങ്ങൾ സംരക്ഷിക്കാനുള്ള നൈതികമനോഭാവത്തിന് സാർവത്രിക അംഗീകാരവും പിൻതുണയുമാണ് ലഭിച്ചിട്ടുള്ളത്. ഭരണഘടനയുടെയും നിയമങ്ങളുടെയും അടിസ്ഥാനത്തിൽ വൻതോതിൽ അധികാരം വിനിയോഗിക്കാൻ നിയുക്തരായ ഭരണാധികാരികളിൽ ഉത്തരവാദിത്തബോധം ജനിപ്പിക്കുന്നതിനും അധികാരദുർവിനിയോഗം പരിമിതപ്പെടുത്തുന്നതിനും പൊതുതാത്പര്യ ഹർജികൾ സഹായിച്ചിട്ടുണ്ട്. സമൂഹത്തോട് പ്രത്യേകിച്ച് നിർദ്ധനരും അശരണരുമായ ജനവിഭാഗങ്ങളോടുള്ള ഭരണഘടനാപരവും നിയമപരവുമായ കടമകൾ നിർവഹിക്കുന്നതിൽ ഭരണാധികാരികൾ ജാഗ്രത കാണിച്ചു തുടങ്ങി യിരിക്കുന്നത് ഈ സമീപനത്തിന്റെ നേട്ടമാണ്. പൊതുമുതലിന്റെയും വിഭവങ്ങളുടെയും അന്തിമ അവകാശം ജനങ്ങൾക്കാണെന്നും അവയുടെ ശരിയായ വിനിയോഗം ഉറപ്പുവരു ത്താൻ ബഹുജനങ്ങൾക്കുള്ള അവകാശം അനിഷേധ്യമാണെന്നും ഇപ്പോൾ അംഗീകരിക്ക പ്പെട്ടിരി ക്കുന്നു.

ജനാധിപത്യാവകാശങ്ങൾക്കുവേണ്ടിയുള്ള സംഘടനയും കേന്ദ്രഭരണകൂടവും തമ്മിൽ നടന്ന തർക്കത്തിൽ (AIR 1983 SC 339 ) ജസ്റ്റിസ് ഭഗവതി നടത്തിയ നിരീക്ഷണം, പൊതുതാത്പര്യവ്യവഹാരത്തെ അമിതമായി വിമർശിക്കുന്നവരുടെ കണ്ണു തുറപ്പിക്കുന്നതാണ്.

തൊഴിലാളികൾക്ക് ആനുകൂല്യങ്ങൾ ഉറപ്പുവരുത്തുന്ന തൊഴിൽനിയമങ്ങളുടെ ലംഘനം ചോദ്യംചെയ്തുകൊണ്ട് സമർപ്പിക്കപ്പെട്ട ഹർജിയിൽ പൊതുതാത്പര്യവ്യവഹാരം കോടതിയിൽ കേസ്സുകളുടെ പ്രളയം സൃഷ്ടിക്കുമെന്നും അത് പ്രോത്സാഹിപ്പിച്ചുകൂടെന്നുമുള്ള വാദം ഖണ്ഡിച്ചുകൊണ്ട് ജസ്റ്റിസ് ഭഗവതി ഇങ്ങനെ പ്രസ്താവിച്ചു. സമ്പന്നരായ അഭിഭാഷകരെ നിയോഗിച്ച് വ്യവഹാരം നടത്താൻ പ്രാപ്തരായ അതിസമ്പന്നരുടെ കേസുകൾ കോട തിയിൽ കുന്നുകൂടിയിരിക്കുന്നു. തന്മൂലം അവ തീർപ്പുകല്പിക്കുന്നതുവരെ ആവലാതികളു മായി കോടതിയിലെത്തുന്ന നിർദ്ധനരെ സഹായിക്കുന്നത് നിർത്തിവെച്ചിരിക്കുന്നു. സ്വന്തം പൗരാവലിയോട് ഇങ്ങനെ പറയുവാൻ ലോകത്ത് ഒരു ഭരണകൂടത്തിനും അധികാ രമില്ല.

ബന്ധുമുക്തിമോർച്ചയും കേന്ദ്രഭരണകൂടവും തമ്മിൽ നടന്ന കേസ്സിൽ (AIR 1984 SC 802) കോടതി പൊതുതാത്പര്യവ്യവഹാരത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ ചൂണ്ടിക്കാണിച്ചിരുന്നു. അവ ഇങ്ങനെ സംഗ്രഹിക്കാം. വിരുദ്ധ ചേരികളിൽനിന്ന് പ്രതിയോഗികൾ ഏറ്റുമുട്ടുന്ന സാധാരണ വ്യവഹാരരീതിയല്ല ഇത്. ദുർബലരായ ജനവിഭാഗങ്ങൾക്ക് മനുഷ്യാവകാശങ്ങൾ അനുഭവസാദ്ധ്യമാക്കാനും അതിലൂടെ ഭരണഘടനയുടെ അന്തഃസത്തയ്ക്കനുസൃതമായി സാമ്പത്തികവും സാമൂഹികവുമായ നീതികൈവരിക്കാനുമുള്ള സുവർണ്ണാവസരമാണിത്.

അതിനാൽ ഭരണകൂടവും ഉദ്യോഗസ്ഥവൃന്ദവും ഈ രീതി സ്വാഗതം ചെയ്യുകയാണ് വേണ്ടത്. ദുർബ്ബലരായ ജനവിഭാഗങ്ങൾക്ക് അർഹമായ സാമ്പത്തികവും സാമൂഹികവുമായ നീതി ലഭിക്കുന്നുണ്ടോ, അതോ അവർ ശക്തരും വിഭവസമ്പന്നരുമായ വിഭാഗങ്ങളുടെ കൈകളിൽ വഞ്ചനയ്ക്കും ചൂഷണത്തിനും ഇരയായി തുടരുകയാണോ എന്നറിയാൻ ഇത് അവസരം നല്കുന്നു. കോടതി പൊതുതാത്പര്യവ്യവഹാരം അനുവദിക്കുമ്പോൾ ദുസ്തർക്കങ്ങൾക്കോ കഴമ്പില്ലാത്ത ആരോപണങ്ങൾക്കോ ഭരണാധികാരികളെ വിധേയരാക്കി അവരോട് പോരാടാൻ അവസരമുണ്ടാക്കുകയല്ല പ്രത്യുത,ദരിദ്രരും അശരണരുമായ ജനവിഭാഗങ്ങളുടെ ഉയിർത്തെഴുന്നേല്പിനാവിഷ്കരിക്കുന്ന സാമ്പത്തികവും സാമൂഹികവുമായ പദ്ധതികളിലൂടെ മനുഷ്യാവകാശ സംരക്ഷണം ലക്ഷ്യമാക്കുകയാണ്. അതാവട്ടെ,ഭരണനിർവഹണ വിഭാഗത്തിന്റെയും കോടതിയുടെയും ധർമ്മവും. ഭരണഘടനാപരമായ ലക്ഷ്യം നേടുന്നതിനുള്ള യത്നത്തിൽ നീതിപീഠം പൊതുതാത്പര്യവ്യവഹാരത്തിലൂടെ ഭരണ കൂടത്തെ സഹായിക്കുകയാണ്. തുടരും...

*കടപ്പാട്. മനുഷ്യാവകാശങ്ങൾ, പൊഫ.ആർ.പി.രമണൻ*

ആരോഗ്യത്തിന്റെ
ആയുർവേദവഴികൾ

ചികിത്സാസ്മരണ



ഡോ. എം.എൻ. ശശിധരൻ

# ഒരു കുഞ്ഞിക്കാലു കാണാൻ

ആർഷഭാരതത്തിന്റെ ഈടുറ്റഖനിയാണ് ആയുർവേദമെന്നത് ഒരു പരമസത്യമാണ്. അതുകൊണ്ട് മറ്റ് ചികിത്സാസമ്പ്രദായങ്ങളെ ഇകഴ്ത്തിക്കാട്ടാനോ ആയുർവേദ മാഹാത്മ്യം വാഴ്ത്തിപ്പാടാനോ ഉള്ള ഒരു ശ്രമമല്ല ഈ ലേഖനപരമ്പര. എല്ലാ ചികിത്സാ പദ്ധതികൾക്കും തനതായ ഗുണങ്ങളും സൗകര്യങ്ങളും ഉണ്ട്. ഇടയ്ക്കെപ്പോഴോ നാം മലയാളികൾ മോഡേൺ മെഡിസിന്റെ അഭൂതപൂർവ്വമായ മായികവലയത്തിലേക്ക് കുറച്ചധികം ആകർഷിക്കപ്പെട്ടു. അതോടെ ആയൂർവേദവും,പാരമ്പര്യ വൈദ്യവും, ഹോമിയോപ്പതിയുമെല്ലാം ശുദ്ധ അബദ്ധങ്ങളാണെന്ന ഒരു ധാരണ പടരുകയും ചെയ്തു.



എന്നാലിന്ന് ആയുർവേദത്തിന്റെ പ്രസക്തിയും മേന്മയും വീണ്ടും തിരിച്ചറിയപ്പെട്ടുതുടങ്ങിയിരിക്കുന്നു. അലോപപ്പതി മരുന്നുകളുടെ പ്രതികൂല പാർശ്വഫലങ്ങളും മറ്റും ഇന്ന് ഏവർക്കും അറിയാം. വർദ്ധിച്ച ചികിത്സാ ചെലവുകളും അലോപ്പതിയിൽ നിന്ന് സാധാരണക്കാരനെ കുറച്ചൊക്കെ അകറ്റാൻ കാരണമായിട്ടുണ്ട്. അതുകൊണ്ടു കൂടിയാവാം പലരും ആയൂർവേദത്തിന്റെ കയ്പ്പ് കുറച്ചൊക്കെ സഹിക്കാമെന്ന് കരുതുന്നത്. പക്ഷേ യഥാർത്ഥത്തിൽ ഇന്നും നാം തികഞ്ഞ അജ്ഞതയിലാണ് കഴിയുന്നത് എന്നുള്ളതിന് ഉദാഹരണമായി അനേകം ചികിത്സാനുഭവങ്ങൾ തന്നെ എടുത്തുകാട്ടാനുണ്ട് എനിക്ക്.

1982 ലാണെന്ന് തോന്നുന്നു എന്റെ മുന്നിൽ എല്ലാം തകർന്നു, ജീവിതം തന്നെ മതിയായി എന്നമുഖഭാവത്തോടെ ഒരു മധ്യവയസ്ക എത്തിയത്. നമുക്കവരെ നളിനി എന്നുവിളിക്കാം. നളിനി വിവാഹിതയായി. യഥാകാലം അവർക്കൊരു കുട്ടി ജനിച്ചു. ദൗർഭാഗ്യവശാൽ ആ കുട്ടി മൂന്നുവയസ്സെത്തുംമുമ്പ് മരിച്ചുപോയി. നളിനി വീണ്ടും ഗർഭിണിയായി. പക്ഷേ അത് ഗർഭപാത്രത്തിന് പുറത്ത് അപൂർവ്വമായി സംഭവിക്കാറുള്ള ട്യൂബുലർ പ്രഗനൻസയായിരുന്നു. അപകടകരമായ ആ ഗർഭം ശസ്ത്രക്രിയയിലൂടെ ഇല്ലായ്മ ചെയ്ത കൂട്ടത്തിൽ നളിനിയുടെ ഒരു ഫാലോപ്യൻ ട്യൂബും പ്രവർത്തനരഹിതമായി. കുറെക്കാലത്തിനുശേഷം, ഒരു കുഞ്ഞിക്കാലു കാണാനുള്ള നളിനി ദമ്പതിമാരുടെ അദമ്യമായ ആഗ്രഹത്തിന് തടസ്സമെന്നോണം അവരുടെ അവശേഷിച്ച ഫാലോപ്യൻ ട്യൂബിൽ ഒരു

സിസ്റ്റ് (മാംസവളർച്ച) വളരുന്നതായി ഗൈനക്കോളജിസ്റ്റ് സ്കാനിങ്ങിലൂടെ കണ്ടെത്തി.

ആ സിസ്റ്റ് ഇല്ലായ്മ ചെയ്യുമ്പോൾ ഫാലോപ്യൻ ട്യൂബിനും ക്ഷതം സംഭവിക്കാനിടയുണ്ടെന്നും അങ്ങനെ സംഭവിച്ചാൽ ഒരമ്മയാവാനുള്ള അവരുടെ ആഗ്രഹം ഒരിക്കലും സാധ്യമാവില്ലെന്നും ഗൈനക്കോളജിസ്റ്റ് അവരോട് പറഞ്ഞു. നളിനി ഓപ്പറേഷന് തയ്യാറായില്ല. അതുവരെയുള്ള പരിശോധനാറിപ്പോർട്ടുകളുമായിട്ടാണ് അവർ എന്റെ അടുത്തു വന്നത്.

“ഡോക്ടർ ഇതിനെന്തെങ്കിലും പ്രതിവിധിയുണ്ടോ? മാരകമായ ഈ അവസ്ഥയിൽ നിന്ന് എനിക്ക് രക്ഷ കിട്ടുമോ? ഒരു കുഞ്ഞിനെ പ്രസവിക്കാൻ എനിക്ക് കഴിയുമോ?” ഹൃദയം നുറുങ്ങുന്ന വേദനയോടെ നളിനി എന്നോട് ചോദിച്ചപ്പോൾ ഞാനവരെ ആശ്വസിപ്പിച്ചു.

“തീർച്ചയായും നിങ്ങളുടെ അസുഖം മാറും. നിങ്ങൾ ആരോഗ്യവാനായ ഒരു കുഞ്ഞിന് ജന്മം നൽകുകയും ചെയ്യും. ആയൂർവേദത്തിൽ ഫലവത്തായ ചികിത്സയുണ്ട് ഈ രോഗത്തിന്. നിങ്ങൾ ഞാൻ നിർദ്ദേശിക്കുന്ന മരുന്നുകൾ കഴിക്കുകയും ഈശ്വരാർപ്പിതമായ മനസ്സോടെ ജീവിക്കുകയും മാത്രമേ വേണ്ടൂ. ”തുടർന്നു ഞാൻ ചികിത്സ നിശ്ചയിച്ചു.

അമിതമായി ഭക്ഷണമൊന്നും കഴിച്ചിരുന്നില്ലെങ്കിൽപ്പോലും നളിനി ഒരല്പം തടിച്ച ശരീരപ്രകൃതിയായിരുന്നു. അതവരുടെ പാരമ്പര്യത്തിന്റെ പ്രത്യേകതയായിരുന്നു എന്ന് സംസാരത്തിൽനിന്നും മനസ്സിലാക്കാൻ കഴിഞ്ഞു.

ചികിത്സ തുടങ്ങുവാൻ അവർ താല്പര്യം കാണിക്കുകയും ചികിത്സിക്കാൻ ഞാൻ തയ്യാറാവുകയും ചെയ്ത സാഹചര്യത്തിൽ ചികിത്സ ശോധനകർമ്മത്തിൽ തന്നെ ആരംഭിച്ചു. അതിനായി ആറുദിവസം തുടർച്ചയായി കടുക്കാ കറിവേപ്പില കഷായം കഴിക്കാൻ നിർദ്ദേശിച്ചു. കടുക്കാകറിവേപ്പില കഷായം ഉപയോഗിച്ചുള്ള ശോധനക്രിയകൊണ്ട് കഫം, പഴകിയ പിത്തവെള്ളം, ചളി തുടങ്ങിയവയെല്ലാം ശരീരത്തിൽനിന്നും പുറംതള്ളപ്പെട്ടു. സാധാരണഗതിയിൽ ശോധനാകർമ്മങ്ങൾ കഴിയുമ്പോൾ രോഗിക്ക് വളരെയേറെ ക്ഷീണവും തളർച്ചയും ഉണ്ടാകാൻ സാധ്യതയുണ്ട്. എന്നാൽ വിരേചനം കഴിഞ്ഞിട്ടും നളിനിക്ക് യാതൊരു ശാരീരികക്ഷീണവും ഉണ്ടായില്ലെന്ന് മാത്രമല്ല അവർക്ക് കൂടുതൽ ഉന്മേഷം തോന്നുകയും ചെയ്തതായിട്ടാണ് അവർ പറഞ്ഞത്.

6 ദിവസത്തെ വിരേചനകർമ്മത്തിന് ശേഷം കർപ്പൂരകാരസ്ക്കര ധന്വന്തരതൈലം ചെറുചൂടാക്കി ദേഹത്ത് പുരട്ടി 30 മിനിറ്റു നേരം തിരുമ്മിപിടിച്ചശേഷം പ്രത്യേക മരുന്നുകൾ കുടത്തിലാക്കി മൂടിക്കെട്ടി നന്നായി തിളപ്പിച്ച് അതിൽനിന്നും വരുന്ന ആവി സർവ്വാംഗം കൊള്ളിച്ച് 6 ദിവസം വിയർപ്പിച്ചു. ആറുദിവസത്തെ സ്വേദനകർമ്മത്തിന് ശേഷം അവരുടെ ശരീരഭാരം വളരെ കുറഞ്ഞിരുന്നു. ചികിത്സയുടെ പ്രാരംഭമായി ഇത്രയും കർമ്മങ്ങൾ ചെയ്തശേഷം അവരുടെ രോഗാവസ്ഥകൾ മാറ്റിയെടുക്കുവാനുള്ള ചികിത്സകൾ ആരംഭിച്ചു.

ആർത്തവക്രമക്കേടുകൾ അവരുടെ ഒരു സുപ്രധാന ശാരീരിക വൈഷമ്യമായിരുന്നു. അത് തുടങ്ങിയിട്ട് കാലമേറെയായിരുന്നു. വേദനയുടെ അകമ്പടിയോടെയും അല്ലാതെയും ഒക്കെ അനിശ്ചിതമായി എല്ലാ മാസവും എത്തിക്കൊണ്ടിരുന്ന ആർത്തവചക്രം അവരെ സംബന്ധിച്ചിടത്തോളം പേടിസ്വപ്നം പോലെയായിരുന്നു. ആർത്തവചക്രം ക്രമപ്പെടുത്തുക എന്നത് ചികിത്സാലക്ഷ്യത്തിനെത്തി



ച്ചേരുവാൻ അത്യന്താപേക്ഷിതമായിരുന്നു. അതിനായി അന്ന് ഞാൻ അവർക്ക് കൊടുത്ത ഔഷധങ്ങൾ കണാശതാഹ്വാദികഷായം, സപ്തധാരം കഷായം, ഗന്ധർവ്വഹസ്താദികഷായം, രജപ്രവർത്തനിപടി, സുകുമാരരസായനം കല്യാണക ക്ഷായം തുടങ്ങിയവയായിരുന്നു. ഏതാണ്ട് 120 ദിവസത്തെ ഔഷധസേവകൊണ്ട് ആർത്തവചക്രവുമായി ബന്ധപ്പെട്ട് വന്നുകൊണ്ടിരുന്ന വേദനകളും പ്രയാസങ്ങളുമെല്ലാം ശാന്തമാകുകയും ആർത്തവം എല്ലാ മാസവും ക്രമമായി ഉണ്ടാകുവാനും ആരംഭിച്ചു. അതിനുശേഷമാണ് അണ്ഡവാഹിനിക്കുഴലിന് തടസ്സം സൃഷ്ടിച്ചുകൊണ്ട് വളരുന്ന ഗ്രന്ഥിക്ക് (സിസ്റ്റിന്) എന്തുചികിത്സയാണ് ചെയ്യേണ്ടതെന്നതിനെക്കുറിച്ച് ചിന്തിച്ചുതുടങ്ങിയത്.

ആയൂർവേദ ദൃഷ്ട്യാ ഗ്രന്ഥികൾ പ്രധാനങ്ങളാ

ണ്. രക്തം, മാംസം, മേദസ്സ് എന്നീ ധാതുക്കളെ ആശ്രയമാക്കിയാണ് ഗ്രന്ഥികൾ ഉണ്ടാകുന്നതെങ്കിലും ത്രിദോഷങ്ങളിലോരോന്നിന്റെയും പ്രാധാന്യത്തോടുകൂടിയും അസ്ഥിസ്രവ്രണം എന്നിവയെ ആശ്രയിച്ചും ബാഹ്യാഭ്യന്തരങ്ങളായി ഗ്രന്ഥികൾ ഉണ്ടാകാമെന്നു ശാസ്ത്രം പറയുന്നു. ഗർഭാശയത്തേയും അണ്ഡാശയത്തേയും തമ്മിൽ ബന്ധിപ്പിക്കുന്ന രണ്ട് കുഴലുകളാണ് അണ്ഡവാഹിനികൾ (Fallapiontubes) ഇവ ഗർഭാശയത്തിന് ഇരുവശങ്ങളിലുമായാണ് സ്ഥിതിചെയ്യുന്നത്. അണ്ഡം ഈ കുഴലിൽവച്ചാണ് പുരുഷബീജവുമായി സംയോജിച്ച് ഭ്രൂണമായിത്തീരുന്നത്. ഗർഭാശയത്തോട് ചേർന്ന കലശിക (Ampulla) ഭാഗത്ത് ഈ കുഴലിന് വീതികുറവും



അണ്ഡാശയത്തോടടുത്ത ഝല്ലരി (Fimbriae) ഭാഗത്ത് വീതി കൂടിയുമിരിക്കും. ഈ അണ്ഡവാഹിനി കുഴലിലാണ് പുരുഷബീജവും അണ്ഡവും തമ്മിൽ കണ്ടുമുട്ടേണ്ടതും സംയോജനം നടക്കേണ്ടതും. ഈ മാർഗ്ഗത്തിൽ (കുഴൽ) ഒരു തടസ്സം ഉണ്ടായാൽ ഈ കൂടിക്കാഴ്ചയും സമ്മേളനവും അസാദ്ധ്യമായിത്തീരും. അതാണ് നമ്മുടെ രോഗിയുടെയും പ്രശ്നം. അണ്ഡവാഹിനിക്കുഴലിൽ ഒരു ഗ്രന്ഥിരൂപപ്പെട്ട് മാർഗ്ഗതടസ്സം സൃഷ്ടിച്ചിരിക്കുന്നു. നിർഭാഗ്യവശാൽ ഒരുവശത്തെ അണ്ഡവാഹിനിക്കുഴൽ മുമ്പ് ട്യൂബുലാർ പ്രഗ്നൻസി ഉണ്ടായപ്പോൾ നടന്ന സർജറിയിൽ പൂർണ്ണമായും നശിച്ചുകഴിഞ്ഞിരിക്കുന്നു. ബാക്കിയുള്ള ഒരു ട്യൂബിലെ ഗ്രന്ഥി നീക്കം ചെയ്യുകയോ ഔഷധങ്ങൾകൊണ്ട് ഇല്ലാതാക്കുകയോ ചെയ്താൽ മാത്രമേ ഇനിയും ഒരു ഗർഭധാരണത്തിനുള്ള സാദ്ധ്യത ഉണ്ടാവുകയുള്ളു. ഒരു ശസ്ത്രക്രിയയിലൂടെ അണ്ഡവാഹിനിക്കുഴലിലെ ഗ്രന്ഥിയുടെ സാന്നിദ്ധ്യം ഇല്ലാതാകുമ്പോൾ കുഴലിന് എന്തെങ്കിലും കേടുപാടുകൾ സംഭവിച്ചാൽ പിന്നെ ഒരിക്കലും അവരുടെ ആഗ്രഹം സാധിക്കാതെ വരും. ഇക്കാര്യത്തിൽ ഉറപ്പ് കൊടുക്കുവാൻ സർജൻ തയ്യാറല്ലായിരുന്നു. ഈ സാഹചര്യത്തിലാണ് മറ്റേതെങ്കിലും തരത്തിൽ ഔഷധംകൊണ്ട് ഈ പ്രതിസന്ധി തരണം ചെയ്യാൻ കഴിയുമോ എന്ന കാര്യം അവർ ചിന്തിച്ചുതുടങ്ങിയത്. അങ്ങനെയാണ് ഈ കേസ് എന്റെ മുന്നിലെത്തുന്നതും.

ഗ്രന്ഥിയ്ക്ക് സാധാരണ ഗതിയിൽ ആമശോഫ ചികിത്സകൾ പ്രാരംഭാവസ്ഥയിൽ ചെയ്യുകയാണ്. പതിവ്. വിരേചന സ്വേദന അഭ്യംഗാദി ചികിത്സാക്രിയകൾ ആദ്യംതന്നെ കഴിഞ്ഞിരുന്നതിനാൽ നേരിട്ട് ചികിത്സയിലേക്ക് തന്നെ കടക്കുവാനായിരുന്ന എന്റെ തീരുമാനം. രോഗിയുടെ ശരീരപ്രകൃതിയും മറ്റും പരിഗണിച്ച് മോദോരോഗങ്ങൾക്കും അന്തർവിദ്രധിയ്ക്കും വളരെയേറെ ഫലപ്രദമായി പ്രയോഗിച്ച് ഫലം കണ്ടെത്തിയിട്ടുള്ള 'വരണാദിഗണം കഷായം' സേവിപ്പിക്കുവാൻ നിശ്ചയിച്ചു. കഷായത്തോടൊപ്പ ത്രിഫലാഗുൽഗുലു ഗുളിക ഒന്നുവീതവും കാലത്തും വൈകിട്ടും ഭക്ഷണത്തിനുമുമ്പ് സേവിപ്പിച്ചു. ആദ്യത്തെ 30 ദിവസത്തെ കഷായസേവകൊണ്ട് രോഗിയുടെ ശരീരത്തിന്റെ വണ്ണം പിന്നെയും കുറഞ്ഞു. അവർക്ക് കലശലായ ക്ഷീണം ഉണ്ടാകുന്നുണ്ടെന്നും വിശപ്പ് കുറഞ്ഞുവരുന്നതായും പറഞ്ഞു.

പതിവായി ധാന്വന്തരംകുഴമ്പ് ദേഹത്ത് തേച്ച് തിരുമ്മി കുളിയ്ക്കുവാനും വിശപ്പിനനുസരിച്ച് ഭക്ഷണം കഴിയ്ക്കുവാനും നിർദ്ദേശിച്ചു. കഷായസേവയോടൊപ്പം തുടങ്ങിയ അഭ്യംഗാദികൾ 30 ദിവസംകൂടി തുടർച്ചയായി നടത്തി. അങ്ങനെ അറുപത് ദിവസത്തെ ചികിത്സകൾക്കുശേഷം രോഗിയുമായി സംസാരിച്ചപ്പോൾ അവരുടെ ശരീരത്തിന് ഉഷ്ണം കൂടുതലായി തോന്നുന്നുണ്ടെന്നും ദാഹം വർദ്ധിക്കുന്നുവെന്നും പറഞ്ഞു. മലബന്ധം അനുഭവപ്പെടുന്നതായും സൂചിപ്പിച്ചു. പൈത്തികമായ ലക്ഷണങ്ങൾ ആണ് ആ അവസരത്തിൽ അവർക്ക് ഉണ്ടായിരുന്നത്. ഔഷധങ്ങളിൽ മാറ്റം വരുത്തേണ്ട അവസ്ഥയാണ് അതെന്ന് എനിക്ക് തോന്നി. അതനുസരിച്ച് വീണ്ടും ശോധനക്രിയ ചെയ്താൽ മാത്രമേ പിത്തവികാരങ്ങളെ ശമിപ്പിക്കുവാൻ കഴിയുമായിരുന്നുള്ളൂ. കരിമ്പിൻനീരിൽ അവിപത്തി പൊടിചേർത്ത് പതിവായി 6 ദിവസം കാലത്ത് കൊടുത്ത് ശോധനവരുത്തി. അതോടെ ശരീരത്തിന്റെ ഉഷ്ണം ശമിക്കുകയും മലബന്ധം മാറുകയും ചെയ്തു.

'കാകോള്യാദി കഷായം' പതിവായി കാലത്തും വൈകിട്ടും കാഞ്ചനാരഗുൽഗുലു ഗുളിക ചേർത്ത് സേവിക്കുവാൻ നിർദ്ദേശിച്ചു. അതോടുകൂടി പൈത്തികമായ വികാരങ്ങൾ എല്ലാം തന്നെ ശാന്ത

● കവിത ●



കെ.എൻ. കുറുപ്പ്

# ആഗോളതാപനം

നട്ടുവളർത്തുക
നാളേക്കുവേണ്ടി നാം
ഭൂമിതൻ പച്ചപ്പ്
വീണ്ടെടുക്കാൻ

ആഗോളതാപനം!
ആഗതമായിത!
അതിജീവനത്തിന്റെ
കാലം തെളിയുമോ?

പട്ടിണി, ക്ഷാമവും
കൂട്ടക്കുരുതിയും
അത്യുഷ്ണമായിടും
കനലായ്തെളിഞ്ഞിടും

ഹരിതഗൃഹമായ്
പുലർത്തുക പാരിനെ
പരിസ്ഥിതി പാലനം
നേരോടെനീങ്ങുവാൻ

നിത്യവനങ്ങളെ
വെട്ടിത്തെളിക്കുന്ന
കെട്ടവ്യവസ്ഥകൾ
ദൂരെയകലുമോ?

മൂല്യലക്ഷ്യത്തിൽ
വിരിയും ദുരന്തമായ്
കാർബൺവിസർജ്ജനം
കാരണമാകുമോ?

അനുപമമാർഗ്ഗങ്ങൾ
കണ്ടെത്തിയേറുക
പുതിയൊരുപാവന
സൃഷ്ടിചൈതന്യമായ്

● ഫോ: 9446179837



മാകുകയും ചെയ്തു. ഇതിനിടയിൽ രോഗിയുടെ ആരോഗ്യസ്ഥിതി പൂർവ്വാധികം തൃപ്തികരമായി മാറിയിരുന്നു. അവർ വളരെയേറെ സന്തോഷവതിയും അവരുടെ ദൈനംദിന ജോലികളിൽ എല്ലാം കൂടുതൽ ഉത്സാഹവതിയായും കാണപ്പെട്ടു.

ഈ സമയത്ത് ചികിത്സ ഏതാണ്ട് 127 ദിവസം പിന്നിട്ടിരുന്നു. പഥ്യാഹാരങ്ങൾ തന്നെ തുടരുകയും ശരീരപഥ്യം കർശനമായി പാലിക്കണമെന്ന് നിർദ്ദേശിക്കുകയും ചെയ്തിരുന്നു. മുമ്പ് ആർത്തവ സമയത്തും മാറ്റം ഉണ്ടായിക്കൊണ്ടിരുന്ന ശാരീരിക വിഷമതകളും മറ്റും ഒട്ടും തന്നെ അനുഭവപ്പെടാറില്ല എന്നതുംകൊണ്ട് അവരുടെ ആത്മവിശ്വാസം വർദ്ധിക്കുന്നതായി സംസാരത്തിൽ നിന്നും മനസ്സിലാക്കാൻ കഴിഞ്ഞു.

ചികിത്സ അതിന്റെ അവസാന ഘട്ടത്തിലേക്ക് എത്തിക്കേണ്ട സമയമായി. അവസാനമായി അവർക്ക് കൊടുക്കുവാൻ ഞാൻ നിശ്ചയിച്ച ഔഷധത്തിന്റെ നിർമ്മാണം ഏതാണ്ട് മുൻകൂട്ടിത്തന്നെ ആരംഭിച്ചിരുന്നു. 'രസഗന്ധിമെഴുക്' എന്ന ഔഷധത്തിന്റെ നിർമ്മാണമായിരുന്നു അത്. നിർമ്മാണത്തിന്റെ ഓരോ ഘട്ടത്തിലും അതീവ ശ്രദ്ധയും സൂക്ഷ്മതയും ആവശ്യമുള്ള ഔഷധമായിരുന്നു അത്. കല്ലുരലിൽ പൂണിയില്ലാത്ത ഉലക്കകൊണ്ടിടിച്ചുകൂട്ടി മെഴുകുപാകത്തിലാക്കിയെടുക്കുന്നതാണ് ഈ ഔഷധം. വളരെ പഥ്യത്തോടുകൂടി സേവിക്കേണ്ടതുമാണ്. രസഗന്ധിമെഴുകി ചുണ്ടയ്ക്കാ പ്രമാണം കാലത്തും വൈകിട്ടും മോരുചേർത്ത് ഭക്ഷണം കഴിച്ചശേഷം പുറമേ സേവിക്കുവാൻ നിർദ്ദേശിച്ചു. പത്തുദിവസം കൂടുമ്പോൾ ഒന്നു കുളിക്കാം. കുളിക്കുന്ന ദിവസം ഔഷധം കഴിക്കരുത്. അടുത്തദിവസം മുതൽ വീണ്ടും മരുന്ന് തുടരാം. ഇങ്ങനെ 41 ദിവസം തുടർച്ചയായി മരുന്നുസേവി

## • അക്ഷരശ്ലോകക്കളരി •

*ഗ്രന്ഥം കാവ്യപ്രഭാവം*
*രചന മഹാകവി ഉള്ളൂർ എസ്. പരമേശ്വരയ്യർ*
*വൃത്തം- പുഷ്പിതാഗ്ര*
*ലക്ഷണം- നനരയ വിഷമത്തിലും,*
*സമത്തിൽ പുനരിഹ നം ജജരം ഗ പുഷ്പിതാഗ്ര*

**ക**വിയുടെ കരുണാ ബലത്തിനാൽ തൻ-
കദന നിരുദ്ധ ഗളത്വമൊട്ടുമാറി
കരളെരിയുമൊരന്നതാംഗി ബാഷ്പ-
സ്ഖലിതപദം ചിലതപ്പൊഴുതുച്ചരിച്ചു.

കതിപയനിമിഷങ്ങൾ വേണമെങ്കിൽ
ഖലർസുരരെത്തുണ ചെയ്തിടട്ടെ കാലൻ;
കനമെഴുമസുരർക്കു താങ്ങലില്ലേ
കവി കരുണാനിധി കാലകാല ശിഷ്യൻ

കഴിയുമനഘരാം തപോധനന്മാർ
കഴൽ തൊഴുമങ്ങു കനിഞ്ഞു കാത്തിടുമ്പോൾ
കദനമെവിടെ നിന്നുമെത്തിടട്ടേ;
കരബദരീകൃത കാംക്ഷിതാർത്ഥർ ഞങ്ങൾ.

കരയരുതു കുമാരി! 'വിഷാദ'മെന്ന-
കളിചിലതൊക്കെ നിനക്കു? കൺമിഴിക്കു!
മധുരതരമഹേന്ദ്രജാലവിദ്യാ-
മരതകപിഞ്ച്ഛരിക മത്തപോതമല്ലി.

"മതിമതി മകളേ! വിഷാദ"മെന്ന-
മ്മതിമുഖിയാളൊടു ഗദ്ഗദസ്വരത്തിൽ
അരുളിനിജകരങ്ങൾ മൗലിയിൽ ചേർ-
ത്തവളെ നിതാന്തമനുഗ്രഹിച്ചു ദാന്തൻ.

അടരിരുതലവാളതിൽ പെടുമ്പോ-
ളുപജയമാർക്കു വരില്ല; വന്നിടട്ടേ;
പരമൊരു വക ഭംഗമിന്നതെന്നായ്
ബലിയറിയില്ലതുമന്നറിഞ്ഞിടട്ടെ;

പലതുമവളിവണ്ണമോതി വീണ്ടും
പഭതളിരിൽപ്പരിതപ്തയായ്പതിക്കേ
പരിണത കരുണാ കലാന്തരംഗൻ
പകരമുരച്ചു തുടങ്ങി പാരികാംക്ഷി!

പരിമൃദിത പരേത രാജദർപ്പൻ
പശുപതി മൽഗുരു ഭക്തപാലനോല്ക്കൻ
മൃഢനുടെ വരമെങ്ങു തുച്ഛമാമീ
മൃതബലി ജീവനമെ,ങ്ങതോർത്തു നോക്കു.

മമതയിൽ മനതാർ മയങ്ങി മായാ-
മലിനമഹാന്ധു വിലന്ധനായ്പ്പതിച്ചാൽ
മറയുടെ കരകണ്ട മാമുനിക്കും
മനുജ ക്രിമിക്കുമശേഷമെന്തു ഭേദം.

മുഖരിതഹരിദന്തമാം വചസ്സിൻ
മുഖവുരയാം ചെറുവാക്യമൊന്നുമാത്രം
മുനിയുടെ ചെവിയിൽത്തറച്ചു മുറ്റും
മുനയൊരു മൂന്നു കലർന്ന വേലുപോലെ

മയനുടെ കരശില്പ സീമയായും
മഹിതമഹീധര മൗലിഭൂഷയാകും
അവിടെയതി മനജ്ഞ ഹർമ്യമൊന്നു-
ണ്ടരിയ വിരോചന ജനാധിവാസ ഗേഹം.

അതുപൊഴുതു,മധീശരായിരുന്നോ-
രവരെയകമ്പടിസേവ ചെയ്തുകൊൾവാൻ
ബഹുഭടർ കുതികൊണ്ടു തുള്ളിനിൽപ്പൂ
വെറുമപമൂർദ്ധ കളേബരാവശിഷ്ടർ. •

---

ക്കുവാൻ നിർദ്ദേശിച്ചു. ആർത്തവകാലത്തു മാത്രം ഔഷധം ഒഴിവാക്കിയിരുന്നു.


ചികിത്സ അവസാനിച്ചു. ഇനി ചെയ്യേണ്ടത് രോഗാവസ്ഥ നിലവിൽ ഉണ്ടോ എന്നറിയുകയാണ്. പഴയ ഡോക്ടറെ കണ്ട് വീണ്ടും പരിശോധിക്കുവാൻ ഞാൻ നിർദ്ദേശിച്ചു. വളരെ അനുകൂലമായിരിക്കും പരിശോധനാഫലം എന്ന് എനിക്ക് വിശ്വാസം ഉണ്ടായിരുന്നു. ആശുപത്രിയിലെ വിദഗ്ദ്ധ പരിശോധനകൾക്ക് ശേഷം അവർ വളരെ ആഹ്ലാദത്തോടെയാണ് വീണ്ടും എന്റെ അടുക്കൽ എത്തിയത്. ഫലോപ്പിയൻ ട്യൂബിൽ മുമ്പ് ഉണ്ടായിരുന്ന വളർച്ച ഒട്ടുംതന്നെ ഇല്ലെന്നും ആ ട്യൂബ് പൂർവ്വാധികം പ്രവർത്തനസജ്ജമാണെന്നുമായിരുന്നു ഡോക്ടറുടെ റിപ്പോർട്ട്. സർജറി കൂടാതെ ട്യൂബിലെ ഗ്രോത്ത് (വളർച്ച) മാറ്റിയതിൽ ഡോക്ടർ അത്ഭുതവും സന്തോഷവും പ്രകടിപ്പിച്ചതായും രോഗി പറഞ്ഞു.

നളിനിയുടെ ചികിത്സ അവസാനിച്ച് അവർ വീണ്ടും കുടുംബജീവിതത്തിൽ സജീവമായി. വീണ്ടും അവരെ ഞാൻ കണ്ടുമുട്ടുന്നത് രണ്ടര വർഷങ്ങൾക്കുശേഷമായിരുന്നു. ചികിത്സകൾക്കു ശേഷം അവർക്ക് ഒരാൺകുട്ടി കൂടി ഉണ്ടായി. ഭർത്താവും കുട്ടിയുമൊരുമിച്ച് വന്ന് പഴയകാര്യങ്ങൾ അയവിറക്കി മടങ്ങുമ്പോൾ ഒരു സ്വകാര്യമെന്നോണം അവർ പറഞ്ഞു. ഞാൻ ഇപ്പോൾ രണ്ടുമാസം പ്രഗ്നന്റ് ആണ്.... അവരുടെ വാക്കുകളിൽ നിറഞ്ഞുനിന്ന ആത്മവിശ്വാസവും സന്തോഷവും എന്റെ മനസ്സിൽ ചാരിതാർത്ഥ്യത്തിന്റെ കുളിർമ പകർന്നു.

** മരുന്നുകളുടെ ഉപയോഗം ഡോക്ടറുമായി ബന്ധപ്പെട്ടതിനുശേഷം മാത്രം. സ്വയം ചികിത്സ പാടില്ല.*

• ഫോ: 9447661209

● മയിൽപീലി ●



● പ്രശസ്തവനിത ●

## സാഫോ

**പു**രാതന ഗ്രീസിൽ ജീവിച്ചിരുന്ന ഭാവഗാനരചയിതാവായിരുന്നു സാപ്പോ. സാപ്പോയുടെ കവിതകൾക്ക് പണ്ടുള്ളത്ര പ്രാധാന്യം ഇപ്പോഴില്ലെങ്കിലും അവരുടെ പ്രശസ്തിക്ക് ഇന്നും ഒരിടിവും സംഭവിച്ചിട്ടില്ല. പ്ലേറ്റോ ഇവരെ പത്താമത്തെ സംഗീതദേവത എന്ന നിലയിൽ ബഹുമാനിച്ചിരുന്നു. ഇതുകൂടാതെ ഒരു സഹസ്രാബ്ദത്തിലെ ശ്രേഷ്ഠമായ കവയത്രി എന്നും അദ്ദേഹം സാപ്പോയെ വിശേഷിപ്പിച്ചിരുന്നു.

സ്ക്കാമാൻഡറിന്റേയും ക്ലെയ്സിന്റേയും പുത്രിയായി ലെസ്ബോസ്ബോസ് ദ്വീപിലെ എറെസ്സോസിലാണ് സാപ്പോ ജനിച്ചതെന്നാണ് വിശ്വാസം. സാപ്പോയുടെ എഴുത്തുകളുടെ അടിസ്ഥാനത്തിൽ അവർ ഒരു ഉന്നതകുലജാതയാണെന്ന് മനസ്സിലാക്കാം. സാപ്പോയുടെ കാൽപ്പനിക കവിതകളിലെല്ലാം തന്നെ സ്ത്രീകളായിരുന്നു പ്രധാന പ്രതിപാദ്യം. കാരണം അവർക്ക് സ്വവർഗ്ഗസ്നേഹത്തിൽ താൽപര്യമുള്ളതായും പറയപ്പെടുന്നു. എന്നിരുന്നാലും കവിതകളെല്ലാം തന്നെ സ്വന്തം അനുഭവങ്ങളെ അടിസ്ഥാനപ്പെടുത്തിയാണെന്നതിന് യാതൊരു തെളിവുമില്ല. ഏതാണ്ട് ഒൻപത് വാല്യം കവിതകൾ സാപ്പോ രചിച്ചതായാണ് ആദ്യകാല അറിവുകൾ സൂചിപ്പിക്കുന്നത്. എന്നാൽ അതിൽ ഒന്നുപോലും ഇക്കാലത്ത് നിലവിലില്ല.

സാപ്പോയുടെ കവിതകളെക്കുറിച്ചുള്ള അറിവ് നമുക്ക് ലഭിക്കുന്നത് മറ്റ് പുരാതന എഴുത്തുകാരിൽ നിന്നുമാണ്. ഛന്ദോ കവിതകളുടെ രൂപത്തിൽ സ്റ്റാഫിക്സ്റ്റാൻസകൾ വികസിപ്പിച്ചെടുത്തതും സാപ്പോയാണ്. അതുപോലെ തന്നെ സംഗീതോപകരണങ്ങൾ മീട്ടാനുപയോഗിക്കുന്ന പ്ലെക്ട്രം അഥവാ പിക് കണ്ടുപിടിച്ചതും സാപ്പോ ആവാം. ഇത്തരമൊരു പ്രശസ്തകവിയുടെ രചനകളൊന്നും തന്നെ ഇന്ന് നിലനിൽക്കുന്നില്ലെങ്കിലും ഗ്രീക്ക്ചരിത്രം പരിശോധിക്കുമ്പോൾ ഇപ്പോഴും സാപ്പോയുടെ പേര് കടന്നുവരും. ജനനത്തെപ്പോലെതന്നെ അവർ മരണപ്പെട്ടതും 579 ബിസിയിലാണെന്ന് പറയപ്പെടുന്നുണ്ടെങ്കിലും വ്യക്തമായ വിവരങ്ങൾ ലഭ്യമല്ല. ●

---

● മയിൽപീലി ●

● എന്തുകൊണ്ട്? ●

## പാമ്പുകൾക്ക് വളരെ വലിയ ഇരകളെയും വിഴുങ്ങാൻ സാധിക്കുന്നതെന്തുകൊണ്ട്?

**ഇര** വിഴുങ്ങാനുള്ള കഴിവ് പാമ്പുകളുടെ ഒരു സവിശേഷതയാണ്. പാമ്പുകൾക്ക് അവയുടെ അനേകം ഇരട്ടി വലിപ്പമുള്ള ഇരകളെ വിഴുങ്ങാൻ സാധിക്കും.

ഒരിക്കൽ ഇര വിഴുങ്ങിക്കഴിഞ്ഞാൽ മാസങ്ങളോളം ആഹാരമില്ലാതെ കഴി യാനും പാമ്പിന് കഴിയും സ്വന്തം ശരീരത്തിന്റെ പകുതിയോളം ഭാരമുള്ള ഇരകളെവരെ പാമ്പിന് വിഴുങ്ങാൻ സാധിക്കും.

പാമ്പിന്റെ ശാരീരിക പ്രത്യേകതകളാണ് ഇങ്ങനെ ഇരവിഴുങ്ങാൻ സഹായിക്കുന്നത്. ത്വക്കിന്റെയും മാംസപേശികളുടേയും ഇലാസ്തികത വളരെ ചലന സ്വാതന്ത്ര്യം ലഭിക്കത്തക്കവണ്ണം ഘടിപ്പിച്ചിട്ടുള്ള താടിയെല്ലുകൾ എന്നിവ പാമ്പിന് കിട്ടിയിട്ടുള്ള അനുഗ്രഹങ്ങളാണ്.



വലിപ്പമുള്ള ഇരയെ ഉൾക്കൊള്ളാൻ തക്കവണ്ണം വികസിക്കാനുള്ള കഴിവ് പാമ്പിന്റെ ആമാശയത്തിനുണ്ട്. അകത്തേക്ക് വളഞ്ഞുകിടക്കുന്ന കൂർത്ത പല്ലുകൾ

# 1968 ജനുവരി വിശേഷങ്ങൾ

**ജനുവരി 2**

കാശ്മീരിൽ രാജ്യരക്ഷാനിയമ പ്രകാരം തടവിൽ വെച്ചിരുന്ന ഷേക് അബ്ദുള്ളയെ കേന്ദ്രസർക്കാർ മോചിപ്പിച്ചു.

**ജനുവരി 6**

പാകിസ്ഥാൻ വിരുദ്ധ പ്രവർത്തനം നടത്തിയതിന് കിഴക്കൻ പാകിസ്ഥാനിൽ 23 സൈനികരെ അറസ്റ്റ് ചെയ്തു.

**ജനുവരി 7**

തുടർച്ചയായി 152 മണിക്കൂർ നടന്ന് ഇന്ത്യക്കാരനായ ഹർബൻ സ്സിംഗ് ലോകറിക്കാർഡ് സ്ഥാപിച്ചു.

**ജനുവരി 10**


ഇന്ത്യാ-ചൈനാ യുദ്ധത്തെ തുടർന്ന് 1962 ഒക്ടോബർ 26ന് രാജ്യത്ത് പ്രഖ്യാപിച്ചിരുന്ന അടിയന്തരാവസ്ഥ പിൻവലിച്ചു.

**ജനുവരി 12**

കേരളത്തിൽ രണ്ടേക്കർവരെ മാത്രം ഭൂമിയുള്ളവരുടെ ഭൂനികുതി നിർത്തലാക്കുമെന്ന് ഗവർണ്ണർ നിയമസഭയിൽ പ്രഖ്യാപിച്ചു.

**ജനുവരി 19**

കിഴക്കൻ പാകിസ്ഥാനിൽ അവാമിലീഗ് പ്രസിഡണ്ട് ഷേക്ക് മുജീബുർ റഹ്മാനെ അറസ്റ്റ് ചെയ്തു.



ഷേക് അബ്ദുള്ള

**ജനുവരി 23**

ബാംഗ്ലൂരിൽ ഹിന്ദിവിരുദ്ധ പ്രക്ഷോഭം അക്രമാസക്തമായി; പോലീസ് വെടിവെപ്പിൽ നാലുപേർ കൊല്ലപ്പെട്ടു. തമിഴ്നാട്ടിൽ ഹിന്ദിവിരുദ്ധ നീക്കങ്ങളുടെ ഭാഗമായി വിദ്യാലയങ്ങളിൽ ഹിന്ദിപഠനം വേണ്ടെന്നുവച്ചു.

**ജനുവരി 24**

ഇന്ത്യയിലെ നക്സലൈറ്റ് പ്രസ്ഥാനത്തിന് പിന്തുണ നൽകുന്ന ചൈനയിലെ പീക്കിംഗ് റേഡിയോ ഇ.എം.എസ്.നമ്പൂതിരിപ്പാട് കമ്മ്യൂണിസ്റ്റല്ലെന്ന് പ്രസ്താവിച്ചു.

**ജനുവരി 26**

കേരള ഭാഗ്യക്കുറിയുടെ ആദ്യത്തെ നറുക്കെടുപ്പ് നടന്നു

**ജനുവരി 30**

വിയറ്റ്നാം പുതുവർഷം പ്രമാണിച്ച് പ്രഖ്യാപിച്ച യുദ്ധവിരാമത്തിനിടയിൽ വിയറ്റ്കോങ് ഒളിപ്പോരുകൾ വൻതോതിൽ ആക്രമണമഴിച്ചുവിട്ടു; രണ്ടു തെക്കൻ വിയറ്റ്നാം നഗരങ്ങൾ കൈവശപ്പെടുത്തി. ●

---

വായ്ക്കുള്ളിലകപ്പെട്ട ഇര പുറത്തേക്ക് രക്ഷപ്പെടാതെ നോക്കുന്നു. ഇര രക്ഷപ്പെടാനുള്ള വെപ്രാളംകാണിക്കുന്തോറും പല്ലുകൾ കൂടുതൽ താഴ്ന്നിറങ്ങുന്നു. പിന്നീട് താടി യെല്ലുകൾ മുന്നോട്ടു ചലിപ്പിച്ച് ഇരയുടെ മേലുള്ള പിടി ഒന്നുകൂടി മുറുക്കും.


പാമ്പിന്റെ കീഴ്ത്താടിയിലും മേൽത്താടിയിലും രണ്ട് പല്ലുകൾ വീതം ഉണ്ട്. ഇവ ഓരോന്നിനെയും സ്വതന്ത്ര്യമായി ചലിപ്പിക്കാൻ പറ്റും. അക്ഷരാർത്ഥത്തിൽ വായ്ക്കുള്ളിലായ ഇരയുടെ ദേഹത്തിലൂടെ സ്വന്തം ശരീരത്തെ മുന്നോട്ടു തള്ളുകയാണ് പാമ്പ് ചെയ്യുന്നത്. തലയണയുറ തലയണക്കുപുറമെ കൂടി വലിച്ചിറക്കുന്നതുപോലെ. ഇരവിഴുങ്ങൽ സമയത്ത് ധാരാളമായി ഉത്പാദിപ്പിക്കുന്ന ഉമിനീർ ഈ പ്രക്രിയ എളുപ്പമുള്ളതാക്കിത്തീർക്കുന്നു.

ഇര വളരെ വലുതാണെങ്കിൽ കീഴ്ത്താടിയിലെ രണ്ടെല്ലുകളും മുന്നിൽ വേർപെടുത്തി പാമ്പ് വായുടെ വിസ്താരം കൂട്ടുന്നു. ഇതുപോലെ തലയിലെ മറ്റ് എല്ലുകളുമായി ബലമായി ഘടിപ്പിച്ചിട്ടില്ലാത്ത കീഴ്ത്താടിയെല്ലുകൾ സ്വതന്ത്ര്യമായി ഏറെ മുന്നോട്ടു ചലിപ്പിക്കാൻ പറ്റും. തൊണ്ടയിലെ ശക്തിയേറിയ മാംസപേശികളുടെ ചലനം ഇരയെ അകത്തേക്ക് തള്ളാൻ സഹായിക്കുന്നു.

ഏറെ വലിപ്പമുള്ള ഇരകളെ വിഴുങ്ങിക്കഴിഞ്ഞാൽ ഭാരക്കൂടുതൽ കാരണം പാമ്പിന് ഇഴയാൻ പറ്റാതെ വരും. അപ്പോൾ ഇര ദഹിച്ചുകിട്ടുന്നതുവരെ ദിവസങ്ങളോളം ഒരിടത്ത് അനങ്ങാതെ കിടക്കാൻ അത് നിർബന്ധിതമാകുന്നു. പാമ്പുകളെ സംബന്ധിച്ചിടത്തോളം വളരെയേറെ അപകടസാധ്യതയുള്ള സമയമാണിത്. ഉപദ്രവം പ്രധാനമായും മനുഷ്യനിൽ നിന്നുതന്നെയാണ്.

ഇരവിഴുങ്ങി ഇഴയാൻ വയ്യാതെ നിസ്സഹായരായി കിടക്കുന്ന പെരുമ്പാമ്പുകളെ ഉപദ്രവിച്ചാൽ ഒന്നോ രണ്ടോ ദിവ സങ്ങൾക്കു ശേഷമായാൽ പോലും അവ ഇരയെ ഛർദ്ദിച്ചു കളഞ്ഞേക്കാം. ഉത്തർ പ്രദേശിലെ കോർബറ്റ് ദേശീയോ ദ്യാനത്തിൽ ഒരു പെരുമ്പാമ്പ് രണ്ടു ദിവസങ്ങൾക്കുമുമ്പ് താൻ വിഴുങ്ങിയ ഒരു പുള്ളിമാനിനെ ഇങ്ങനെ ഛർദ്ദിച്ചു കളയുകയുണ്ടായി.

●



● സി.ആർ.സുകുമാരൻ നായർ

# മദയാന

സൗ സൗരാഷ്ട്രത്തിലെ രാജേന്ദ്ര മഹാരാജാവ് മഹാഭക്തനും, സദാസന്തുഷ്ടനും ആയിരുന്നു. രാജാവിന് കൊട്ടാരത്തിലെ കൊട്ടിലിൽ വളർത്തുന്ന അരിമർദനൻ എന്ന ആനയോട് വളരെ സ്നേഹമായിരുന്നു. അരിമർദ്ദനൻ അത്യന്തം ശാന്തനും അനുസരണയുള്ളവനും ആയിരുന്നു. എന്നാൽ ഇടയ്ക്കിടയ്ക്ക് മദം പൊട്ടുക പതിവാണ്. മദം പൊട്ടുന്ന അവസരത്തിൽ രാജാവിനെയോ പാപ്പാന്മാരേയോ അവൻ തെല്ലും വകവച്ചിരുന്നില്ല. എങ്കിലും രാജാവ് അവനെ സ്നേഹപൂർവ്വം സംരക്ഷിച്ചുവന്നു.

അന്ന് പ്രഭാതം പൊട്ടിവിടർന്നത് വലിയ ബഹളത്തോടെയായിരുന്നു. ആളുകൾ അങ്ങുമിങ്ങും കൂട്ടംകൂടി നിൽക്കുന്നു. അരിമർദനന് മദം പൊട്ടി. കൊട്ടാരഭിത്തികളെല്ലാം കുത്തിപ്പൊളിച്ചു. ആനക്കാരെ വിരട്ടിയോടിച്ചു. ഉച്ചത്തിൽ ചിന്നം വിളിച്ചുകൊണ്ട് പ്രധാന രാജവീഥിയിലൂടെ ഓടുന്നു. ഒപ്പം പാപ്പാന്മാരും അറിഞ്ഞവർ പിന്നാലെ ഓടുന്നു. രക്ഷാഭടന്മാരോടുകൂടി–

രാജാവ് പുറത്തേയ്ക്കിറങ്ങി. ആനയുടെ വിക്രമങ്ങൾ നേരിട്ടുകണ്ടു. ആന കണ്ണിൽ കണ്ട കടകമ്പോളങ്ങളെല്ലാം തല്ലിത്തകർക്കുന്നു. പാപ്പാന്മാർ പലവിധത്തിലും അവനെ കീഴടക്കാൻ നോക്കുന്നു. ഫലമില്ല. കാഴ്ചക്കാരായി പലരും കൂട്ടംകൂടി. ഇതിനിടെ ആൾക്കൂട്ടത്തിൽ നിന്നും ഒരു വൃദ്ധബ്രാഹ്മണൻ ആനക്കാരെ തള്ളിമാറ്റികൊണ്ട് ആനയോടടുക്കുന്നു. യ്യോ... അടുക്കല്ലെ.. കൊലയാനയാണെ! സൂക്ഷിക്കണെ. മാറിപ്പോകൂ പലരും പലതും വിളിച്ചു പറയുന്നു.പക്ഷെ ബ്രാഹ്മണൻ അതു കേട്ടഭാവമെ നടിച്ചില്ല , "മതിയടാ നിൽക്കവിടെ അനങ്ങരുത് നിൽക്കവിടെ" ബ്രാഹ്മണൻ ഉച്ചത്തിൽ ആനയുടെ നേരെതിരിഞ്ഞ് വിളിച്ചുപറഞ്ഞു. പക്ഷെ കണ്ടവർ കണ്ടവർ അയ്യോ ബ്രാഹ്മണനെ ആന കൊല്ലുമല്ലോ.. എന്നു വിലപിച്ചു.

രാജാവ് പരിവാരങ്ങളെ നോക്കി നിരാശനായി.ദൈവമെ ബ്രഹ്മഹത്യക്ക് സാക്ഷ്യം വഹിക്കണോ? മറ്റുള്ളവരും ദുഃഖിച്ച് നിൽക്കുന്നു. ബ്രാഹ്മണൻ വീണ്ടും ആനയോടടുത്തു. "നിൽക്കാനല്ലെ പറഞ്ഞത്" അത്ഭുതം ആന നിശ്ചലനായി നിന്നു. തുമ്പിക്കൈ കൊമ്പിന്മേൽ ചുറ്റിക്കൊണ്ട് അനങ്ങാതെനിന്നു. അടുത്തുചെന്ന ബ്രാഹ്മണൻ ആനയുടെ മസ്തകത്തിലും ചെവിത്തടത്തിലും അമർത്തിതിരുമ്മി. കവിൾ തടത്തിലൂടെ ഒലിച്ചിരുന്ന മദജലംകൈകൊണ്ട് തുടച്ചുകളഞ്ഞു. വീണ്ടും വീണ്ടും അമർത്തിത്തലോടിയിട്ട് ബ്രാഹ്മണൻ മടങ്ങി. ആളുകൾ ആർത്തിരമ്പി. ഇതെന്തൊരത്ഭുതം. രാജനും പരിവാരങ്ങളും ബ്രാഹ്മണനെ വളഞ്ഞു. ഇതിനിടയിൽ ആന വീണ്ടും അവന്റെ പരാക്രമങ്ങൾ തുടങ്ങി.

"ഹേ ബ്രാഹ്മണാ, ആനയെ ബന്ധിക്കാമോ" രാജാവു ചോദിച്ചു. "ആനയെ ബന്ധിക്കണൊ?" ബ്രാഹ്മണൻ ആരാഞ്ഞു. "വേണം വേണം ആനയെ ഉടൻ ബന്ധിക്കണം. അങ്ങ് ആവശ്യപ്പെടുന്നത് എന്തും തരാം." ആന വീണ്ടും വലിയ ബഹളം തുടങ്ങി. കെട്ടിടങ്ങൾ തകർക്കാൻ തുടങ്ങി. രാജാവു ബ്രാഹ്മണനോട് വീണ്ടും ആനയെ ബന്ധിക്കാൻ അപേക്ഷിച്ചു. ഭയന്നുമാറി നിൽക്കുന്ന പാപ്പാന്മാരുടെ കൈയ്യിൽനിന്നും ചങ്ങല വാങ്ങി അത് വലിച്ചുകൊണ്ട് ബ്രാഹ്മണൻ നിർഭയം ആനയെ സമീപിച്ചു.


ആളുകൾ വീർപ്പടക്കിനിന്നു. "നിൽക്കൂ... അനങ്ങരുത്". ബ്രാഹ്മണൻ വിളിച്ചു പറഞ്ഞു. ആന ചെവിവട്ടം പിടിച്ചു. ഉച്ചത്തിൽ ചിന്നം വിളിച്ചു. തലയുയർത്തി ആട്ടിക്കുടഞ്ഞു. പിന്നെയും ചിന്നംവിളി.ചങ്ങലയുമായി ബ്രാഹ്മണൻ ആനയെ സമീപിച്ചു. "അനങ്ങരുത്!" കല്പനകേട്ട് ആന ഗംഭീരതയോടെ ശാന്തനായി നിന്നു. ദൂരെനിന്ന് ആനക്കാരൻ പറഞ്ഞുകൊടുത്തവിധത്തിൽ നടയും കൂച്ചും കെട്ടിതളച്ചു. ആനയെ ബന്ധിച്ച് കഴിഞ്ഞ് അതിന്റെ കൊമ്പിൽ പിടിച്ച് ആനക്കാരെ ഏൽപ്പിച്ചുകൊടുത്തിട്ട് ബ്രാഹ്മണൻ പറഞ്ഞു. "അനുസരിക്കൂ... വികൃതികാട്ടരുത്".

വിറച്ചുകൊണ്ട് ആനക്കാരൻ കൊമ്പിന്മേൽ പിടിച്ചു. "ബ്രാഹ്മണാ അങ്ങ് എന്തു ശക്തിയിലാണ് ആനയെ തളച്ചത്? ഇന്ദ്രജാലമോ മഹേന്ദ്രജാലമോ അതോ മന്ത്രജാലമോ എനിക്കറിയാൻ തിടുക്കമായി''. രാജാവ് ഉത്സാഹപൂർവ്വം തിരക്കി. ബ്രാഹ്മണൻ പുഞ്ചിരിച്ചു. "രാജാവേ ഞാൻ ജാലവിദ്യക്കാരനല്ല. ശ്രീകൃഷ്ണഭക്തനാണ്''. 'ആനയെ ബന്ധിച്ച രഹസ്യം പറയൂ ബ്രാഹ്മണാ" രാജാവ് ധൃതികൂട്ടി.


"രാജൻ, രഹസ്യമൊന്നും എനിക്കില്ല. ഞാൻ പതിവായി ഭഗവത്ഗീതയുടെ പതിനാറാമദ്ധ്യായം പാരായണം ചെയ്യാറുണ്ട്. ഏതു പരിതസ്ഥിതിയിലും ദ്വന്ദംവെടിഞ്ഞ് ക്രൂരജന്തുക്കളെപ്പോലും സമീപിക്കാൻ എനിക്ക് ധൈര്യം തരുന്നത് പതിനാറാമദ്ധ്യായത്തിന്റെ പാരായണത്താലാണ്."

എന്നെ അങ്ങയുടെ ശിഷ്യനായി സ്വീകരിച്ച് പതിനാറാമദ്ധ്യായം ഉപദേശിച്ചുതരു! രാജാവ് ആവശ്യപ്പെട്ടു.

ബ്രാഹ്മണൻ രാജാവിനെ ശിഷ്യനായി സ്വീകരിച്ച് ഗീത ഉപദേശിച്ചു. സംവത്സരങ്ങൾക്കുശേഷം ഇതേ മദയാനയെ രാജാവുതന്നെ ബന്ധിച്ചു. അത്രത്തോളം പരമപ്രധാനമാണ് പതിനാറാമദ്ധ്യായത്തിന്റെ മാഹാത്മ്യം. ●



● മയിൽപീലി ●



● ഏഴംകുളം മോഹൻകുമാർ

## ● അപരിചിതവിസ്മയം ●

**അപ്പത്തിന്റെ വീട്**

യേശുക്രിസ്തു ജനിച്ച സ്ഥലമാണല്ലോ ജറുസലേമിലെ ബത്‌ലഹേം. ഹീബ്രുഭാഷയിൽ ബത്‌ലഹേം എന്നാൽ അപ്പത്തിന്റെ വീട് എന്നാണർത്ഥം. യേശു ജനിക്കുന്നതിനുമുമ്പ് ജറുസലേമിലൂടെ ഈജിപ്റ്റിലേക്കു തീർത്ഥാടനത്തിനു പോയിരുന്നവരുടെ ഇടത്താവളമായിരുന്നു ബത്‌ലഹേം. അവിടെ വിശ്രമിക്കാൻ ധാരാളം സത്രങ്ങളും ഉണ്ടായിരുന്നു. സത്രങ്ങളിൽ എത്തുന്നവർക്ക് അപ്പവും വെള്ളവും നൽകുക പതിവായിരുന്നു. അങ്ങനെയാണ് ബത്‌ലഹേമിന് അപ്പത്തിന്റെ വീട് എന്ന പേരുകിട്ടിയത്.

**ഹൈഹീൽഡ് ചെരുപ്പ്**

സ്ത്രീകൾ ഹൈഹീൽഡ് ചെരിപ്പുപയോഗിക്കുന്നത് ഇന്ന് സാധാരണമാണ്. ഇതുകണ്ടുപിടിച്ച് നടപ്പാക്കിയത് ആരാണെന്നറിയുമ്പോഴാണ് അത്ഭുതം. ഫ്രാൻസിലെ രാജാവായിരുന്ന ലൂയിപതിന്നാലാമൻ.

**മരുഭൂമിയിൽ മഞ്ഞുപാളി**

മരുഭൂമിയിൽ മഞ്ഞുപാളികൾ. അത്ഭുതം തോന്നാം. വടക്കുപടിഞ്ഞാറൻ ചൈനയിലെ 'റ്റാക്ളിമക്കോൻ' എന്ന മരുഭൂമിയുടെ കുറെ ഭാഗങ്ങൾ ഇന്നും മഞ്ഞുപാളികൾ മൂടികിടക്കുകയാണ്.

**കടലിലും പശു**

കരയിലെപ്പോലെ കടലിലും പശുക്കൾ ഉണ്ട്. 'സീ കൗ' എന്നറിയപ്പെടുന്ന ഇവ നമ്മുടെ പശുക്കളെ



പ്പോലെ കുഞ്ഞുങ്ങളെ പ്രസവിച്ച് മുലയൂട്ടി വളർത്തുന്നു. സസ്യഭുക്കായ സീകൗ രണ്ടിനമുണ്ട്. 'ഡുഗോങ്', 'മാന്റീസ്'. കൂട്ടമായാണ് കടൽപ്പശുക്കൾ കടലിൽ സഞ്ചരിക്കുക.

**പക്ഷിയും ഗന്ധവും**

വിഷമുള്ള കീടങ്ങളെ തിരിച്ചറിഞ്ഞ് തിന്നാതിരിക്കാൻ പക്ഷികളെ സഹായിക്കുന്നത് ഗന്ധമാണ്. നിറത്തെയാണ് പക്ഷികൾ ഇക്കാര്യത്തിൽ ആശ്രയിക്കുന്നത് എന്നായിരുന്നു കുറെ വർഷങ്ങൾക്കു മുമ്പുവരെയുണ്ടായിരുന്ന ധാരണ. ●

---

● മയിൽപീലി ●

## ക്വിസ്സ്

**അ**ന്ധരെ എഴുത്തും വായനയും പരിശീലിപ്പിക്കാനുള്ള സമ്പ്രദായം കണ്ടുപിടിച്ചതാര്?
**ലൂയി ബ്രെയിൽ**



ലോകസമാധാനത്തിന്റെ ചിഹ്നമായി പ്രാവിന് രൂപംകൊടുത്ത ചിത്രകാരൻ?
**പിക്കാസോ**

പ്രിൻസിപ്പിയ മാത്തമാറ്റിക്ക എന്ന ഗ്രന്ഥം രചിച്ചതാര്?
**ബെട്രന്റ് റസ്സൽ**

'സുന്ദരികളും സുന്ദരന്മാരും' എന്ന കൃതി രചിച്ചതാര്?
**ഉറൂബ്**

സിഗരറ്റ് ലൈറ്ററുകളിൽ ഉപയോഗിക്കുന്ന വാതകമേത്?
**ബ്യൂട്ടെയ്ൻ**

ജീവികളുടെ രൂപഘടന, ധർമ്മങ്ങൾ എന്നിവയുടെ അടിസ്ഥാനഘടകം ഏതാണ്?
**കോശം**

ഐലന്റ് ഓഫ് പേൾസ് എന്നറിയപ്പെടുന്ന രാജ്യം?
**ബഹറിൻ**

ലീലാതിലകം എന്തുമായി ബന്ധപ്പെട്ടുള്ള ഗ്രന്ഥമാണ്?
**വ്യാകരണം**


ഇന്ത്യയുടെ രാഷ്ട്രീയ പരീക്ഷണശാല എന്നു വിശേഷിപ്പിക്കുന്നത് ഏതു സംസ്ഥാനം?
**കേരളം**

ഏറ്റവും കൊഴുപ്പു കൂടിയ പാലുത്പാദിപ്പിക്കുന്ന ജീവി ?
**മുയൽ**

കേരളത്തിലെ ഏറ്റവും വലിയ റെയിൽവേസ്റ്റേഷൻ?
**ഷൊർണ്ണൂർ** ●

## കനിമൊഴി

ശിവാത്മജൻ മെഴുവേലി



*കുട്ടികൾക്കു കമ്പമുള്ള കടങ്കഥകൾ ഇമ്പമുള്ള വാക്കുകളിൽ ശിവാത്മജൻ നമുക്കു നൽകിയിരിക്കുന്നു. ഈണത്തിൽ ചൊല്ലി പഠിക്കാൻ പറ്റിയ രീതിയിലാണ് ഓരോ കടങ്കഥ-കടങ്കവിത-യുടേയും രചന. കുഞ്ചൻ നമ്പ്യാരുടെ രചനാരീതിയാണ് ഈ കടങ്കവിതകളിൽ സ്വീകരിച്ചിരിക്കുന്നത്.*



**ഇ**ന്നേ ദിനംവരെ മുട്ടയുമായെനി-
ക്കില്ലൊരു ബന്ധമെന്നാരുമറിഞ്ഞിടും
പക്ഷേ, തുടക്കത്തിലാംഗലം ചേർത്തിയി-
ട്ടോതുന്നു മുട്ടയായ് ഞാനൊരെണ്ണക്കുരു,
*- കടുക്*

**ആ**ളിൻ വലുപ്പച്ചെറുപ്പമങ്ങോരാതെ
ആരു തൊട്ടീലിടും ഞാൻ കൈകൾ കൂപ്പിടും
പച്ചമരുന്നിലായെൻപേരു കണ്ടിടാം
ലജ്ജാലുവാണു ഞാൻ ആരെന്നറിയുമോ?
*-തൊട്ടാവാടി*

---

## ● വിളംബരം ●




സംസ്ഥാന സ്കൂൾ കലോത്സവത്തിൽ ഓട്ടൻ തുള്ളൽ,ചാക്യാർ കൂത്ത്,കഥകളി,(ഗ്രൂപ്പ്) എന്നി വയിൽ മത്സരിച്ച് എല്ലാത്തിലും എഗ്രേഡ് ലഭിച്ച കടമ്പൂർ ഹയർസെക്കൻഡറി സ്ക്കൂൾ പ്ലസ്വൺ വിദ്യാർത്ഥിയായ ഔജിത്ത്. തലശ്ശേരി പിണറായി അണ്ടലൂർ പാലം ചിത്രമൂലയിൽ രാജീവൻ-പ്രീജ ദമ്പതികളുടെ മകനാണ് ഔജിത്ത്. കലാമണ്ഡലം മഹേന്ദ്രന്റെ ശിക്ഷണ ത്തിൽ ഓട്ടൻതുള്ളലും,പൈങ്കുളം നാരായണ ചാക്യാരുടെ ശിക്ഷണത്തിൽ കൂത്തും അഭ്യസി ച്ചിട്ടുണ്ട്. ഇൻസെറ്റിൽ ഔജിത്ത്.

## കവിമൊഴി തപാലിൽ ലഭിക്കുന്നതിന്

**വരിസംഖ്യ**
ഒറ്റപ്രതി- 20.00,
ഒരു വർഷം- 250.00

Kavimozhi A/c No. 67172873120,
State Bank of India,Kanjikuzhy Branch,
Kottayam686004
IFS Code - SBIN 0070222

ബാങ്കിൽ വരിസംഖ്യ അടയ്ക്കുന്നവർ ദയവായി
ഒരു പോസ്റ്റ് കാർഡിലോ ഇമെയിലിലോ
വിവരം അറിയിക്കുമല്ലോ.

E-mail: kavimozhiktm@gmail.com.

**മണിയോഡർ അയയ്ക്കേണ്ട വിലാസം**
കവിമൊഴി
കേരള കാത്തലിക് ട്രസ്റ്റ് ബിൽഡിംഗ്
മുട്ടമ്പലം പി.ഒ, കഞ്ഞിക്കുഴി, കോട്ടയം-


കവിമൊഴിയിലേക്ക് രചനകൾ അയയ്ക്കുന്നവർ പത്രാധിപർ, കവിമൊഴിമാസിക, കേരളകാത്തലിക് ട്രസ്റ്റ് ബിൽഡിംഗ്, കഞ്ഞിക്കുഴി, കോട്ടയം-686004 എന്ന വിലാസത്തിൽ അയ്ക്കുക. ഇമെയിൽ: kavimozhiktm @gmail. com എന്നവിലാസം ഉപയോഗിക്കുക. പൂർണ്ണമേൽ വിലാസവും ഫോൺനമ്പറും നിർബന്ധമായും വയ്ക്കുവാൻ എഴുത്തുകാർ ശ്രദ്ധിക്കണം. പ്രസിദ്ധീകരണക്ഷമമായവയെക്കുറിച്ച് ഒരുമാസത്തിനികം എഴുത്തുകാരെ അറിയിക്കുന്നതായിരിക്കും. അല്ലാത്തവ പ്രസിദ്ധീകരിക്കുന്നതല്ല എന്ന് അനുമാനിക്കാവുന്നതാണ്.

കവിമൊഴിയിൽ പ്രസിദ്ധീകരിക്കുന്ന രചനകളുടെ ഉത്തരവാദിത്വം എഴുത്തുകാർക്കു മാത്രമാണ്. ആശയമോ അഭിപ്രായമോ പത്രാധിപരുടേതല്ല.

*സുഹൃത്തേ,*
*താങ്കൾ കവിമൊഴിയുടെ വരിക്കാരനാണോ?*
*പതിനെട്ടാം വയസ്സിലേയ്ക്ക് കടക്കുമ്പോഴും സാമ്പത്തിക ബാലാരിഷ്ടതകളിൽ നിന്ന് കരകയറുവാൻ കവിമൊഴിക്കു കഴിഞ്ഞിട്ടില്ല. കൂടുതൽ ഭംഗിയായി അവതരിപ്പിക്കുവാൻ ആഗ്രഹിക്കുമ്പോൾ ബാധ്യതകൾ ഏറിവരുന്നു. തുടക്കം മുതൽ കവിമൊഴിയോടൊപ്പം നിന്നിട്ടുള്ള നല്ലവരായ താങ്കളെപ്പോലുള്ളവരെ നന്ദിപൂർവ്വം സ്മരിക്കുന്നു . താങ്കളുടെ മാസവരി അയച്ചുതന്നു സഹകരിക്കുമല്ലോ.*

സുഹൃത്തേ,
കവിമൊഴിയിലേക്ക് രചനകൾ അയയ്ക്കുമ്പോൾ ദയവായി പേജ്മേക്കറിൽ അടിച്ച് അയയ്ക്കുവാൻ താൽപര്യം. മെയിൽ പേജിൽ അടിച്ച് അയയ്ക്കുന്നവ അക്ഷരത്തെറ്റുകൾ മൂലം സ്വീകരിക്കുവാൻ നിവർത്തിയില്ല. സഹകരിക്കുമല്ലോ. പത്രാധിപർ

**● സാമൂഹ്യപാഠം ●**



● ബാലചന്ദ്രൻ അമ്പലപ്പാട്ട്



# പൊളിച്ചടുക്കലും പുനർനിർമ്മാണവും

പരമാവധി കുറഞ്ഞ പ്രകൃതിവിഭവചൂഷണവും കുറഞ്ഞമലിനീകരണവും നടത്തിക്കൊണ്ട് നിലവാരമുള്ള ജീവിതഗുണമാർജ്ജിക്കുക എന്നതായിരുന്നു കേരളത്തിന്റെ വികസനമാതൃക. എന്നാൽ കേരളത്തിന്റെ ശാസ്ത്രസാങ്കേതികശേഷി വികസനപാതയൊരുക്കുന്നതിൽ ഒരിക്കലും നമുക്ക് ഉപയോഗിക്കാനായിട്ടില്ല. അശാസ്ത്രീയമായ നിർമ്മാണപ്രവർത്തനങ്ങൾ പ്രകൃതിയിലേല്പിച്ച മുറിവും ഉണങ്ങുന്നതല്ല. നിയമങ്ങൾ നിർമ്മിക്കുമ്പോൾ കാണിക്കുന്ന ആത്മാർത്ഥത അതു നടപ്പിലാക്കുന്നതിൽ കാണാറില്ലെന്നതാണ് സത്യം. നെൽവയലും കുന്നുകളും സംരക്ഷിക്കാൻ നിയമങ്ങളുണ്ട് പക്ഷെ രണ്ടും ഇന്ന് അന്യംനിന്നു കൊണ്ടിരിക്കുന്നു. നിയമങ്ങളിൽമായംചേർക്കുന്നു. കേരളത്തിന്റെ പുനർനിർമ്മാണത്തിനുള്ള പ്രവർത്തനം നടക്കുമ്പോൾ പരിസ്ഥിതിസൗഹൃദമായ നീതിക്കായിരിക്കണം പ്രാധാന്യം നൽകേണ്ടത്.പ്രകൃതിയെ കീഴടക്കി ചൂഷണം ചെയ്ത് തലമുറകൾക്ക് ഒന്നും അവശേഷിപ്പിക്കാത്ത തരത്തിലുള്ള വികസനപ്രക്രിയ ശാസ്ത്രീയമായി പുനഃക്രമീകരിക്കണം. വികസനത്തിന്റെ ഫലങ്ങൾ താഴെതട്ടിലുള്ളവർക്ക് ലഭ്യമാകുന്നുണ്ടെന്ന് ഉറപ്പുവരുത്തണം. പലപ്പോഴും ഒഴിവാക്കപ്പെടുന്നത് ഈ വിഭാഗമാണ്.

പ്രളയത്തിൽ നഷ്ടപ്പെട്ടവ പുനർനിർമ്മിക്കുന്നതിനൊപ്പം ഒന്നുമില്ലാതിരുന്നവരുടെ ജീവിതംകൂടി പരിഗണിക്കണം. വീടു നഷ്ടമായവരെ സഹായിക്കുന്നതിനൊപ്പം കയറിക്കിടക്കാനൊരു വീടില്ലാതിരുന്നവരെയും ആദിവാസികളെയും ദലിതരെയും കൂടി പരിഗണിക്കണ്ടെ. വീടുവയ്ക്കാൻ അല്പം ഭൂമി ആവശ്യപ്പെട്ട ആദിവാസികളെ എത്ര ക്രൂരമായാണ് സർക്കാരുകൾ നേരിടുന്നത്. മുത്തങ്ങയിലും ചെങ്ങറയിലും അരിപ്പയിലും അവരുടെ സമരങ്ങളെ നേരിട്ടരീതി ആമുഖമില്ലാതെ വായനയ്ക്കുവയ്ക്കാവുന്ന രേഖപ്പെടുത്തലുകളാണ് അവരെ സംഘടിപ്പിക്കുന്നതും തെരുവിലിറക്കുന്നതും അടിച്ചൊതുക്കുന്നതും എല്ലാ ഭരണാധികാരികളുടെ വിനോദങ്ങളായി മാറിയിരിക്കുന്നു. ഇവർ ആർക്കുവേണ്ടിയാണ് ഭരിക്കുന്നതെന്നതാണ് അറിയാനാവാത്തത്.



ഒരു ഇടതുപക്ഷസർക്കാരിൽ നിന്നും ആദിവാസികൾ ഏറെ പ്രതീക്ഷിച്ചിരുന്നിരിക്കണം. ഇനിയൊരു വെടിവെയ്പ്പും ലാത്തിച്ചാർജും തങ്ങൾക്കുനേരെ ഉണ്ടാവില്ലെന്നു അവർ വിശ്വസിച്ചിരുന്നിരിക്കണം. എന്നാൽ കൊല്ലങ്കോട്ടെ എരവാളരുടെ ന്യായമായ സമരത്തെ ഭരണകൂടം നിർദാക്ഷണ്യം അടിച്ചമർത്തുകയായിരുന്നു. സമരത്തിന് ജനപിന്തുണയുണ്ടായിരുന്നിട്ടും അവരുടെ സമരപ്പന്തൽ പൊതുജനങ്ങൾക്കു ഉദ്യോഗസ്ഥർക്കും ഭീഷണിയാകുമെന്നു പറഞ്ഞ് പൊളിച്ചുനീക്കി മാഫിയകളുടെ അനധികൃത കയ്യേറ്റങ്ങൾക്ക് കൂട്ടുനില്ക്കുന്നവരാണ് ഈ ക്രൂരതകൾ ചെയ്യുന്നത്. ആയിരത്തിനുമുകളിലുള്ള കുറഞ്ഞജനസംഖ്യ മാത്രമാണ് എരവാളരുടേത്. രാജവാഴ്ചക്കാലത്തെ അടിമകൾ ഇന്നും അടിമകൾ തന്നെ. ഭൂപരിഷ്കരണനിയമത്തിനും ഇവരെ സഹായിക്കാനായില്ല. എന്നുമാത്രമല്ല കൃഷി ഭൂമിയിൽ നിന്ന് ഇവർ പുറത്താക്കപ്പെടുകയും ചെയ്തു.കൊല്ലങ്കോട്ടെ അരിപ്പയിലും ഇതുതന്നെയാണ് അവസ്ഥ. ആദിവാസികളും ദളിതരും കയറിക്കിടക്കാനൊരു വീടുവയ്ക്കാനുള്ള സ്ഥലത്തിനായി വർഷങ്ങളോളമായി സമരം നടത്തുന്നു.പ്രതികാരബുദ്ധിയോടെയുള്ള അടിച്ചമർത്തലാണ് ഭരണകൂടത്തിന്റെ ഭാഗത്തുനിന്നും നടന്നുകൊണ്ടിരിക്കുന്നത്. ദളിതരെയും ആദിവാസികളെയും തമ്മിലടിപ്പിച്ച് സമരംപൊളിക്കാനുള്ള നീചമായ പ്രവർത്തനങ്ങൾ നടക്കുന്നു എന്നത് ഖേദകരമാണ്.



എന്തുവിലകൊടുത്തും ഈ സമരങ്ങളെ തകർക്കുവാൻ എന്തുകൊണ്ടാണ് ഭരണകൂടം ശ്രമിക്കുന്നതെന്ന് മനസ്സിലാകുന്നില്ല. ഇവർ ആർക്കുവേണ്ടിയാണ് വാശിപ്പിടിക്കുന്നത്. എല്ലാ രാഷ്ട്രീയപാർട്ടികളും ദലിതർക്കും ഭൂരഹിതർക്കും എതിരായ അക്രമങ്ങളെ എന്തുകൊണ്ടാണ് വെറുമൊരു സാധാരണ സംഭവമായിമാത്രം കണക്കാക്കുന്നത്.

സമത്വത്തിന്റെ പേരിൽ കോടികൾ മുടക്കുകയും വാതോരാതെ പ്രസംഗിക്കുകയും സാമൂഹ്യനവോത്ഥാനത്തെ മാത്രം ലക്ഷ്യമാക്കി ഭരണം നടത്തുന്നുവെന്ന് ആണയിടുകയും ദളിതരുടെ പാർട്ടി, പാവപ്പെട്ടവന്റെ ഭരണകൂടം എന്നൊക്കെ ഇടയ്ക്കിടെ പ്രഘോഷിപ്പിക്കുകയും ചെയ്യുന്നവർ എന്തുകൊണ്ടാണ് ഇവരെ കണ്ടില്ലെന്നു നടിക്കുന്നത്?. ഇവരുടെ ന്യായമായ ആവശ്യങ്ങൾക്കുവേണ്ടി നടത്തുന്ന ജനാധിപത്യപരമായ സമരങ്ങൾക്കെതിരെ ആയുധമുപയോഗിക്കുന്നത്?

ഒറ്റയ്ക്കു നിന്നാൽ അഞ്ഞൂറുവോട്ടുപോലും നേടാനാകാത്ത പ്രാദേശികപാർട്ടികളെ ഭരണയന്ത്രത്തിന്റെ ഭാഗമാക്കാൻ ശ്രമിക്കുന്നവർ എന്തുകൊണ്ടാണ് ഈ ദരിദ്രരുടെ വോട്ടിന് വില



യിടാത്തത്. റിസോർട്ടുപണിയാൻ പൊതുസ്ഥലം വെട്ടിപ്പിടിക്കുന്ന കോടീശ്വരന്മാർക്കൊപ്പം നിൽക്കുന്ന ഇടതുസർക്കാരിൽ നിന്നും ഈ പാവങ്ങൾ എന്തൊക്കെയോ പ്രതീക്ഷിച്ചിരുന്നു എന്നുവേണമല്ലോ അനുമാനിക്കുവാൻ. കേന്ദ്രസർക്കാർ ആദിവാസികൾക്കായി അനുവദിക്കുന്ന തുകയുടെ പത്തുശതമാനം വിനിയോഗിച്ചാൽ പോലും ഇവർക്ക് നല്ലോരു ജീവിതം ഉണ്ടാക്കിക്കൊടുക്കാനാവുമെന്നിരിക്കെ എന്തിനാണീ അനാസ്ഥ. ആദിവാസികളുടെ വിദ്യാഭ്യാസത്തിനും ആരോഗ്യപ്രവർത്തനങ്ങൾക്കുമായി കോടികൾ വകയിരുത്തുമ്പോഴും കിട്ടുമ്പോഴും ഇവരുടെയിടയിൽ പട്ടിണിമരണം തുടരുകയാണ്.

നാഴികയ്ക്കുനാല്പതുവട്ടം സവർണ്ണർ അവർണ്ണർ ദളിതർ എന്നൊക്കെപ്പറയുന്നവരും സവർണ്ണർക്കെതിരെ സമരം ചെയ്യുവാൻ ദളിതരോട് ആഹ്വാനം ചെയ്യുന്നവരും എന്തുകൊണ്ടാണ് ദളിതരെ തീണ്ടപ്പാടകലെ നിർത്തുന്നത്. അവരുടെ ന്യായമായ ആവശ്യങ്ങൾക്കായുള്ള സമരങ്ങളെ അടിച്ചമർത്തുന്നത്. പ്രളയത്തിന് മുൻപും പിൻപും ആദിവാസികളുടെയും ദളിതരുടെയും അവസ്ഥ ദുരിതംതന്നെ. കേരളത്തിലെ പുനർനിർമ്മാണത്തിന്റെ ഭാഗമാക്കിയെങ്കിലും ഈ മണ്ണിന്റെ ഉടമകളുടെ അവകാശം സംരക്ഷിക്കുവാൻ സർക്കാർ തയ്യാറായെങ്കിൽ!

**വാർത്താമാത്രം**

കണ്ണൂരിലെ മസിൽമാന്മാർ നിയന്ത്രിക്കുന്ന മാർക്സിസ്റ്റ് പാർട്ടിയെ നേരിടാൻ തടിമിടുക്കുള്ള ഫയൽവാന്മാരുള്ള പാർട്ടിയാണ് തങ്ങളുടേതെന്ന സന്ദേശമാണ് ആർ.എസ്.എസ് നൽകു



എ.കെ.ആന്റണി

ന്നത്. ആർ.എസ്.എസിനെയും ബി.ജെ.പിയെയും എതിർക്കാൻ ഇവിടെ ഇരട്ടചങ്കൻ പിണറായിയുടെ പാർട്ടി മാത്രമേയുള്ളൂവെന്ന് ആവർത്തിച്ച് ജനങ്ങളെ ബോധ്യപ്പെടുത്താനാണ് മാർക്സിസ്റ്റുകാരുടെ ശ്രമം. പറയുന്നത് രണ്ടാണെങ്കിലും സി.പി.എമ്മിന്റെയും ബി.ജെ.പിയുടെയും ലക്ഷ്യം ഒന്നുതന്നെയാണ്. കേരളത്തെ രണ്ടു കഷണങ്ങളാക്കി, ഒരു ഭാഗം ബി.ജെ.പി സഖ്യവും മറുഭാഗം പിണറായിയുടെ മാർക്സിസ്റ്റ് പാർട്ടിയും കൈയടക്കാനുള്ള ശ്രമമാണ് നടക്കുന്നത്.

● ഫോ :9349557272

## ഗവേഷകൻ

**വിശ്വാസികൾക്കൊപ്പം നിൽക്കുമെന്ന്**
**– പി.സി.ജോർജ്ജ്**



**ആരുടെ ഒപ്പം ഇരിക്കുമെന്നുകൂടി തീരുമാനിച്ചിരുന്നെങ്കിൽ**


ന്യൂനപക്ഷം സിന്ദാബാദ്
ഭൂരിപക്ഷം സിന്ദാബാദ്
ആചാര സംരക്ഷണം സിന്ദാ
ആചാര ലംഘനം സിന്ദാ
സ്ത്രീ ശാക്തീകരണം
ബന്ധുനിയമനം
നവകേരളം-19